താരാശങ്കർ
വന്ദ്യോപാദ്ധ്യായ

032, 3:1
K1

SAHITYA PRAVARTHAKA
KOTTAYAM

MUL
221821

# ഏഴു ചുവട്

NATIONAL BOOK STALL * KOTTAYAM
SPCS LTD.

(Malayalam)
Ezhu Chuvadu
Novel
**By TARASANKAR BANDYOPADHYAYA**

Translated by
MRS. NILINA ABRAHAM
& D. PRATAPACHANDRAN

First Published October 1961

Printed at
INDIA PRESS, KOTTAYAM

Price Rs. 1.50

Rights Reserved

Publishers:
**Sahitya Pravarthaka Co-operative
Society Ltd., Kottayam, Kerala State**

Sales Department:
NATIONAL BOOK STALL
**Kottayam Kerala State India**

# ഏഴു ചുവട്

## താരാശങ്കർ വന്ദ്യോപാദ്ധ്യായ

വിവർത്തനം

മിസ്സിസ് നിലീനാ അബ്രഹാം

ഡി. പ്രതാപചന്ദ്രൻ

UNIVERSITY LIBRARY
MADRAS

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. 1.50

Univ. Grants Commission

താരാശങ്കർ വന്ദ്യോപാദ്ധ്യായയുടെ

കൃതികൾ

(മലയാളത്തിൽ)

ആരോഗ്യനികേതനം

ഏഴ ചുവട്

MADRAS UNIVERSITY LIBRARY
9 MAR 2003
CHENNAI-600 005

221821

O32,3:1
K1

S1254 806 34/61-62 1-3000

## ആമുഖം

താരാശങ്കർ വന്ദ്യോപാധ്യായ 1898 ജൂലൈ 23-ാം തീയതി ബീർഭൂം ജില്ലയിലെ ഒരു ജമീന്ദാർ കുടുംബത്തിൽ ജനിച്ചു. കൽക്കത്തയിൽ ഇന്റർമീഡിയററിനു പഠിക്കുമ്പോൾ, രാഷ്ട്രീയകാരണങ്ങളാൽ സ്വന്തം ഗ്രാമത്തിൽ വീട്ടുതടവുകാരനാക്കപ്പെട്ടു. 1921-ലെ നിസ്സഹകരണപ്രസ്ഥാനത്തിൽ പങ്കെടുത്തു് അറസ്റ്റ് വരിക്കുകയുണ്ടായി. 1924—25-ൽ നാട്ടിൽ കോളറ പടർന്നു പിടിച്ചപ്പോൾ സാമൂഹ്യസേവകനായി രംഗത്തു പ്രത്യക്ഷപ്പെട്ടു.

നാടകങ്ങളും കവിതകളും രചിച്ചുകൊണ്ടാണു് താരാശങ്കർ സാഹിത്യരംഗത്തു പ്രവേശിച്ചതു്. 'ത്രിപത്ര' എന്ന കവിതാസമാഹാരമാണു പ്രഥമപ്രസിദ്ധീകരണം. നിരവധി ചെറുകഥകളും നോവലുകളും നാടകങ്ങളും രചിച്ചിട്ടുണ്ടു്. 'ഹാംസുലി ബാംകേർ ഉപകഥ' എന്ന നോവലിനു് ശരത്സ്മാരകസമ്മാനം ലഭിച്ചു. ബംഗാളിസാഹിത്യത്തിലെ അത്യുന്നതബഹുമതികളിലൊന്നാണു് ഇതു്. 'ആരോഗ്യനികേതൻ' എന്ന നോവൽ പശ്ചിമബംഗാൾ ഗവർമെണ്ടിന്റെ രവീന്ദ്രസമ്മാനവും കേന്ദ്രസാഹിത്യഅക്കാദമിയുടെ അവാർഡും സമ്പാദിച്ചു.

നിത്യജീവിതത്തിൽ മിതഭാഷിയാണെങ്കിലും പ്രസംഗവേദിയിൽ ഉജ്ജ്വലനായ പ്രാസംഗികനാണു്

താരാശങ്കർ. നാടകമെഴുതുന്നതിലെന്നപോലെ സാമ ൎത്ഥ്യം അഭിനയത്തിലും പ്രകടിപ്പിച്ചിട്ടുണ്ട്. സാഹിത്യ മാണ് അദ്ദേഹത്തിൻെറ മതം, സാഹിത്യമാണ് അദ്ദേ ഹത്തിൻെറ ജീവിതവൃത്തി.

'ഏഴ ചുവട്' 1957-ലാണ പുസ്തകരൂപത്തിൽ ആദ്യമായി പുറത്തുവന്നതു്. ഇതിനകം ഒരു ഡസനി ലധികം പതിപ്പുകൾ പ്രസിദ്ധപ്പെട്ടത്തിയിട്ടുണ്ട്. ഇപ്പോൾ ഇതു വെള്ളിത്തിരയിലേയ്ക്കു പകൎത്തിവരിക യാണ്. 'ഏഴ ചുവടി'ലെ കഥ തികച്ചും സാങ്കല്പിക മല്ലെന്നു ഗ്രന്ഥകാരൻ പറയുന്നു. ഈ കഥയുടെ കഥ താരാശങ്കർതന്നെ അനുബന്ധത്തിൽ (അവസാനത്തെ അദ്ധ്യായം) വിവരിക്കുന്നുണ്ട്.

—എൻ. എ.

# ഒന്നു്

ആറടി പൊക്കം. ഒരുപക്ഷേ, രണ്ടിഞ്ചു കൂടുകയേ ഉള്ളു. പൊക്കം വെച്ചു നോക്കിയാൽ ദേഹം അല്പം മെലിഞ്ഞതാണു്. എങ്കിലും ആരോഗ്യവാൻതന്നെ. നിറം കറുപ്പു്, എണ്ണക്കറുപ്പു്. വീതിയേറിയ നെററി. നീണ്ട മുഖത്തു് വിഷണ്ണത നിറഞ്ഞ രണ്ടു വലിയ കണ്ണുകൾ. വിഷണ്ണതമാത്രമല്ല, വേറെ എന്തോകൂടിയുണ്ടു്.

'കിറുക്കനച്ചൻ'—ഈ പേരിലാണു് ആൾ ഈ പ്രദേശത്തു് അറിയപ്പെടുന്നതു്. ഇവിടത്തെ ആളുകളുടെ കുററമല്ല. ആളിനെ ഇതിനേക്കാൾ നന്നായി ഒററവാക്കിൽ വർണ്ണിക്കുക പ്രയാസമത്രേ. പാതിരിയുടെ വേഷമാണു് ധരിച്ചിരിക്കുന്നതു്. എങ്കിലും ഭാരതത്തിലെ വൈരാഗിമതത്തിൻെറ ചിരന്തനപ്രതീകമായ കാവിനിറമാണതിനു്. ഈ പ്രദേശത്തെ ഏതെങ്കിലും പള്ളിയുമായി ബന്ധമില്ല ഒരു മതവും പ്രചരിപ്പിക്കുന്നുമില്ല. വെറുതെ ചികിത്സചെയ്തു ചുററിനടക്കും. വളരെ നല്ല ഡാക്ടറാണു് കിറുക്കനച്ചൻ. സൈക്കിളിൽ കയറി ഗ്രാമഗ്രാമാന്തരങ്ങളിൽ ചുററിക്കറങ്ങി രോഗികളെ അന്വേഷിച്ചുനടക്കും. വഴിയുടെ രണ്ടുവശത്തുമുള്ള ആളുകളോടു ചോദിക്കും: "എന്താ, എങ്ങനെയുണ്ടു് എല്ലാവർക്കും? സുഖംതന്നെയല്ലേ?" ഒപ്പംതന്നെ മുഖത്തു് മധുരമന്ദഹാസം പരക്കും.

"അതെ അച്ചാ, സുഖംതന്നെ."

"കൊള്ളാം, കൊള്ളാം, വളരെ നല്ലതു്. സുഖമായിരിക്കു. മനുഷ്യനു സുഖമുണ്ടെങ്കിലേ ഈശ്വരനു സുഖമുണ്ടാകൂ. ഈശ്വരൻ ജയിക്കട്ടെ" എന്നു പറഞ്ഞു യാത്ര തുടരും. ആളിൻെറ പൊക്കത്തിനൊത്തു് കാലിനും നല്ല നീളമുണ്ടു്. സംസാരിക്കുമ്പോൾ സൈക്കിളിൽനിന്നു് ഇറങ്ങുകയില്ല. കാൽ

രണ്ടും പെഡലിൽനിന്നു മാററി നിലത്തു കുത്തും. പോകേണ്ട പ്പോൾ നിലത്തുനിന്നുയർത്തി പെഡലിൽവെച്ച് ശക്തിയായി ഒരു തള്ളുകൊടുക്കും—സൈക്കിൾ നീങ്ങും. ആരുടെയെങ്കിലും വീട്ടിൽ ആക്കെങ്കിലും അസുഖമായാൽ അയാൾ കിറുക്കനെപ്പോലെ കാത്തുനിൽക്കും. എപ്പോഴാണു സൈക്കിളിന്റെ മണിയടി കേൾക്കുക? എപ്പോഴാണു കാഷായവസ്ത്രം ധരിച്ച പാതിരി പ്രത്യക്ഷപ്പെടുക? കണ്ടാലുടനെ ആദ്യംതന്നെ കൈപൊക്കി വിളിക്കും: "അച്ചാ!"

ആറടി പൊക്കമുള്ള മനുഷ്യൻ കാൽ നിലത്തുകുത്തി സൈക്കിൾ നിർത്തും. ഇറങ്ങുകയില്ല. "എന്താ വിശേഷം? ആക്കെന്തു പററി?"

"പനി."

"ആക്ക്?"

"മകന്."

"നടക്ക്. നോക്കട്ടെ, എന്താ പററിയതെന്ന്. പനിയെങ്ങനെ, കുറഞ്ഞതോ കൂടിയതോ? എന്താ തോന്നുന്നതു്? പറ, കേൾക്കട്ടെ."

രോഗിയെ നോക്കും. കാര്യങ്ങൾ ചോദിച്ചറിയും. സൈക്കിളിന്റെ പിന്നിൽ വെച്ചുകെട്ടിയ പെട്ടിയിൽനിന്ന് മരുന്നെടുത്തു കൊടുക്കും. അല്ലെങ്കിൽ പറയും: "എന്റെയവിടെ വന്നു മരുന്നു വാങ്ങിക്കോ." അതുമല്ലെങ്കിൽ പറയും: "ഇതു പീടികേന്നു വാങ്ങിക്കണം. എന്റെ കൈയിലില്ല." കടലാസിൽ എഴുതിക്കൊടുക്കും.

ബാങ്കുറജില്ലയുടെ മധ്യത്തിൽക്കൂടിയുള്ള വഴി—പുരിറോഡെന്നപേരിൽ പ്രസിദ്ധമായതു്—വിഷ്ണുപൂർ, മേദിനീപൂർ എന്നിവിടങ്ങളിൽക്കൂടി സമുദ്രതീരംവരെ പോകുന്നില്ലേ, (അവിടുന്നുമിവിടുന്നുമായി അനേകം വഴികൾ അതിൽ വന്നു ചേരുന്നുണ്ട്) അതിന്റെ വശത്താണ് അദ്ദേഹത്തിന്റെ മിഷൻ. അല്ല, മിഷനല്ല—ആശ്രമം.

സാലവൃക്ഷങ്ങളുടെയും കാവിമണ്ണിന്റെയും നാട്ട്. ഇടയ്ക്കിടെ കാട്ടരുവികൾ—വീരാവതി, ശിലാവതി, ദാരുകേശ്വർ, വീരായ്, ശീലായ്, ദാരക. ഇടയ്ക്കിടെ ചുവന്ന ഉരുളൻ

കല്ലുനിറഞ്ഞ തരിശ്ശുഭൂമി. നിമ്നോന്നതമായ ആ തരിശ്ശുഭൂമിയുടെ അപ്പുറത്തുമിപ്പുറത്തുമായി ബംഗാളിലെ കോമളധരണി പരന്നുകിടക്കുന്നു. അവിടെ ജനസമൃദ്ധമായ ഗ്രാമങ്ങളും പച്ചപിടിച്ച വയലുകളും ഉണ്ട്.

ഉത്തരഭാരതത്തിലെയും മധ്യഭാരതത്തിലെയും പർവ്വതപ്രദേശങ്ങളും വനഭൂമിയും മിക്കവാറും ഒറീസ്സയുടെയും ബീഹാറിൻെറയും പ്രാന്തംമുതൽ വിചിത്രമായവിധം വളഞ്ഞുപുളഞ്ഞ പാളികളായി പരന്നു നീങ്ങി, ക്രമത്തിൽ അവസാനിക്കുന്നു. മേദിനീപൂർതൊട്ട് ബാങ്കുറജില്ലയിലെ കാടുകളും കൊട്ടാരങ്ങളും ചരിത്രപ്രസിദ്ധമാണ്. കല്ലും മുള്ളും നിറഞ്ഞ, സാലവനങ്ങളാൽ ചുററപ്പെട്ട, ഈ പ്രദേശത്തെ ഗ്രാമങ്ങളിൽ പ്രാചീനകാലത്തെ ആ ചരിത്രപുരുഷന്മാരുടെ വംശപരമ്പരകളാണ് അധിവസിക്കുന്നതു്. ബാവ്ഡി, ബാഗ്ഡി, മേട്ടേ, മാൽ, ഖയ്റ, സന്താൾ തുടങ്ങിയ വർഗ്ഗക്കാർ. ഇവരുടെയെല്ലാമിടയിൽ ഉത്തരഭാരതത്തിലെ ക്ഷത്രിമാർ ഒരിക്കൽ നായകന്മാരായിരുന്നു. സിൻഹ, റായ് തുടങ്ങിയ ജാതിക്കാർ. ഇടക്കിടക്കുള്ള ഏതാനും ഗ്രാമങ്ങളിൽ ഇത്തരത്തിലുള്ള ഓരോ കുടുംബങ്ങൾ ഇന്നു പരസ്പരം വഴക്കടിക്കുന്ന പ്രത്യേകവംശങ്ങളായി പരിണമിച്ചിരിക്കുന്നു. എന്നും കേസ്സും വഴക്കുംതന്നെ. സിവിലും ക്രിമിനലും. കറമ്പന്മാരും, മഞ്ഞക്കണ്ണും, ദാരിദ്ര്യംകൊണ്ടു ശോഷിച്ച ശരീരവുമുള്ള അർദ്ധനഗ്നരും, മൂകന്മാരുമായ മനുഷ്യരുടെയിടയിൽ, വെളുത്ത നിറവും ദീർഘാകൃതിയും ഉഗ്രപ്രകൃതിയുമുള്ള മനുഷ്യർ വിചിത്രമാംവിധം യോജിച്ചു കഴിയുന്നു. ചില ക്ഷത്രികളുടെ വീട്ടുപേരു് ഇന്നും 'കൊട്ടാര'മെന്നാണ്. കൊട്ടാരങ്ങൾക്കു പൊട്ടിയ ഭിത്തികളും പൊടിപിടിച്ച മുററവും ഓലമേഞ്ഞ മേൽപ്പുരകളും ആണുള്ളതെന്നുമാത്രം. രാജാക്കന്മാർ ധരിക്കുന്നതു് ജീർണ്ണിച്ചു മുഷിഞ്ഞ വസ്ത്രങ്ങളാണ്, ദേഹത്തു രണ്ടാംമുണ്ടുപോലുമില്ല. ഇരുന്നു് ബീഡി വലിക്കും; അഥവാ ഹുക്ക വലിക്കും. പരസ്പരം കടുത്ത ഭാഷയിൽ കർക്കശസ്വരത്തിൽ കലഹിക്കും. റാണിയും രാജകന്യകകളും സ്വന്തം കൈകൊണ്ടാണ് ആഹാരം പാകംചെയ്യുന്നതു്; തന്നത്താനെയാണു വെള്ളം ചുമന്നുകൊണ്ടുവരുന്നതു്; നെല്ലു ചിക്കുന്നതു്. മുററമടിക്കുക,

പാത്രം തേക്കുക തുടങ്ങിയതെല്ലാം ഇന്നും കറുത്ത ആൾക്കാരുടെ വീട്ടിലെ സ്ത്രീകൾ ചെയ്യുന്നു. അവരുടെ പുരുഷന്മാർ കൃഷിചെയ്യും; കന്നുകാലികളെ മേയ്ക്കും: കാട്ടിൽനിന്നു വിറകു കൊണ്ടുവരും. ഒന്നോ അരയോ ദളപതിമാരുടെയും ലായക്–ബാഗ്ഡിമാരുടെയും വീടുകൾ ഉണ്ടു് ഇപ്പോഴും. ദളപതി, ലായക് എന്നിവ ഇവരുടെ സ്ഥാനപ്പേരുകളാണു്. ഒരുകാലത്തു് ഇവർ ഛത്രിസാമന്തന്മാരുടെ കീഴിൽ യോദ്ധാക്കളും സേനാനായകന്മാരും ആയിരുന്നു. സാമന്തന്മാർ കരമൊഴിവായി കൊടുത്ത കാട്ടുകൊട്ടാരങ്ങളിൽ വനമദ്ധ്യത്തിലുള്ള ഗ്രാമങ്ങളിൽ സ്വന്തം ബന്ധുക്കളും സ്നേഹിതരും അനുചരരുമായി അവർ ജീവിച്ചിരുന്നു—മദ്യവും മാംസവും തവിടുകളയാത്ത മുഴുത്ത അരിയുടെ ചോറും കഴിച്ചു്, സാഹസികരായി വേട്ടയാടലും സായാഹ്നങ്ങളിൽ മദോന്മത്തരായി പാട്ടും ആട്ടവുമായി. പത്താന്മാരുടെയും മുകിലന്മാരുടെയും യുദ്ധങ്ങളുടെ കാലം മുതൽ ഇവരുടെ കഥ പഴഞ്ചൊല്ലോ കേട്ടുകേൾവിയോ അല്ല, ചരിത്രമാണു്. മുകിലന്മാരുടെ അവസാനകാലത്തു്, മഹാരാഷ്ട്രരുടെ ആക്രമണസമയത്തു്, ഇവർ ശരിയായി യുദ്ധം ചെയ്തു. കാട്ടിലും പൊന്തയിലും ഒളിച്ചിരുന്നും മരങ്ങളുടെ മുകളിൽ കയറിയിരുന്നും അമ്പെയ്തു. രാത്രിയുടെ അന്ധകാരത്തിൽ ശത്രുക്കളെ പിന്നിൽനിന്നു് ആക്രമിച്ചു. അക്രമം സഹിക്കാതെ വീടും കുടിലും ഉപേക്ഷിച്ചു നിബിഡവനാന്തരങ്ങളിൽ ഒളിച്ചു. ഈസ്റ്റിന്ത്യാക്കമ്പനിയുടെ കാലത്തു് കമ്പനിയുടെ സൈന്യവുമായും യുദ്ധംവെട്ടി. സകലരാജാക്കന്മാരും തോൽവി സമ്മതിച്ചപ്പോഴും ഇവർ, ഈ സേനാനായകന്മാർ, സമരം തുടർന്നു.

ബാഗ്ഡി–സർദാർ ഗോവദ്ധൻ ദളപതി നടത്തിയ യുദ്ധത്തിൻെറ വർണ്ണന കമ്പനിയുടെ രേഖകളിലുണ്ടു്. ഗോവദ്ധൻ ദളപതി സ്വന്തം അധികാരപരിധി സംരക്ഷിക്കുന്നതുകൊണ്ടു തൃപ്തനാകാതെ കമ്പനിയുടെ പ്രദേശം ആക്രമിച്ചു കീഴടക്കുകകൂടി ചെയ്തു. അതിനു പുറത്തു കടന്നതിനുശേഷവും അയാൾ നട്ടുച്ചയ്ക്കുപോലും ഗ്രാമങ്ങൾ ഓരോന്നായി കൊള്ളയടിച്ചും കത്തിയെരിച്ചും ഗ്രാമപാതകളിൽ മനുഷ്യരുടെ തല വെട്ടി കെട്ടിത്തൂക്കിയും മുന്നോട്ടു പോയി.

ഇവരുടെ വീട്ടുകളുടെ അവശിഷ്ടങ്ങൾ ഇന്നും കാണാനുണ്ടു്.

സമതലത്തിൽ പ്രധാനമായും ബ്രാഹ്മണ–കായസ്ഥ–വൈദ്യ–നവശാകവിഭാഗങ്ങൾ അധിവസിക്കുന്ന ഗ്രാമങ്ങൾ ഇതിൽനിന്നെല്ലാം അല്പം അകലെയാണു്. ആ ഗ്രാമങ്ങളിലും ബാഗ്ഡി, ബാവ്ഡി, മേട്ടേ, മാൽ എന്നീ വർഗ്ഗക്കാർ ഉണ്ടെങ്കിലും അവരുടെ ആകൃതിയും പ്രകൃതിയും അല്പം വ്യത്യസ്തമാണെന്നു തോന്നുന്നു. രക്തത്തിൻെറ ചൂട്ടം കുട്ടിയും.

സാലവൃക്ഷങ്ങളിൽ പൂക്കൾ വിരിയുന്നതിനോടൊപ്പം ആരണ്യം ഇന്നും ഇവരെ കൈമാടി വിളിക്കും. സാലമരങ്ങളോടൊപ്പം പ്ലാശും മഹുവയുമുണ്ടു്. പ്ലാശിൻെറ പുഷ്പച്ചാറു കൊണ്ടാണു് ഇവരിന്നും തുണി ചായംമുക്കുന്നതു്. മഹുവയിൽനിന്നു് മദ്യം വാററിയെടുക്കുന്നു. ഇടയ്ക്കിടെ എക്സൈസ് പോലീസുകാർ ആക്രമണം നടത്തും. എങ്കിലും മിക്കപ്പോഴും പിടികിട്ടുകയില്ല. വിശാലമായ സാലവനത്തിൽ എവിടെയാണു് സങ്കേതമെന്നു കണ്ടുപിടിക്കുക മിക്കവാറും അസംഭവ്യംതന്നെ. ചിലപ്പോൾ പിടികൂടും. പിടികൂടിയാൽ ജയിലിൽ പോകും. അതവർക്കു വലിയ കാര്യമല്ല. ഇടയ്ക്കിടെ വേട്ടയ്ക്കിറങ്ങും. സന്താൾവർഗ്ഗക്കാരാണു് ഈ രംഗത്തു് അധികം. എങ്കിലും ഇവരും ഇറങ്ങിപ്പുറപ്പെടും. മയിൽ, കാട്ടുകോഴി, താറാവു്, മുയൽ, മാൻ തുടങ്ങിയവയെ കൊല്ലാൻ കഴിഞ്ഞാൽത്തന്നെ വല്ലാത്ത ഉല്ലാസമാണു്. കാട്ടുപന്നിയെയും കരടിയെയും കിട്ടിയാൽ പറയുകയും വേണ്ട. വല്ലപ്പോഴുമൊക്കെ കടുവയെ കാണും. അതിനോടു യുദ്ധം ചെയ്യാൻവേണ്ടത്ര ദുസ്സാഹസം ഇന്നു് ഇവർക്കില്ലെന്നു തോന്നുന്നു. കടുവ വന്നാൽ സ്ഥലത്തെ തോക്കുകാരായ വേട്ടക്കാരെ വിവരമറിയിക്കും. ഏതാണ്ടു് ഇരുന്നൂറുവർഷത്തെ നിരന്തരമായ അടിമത്തവും കൗശലപൂർവ്വമുള്ള ചൂഷണവും ഇവരുടെ ജീവിതത്തിലെ ഗർവ്വ മുഴുവൻ മിക്കവാറും നശിപ്പിച്ചിരിക്കുന്നു. സാഹസവും ഉല്ലാസവുംപോലും കുറേ കുറഞ്ഞിട്ടുണ്ടു്. കാരണം കാട്ടുപന്നിയെയും കരടിയെയും കൊല്ലാൻ ധൈര്യമുണ്ടെങ്കിലും കടുവ വന്നാൽ അതിനെ നേരിടാനായി അമ്പും വില്ലും കുന്തവും ധരിച്ചു് ഉന്മത്തമായ ആനന്ദത്തോടെ ചാടിയിറങ്ങാൻ

ഉത്സാഹം പോരാ ഇന്നു്. രോഗങ്ങളുടെ മുമ്പിൽ ആത്മസമപ്പ്ണം നടത്താൻമാത്രം ഇവക്കു ഭയമില്ല. രോഗം വന്നാൽ തലയിൽ കൈവയ്ക്കും. തലയിലെഴുത്താണെന്നു കരുതും. വെറുതെ ഈശ്വരനെ വിളിച്ചുകൊണ്ടിരിക്കും.

ഇവരുടെയിടയിലാണു് കിറുക്കനച്ചൻെറ ജീവിതം. ഏതാനും വർഷംമുമ്പൊരുദിവസം പെട്ടെന്നു് ഇവിടെ വന്നു. പിന്നെ എങ്ങും പോയിട്ടില്ല. വന്നപ്പോൾ ഇവിടെ അനാവൃഷ്ടിമൂലം വെള്ളം ഉണ്ടായിരുന്നില്ല, സസ്യങ്ങൾ ഉണ്ടായിരുന്നില്ല. ക്ഷാമം തുടങ്ങിയിരുന്നു. അതിനുപുറമെ പകച്ച്വ്യാധികളും. ഈ പ്രദേശത്തെ മിഷനറിസായ്പന്മാർ, ദയാലുവും പരഹിതാനുസാരിയുമായ ഒരു ഡാക്ടരുടെ സഹായം അഭ്യത്ഥിച്ചുകൊണ്ടു് പത്രത്തിൽ പരസ്യം ചെയ്തു. അതു കണ്ടാണു് അദ്ദേഹം ഒരു ദിവസം ഒരു പെട്ടിയും കിടക്കയും തന്നത്താനെ തൂക്കിയെടുത്തുകൊണ്ടു് ഹാജരായതു്. അതുമുതൽ ഇങ്ങനെ തുടരുന്നു. ഭഗവാൻ അയച്ചതാണെന്നാണു് ജനങ്ങളുടെ വിശ്വാസം.

സാലവനത്തിന്റെ അരികിലായി ചുവന്ന മണ്ണുള്ള ഒരു കൊച്ചുഗ്രാമം. അടുത്തുകൂടി പുരിയിലേക്കുള്ള പാത പോകുന്നു. ഒരു മൈൽ വടക്കുപടിഞ്ഞാറാണു് മൊറാർഗ്രാമത്തിലെ വെസ്ലിയൻപള്ളിയുടെ ഇരുനിലക്കെട്ടിടം. തികച്ചും ചെറിയ ഒരു കുഗ്രാമം. സാലമരങ്ങൾ ഇവിടെ അങ്ങിങ്ങേ കാണാനുള്ളൂ. ഗ്രാമത്തിനുപുറത്തു്—സാലവനത്തിനു കട്ടി കൂടാൻ തുടങ്ങുന്നയിടത്തു്—ചെറിയൊരു ബംഗ്ലാവുണ്ടു്. മൂന്നു മുറിയേ ഉള്ളൂ. അതാണു് അദ്ദേഹത്തിൻെറ ആസ്ഥാനം. കൂട്ടിനു് ഏതാനും പക്ഷികളും രണ്ടു പശുവുമുണ്ടു്. പിന്നെ, ജോസഫും സിന്ധുവും, ജോസഫിന്റെ ആൾക്കാർ വളരെനാൾ മുമ്പേ ക്രിസ്തുമതം സ്വീകരിച്ചതാണു്—ജോസഫ് ലാൽസിംഗ്. സിന്ധു മുക്കുവത്തിയാണു്. ക്രിസ്ത്യാനിയല്ല. അവർ വിവാഹം കഴിച്ചിട്ടുമില്ല. രണ്ടുപേരും പരസ്പരം പ്രേമിച്ച് വീട്ടുകാരെയും ബന്ധുക്കാരെയും സമുദായത്തെയും ഉപേക്ഷിച്ചു പോന്നു. കിറുക്കനച്ചൻെറ അടുത്തു് അഭയംതേടി. ജോസഫിനു് കുറേശ്ശെ ഇംഗ്ലീഷറിയാം. അച്ചൻ അവനെ കമ്പൗണ്ടിംഗ് പഠിപ്പിച്ചിട്ടുണ്ടു്. കമ്പൗണ്ടറുടെ ജോലി നോക്കും, സ്കൂളിൽ

കുട്ടികളെ പഠിപ്പിക്കുകയും ചെയ്യും. സിന്ധു പക്ഷികളെ നോക്കും, അടുക്കളപ്പണി ചെയ്യും. വേറൊരു സന്താൾസ്ത്രീകൂടിയുണ്ട്. പേരു് ഝുംകി മേഝ്യാൻ. ഇരുപത്തഞ്ച്–ഇരുപത്താറു വയസ്സുവരും. നല്ല ആരോഗ്യം. ഇത്ര ദീർഘകായയായ സ്ത്രീയെ കാണാനെളുപ്പമല്ല.

കിറുക്കനെച്ചൻ വളരെ വിഷമിച്ചാണു് അവളെ മരണത്തിൻെറ വായിൽനിന്നു രക്ഷിച്ചതു്. ഝുംകി മൂന്നുതവണ വിവാഹിതയായി. മൂന്നു ഭർത്താക്കന്മാരും അല്പദിവസത്തിനുള്ളിൽ മരിക്കുകയാണുണ്ടായതു്. അപ്പോൾ എല്ലാവർക്കും സംശയമായി ഝുംകി മന്ത്രവാദിനിയാണെന്നു്. സന്താൾവർഗ്ഗക്കാരുടെ തലവന്മാർ കൂടിയാലോചിച്ചു് അവൾക്കു മരണശിക്ഷ വിധിച്ചു. വിവരമറിഞ്ഞു് അച്ചൻ സൈക്കിളിൽ പാഞ്ഞെത്തി വളരെ കഷ്ടപ്പെട്ടു് അവളെ രക്ഷിച്ചു. ആ ഗ്രാമത്തിലെ സന്താൾനേതാവിനെ അദ്ദേഹം ഏതോ ഭയങ്കരരോഗത്തിൽ നിന്നു് രക്ഷിച്ചിരുന്നു. അച്ചൻെറ വാക്കു് അവർക്കു തള്ളിക്കളയാൻ കഴിഞ്ഞില്ല. ഝുംകി ഇനി ഒരിക്കലും ഒരു സന്താൾ ഗ്രാമത്തിലും പോകുകയില്ലെന്നു് അദ്ദേഹം ഉറപ്പുനല്കി. അവൾ അദ്ദേഹത്തിൻെറ വീട്ടിൽ കഴിഞ്ഞുകൊള്ളും. പശുക്കളെ നോക്കും, തോട്ടം സൂക്ഷിക്കും.

“അവളെ മാർഗ്ഗം കൂട്ടുമോ, അച്ചാ?”

“ഇല്ല.” അദ്ദേഹം ചിരിച്ചുകൊണ്ടു പറഞ്ഞു: “അതിനു ഞാൻതന്നെ ക്രിസ്ത്യാനിയാണോ?”

വൃദ്ധനായ സന്താൾതലവൻ പറഞ്ഞു: “ആക്കറിയാം? ഇവർ പറയുന്നു നിങ്ങൾ ക്രിസ്ത്യാനിയാണെന്നു്. ക്രിസ്ത്യാനികൾ പറയുന്നു ക്രിസ്ത്യാനിയല്ലെന്നു്. നിങ്ങൾക്കു ജാതിയില്ല. നിങ്ങൾക്കുതന്നെ അറിയാം നിങ്ങളെന്താണെന്നു്.”

അച്ചൻ പൊട്ടിച്ചിരിച്ചു. എന്നിട്ടു പറഞ്ഞു: “അവർ പറയുന്നു, എനിക്കു ജാതിയില്ലെന്നു്. എന്നാലും മനുഷ്യനാണല്ലോ. നിങ്ങളും മനുഷ്യൻ, ഞാനും മനുഷ്യൻ. ആ പെണ്ണും മനുഷ്യജീവിതന്നെ.”

“നിങ്ങൾ മനുഷ്യനാണു്. പക്ഷേ, അവളല്ല. അവൾ മന്ത്രവാദിനിയാണു്.”

“ഞാൻ നിങ്ങളുടെ ആ വലിയ പിശാചുപിടിച്ച സുഖ

ക്കേട്ട മാററിയില്ലേ, പറ; അവളെയും ഞാൻ ചികിത്സിച്ചു സുഖപ്പെടുത്തും.''

''അതു സാധിക്കുകയില്ല. എന്നാലും നിങ്ങൾക്ക് അവളെ കൊണ്ടുപോകണമെന്നു നിർബ്ബന്ധമാണെങ്കിൽ കൊണ്ടുപൊയ്ക്കൊള്ളൂ.''

അതുമുതൽ ഝുംകിയും ഇവിടെയാണു താമസം. പശുവിനെ നോക്കും, മുററത്തു തോട്ടം വച്ചുപിടിപ്പിക്കും. വളരെ ചുരുക്കമായേ ബംഗ്ലാവിനു പുറത്തു പോകൂ. വഴിയിലെങ്ങാനും ഇറങ്ങിയാൽത്തന്നെ സന്താൾവർഗ്ഗത്തിൽപ്പെട്ട സ്ത്രീപുരുഷന്മാരെ ആരെയെങ്കിലും കണ്ടാൽ എവിടെയെങ്കിലും ഓടിയൊളിക്കും. ''നമ്മളെ തിന്നുന്നവളാ''ണെന്ന് അവർ പറഞ്ഞുകളഞ്ഞാലോ?

ചിലപ്പോൾ കിറുക്കനച്ചൻെറ മുറിയിൽത്തന്നെയായിരിക്കും ഓടിക്കയറുക. അദ്ദേഹം കണ്ണടച്ചു ചാരുകസേരയിൽ കിടന്ന് എന്തെങ്കിലും ആലോചിക്കുകയാകും. അടക്കിയ കാലൊച്ച ചെവിയിലെത്തിയാൽ ചോദിക്കും: ''ആരാ അത്?''

ആ ഇരുണ്ട കോണിൽനിന്ന് അഥവാ അലമാരിയുടെ മറവിൽനിന്ന് അവൾ സങ്കോചത്തോടെ കുശുകുശുക്കും: ''ഞാനാ അച്ചാ—ഝുംകി.''

അച്ചൻ മുഖമുയർത്തി അവളുടെ നേരെ നോക്കും. കറുത്ത കാട്ടുപെണ്ണിന്റെ വെളുത്തുതിളങ്ങുന്ന കണ്ണുകളിലേക്കു നോക്കുമ്പോൾ സ്ഫടികംപോലുള്ള വെള്ളത്തിനടിയിലെ ഇളകുന്ന പച്ചപ്പായൽപോലെ ഭയംകൊണ്ടു വിറയ്ക്കുന്ന അവളുടെ ഹൃദയം കാണും. അദ്ദേഹം ചോദിക്കും: ''പേടിച്ചോ? പുറത്തുമുക്കുവർ വന്നിട്ടുണ്ടോ?''

അവൾ തൻെറ നീണ്ടു ബലവത്തായ കൈ വേറൊരു ദിക്കിലേക്കു ചൂണ്ടിക്കൊണ്ടു പറയും: ''ഊം ഹൂം, അവിടെ.''

പുറത്തു വന്നിട്ടില്ല, ആ വഴിക്കു പോകുന്നുണ്ടെന്ന്.

അച്ചൻ അവളെ സമാധാനിപ്പിച്ചു പുറത്തു കൊണ്ടുവരും. പോകുന്നവരെ വിളിച്ച് അവരുടെ ഭാഷയിൽത്തന്നെ സംസാരിക്കും. നിർത്താതെ സംസാരിക്കും.

സാധാരണ ഈ ജില്ലയിൽ നടപ്പുള്ള ബംഗാളിയിൽത്തന്നെയാണു സംസാരിക്കുക. അദ്ദേഹം ഇവിടത്തുകാരനല്ലെന്ന്

ആക്കും തോന്നുകയില്ല. അവരിൽ ചിലർ ചോദിക്കും: "അച്ചനെങ്ങനെയാ അച്ചാ ഞങ്ങളുടെ ഭാഷ ഇങ്ങനെ പഠിച്ചെടുത്തതു്?"

അദ്ദേഹം പ്രസന്നമായ, ഹൃദയം തുറന്ന ചിരിയോടെ കാററിലിളകുന്ന സാലമരംപോലെ ആടിക്കൊണ്ടു പറയും: "ഞാൻ നിങ്ങളെ സ്നേഹിക്കുന്നില്ലേ? അതുകൊണ്ടു് ഇതും പഠിച്ചു. അത്രതന്നെ."

അല്പം കഴിഞ്ഞു വീണ്ടും പറയും: "നിങ്ങൾ ഇതു പറ, നിങ്ങൾ സ്നേഹിക്കുന്ന ആളിൻെറ മുഖത്തുനോക്കി അയാളുടെ ഉള്ളിലെ സുഖദുഃഖങ്ങൾ മനസ്സിലാക്കാൻ വയ്യേ? സ്നേഹമുണ്ടെങ്കിൽ ഉള്ളിലെ കാര്യം മുഖത്തുനോക്കി മനസ്സിലാക്കാം. പിന്നെയാണോ വാകൊണ്ടു പറയുന്നതു ചെവികൊണ്ടു കേട്ടു പഠിക്കാൻ പ്രയാസം? നിങ്ങൾതന്നെ പറ, കേൾക്കട്ടെ."

ശബ്ദവും ഉച്ചാരണവും എല്ലാം ഈ പ്രദേശത്തേതുതന്നെ.

ചോദ്യകർത്താവിൻെറ മനസ്സിൽ സംശയം ലേശവും ബാക്കി നില്ക്കില്ല. അദ്ദേഹം പറഞ്ഞതു് അവർക്ക് ബോദ്ധ്യമാകും. തലകുലുക്കി സമ്മതിക്കും: "ശരിയാ, ശരിയാ."

എന്നാൽ അദ്ദേഹം ഇംഗ്ലീഷുപറയുന്നതു കേട്ടാൽ മാന്യന്മാർ പലതും സംശയിക്കും, അദ്ദേഹത്തിൻെറ വീട്ടുകാർ ഏതാനും തലമുറയായെങ്കിലും ഇംഗ്ലീഷാണു സംസാരിക്കുന്നതെന്നു്. ഒരുപക്ഷേ അനേകം തലമുറയായിത്തന്നെ ക്രിസ്ത്യാനികളായിരിക്കാം. അതല്ലെങ്കിൽ മദ്രാസിയാകാം. പേരും റവറണ്ടു് കൃഷ്ണസ്വാമിയെന്നാണല്ലോ.

രൂപത്തിലും ദക്ഷിണേന്ത്യയിലെ ആൾക്കാരോടു സാമ്യമുണ്ടു്. ആറടി ഉയരം, തടിച്ച എല്ലുകൾ, മേദസ്സില്ലാത്ത ദേഹം, എണ്ണക്കറുപ്പുനിറം. കറുത്തു് ഇടതിങ്ങി വളരുന്ന തലമുടി. തെക്കരെപ്പോലെതന്നെ വലിയ കണ്ണുകൾ.

എങ്കിലും ദൃഷ്ടി വിചിത്രമാണു്. ആശ്ചര്യജനകവും അഭൗമികവുമെന്നു പറയാം. വിഷണ്ണമാണു്, പ്രസന്നവും. വളരെനാളായി മഴപെയ്യാത്ത, അല്പമാത്രം മേഘമുള്ള, ശാന്തവും സ്നിഗ്ദ്ധവുമായ ആകാശംപോലെ. ഉള്ളിലെ നീലാഭ മേഘത്തിൻെറ നേർത്ത ആവരണം ഭേദിച്ചു പുറത്തു വരുന്നതുപോലെതന്നെ വിവർണ്ണദൃഷ്ടിയുടെ നടുക്കുനിന്നു പ്രസന്നതയുടെ

പ്രകാശം പരക്കുന്നു. എല്ലാററിലും ഇഷ്ടം തോന്നുക ആളിന്റെ ചിരിയാണു്. ഫ്രഞ്ചുമട്ടിലുള്ള താടിയുടേയും മീശയുടേയും ഇടയ്ക്കുനിന്നു്, അടുക്കിനുള്ള പല്ലുകളിൽനിന്നു്, പുറപ്പെടുന്ന ചിരിയുടെ പ്രസന്നത അടുത്തുള്ള ആളുകളുടെ മനസ്സിലും പ്രകാശം പരത്തും.

## രണ്ട്

കിറുക്കനെച്ചൻ ഇവിടെ വന്നിട്ടു് ഇപ്പോൾ എട്ടുവർഷമായിക്കാണും. 1936–ലാണതു്. ഇവിടെ ക്ഷാമവും പകർച്ചവ്യാധികളും പടന്നുപിടിച്ച കാലം. ഇപ്പോൾ 1944 ആയി. രണ്ടാം ലോകമഹായുദ്ധം ഉച്ചകോടിയിലെത്തിയിരിക്കുന്നു.

മഹായുദ്ധത്തിൻെറ ദുരിതങ്ങൾ, കൊടുങ്കാററുപോലെ, ലോകത്തോടൊപ്പം ഹതഭാഗ്യയായ ബംഗാളിൻെറ മീതെകൂടിയും വീശിയടിച്ചുകൊണ്ടിരിക്കുന്നു. നാടും സമുദായവും കുടുംബവും എല്ലാം തകന്നു തരിപ്പണമായിപ്പോയി. ക്ഷാമവും പകർച്ചവ്യാധികളുംകൊണ്ടു മനുഷ്യൻ മരിച്ചുവീഴുന്നു—കൊടുങ്കാററിൽപ്പെട്ട പക്ഷിമൃഗാദികളെപ്പോലെ. നാലുദിക്കിൽനിന്നും ഹാഹാരവം ഉയരുന്നു. ഹാഹാരവമേ കേൾക്കാനുള്ളു. നാടിനെ ഒരുമിച്ചുനിത്തിയിരുന്ന സ്വാതന്ത്ര്യസമരവും തല്ക്കാലത്തേയ്ക്കു മന്ദീഭവിച്ചിരിക്കുന്നു. ഇംഗ്ലീഷുകാരുടെയും അമേരിക്കക്കാരുടെയും യുദ്ധസന്നാഹങ്ങൾ ബംഗാളിൽ അങ്ങോളമിങ്ങോളം വ്യാപിച്ചുകിടക്കുന്നു. ചിററഗോങ്ങ്, ഫേണി, ഗൗഹതി, ഡിഗ്ബോയ്, ഡീമാപൂർ, കൊഹീമ എന്നിവിടങ്ങൾമുതൽ ഓഖര, പാനാഗർ, പിയരാഡോബ, വാസുദേവ്പൂർ, ഖരഗ്പൂർ, മേദിനീപൂർ എന്നീ സ്ഥലങ്ങൾവരെ പട്ടാളത്താവളങ്ങൾ പരന്നുകിടക്കുന്നു. പരസ്പരം കൂട്ടിയിണക്കപ്പെട്ട റോഡുകളുടെ വിപുലമായ ശൃംഖല കണ്ടാൽ ഭൂഖണ്ഡവ്യാപിയായ ഒരു ചിലന്തിവലയാണെന്നു തോന്നും.

ഗ്രാമംതോറും ഭക്ഷണക്ഷാമംകൊണ്ടുള്ള ഹാഹാരാവം. പട്ടണംതോറും ക്ഷുധാത്തരായ, എല്ലും തോലുംമാത്രമുള്ള

ഭിക്ഷക്കാരുടെ കരുണാമയവും കാതരപൂർണ്ണവുമായ യാചന. "അമ്മേ, ഇത്തിരി കഞ്ഞിവെള്ളം തരണേ! ഒരുപിടി എച്ചിൽ തരണേ! അമ്മേ! കൊച്ചമ്മേ!"

കടകളിൽ അരിയുടെ സ്ഥാനത്തു പൊടിയരിയാണുള്ളതു്. അതിൽത്തന്നെ നിറയെ കല്ലും മണ്ണും ചെളിക്കട്ടയും.

ഇതിൻനടുവിലൂടെ മിലിട്ടറി കോൺവോയ് നീങ്ങുന്നു. ജീപ്പും ടാങ്കും വെപ്പൺകാരിയറും മററനേകംതരത്തിലുള്ള വിചിത്രരൂപികളായ മോട്ടോർവാഹനങ്ങളും. തലയ്ക്കുമുകളിലൂടെ ഇംഗ്ലീഷുകാരുടെയും അമേരിക്കക്കാരുടെയും യുദ്ധവിമാനങ്ങൾ ചീറിപ്പായുന്നു. വണ്ടികളിൽ ഇംഗ്ലീഷുകാരും അമേരിക്കക്കാരുമായ പട്ടാളക്കാർ കൂട്ടംകൂടി പോകുന്നു. ഒപ്പം നീഗ്രോകാപ്പിരികളുമുണ്ട്. അവർ ഇടയ്ക്കു ക്ഷാമപീഡിതരും ക്ഷുധാർത്തരുമായ നാട്ടുകാരുടെമേൽ മധുരനാരങ്ങയുടെ തൊണ്ടും അല്ലിയും വലിച്ചെറിയും. ഉറക്കെ വിളിക്കും: "ഹേയ്!" ചിലപ്പോൾ കൈമാടിയും വിളിക്കും.

ഹീ–ഹീ എന്നു ചിരിക്കും.

ചിലർ ചിലപ്പോൾ ഒരു രൂപയോ എട്ടണയോ എറിഞ്ഞുകൊടുക്കും. നാട്ടുകാർ കൂട്ടമായി ഓടിവന്ന് അതിനായി പൊടിയിൽക്കിടന്നുരുളും. ഉണങ്ങി വരണ്ട ഭൂമിയിൽനിന്നു പൊടിപടലമുയരും. അവരുടെ സർവ്വാംഗം പാറിപ്പിടിക്കും. മറുവശത്തു വിദേശിപ്പട്ടാളക്കാരുടെ ക്യാമറകൾ ക്ലിക്–ക്ലിക് ശബ്ദമുണ്ടാക്കും. അവരുടെ മുഖത്തു വിചിത്രമായ ചിരി പരക്കും. വെറുപ്പും അനുകമ്പയും കൗതുകവും എല്ലാമുണ്ട് ആ ചിരിയിൽ.

വെള്ളക്കാരായ പട്ടാളക്കാർ കൂട്ടമായി ജീപ്പിൽ കയറി പോകുന്നതു കാണാം. ഇടയ്ക്കിടെ എല്ലാവരുംചേർന്ന് ഒരേ സ്വരത്തിൽ പാട്ടുപാടുന്നുണ്ടാകും. അല്ലെങ്കിൽ ഉന്മത്തരായി ബഹളമുണ്ടാക്കുന്നുണ്ടാകും. അവരുടെ മദ്ധ്യത്തിലായി നഗരത്തിൽനിന്നു സമ്പാദിച്ച ഒന്നോ രണ്ടോ വേശ്യകളുമുണ്ടാകും. അവരുടെയെല്ലാം ആനന്ദത്തിൻെറ ഉറവിടമായി, കടുത്ത വിദേശമദ്യത്തിന്റെ ലഹരിയിൽ ഉന്മത്തയായി, ക്ഷീണിച്ച ദേഹം ഇളക്കിയും ആട്ടിയും, അവരുടെ അട്ടഹാസത്തിനൊപ്പം ഉല്ലസിച്ചും ചിരിച്ചുംകൊണ്ട്. വഴിയരികിലെ

ഞാനും ചെറുപ്പക്കാരിപ്പെൺകുട്ടികളെ കണ്ടാൽ അവർ വിളിക്കും: "ഹലോ ഹണി! മൈ ഹണി!" പാവം 'ഹണി'മാർ ഭയന്നു വിറച്ചു ജീവനുംകൊണ്ടോടും. സൈ്വരിണികളായ രണ്ടോ നാലോപേർ നിന്നു് നിർല്ലജ്ജരായി പല്ലു കാട്ടി ചിരിച്ചെന്നും വരാം.

പിയരാഡോബയിൽ ഒരു വിമാനത്താവളം സജ്ജമായി വരുന്നുണ്ടു്. കുറച്ചു മൈലകലെ വാസുദേവ്പൂരിൽ ചെറിയ വേറൊന്നും. മൊറാറിൽ വെസ്ലിയൻപള്ളിയുടെ ബംഗ്ലാവിൻെറ മുമ്പിൽ പുരിറോഡും ലോക്കൽറോഡും കൂടിച്ചേരുന്നതിനു സമീപത്തായി വലിയ വലിയ പെട്രോൾടാങ്കുകൾ നിർമ്മിച്ചിരിക്കുന്നു. ഇവിടെനിന്നു് വാസുദേവ്പൂരിലേക്കും പിയരാഡോബയിലേക്കും പൈപ്പ്ലൈൻ പോകുന്നുണ്ടു്. ബുൾഡോസർകൊണ്ടു മണ്ണു നീക്കിയും കാടു തെളിച്ചും വനമദ്ധ്യത്തിൽ ഏതാനും ദിവസംകൊണ്ടു വിചിത്രമായ സമരസന്നാഹങ്ങൾ ഒരുക്കിയിരിക്കുന്നു. ഒരു മായാപുരിപോലെ. പിയരാഡോബ സ്റ്റേഷനിൽനിന്നു് റെയിൽവേ ലൈൻ വരുന്നുണ്ടു്. വലിയ വലിയ തീവണ്ടികൾ വന്നു നില്ക്കും. വണ്ടിയിൽനിന്നു് ഉന്മത്തരായ വിദേശിപട്ടാളക്കാർ കൂട്ടമായി ചാടിയിറങ്ങും. അമേരിക്കൻപട്ടാളക്കാരുടെ പോക്കററിൽ നോട്ടുകെട്ടുകളുണ്ടാകും. കൂടെ ധാരാളം ഭക്ഷണടിന്നുകളും. ബിസ്കുററും റൊട്ടിയും. റെയിൽവേലൈനിനടുത്തു ടിന്നുകൾ കുന്നുകൂട്ടി ഇട്ടിരിക്കുകയാണു്.

ഹതഭാഗ്യരും ക്ഷാമപീഡിതരും അർദ്ധനഗ്നരുമായ മനുഷ്യക്കോലങ്ങൾ ടിന്നുകൾ പെറുക്കി വിരൽകൊണ്ടു വടിച്ചു നക്കും. രാവും പകലും ആകാശം വിറപ്പിച്ചുകൊണ്ടു ബോംബർ—ഫൈററർവിമാനങ്ങൾ തലക്കു മുകളിലൂടെ ചുററിപ്പറക്കും. ചിലതിറങ്ങുന്നു, ചിലതു പറന്നുയരുന്നു.

സന്ധ്യയായാൽ വൈദ്യുതദീപങ്ങൾ തെളിയും. അവ മൂടിയിട്ടുണ്ടെങ്കിലും ചുററുപാടും പ്രകാശം പരത്തും. ആ മങ്ങിയ വെളിച്ചത്തിൽ പാട്ടും വാദ്യവും ആട്ടവും കൂത്തും നടക്കും. ഹോ—ഹോ എന്നുള്ള പൊട്ടിച്ചിരിയുടെ ഉല്ലാസധ്വനി ഉയരും. ചീവീടിൻെറ ശബ്ദംകൊണ്ടു മുഖരിതമായ സാലവനത്തിൽ അന്ധകാരം ഞെട്ടിവിറക്കും. ഇടക്കിടെ ചീവീടു

കളും സ്തബ്ധമായിപ്പോകുന്നതുപോലെ. ഏതാണ്ട് ഇരുന്നൂറു വർഷം മുമ്പു സാമന്തരാജാക്കന്മാരുടെ കാലത്തു പന്തങ്ങളുടെ പ്രകാശവും പെരുമ്പറയുടെ മുഴക്കവും കണ്ടും കേട്ടും ഞെട്ടിയതിനുശേഷം ഇതേവരെ ഈ വനഭൂമിയിലെ അന്ധകാരം ഇങ്ങനെ ഞെട്ടിത്തെറിച്ചിട്ടില്ലെന്നു തോന്നുന്നു: ചീവീടുകൾ സ്തംഭിച്ചുനിന്നിട്ടില്ലെന്നു തോന്നുന്നു. മഹാരാഷ്ട്രസൈനികരുടെ ആക്രമണത്തിനുശേഷം, വനഭൂമിയിൽ പരന്നുകിടക്കുന്ന ഗ്രാമങ്ങൾ ഇങ്ങനെ പേടിച്ചു വിളക്കണച്ച് അന്ധകാരത്തിൻെറ ആവരണത്തിൽ ഒളിച്ചുകഴിഞ്ഞിട്ടില്ല. ഈ ഗ്രാമങ്ങളെല്ലാം പ്രധാനറോഡിൽനിന്ന് അകലെയാണ്. കാടിന്റെ അന്തർഭാഗത്ത്. അവിടെ അവർ അന്ധകാരത്തിൽത്തന്നെ ഉറങ്ങും. പ്രധാനറോഡിലൂടെ വണ്ടികൾ ഢർഢർശബ്ദത്തോടെ പൊയ്ക്കൊണ്ടിരിക്കും. ഇടയ്ക്കിടെ, പട്ടാളക്കാർ പൊട്ടിച്ചിരിക്കുന്ന ശബ്ദവും അതിനിടയിൽ സ്ത്രീകളുടെ കിലുകിലുങ്ങനെയുള്ള ചിരിയും കേട്ട് അവർ ഇരുട്ടിന്റെ നടുവിൽ കണ്ണുമിഴിച്ചു തുറിച്ചുനോക്കിക്കൊണ്ടു ചിന്തിക്കും: ഏതാണീ പെണ്ണുങ്ങൾ? ഏതു നാട്ടുകാർ? എന്തു ജാതിക്കാർ?

* * *

കിറുക്കനെച്ചൻ അല്പം നീങ്ങി തൻെറ ആസ്ഥാനം ഉറപ്പിച്ചിരിക്കുകയാണ്. പ്രധാനറോഡിൽനിന്ന് പിന്നെയും അകലെ, കാടിൻെറ നടുക്ക്. അദ്ദേഹം താമസിച്ചിരുന്ന ഗ്രാമത്തിൽനിന്നു് സൈനികാധികൃതരുടെ ഉത്തരവനുസരിച്ച് എല്ലാവരും ഒഴിഞ്ഞുപോകേണ്ടിവന്നു. ധാരാളം പണം കിട്ടിയെന്നുള്ളതു നേരുതന്നെ.

റവറണ്ട് കൃഷ്ണസ്വാമി കാട്ടിനുള്ളിലെ ഒററയടിപ്പാതയിലൂടെ സൈക്കിളുന്തി പ്രധാനറോഡിൽ വന്നുകയറും. മൊറാറിലേക്കുള്ള തിരിവിൽനിന്നു വളരെയകലെ വിഷ്ണുപൂരിലേക്കുള്ള വഴി വന്ന് ബുധനാഴ്ചയും ശനിയാഴ്ചയും അദ്ദേഹം ഒന്ദായിൽ പോകും. അവിടത്തെ കുഷ്ഠരോഗാശുപത്രിയിൽ കുഷ്ഠരോഗികളെ ചികിത്സിക്കുന്നുണ്ട്. പുരി മുതലിങ്ങോട്ട് ഈ പ്രദേശത്തെല്ലാം കുഷ്ഠരോഗബാധ ധാരാളമാണ്. കുഷ്ഠം മൂലമുണ്ടാകുന്ന അന്ധതയും ഈ സ്ഥലത്തിൻെറ ശാപമാ

ണ്ടെന്നു പറയാം. ആഴ്ചയിൽ രണ്ടുദിവസം റവറണ്ട് കൃഷ്ണസ്വാമി രാവിലെ എഴന്നേററുപോകും, വൈകുന്നേരം മടങ്ങുകയും ചെയ്യും.

അന്ന് ആഷാഢം ഒന്നാംതീയതിയാണ്. കൃഷ്ണസ്വാമി വൈകുന്നേരം വീട്ടിലേക്കു മടങ്ങുന്നു. അദ്ദേഹത്തിൻെറ വിചിത്രമായ വേഷത്തിനുപുറമേ തലയിൽ നാടൻതൊപ്പിയും കണ്ണിൽ ഗോഗിൾസും ഉണ്ട്. മഴ ഇനിയും തുടങ്ങിയിട്ടില്ല. ആഷാഢമാസത്തിലെ പകൽ—ഏററവും ദൈർഘ്യംകൂടിയ പകൽ. ചൂട്ടം എന്നത്തെയുംകാൾ കൂട്ടതലാണ്. ഭൂമിയോട്ട് ഏററവുമധികം അടുത്തു വന്നുനിൽക്കുന്ന സൂര്യൻെറ ചൂടിൽ ഭൂമി ചുട്ടുപൊള്ളുകയാണ്. വയലുകളിൽനിന്ന് ചുടുകാററ് പൊടിപടലമുയർത്തുന്നു.

അച്ചൻ പരിചിതമായ വഴിയിലൂടെ സൈക്കിളോടിച്ചു പോകുകയാണ്. പ്രധാനപാത വിട്ട് ഒരരികിലൂടെയാണ് പോക്ക്. മിലിട്ടറി ട്രക്കുകൾ ഭയങ്കരവേഗത്തിൽ ഇരച്ചുവരും. നിമിഷനേരത്തെ അശ്രദ്ധ അഥവാ കണക്കുതെററൽ മതി വഴിയരികിലെ വൃക്ഷങ്ങളുമായി കൂട്ടിയടിക്കാൻ. വണ്ടി തകർന്നു മറിയും. ഡ്രൈവറുടെയും യാത്രക്കാരുടെയും ആർത്തനാദം ഉയരും. ചിലതു വഴിവിട്ട്, ഉഴുതിട്ട വയലിലേക്ക് ഉരുണ്ടിറങ്ങും. ചിലതു മറിഞ്ഞുപോകും. യാത്രക്കാർ തെറിച്ചുവീഴും. പരുക്കു കുറവാണെങ്കിൽ എഴുന്നേററ് പൊടിതട്ടിക്കളഞ്ഞ് ഉറക്കെ പൊട്ടിച്ചിരിക്കും. ചിലതിൻെറ ഡ്രൈവർമാർ ആശ്ചര്യകരമായ നെഞ്ചുറപ്പോടെ സ്റ്റിയറിംഗ് പിടിച്ചുകൊണ്ടു വയലിലൂടെ കുറച്ചുദൂരം ഓടിച്ചുപോയി ഗതിവേഗം നിയന്ത്രിച്ചിട്ട് ബ്രേക്കിടും. വണ്ടിയിൽനിന്നിറങ്ങിനിന്ന് സ്വന്തം ഭാഷയിൽ അശ്ലീലംനിറഞ്ഞ തെറി പറയും. കാരണമൊന്നുമില്ല. ആശ്ചര്യംതന്നെ, ഈശ്വരനാമം ഉച്ചരിക്കുന്നില്ലല്ലോ!

റവറണ്ട് കൃഷ്ണസ്വാമി ചിന്തയിൽ മുഴുകി നീങ്ങുകയായിരുന്നു. മഹാരാഷ്ട്രരുടെ ആക്രമണകാലത്ത്, 185 കൊല്ലം മുമ്പത്തെ ഭയങ്കരക്ഷാമകാലത്ത് സാമന്തരാജാക്കന്മാരുമായുള്ള യുദ്ധസമയത്ത്, നാടിൻെറ സ്ഥിതി ഇതായിരുന്നോ? മനുഷ്യൻ ഇതുപോലെതന്നെ പാപ്പരായിപ്പോയിരുന്നോ?

ഇത്ര ദുർബ്ബലവും ക്ഷണഭംഗുരവുമാണോ അവൻെറ ആത്മീയശക്തി?

ഹാ, ബുദ്ധഭഗവാനേ! ഹാ, ക്രിസ്തുദേവാ! ഹാ, ഈശ്വരപുത്രാ! ഹാ, ശചീനന്ദനനായ ഗൗരാംഗാ!

ഈ നാട്ടിലെ ക്ഷാമപീഡിതരും സർവ്വവും നഷ്ടപ്പെട്ടവരും വിദ്യാവിഹീനരുമായ ഈ മനുഷ്യക്ക് ഒരുപക്ഷേ, ഭഗവാൻ മാപ്പുകൊടുത്തേക്കാം. എന്നാൽ ഈ വിദേശീയ പട്ടാളക്കാർക്കോ? ഇവരേക്കാൾ ഹതഭാഗ്യരാണവർ. നിരന്തരമായ മരണഭയംകൊണ്ടു് പാഞ്ഞുനടക്കുന്നവർ. അഹരഹം ദുരന്തത്തെ പേടിച്ചു് ഓടിനടക്കുന്നു. മൂക്കററം മദ്യപാനംചെയ്തു ജീവനുംകൊണ്ടു പായുന്നു. വൃക്ഷത്തിലിടിച്ചു മരിക്കുന്നു. വണ്ടി തലകുത്തി മറിയുന്നു. ഓടുന്നതിനിടയിൽ വഴിക്കു് ആനന്ദിക്കാൻ കിട്ടുന്നതെല്ലാം അനുഭവിക്കുന്നു. എവിടെ വിദ്യാഭ്യാസം? എവിടെ പരിഷ്കാരം? എവിടെ ജീവിതത്തിൻെറ മഹത്വം?

ഹാ, ക്രിസ്തുദേവാ!

കുരിശിലേറി നീ മരിച്ചെന്നതുമാത്രമേ സത്യമായുള്ളു. ഉയിർത്തെഴുനേല്പു് ഭാവനയാണു്. മനുഷ്യൻ ആശ്വാസത്തിനുവേണ്ടി രചിച്ച മിഥ്യ.

ഹാ, ബുദ്ധാ! ഹാ, ചൈതന്യാ!

ചൈതന്യൻ ഈ വഴിക്കാണു് പുരിയിൽനിന്നു ഗയയിലേക്കു പോയതു്. അന്നു് ഈ പ്രദേശത്തെ ആകാശവും അന്തരീക്ഷവും, വാദ്യഘോഷങ്ങളും ഈശ്വരനാമവുംകൊണ്ടു മുഴങ്ങിയിരുന്നു.

വിഷ്ണുപുരിയിലെ വൈഷ്ണവദേവതമാരും മിഥ്യയാണു്. മനുഷ്യനെ രക്ഷിക്കാൻ അവക്കു കഴിഞ്ഞില്ല.

മുമ്പിൽത്തന്നെയാണു് ലവൽക്രോസിംഗ്. കൃഷ്ണസ്വാമി കാൽരണ്ടും നിലത്തു കുത്തി. ആറടി പൊക്കമുള്ള ആൾക്കു് അതു നിസ്സാരമാണു്. ക്രോസിംഗിനടുത്തുതന്നെയാണു് ഗേററു് കാവൽക്കാരൻെറ വീടു്.

കൃഷ്ണസ്വാമിയുടെ ചിന്തയുടെ ചരടു പൊട്ടിപ്പോയി. അദ്ദേഹം യാഥാർത്ഥ്യത്തിലേക്കു മടങ്ങി. ഇതാണു ജീവിതം. ഈ ജീവനുള്ളിടത്തോളംകാലം സ്വന്തം കാര്യം നോക്കേണ്ടിവരും.

"വംശീ! ഏയ്. വംശീ!"

ഗേററ് സൂക്ഷിപ്പുകാരൻെറ വീട്ടുവാതിൽ തുറന്നു. ഗേറ്റ് മാൻ രാംചരൺ ഇറങ്ങിവന്നു "അച്ഛൻ!"

"ഹ്ഉം, വംശി എവിടെ?"

രാംചരൻെറ മകനാണു വംശി. വംശിക്കു കുഷ്ഠം പിടി പെട്ടിരിക്കുന്നു. പ്രാരംഭഘട്ടമായിട്ടേയുള്ളു. കൃഷ്ണസ്വാമിത ന്നെ വഴിക്കുവെച്ചു കുട്ടിയുടെ മുഖവും രൂപവും കണ്ടു മനസ്സി ലാക്കിയതാണ്. വളരെ വാദിക്കേണ്ടിവന്നു, ചികിത്സി ക്കാൻ സമ്മതിപ്പിക്കുന്നതിന്ന്. ഈ രോഗത്തിൻെറ കുത്തിവ യ്പിനു വലിയ വേദനയാണ്. മിക്ക ദിവസവും വംശി ഒളി ച്ചുകളയും. കുട്ടിയെ പ്രലോഭിപ്പിക്കാൻ കൃഷ്ണസ്വാമി ദിവസ വും എന്തെങ്കിലും കൊണ്ടുവരാതിരിക്കുകയില്ല. ചിലദിവസം ഒരു പാവ. മററു ചില ദിവസം ഒരു ചിത്രം. ചിലപ്പോൾ തിന്നാനെന്തെങ്കിലും. മററുചിലപ്പോൾ വേറെ വല്ലതും. ഇ ന്നും വംശി ഓടിയൊളിച്ചിരിക്കുകയാണ്. രാംചരൺ നാലു പാടും നോക്കിയിട്ടും കുട്ടി എങ്ങോട്ടാണു പോയതെന്നു മന സ്സിലാക്കാൻ കഴിഞ്ഞില്ല. അയാൾ ഉച്ചസ്വരത്തിൽ വിളി ച്ചു: "എടാ വംശീ! വംശീ!"

സൈക്കിൾ ഗേററ്മാൻെറ മതിലിൽ ചാരിവെച്ചിട്ട് കൃഷ്ണസ്വാമി അകത്തേക്കു കയറി. രാംചരൻെറ പത്നി മുറിക്ക കത്തുനിന്നു വന്ന് ഒരു കസേര എടുത്തിട്ടുകൊടുത്തു. കൃഷ്ണ സ്വാമി അതിലിരുന്നു. പോക്കററിൽനിന്ന് ഒരു പുല്ലാങ്കുഴൽ പുറത്തെടുത്തുകൊണ്ട് അദ്ദേഹം പറഞ്ഞു: "ഇതു വായിക്ക്. അടുത്തെങ്ങാനുമുണ്ടെങ്കിൽ ഒച്ചകേട്ടാൽ വരും."

എന്നാൽ അതിനുമുമ്പുതന്നെ മുൻവശത്തെ വഴിയരി കിലെ ഒരു മാവിൻെറ മുകളിൽനിന്നു വംശി ചാടിയിറങ്ങി. "വരുന്നേ! അച്ഛാ, വരുന്നേ!"

കൗതുകത്തിൻെറ തീവ്രതകൊണ്ട് അവൻെറ അല്പം വീ ങ്ങിയ മുഖം തിളങ്ങുന്നു. കണ്ണുരണ്ടും ജ്വലിക്കുന്നു.

"ആരാ? ആരാ വംശീ വരുന്നതു്?" കൃഷ്ണസ്വാമി ചിരി ച്ചുകൊണ്ടു ചോദിച്ചു. "ഞാൻ നിനക്കു കൊണ്ടുവന്നിരിക്കുന്ന ഓടക്കുഴൽ കണ്ടോ?"

എന്നാൽ വംശീവദൻെറ മനസ്സ് ഓടക്കുഴലിൽ മയങ്ങി

യില്ല. അവൻെറ തിളങ്ങുന്ന ദൃഷ്ടി മുമ്പിലെ വഴിയിൽ തറ ച്ചിരുന്നു. ദൂരെ ഒരു വളവുണ്ട്, ആ വളവിൽ. അച്ഛനോടാണെന്നു തോന്നി, അവൻ പറഞ്ഞു: "ആ പെണ്ണിനെ കണ്ടോ? തലയിൽ ചുവന്ന കൈലേസു കെട്ടിയ ആ പെണ്ണിനെ? ഞാൻ മരത്തിൻെറ മോളിലിരുന്നു കണ്ടതാ. വണ്ടി പാഞ്ഞുവരുന്നു, അതിലൊരു പെണ്ണ് തലയിൽ ചുവന്ന കൈലേസുംകെട്ടിയിരിക്കുന്നു. വെയില്ല കൊള്ളുമ്പോ അതങ്ങനെ വെട്ടിത്തിളങ്ങുന്നു. ഹും, ദാ, ദാ, ദാ!"

ദൂരെ വളവിൽ ഇരപ്പു കേൾക്കായി. സത്യമാണ്, ഒരു ജീപ്പു വരുന്നുണ്ട്. പിന്നിൽ ആരുടെയോ തലയിലെ കടും ചുവപ്പുതൊപ്പിയും സ്പഷ്ടമായി കാണാം.

രാംചരൺ പറഞ്ഞു: "ഞാൻ ധാരാളം കണ്ടിട്ടുണ്ട്, അച്ഛാ. എന്നാലും ഇത്തരം പെണ്ണിനെ കണ്ടിട്ടില്ല. മദാമ്മ തന്നെ."

കൃഷ്ണസ്വാമി ചിരിച്ചു. ധോത്തിയും പുതപ്പും ചെരിപ്പും മാത്രമുള്ള നാട്ടിലെ ധോത്തിമാത്രം ചുററിയ ദരിദ്രനായ രാംചരൻെറയും കുട്ടിയായ വംശീവദൻെറയും മനസ്സ് വിചിത്രമായ വേഷം ധരിച്ച ഏതോ വിദേശിനിയെ കണ്ട് വിസ്മയപൂർണ്ണമായിരിക്കുന്നു. ജീപ്പ് വാസ്തവത്തിൽ കൊടുങ്കാററിന്റെ വേഗത്തിലാണു വരുന്നതു്. പെണ്ണ്—അതെ, ഇവൾ പെണ്ണാണെന്നാണു പറയുന്നതു്—ചുവന്ന തൊപ്പി ധരിച്ച പെണ്ണ് ഇളകിയാടുന്നതുപോലെ, ഈ വശത്തുനിന്ന് ആ വശത്തേക്കു്. ജീപ്പിൻെറ മുമ്പിൽ ഡ്രൈവറുടെ അടുത്തുതന്നെയിരുന്ന് ആടുന്നു. വെള്ളക്കാരിയാണെന്നു തോന്നും. അടുത്തിരുന്നു വണ്ടിയോടിക്കുന്നയാൾ ബലിഷ്ഠനായ ഒരു വെള്ളക്കാരനാണ്. ദേഹത്തു ബനിയൻമാത്രം, തലയിൽ തൊപ്പിയുണ്ട്—ആപ്പീസറുടെ തൊപ്പി. സ്പീഡു കുറച്ചു വളവെടുത്തു വണ്ടി ലവൽക്രോസിംഗ് കടന്നുപോയി. എങ്കിലും കുറച്ചുദൂരം ചെന്നിട്ടു ബ്രേക്കു പിടിച്ചുനിത്തി. അതിൻെറ ഊക്കിൽ പെണ്ണ് മറിഞ്ഞുവീഴാൻ തുടങ്ങിയെങ്കിലും വീണില്ല. മുമ്പിൽ പിടിച്ചുനിന്നു. വണ്ടി വീണ്ടും പിന്നോട്ടു നീങ്ങാൻ തുടങ്ങി. നീങ്ങിനീങ്ങി രാംചരൻെറ വീടിനു മുമ്പിൽ വന്നുനിന്നു. വെള്ളക്കാരൻ വണ്ടിയിൽനിന്നിറങ്ങി.

അയാളുടെ ട്രൗസർതുണിയുടെ മേന്മ കണ്ടപ്പോൾ കൃഷ്ണസ്വാമിക്കു മനസ്സിലായി, അമേരിക്കൻ ആപ്പീസറാണെന്നു്.

"ഹേ—മാൻ! വാട്ടർ, വാട്ടർ! വെള്ളം!"

അധികാരസ്വരത്തിൽ പെണ്ണും പറഞ്ഞു: "വെള്ളം കൊണ്ടുവാ! യൂ—യൂ, കേൾക്കാൻ വയ്യേ?"

കൃഷ്ണസ്വാമി എഴുനേറ്റുനിന്നു. കണ്ണിൽനിന്നു 'ഗോഗിൾസ്' മാററി വരാന്തയിൽനിന്നിറങ്ങി ജീപ്പിനടുത്തുചെന്നു. ഉറച്ച ദൃഷ്ടികളോടെ പെണ്ണിനെ സൂക്ഷിച്ചുനോക്കി. വിചിത്രമായ വേഷംതന്നെ. പാശ്ചാത്യമട്ടിൽ ഏററവും ആധുനികഫാഷനിലുള്ള ചുവന്ന പാൻറ്സാണു ധരിച്ചിരിക്കുന്നതു്. ദേഹത്തു് പകുതി കൈയും ടെന്നിസ് കോളറുമുള്ള സിൽക്കു ബ്ലൗസ്. തലയിൽ ചുവന്ന പട്ടുതുണികൊണ്ടുള്ള കെട്ട്. ആശ്ചര്യകരമാംവിധം ലാലസയുണർത്തുന്ന മോഹിനിവേഷം. അത്രതന്നെ നിർലജ്ജയുമാണവൾ!

അമേരിക്കക്കാരൻ അദ്ദേഹത്തിൻെറ മുമ്പിൽവന്നു് പാൻറിൻെറ പോക്കററിൽനിന്നു് ഒരു നോട്ടെടുത്തു നീട്ടിക്കൊണ്ടു പറഞ്ഞു: "ഡോണ്ട് യു അണ്ടർസ്റ്റാൻഡ്, മാൻ? വാട്ടർ—വെള്ളം, വെള്ളം!"

പെണ്ണും ഏതാണ്ട് ഒപ്പംതന്നെ വിളിച്ചുപറഞ്ഞു: "യൂ സൈ്വൻ!"

അമേരിക്കക്കാരൻ അവളെ ദേഷ്യപ്പെട്ടു: "യൂ വിച്ച്, സ്റ്റോപ്പ്, ഐ സേ—യൂ സ്റ്റോപ്പ്! കീപ്പ് സൈലൻറ്!"

കൃഷ്ണസ്വാമി ചിരിച്ചുകൊണ്ടു് പരിഷ്കൃതമായ ഇംഗ്ലീഷിൽ പറഞ്ഞു: "പ്ലീസ്, പ്ലീസ് ഡോണ്ട് അബ്യൂസ് ഹെർ ലൈക്ക് ദാറ്റ്. ഷി ഇസ് ഇൽ."

"നത്തിംഗ്. യു ഡോംണ്ട് നോ മാൻ, ഒരൊററക്കുപ്പി മദ്യമാണു് ആ പട്ടി മോന്തിയതു്. ലഹരി കയറിയിരിക്കുകയാണു്. വെള്ളം കൊണ്ടുവാ. വഴിക്കു കുളം കണ്ടാൽ അതിൽ പിടിച്ചു മുക്കി ലഹരി കളയണമെന്നാണു വിചാരിച്ചിരുന്നതു്. നിങ്ങളുടെ വീടുകണ്ടു നിർത്തി. ബോധംകെട്ടുമെന്നു തോന്നുന്നു. ലഹരിതന്നെ, വെറും ലഹരി."

കൃഷ്ണസ്വാമി പറഞ്ഞു: "ആഫീസർ, ഞാനൊരു ഡാക്ടറാണു്. എനിക്കു കണ്ടാലറിയാം, അവൾക്കു സുഖമില്ല.

നിങ്ങൾ അവളെ താഴെയിറക്കു. അവളെ ഉടനെ ശുശ്രൂഷിക്കണം. എൻെറ ബാഗിൽ മരുന്നുണ്ടു്. ഒരു ഡോസു കൊടുക്കാം. എന്നെ വിശ്വസിക്കു, മെഡിക്കൽകാളേജിൽ പഠിച്ചു പാസ്സായ ഡാക്ടറാണു ഞാൻ.'' പറയുന്നതിനിടയിൽ പെണ്ണു് മറിഞ്ഞു സീററിൽ വീണുകഴിഞ്ഞു.

കൃഷ്ണസ്വാമി തന്റെ സുദീർഘബാഹുക്കൾ നീട്ടി അവളെ താങ്ങിയെടുത്തു. അദ്ദേഹം പറഞ്ഞു: ''രാംചരൺ, നിൻെറ കട്ടിലിണ്ടെടുക്കു്.''

അദ്ദേഹം അവളുടെ മുഖത്തു ദൃഷ്ടിയുറപ്പിച്ചുനിന്നു. ദൃഷ്ടി തിരിക്കാതെതന്നെ പറഞ്ഞു: ''ആഫീസർ, പ്ലീസ്— തലയിൽനിന്നു് ഈ കെട്ടൊന്നഴിക്കു.''

ആഫീസർ കൈനീട്ടി ഒരു തട്ടുകൊടുത്തു, തലയിൽ കെട്ടിയിരുന്ന തുണി അഴിഞ്ഞുവീഴുകയും ചെയ്തു. ആശ്ചര്യകരമാംവണ്ണം കറുകറുത്ത തലമുടിയും കെട്ടഴിഞ്ഞു താഴോട്ടു വീണു.

കൃഷ്ണസ്വാമി ശ്രദ്ധാപൂർവ്വം അവളെ കട്ടിലിൽ കിടത്തി.

വളരെനേരത്തെ ശുശ്രൂഷക്കുശേഷം പെണ്ണിനു ബോധം വീണു. കൃഷ്ണസ്വാമി അവൾക്കു് ഒരുഡോസ് മരുന്നും കൊടുത്തിരുന്നു. ബോധം വീണുകിട്ടുന്നതിനുമുമ്പു് പെണ്ണു ധാരാളം ഛർദ്ദിച്ചു. അവളുടെ ഉടുപ്പു നനഞ്ഞു. കൃഷ്ണസ്വാമിയുടെ കൈയിലും ഉടുപ്പിലുമൊക്കെ അല്പം വീണു. ദുർഗ്ഗന്ധംകൊണ്ടു് വായുതന്നെ ദുഷിച്ചു. കൃഷ്ണസ്വാമി വളരെ വിഷമിച്ചു് അതെല്ലാം കഴുകിയും തുടച്ചും കളഞ്ഞു. ആഫീസർ നിർലിപ്തനെപ്പോലെ വെറുതെ നോക്കിയിരുന്നു് സിഗരറ്റുവലിച്ചു തീർത്തുകൊണ്ടിരുന്നു. ഇടക്കു് ഒന്നുരണ്ടു വാക്കുകൾ പറഞ്ഞു. എല്ലാം ചോദ്യങ്ങൾ. അപ്പോഴപ്പോൾ മനസ്സിൽ തോന്നിയതുപോലെ. പരസ്പരബന്ധമൊന്നുമില്ല. ഒരു ചോദ്യവും മറ്റൊന്നുമായി യാതൊരു യോജിപ്പുമില്ല.

ബോധമററ പെൺകിടാവു് അനക്കമില്ലാതെ കിടക്കുകയായിരുന്നു. അവളുടെ മുഖത്തുനോക്കി അയാൾ ചോദിച്ചു: ''ഈസൻറ് ഷി ബ്യൂട്ടിഫുൾ? ഫൈൻ ഐസ് ആൻറ് ഐലിഡ്സ്—ഈസൻറ് ഇറ്റ്? ഹേ, വാട്ട് ഡു യു സേ?''

കൃഷ്ണസ്വാമി ശുശ്രൂഷയ്ക്കിടയിൽ പറഞ്ഞു: "യെസ്, ഷി ഹാസ് ഗോട്ട് എ സ്വീററ് ഫേസ്."

സത്യമാണ്, പെണ്ണിനു സൗന്ദര്യമുണ്ട്, മോഹജനകമായ സൗന്ദര്യം. വിശേഷിച്ചും തല നിറയെ ഉള്ള കറുത്ത മുടിയും അസാധാരണസൗന്ദര്യമുള്ള കണ്ണുകളും കൺപോളകളും. കൺപോളകളിലെ രോമങ്ങൾക്കു നല്ല നീളമുണ്ട്. അവ നീണ്ടു സുന്ദരമായ കണ്ണുകൾക്ക് അഴകു കൂട്ടുന്നു.

വീണ്ടും അല്പനിമിഷം കഴിഞ്ഞ് അയാൾ ചോദിച്ചു: "ഈസ് ഇററ് എനിതിംഗ് വെരി സീരിയസ്?"

കൃഷ്ണസ്വാമി പറഞ്ഞു: "സീരിയസ് ആകുമായിരുന്നു. ലഹരിയുള്ളപ്പോൾ ഈ വെയിലത്ത് ഹീററ്സ്ട്രോക്ക് ഉണ്ടാകാം. ഇപ്പോഴും ആശങ്ക തീരെ മാറിയിട്ടില്ല."

വീണ്ടും ഏതാനും മിനിട്ടുകഴിഞ്ഞു ചോദ്യമുണ്ടായി: "നിങ്ങൾ പറഞ്ഞല്ലോ നിങ്ങളൊരു ഡാക്ടരാണെന്ന്. ക്വാളിഫൈഡ് മെഡിക്കൽ മാൻ. അങ്ങനെയാണെന്നു തോന്നുന്നുമുണ്ട്. പക്ഷേ, എന്താ ഈ വേഷമിങ്ങനെ?"

"ഞാനൊരു സന്യാസിയാണ്. ഭാരതവർഷത്തിലെ സന്യാസിമാർക്കു പലതരം വേഷമുണ്ട്. എങ്കിലും എല്ലാത്തിന്റെയും നിറമിതാണ്."

"കാൻ യു ടെൽ ഫോർച്യൂൺ?"

"നോ."

"വെറും ഡാക്ടർമാത്രം?"

"അതെ. പിന്നെ സന്യാസിയും."

"അതെന്താ, നിങ്ങളുടെ കഴുത്തിലെന്താ? കുരിശോ?"

"അതെ, കുരിശ്. ഞാൻ ഭാരതീയക്രിസ്ത്യൻ സന്യാസിയാണ്."

"ഭാരതീയക്രിസ്ത്യൻസന്യാസി! യു ആർ എ റവറണ്ട്?"

കൃഷ്ണസ്വാമി ഉത്തരം പറഞ്ഞില്ല. പെണ്ണിന്റെ ശുശ്രൂഷയിൽ ശ്രദ്ധിച്ചു. പെണ്ണിന്റെ മുഖത്തു സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നു. ജ്യോമട്രിയിൽ സമാനകോണുകളുള്ള രണ്ടു ത്രികോണങ്ങൾ ചേരുന്നതുപോലെ രണ്ടുമുഖവും ഇണങ്ങിച്ചേരുന്നു.

അല്പംകൂടി കഴിഞ്ഞു് ആഫീസർ വീണ്ടും പറഞ്ഞു: "പറയാമോ, നിങ്ങളുടെ നാട്ടിൽ ഇത്തരം പെണ്ണുങ്ങൾ എത്രയുണ്ടെന്നു്? സ്ട്രേഞ്ജ് ഗേൾ!" അയാൾ തന്നത്താൻ പറഞ്ഞുകൊണ്ടിരുന്നു: "പുരിയിൽവെച്ചാണു് ഞാനവളെ കണ്ടതു്. ഓൺ ദി സീ ബീച്ച്. സ്ട്രേഞ്ജ് ഗേൾ! ഒരൊററമണിക്കൂർകൊണ്ടു ഞങ്ങൾ കൂട്ടുകാരായി. ഭയങ്കരമുറാളത്തിതന്നെ! എന്തൊരു ചിരി! എന്തൊരു ഭയങ്കരദേഷ്യം! എന്തുമാത്രം മദ്യമാ സേവിക്കുന്നതു്!" സിഗരററു വലിച്ചു പുകവിട്ടുകൊണ്ടു് വീണ്ടും പറഞ്ഞു: "അതുമുതൽ എൻെറകൂടെ കറങ്ങുകയാണു്." അല്പം കഴിഞ്ഞു പറഞ്ഞു: "ഷി ഈസ് എ സ്പോർട്ട്— പക്ഷേ, ഭയങ്കര വൈൽഡ്!"

കൃഷ്ണസ്വാമി പറഞ്ഞു: "ബോധം വന്നു. നിങ്ങളുടെയടുത്തു് ഇത്തിരികൂടി മദ്യമെടുക്കാനുണ്ടോ? ഷി നീഡ്സ്—"

പെണ്ണു് മദ്യം കഴിച്ചു് മുഖം വികൃതമാക്കിക്കൊണ്ടു പറഞ്ഞു: "വാട്ടർ—പ്ലീസ്! വാട്ടർ—തണുത്ത വെള്ളം!"

കൃഷ്ണസ്വാമി വായിൽ വെള്ളമൊഴിച്ചുകൊടുത്തു. പെണ്ണു് വീണ്ടും വാ പൊളിച്ചു, കൃഷ്ണസ്വാമി വീണ്ടും വെള്ളമൊഴിച്ചുകൊടുത്തു. പിന്നീടു് കണ്ണിനുതാഴെ വിരൽ വെച്ചുകൊണ്ടു പറഞ്ഞു: "ലെററ് മി ലുക്ക് അററ് യുവർ ഐസ്. ലുക്ക് അററ് മൈ ഫേസ്."

പെണ്ണു് പുരികം ചുളിച്ചു ദൃഷ്ടി തീക്ഷ്ണതരമാക്കി.

അമേരിക്കൻ ആഫീസർ പറഞ്ഞു: "ഹേ—ഡോണ്ട്— അങ്ങനെയൊന്നും ചെയ്യരുതു്. ഡു യൂ ഹീയർ?" പിന്നീടു പറഞ്ഞു: "പെട്ടെന്നു് അലറും. പെട്ടെന്നു് കയറി അടിക്കും. ഷി ഈസ് ഹിസ്റ്റീറിക്."

എന്നാൽ പെണ്ണു് അപ്പോഴേയ്ക്കു തപ്പിപ്പിടിച്ചു് എഴുന്നേററിരുന്നു. തീവ്രദൃഷ്ടികളോടെ, തീക്ഷ്ണസ്വരത്തിൽ അലറി: "യു ബ്ലാക്കി—ലീവ് മി—, വിട്ടു് എന്നെ—എവിടെയോ കിടന്ന കറമ്പൻ!"

ആഫീസറും അലറി: "ഷട്ടപ്പ് യു വിച്ച്! ഷട്ടപ്പ്. ഐ സേ!"

കൃഷ്ണസ്വാമി ചിരിച്ചു. പെണ്ണിൻെറ തലയിൽ നനഞ്ഞ

കൈയോടിച്ചുകൊണ്ടു് പ്രസന്നസ്വരത്തിൽ പറഞ്ഞു: "നിന്നക്കു സുഖമില്ല. ഡാക്ടറാണു ഞാൻ. ഞാൻ പറയുന്നതു നീ കേൾക്കണം. ഇത്തിരിനേരംകൂടി കിടക്കു്. സുഖമായി എഴുന്നേൽക്കാം. നിനക്കു തലവേദനയുണ്ടു്, എനിക്കറിയാം. നീയീഗുളിക തിന്നു്, പ്ലീസ്! പീസ് ആൻറ് ബി സ്റ്റിൽ."

പെണ്ണു് പെട്ടെന്നു സ്തബ്ധയായതുപോലെ. അവൾ അദ്ദേഹത്തിൻെറനേരെ വിചിത്രമായ രീതിയിൽ നോക്കിക്കൊണ്ടിരുന്നു.

കൃഷ്ണസ്വാമി ബാഗ് തുറക്കുന്നതിനിടയിൽ കവിത ചൊല്ലുന്നതുപോലെ പറഞ്ഞുകൊണ്ടിരുന്നു: "പേഷ്യൻസ് യു യംഗ് റോസ്-ലിപ്ഡ് മേഡ്—പേഷ്യൻസ് പ്ലീസ്—"

ഷേക്സ്പിയരുടെ ഒഥല്ലോനാടകത്തിൻെറ ഒരു ഭാഗം ഉദ്ധരിക്കുകയായിരുന്നു. ഇവിടെ നല്ല ചേച്ച്യുണ്ടു്.

ആഫീസർ ചിരിച്ചുകൊണ്ടുപറഞ്ഞു: "ഹേ, ഡോക്— യു ആർ എ പോയററ്—ഉം ഹും—ദാററ്സ് ഫൈൻ!"

പെണ്ണു് ഇതിനിടയിൽ ക്ഷീണിച്ചു തളന്നു് കണ്ണടച്ചു കിടന്നു. എങ്കിലും അവളുടെ മൃദുവായ നെററിയിൽ വിസ്മയത്തിൻെറയും ചോദ്യത്തിൻെറയും ഏതാനും രേഖകൾ തെളിഞ്ഞുവന്നു.

"നൗ, ദാ തിന്നോളൂ," കൃഷ്ണസ്വാമി ഒരു ഗുളിക പുറത്തെടുത്തുകൊണ്ടു വിളിച്ചു.

ഗുളിക തിന്നിട്ടു് പെണ്ണു് എഴുന്നേററിരുന്നു. അവൾ പറഞ്ഞു: "നോ. നെവർ. അയാളാവില്ല നിങ്ങൾ. നോ." പിന്നീടു കൈ നീട്ടി ആഫീസറോടു ചോദിച്ചു: "എ സ്മോക് പ്ലീസ്." നെയിൽ-പോളിഷ് പുരട്ടിയ കൈനഖങ്ങളിൽ പുകയിലയുടെ കറ പിടിച്ചിരിക്കുന്നു. ആഫീസർ സോത്സാഹം പറഞ്ഞു: "നൗ ഷി ഈസ് ഓ കെ. ടേക് ഇറ്റ്. ഗെററപ്പ് മൈ ഹണി. ഹിയർ ഈസ് ഫയർ." അയാൾ പെണ്ണിന്നു സിഗററു കൊടുത്തു. ലൈററർ കത്തിച്ചു് അതു കൊളുത്തിക്കൊടുക്കുകയും ചെയ്തു.

പിന്നീട്ട് കൃഷ്ണസ്വാമിയുടെ നേരേ നോക്കി പറഞ്ഞു: "അവൾക്കു സുഖമായിപ്പോയി, ഡോക്! ഓ. കെ. ഞങ്ങളിനി പോകട്ടെ. നിങ്ങൾക്കു വളരെ നന്ദി. ഇതു വെച്ചോളൂ."

കുറെ പത്തുരൂപാനോട്ട് എടുത്തു നീട്ടി.

കൃഷ്ണസ്വാമി പറഞ്ഞു: ''വളരെ നന്ദി പക്ഷേ, എനിക്കു മാപ്പുതരൂ. ഇതെന്റെ മതമാണ്. ഇതാണെന്റെ ഈശ്വരോപാസന. ക്രിസ്തുവിന്റെ പേരിൽ ഞാനപേക്ഷിക്കാം.''

പെണ്ണ് വിടന്ന മിഴികളോടെ അയാളെത്തന്നെ നോക്കിയിരിക്കുകയാണ്. അക്ഷീണമായ മട്ടിൽ സിഗററ്റു വലിച്ച് പുകവിടുന്നുണ്ട്.

കൃഷ്ണസ്വാമി മുഖം തിരിച്ചു.

ജീവിതത്തിന്റെ അടച്ചിട്ട ഒരു മുറിയിൽ ആരോ മുട്ടിവിളിക്കുന്നു. വാതിലിൽ ആരോ തലയിട്ടടിക്കുന്നതുപോലെ.

വണ്ടി ഗർജ്ജിച്ചുകൊണ്ടു പാഞ്ഞുപോയി. വംശി പറഞ്ഞു: ''പെണ്ണ് ഇങ്ങോട്ടുതന്നെ നോക്കിയിരിക്കുന്നു, അച്ചാ! അച്ചൻ അവളുടെ ലഹരി കളഞ്ഞില്ലേ? അതിന്റെ ദേഷ്യമായിരിക്കും.''

## മൂന്ന്

കൃഷ്ണസ്വാമി തന്റെ ആശ്രമത്തിൽ മടങ്ങിയെത്തി മുറിയിൽ മിണ്ടാതിരിക്കുകയായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അസ്വാഭാവികമായ ഒരു കാര്യം.

ഝുംകി വന്നു്, വിസ്മയംകൊണ്ടു വിടന്ന കണ്ണുകളോടെ ലാൽസിംഗിനെയും സിന്ധുവിനെയും നോക്കി അടക്കം പറഞ്ഞു: ''സിംഗ്, അച്ചനെന്തുപററി?''

ലാൽസിംഗ് ആകാശത്തേക്കു നോക്കി, ദൂരെയെവിടെയോ ഗർജ്ജിക്കുന്ന വിമാനത്തെ കണ്ടുപിടിക്കാൻ ശ്രമിക്കുകയായിരുന്നു. ഝുംകിയുടെ വർത്തമാനം കേട്ട് അയാൾ തിരിഞ്ഞുനോക്കി ചോദിച്ചു: ''എന്തുപററി?''

''എന്തൊക്കെയോ പിറുപിറുക്കുന്നതു കേട്ടു. എന്തോ മന്ത്രമോ തന്ത്രമോ ആണെന്നു തോന്നുന്നു. ഞാൻ പേടിച്ച് ഓടിപ്പോന്നു. ചായകൊടുക്കാൻ പററീല്ല. നിങ്ങളൊന്നു പോയി കൊടുക്കു്.''

മന്ത്രമോ തന്ത്രമോ പോലെ എന്തെങ്കിലും കേട്ടാൽ

ഝ്ംകിക്ക പേടിയാണു്. താൻ മന്ത്രവാദിനിയാണെന്നു കരുതി മന്ത്രം ജപിക്കുകയാണെന്നായിരിക്കും വിചാരം. പകലാണെങ്കിൽ കാട്ടിലോടിയൊളിക്കും. കുററിക്കാട്ടിൽ മുയലിനെയോ മുള്ളൻപന്നിയെയോപോലെ പതുങ്ങിയിരിക്കും. വളരെ നേരം കഴിയണം, ഭയം ക്രമത്തിൽ കുറയാൻ. അപ്പോൾ പതുക്കെ മൂളിപ്പാട്ടുപാടും. എന്നിട്ട് എഴുന്നേററു പോരുകയും ചെയ്യും.

ചായക്കപ്പുമായി ലാൽസിംഗ് കൃഷ്ണസ്വാമിയുടെ മുറിയുടെ വാതിൽക്കൽ പോയിനിന്നു. അവനറിയാം, അച്ചൻ ഇടയ്ക്കിടെ ബൈബിളിലെ പ്രാത്ഥന തന്നത്താനിരുന്നു് ഉരുവിടാറുണ്ടെന്നു്. അവൻ സാധാരണപതിവനുസരിച്ച് സ്വന്തം തലയിലും നെഞ്ചത്തും കൈവച്ചു് 'ആമേൻ' പറയും.

സത്യമാണു്, അച്ചൻ മുറിയിൽ ലാത്തിക്കൊണ്ടു തന്നത്താനെ ബൈബിൾ ഉരുവിടുകയാണു്. ബൈബിളല്ല, കൃഷ്ണസ്വാമി കവിത കാണാതെ ചൊല്ലുകയാണു്:

"It is the cause—it is the cause my soul—
Let me not name it to you, you chaste stars—
It is the cause.
Yet I'll not shed her blood,
Nor scar that whiter skin of her's than snow."

ഷേക്സ്പിയറുടെ 'ഒഥല്ലോ' ഉദ്ധരിക്കുകയാണു് കൃഷ്ണസ്വാമി. ഇന്നു രാംചരൻെറ വീട്ടിൽവെച്ചാണു് ഒഥല്ലോ ഓർമ്മവന്നതു്. ആ പെണ്ണിനോടു സംസാരിക്കുമ്പോൾ ഒഥല്ലോയിലെ വാക്കുകൾ എത്രയാണു് അദ്ദേഹം ഉപയോഗിച്ചതു്?

"ലെററ് മി ലുക്ക് അററ് യുവർ ഐസ്. ലുക്ക് അറ്റ് മൈ ഫേസ്. പീസ് ആൻറ് ബി സ്റ്റിൽ."

അതു മുഴവൻ ഒഥല്ലോനാടകത്തിലെ സംഭാഷണമാണു്.

"പേഷ്യൻസ്, യു യംഗ് റോസ്-ലിപ്ഡ് മേഡ്—"

ഇതും അധികവും അതിലെയാണു്. അമേരിക്കൻ ആഫീസർക്കു് ഇതൊന്നും മനസ്സിലാകുകയില്ല. തീററയും കുടിയും, പെണ്ണും കളിയും, യുദ്ധവും ആയുധങ്ങളും—ഇതൊന്നുമല്ലാതെ ഇതും മനസ്സിലാകുമെങ്കിൽ യുദ്ധം നടക്കുകയില്ലല്ലോ.

ഉണ്ടു്, ഉച്ചശ്രേണിയിലുള്ള ഏതാനും ആളുകളുണ്ടു്. ഒരുപക്ഷേ, അനേകം കവികൾ തൂലിക വലിച്ചെറിഞ്ഞു്, അരയിൽ റിവോൾവർ തിരുകി, തോളിൽ റൈഫിൾ തൂക്കി വന്നിട്ടുണ്ടാകാം. പക്ഷേ, എത്രപേരുണ്ടാകും, അങ്ങനെ? അവർ ഇത്തരത്തിൽ പെണ്ണുമായി കറങ്ങി നടക്കുന്നുണ്ടാവില്ല. ഉണ്ടെങ്കിൽ മനസ്സിലാക്കാം—അവരുടെ ജീവിതതത്വശാസ്ത്രം തീറ്റയും കുടിയും കളിയും ചിരിയുംമാത്രമടങ്ങിയതാണെന്നു്. ബാക്കിയെല്ലാം അവർ തുടച്ചുകളഞ്ഞിരിക്കുന്നു. ഒരുപക്ഷേ, മറന്നുതന്നെ പോയിരിക്കാം. റിനാ ബ്രൌണിനും അതാണു സംഭവിച്ചിട്ടുള്ളതു്. ഭൂതകാലം മറന്നുപോയിരിക്കുന്നു. അല്ലെങ്കിൽ എങ്ങനെ ഇത്തരത്തിൽ സംഭവിച്ചു? ആ റിനാ ബ്രൌൺ! ആശ്ചര്യംതന്നെ—ഒഥല്ലോയിലെ അവിസ്മരണീയമായ ആ വാക്കു കേട്ടിട്ടും ഓർമ്മയുടെ വാതായനം തുറന്നില്ലെന്നോ? ആശ്ചര്യംതന്നെ!

ഇല്ല. ആശ്ചര്യമെന്തിനു്? മദ്യത്തിന്റെ ലഹരിയിലാറാടിയ റിനാ ബ്രൌണല്ലേ? വിസ്മയം മുഴുവൻ തീർന്നു. മദ്യത്തിന്റെ ശക്തി അവളുടെ ഓർമ്മയും ബുദ്ധിയുമെല്ലാം മൂടിക്കളഞ്ഞിരുന്നു—അവളുടെ സമസ്തസത്തയെയും മൂടിക്കളഞ്ഞിരുന്നു എന്നു തോന്നുന്നു.

ചായക്കോപ്പ താഴെവെച്ചിട്ടു് ലാൽസിംഗ് സസംഭ്രമം, ശ്രദ്ധാപൂർവ്വം കാലടികൾവെച്ചു്, നിശ്ശബ്ദം ഇറങ്ങിപ്പോയി. ഫാദർ പ്രാർത്ഥിക്കുകയാണു്.

കൃഷ്ണസ്വാമിയെ സംബന്ധിച്ചിടത്തോളം ഒരിക്കൽ, റിനാ ബ്രൌണിന്റെ മൂല്യവുമായി താരതമ്യപ്പെടുത്തുമ്പോൾ ഈശ്വരന്റെ മൂല്യംപോലും നിസ്സാരമായിപ്പോയിരുന്നു. അന്നദ്ദേഹം കൃഷ്ണസ്വാമി ആയിട്ടില്ല. അന്നദ്ദേഹം കാലാചാന്ദ് ഗുപ്ത ആയിരുന്നു. കാലാചാന്ദ് അന്നു് ശരിക്കും ഈശ്വരനിൽ വിശ്വസിച്ചിരുന്നില്ല. കാലാചാന്ദ് എന്ന പേരുമാറ്റി അയാൾ അപ്പോൾ കൃഷ്ണേന്ദു എന്ന പേരു സ്വീകരിച്ചിട്ടേയുള്ളു. മെഡിക്കൽകാളേജിൽ പഠിക്കുന്ന കാലം.

കൃഷ്ണേന്ദുവിന്റെ പ്രഥമനാമമാണു് കാലാചാന്ദ്. ഒരു

കാട്ടാറുപോലെ കാടത്തം നിറഞ്ഞ സ്വഭാവം. കാലാചാന്ദ് ഈശ്വരനെ അവിശ്വസിച്ചിരുന്നില്ല. എങ്കിലും സ്വന്തം പ്രാണശക്തിയിലായിരുന്നു കൂടുതൽ വിശ്വാസം. കാട്ടരുവിയെപ്പോലെ ജീവസ്ഫുരത്തും വേഗതയേറിയതുംമാത്രമല്ല, അല്പം അപരിഷ്കൃതവുമാണ്. മെഡിക്കൽകാളേജിൽ പ്രവേശിക്കുന്നതിനുംമുമ്പ്.

കുഗ്രാമക്കാരനായ കുട്ടി. കറുത്തു നീണ്ടു മെലിഞ്ഞ ദേഹം, വലിയ കണ്ണുകൾ, നെറ്റിവരെ തിങ്ങിവളർന്നുനില്ക്കുന്ന മുടി, കണ്ണിലും മുഖത്തും ഗ്രാമീണസാരള്യം. ഗ്രാമജീവിതത്തിന്റെ കാക്ശ്യംകൊണ്ടു് അല്പം നിറം മങ്ങിയിട്ടുണ്ടു്. എങ്കിലും ആശ്ചര്യജനകമായ ഓജസ്സു്. അതിതീക്ഷ്ണമായ ബുദ്ധിയും. നാട്ടിൻപുറത്തെ പേരെടുത്ത കൊല്ലൻ നിർമ്മിച്ച ഉരുക്കുകൊണ്ടു വാൾപോലെ. വല്ലാത്ത മൂർച്ചയും ഉറപ്പും. എന്നാൽ കടച്ചിൽയന്ത്രത്തിലിട്ടു കടഞ്ഞതിൻെറ മിനുമിനുപ്പില്ല.

പശ്ചിമബംഗാളിലെ പ്രശസ്തവൈദ്യകുടുംബത്തിലെ സന്താനമാണ്. എന്നാൽ ആ പ്രശസ്തി അസ്തമിച്ചുതുടങ്ങിയിരുന്നു അപ്പോൾ. പ്രപിതാമഹനും അദ്ദേഹത്തിൻെറ പൂർവ്വപുരുഷന്മാരും പ്രസിദ്ധഭിഷഗ്വരന്മാരായിരുന്നു. ആയുർവ്വേദത്തിൻെറ പ്രചാരം കുറഞ്ഞുവന്നതിനോടൊപ്പം പിതാവിൻെറ ഉത്സാഹവും തണുത്തു. അദ്ദേഹം ആയുർവ്വേദത്തിൽ ശ്രദ്ധിക്കാതെ കൃഷികാര്യങ്ങളിലും മതകാര്യങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ചു. ഏകപുത്രനെ മെഡിസിനു് അയയ്ക്കണമെന്നായിരുന്നു വാശി. ഗ്രാമീണവിദ്യാലയത്തിൽനിന്നു മെട്രിക് പാസ്സായിട്ടു് കാലാചാന്ദ് ഐ. എസ്. സി. പഠിക്കാനായി കൽക്കത്തയിലെ സെൻറ് സേവ്യേഴ്സ് കാളേജിൽ ചേർന്നു. ഐ. എസ്. സി. പാസ്സായിട്ടു് മെഡിക്കൽകാളേജിൽ ചേരണം. കൗതുകപൂർവ്വം പൊട്ടിച്ചിരിക്കും, കോണിപ്പടി തകർത്തുകൊണ്ടു് ചാടിച്ചാടിയിറങ്ങും. ക്ലാസ്സിലെ എൺപതുശതമാനം കുട്ടികളുടെയും തലയ്ക്കുമുകളിൽ അരയിഞ്ചെങ്കിലും പൊങ്ങിക്കാണാം നീണ്ടുമെലിഞ്ഞ കാലാചാന്ദിന്റെ തല. അശുദ്ധവും ഗ്രാമ്യവുമായ ഉച്ചാരണത്തോടെ സംസാരിക്കും. അടങ്ങാത്ത കൗതൂഹലം. എപ്പോഴും അന്വേഷണമേയുള്ളു. എന്താ? എന്താ? എന്തിനു്? എന്തിനു്? ഗ്രാമീണസ്വരത്തിലുള്ള

നീട്ടല്ലും കുറുക്കല്ലും. പട്ടണത്തിലെ കുട്ടികൾ ചിരിക്കും. പക്ഷേ, അതൊന്നും കാലാചാന്ദിന്നു മനസ്സിലാകുകയില്ല. അയാളും ചിരിക്കും. ചിലപ്പോഴൊക്കെ നാട്ടിൻപുറത്തുനിന്നു പഠിച്ച കുത്തുവാക്കുകൾ പറഞ്ഞു് പ്രതികാരം ചെയ്യാൻ ശ്രമിക്കും.

പെട്ടെന്നു് കാലാചാന്ദ് വിഖ്യാതനായി. സെൻറു സേവ്യേഴ്സ് അന്നു പഴയ കെട്ടിടത്തിലാണു്. കാളേജിൻെറ തെക്കുഭാഗത്തു വിശാലമായ കളിസ്ഥലം. ഇൻറർവെൽ സമയത്തു് കുട്ടികൾ അവിടെ ഫുട്ബോൾ കളിക്കും. എല്ലാം കൽക്കത്തയിലെ ഹൈസ്കൂളിൽനിന്നു വന്ന കുട്ടികൾ. നാട്ടിൻപുറത്തുനിന്നുവന്നവർ നോക്കിനില്ക്കുകയേയുള്ളു. ഗ്രാമത്തിൽനിന്നു് ആദ്യമായി വരുന്ന ഫസ്റ്റ്ഇയർ വിദ്യാർത്ഥികളെങ്കിലും ഇറങ്ങാൻ ധൈര്യപ്പെട്ടുകയില്ല. കളിക്കാരുടെ സംഖ്യ ഇരുപത്തിരണ്ടിൽ ഒതുങ്ങിനില്ക്കാറില്ല. ഇരുപത്തിരണ്ടിലധികമുണ്ടാകും. കുറച്ചുദിവസം നോക്കിനിന്നിട്ടു്--ഒന്നര മാസത്തിനു ശേഷമാണെന്നുതോന്നുന്നു, ആഗസ്റ്റ് മാസമാണതു്—കാലാചാന്ദ് വരാന്തയിൽനിന്നു് ഇറങ്ങിപ്പോയി ഗ്രൗണ്ടിൻെറ അരികിൽ നിന്നു. ഗോൾലൈനിനരികിൽ. ചാററമഴകൊണ്ടു തെന്നുന്ന മൈതാനം. കളിക്കാർ പന്തടിക്കാൻ പോകുമ്പോൾ കാലുതെന്നി പുറകോട്ടു മറിയും. കാണികളായ കുട്ടികൾ പൊട്ടിച്ചിരിക്കും. ഒരു സിക്സ്-യാർഡ് ഷോർട്ട്. ഗോൾകീപ്പർ പന്തു് യഥാസ്ഥാനത്തുവെച്ചു മാറിനിന്നു. ഫുൾബാക് പന്തടിക്കാൻ ഓങ്ങിയതും കാലു തെററി മറിഞ്ഞുവീണു. നിമിഷമാത്രംകൊണ്ടു് കാലാചാന്ദ് കാലിലെ ചെരിപ്പൂരി ദൂരെയെറിഞ്ഞിട്ടു് ഓടിച്ചെന്നു് പന്തു കിക്കുചെയ്തു. സമർത്ഥനായ കളിക്കാരൻെറ ശക്തിയായ ഷോട്ട്—പന്തു പൊങ്ങിപ്പോയി സെൻറർലൈൻ കടന്നു മറുഭാഗത്തെ ഹാഫ്ബാക്കു ലൈനിൽ ചെന്നുവീണു.

"ഏതാ ആ കുട്ടി? ആരാ അതു്?" അന്വേഷണമായി. കാളേജ്ടീമിൻെറ ക്യാപ്ററനായ തേഡ്ഇയറിലെ ആശുദാസ് മുമ്പോട്ടുവന്നു. "എന്താ പേരു്? എവിടെയാ കളിച്ചിരുന്നതു്? ഏതു പൊസിഷനിൽ? മാച്ചു കളിച്ചിട്ടുണ്ടോ?"

"ഓഹോ, ധാരാളം മാച്ചു കളിച്ചിട്ടുണ്ടു്. ഒരുപാടു മെഡല്ലും കിട്ടിയിട്ടുണ്ടു്. ശിവഡി, ശാന്തിനികേതൻ—എല്ലാ

യിടത്തും മാച്ചു കളിച്ചിട്ടുണ്ട്. ബെസ്റ്റ്പ്ലേയേഴ്സ് മെഡൽ അഞ്ചെണ്ണമുണ്ട്. ലെഫ്ററ്–ഔട്ടിൽ കളിക്കും. കോർണർ കിക്കിൽ പന്തു ഗോളിനകത്താക്കാം. ഫുൾബാക്കും കളിക്കാം. ലെഫ്ററു–ബാക്കും സെന്ററും കളിച്ചിട്ടുണ്ട്. ഗോളിലും നില്ക്കാം. ഒരു കോർണർ കിക്കു താ, അടിച്ചുകാണിച്ചുതരാം. എന്താ?''

ഗ്രാമ്യമായ സംഭാഷണരീതി കേട്ട് ആളുകൾ ചിരിച്ചു. എങ്കിലും കാലാചാന്ദ് അണുപോലും ലജ്ജിച്ചില്ല.

"ഏയ്. ആ പന്തിങ്ങു കൊണ്ടുവാ, പന്ത്!''

ക്യാപ്റററൻ വിളിച്ചുപറഞ്ഞു. കോർണർകിക്കു ചെയ്യാൻ അയാൾ കാലാചാന്ദിന്ന് അവസരം കൊടുത്തു.

സത്യമാണ്, കോർണർകിക്കിൽ പന്തു ഗോളിനകത്തു പോയി. പന്തു വിചിത്രമായ രീതിയിൽ ഗോളിന്റെ മുമ്പിൽ സിക്സ്–യാർഡ് ലൈനിലെത്തി എങ്ങനെയോ തിരിഞ്ഞ് ഗോൾവലയത്തിൽ പ്രവേശിച്ചു. ജീവിതത്തിൽ ഇങ്ങനെയൊന്നു കാണാൻ കഴിഞ്ഞിട്ടില്ല. സെന്റ്സേവ്യേഴ്സിൻെറ ക്യാപ്റററനെങ്കിലും ഇതു മുമ്പു കണ്ടിരുന്നില്ല. ഒപ്പംതന്നെ കാലാചാന്ദ് ടീം പ്ലേയറായിത്തീൎന്നു.

കാലാചാന്ദിന്ന് ലെഫ്ററ്–ഔട്ട് പൊസിഷൻതന്നെ നല്ലപ്പെട്ടു. നീണ്ടുമെലിഞ്ഞ കാലാചാന്ദ് കാലിൽ പന്തുമായി അസ്ത്രംപോലെ പായും. ഒരിക്കൽ അപ്പുറത്തെ ലൈനിൽ നിന്നു പന്തടിച്ചു. ഗോളിൻെറ മുമ്പിലാണു ചെന്നുവീണതു്. പലപ്പോഴും കാലു തെററി പുറകോട്ടു വീണിട്ടുണ്ട്. ആളുകൾ ചിരിച്ചിട്ടുമുണ്ട്. എങ്കിലും കാലാചാന്ദ് അതൊന്നും കാണുകയില്ല, കേൾക്കുകയില്ല. പെട്ടെന്നൊരിക്കൽ ദ്വേഷ്യപ്പെട്ട് സെൻററ്ഫോർവേഡിനോടു പറഞ്ഞു: "ഒരെണ്ണം ഗോളിലേക്കടിക്കാൻ വയ്യേ? ഞാൻ കളിക്കട്ടെ, സെന്ററിൽ?''

കാലാചാന്ദ് സെൻററ്ഫോർവേഡായി വന്നതും പന്തു പൊക്കിയടിച്ചു. അതു ഗോൾകീപ്പറുടെ കൈയിലേക്ക് ഇട്ടുകൊടുത്തതുപോലെ. പക്ഷേ, ഗോൾകീപ്പർ പന്തു പിടിക്കാൻ കൈ നീട്ടിയതും കാലാചാന്ദ് ചാടി പന്തു തലകൊണ്ടിടിച്ചുകൊണ്ടു ഗോൾകീപ്പറുടെ മേൽ വീണു. രണ്ടുപേരും വീണു. പന്തു ഗോളിൽ പ്രവേശിക്കുകയും ചെയ്തു.

രണ്ടാമത്തെ തവണ ഗോൾകീപ്പർ അയാളെ ഇടിച്ചു. മൂക്കിൽനിന്നൊഴുകിയ ചോര ഉടുപ്പു നനച്ചു.

ഏതാനും മിനിട്ട് അനങ്ങാൻ വയ്യാതെ കിടന്നു. പിന്നീടാണ് എഴുന്നേററതു്. ഉടനെ രക്തവും ചെളിയും പുരണ്ട കൈകൊണ്ടു തലമുടി പുറകോട്ടൊതുക്കിക്കൊണ്ടു ഗ്രൗണ്ടിലേക്കിറങ്ങി. ക്യാപ്ററൻ ദാസ് കൈ പിടിച്ചുകൊണ്ടു പറഞ്ഞു: ''വേണ്ട ഇന്നിനി വേണ്ട. നമ്മൾ തമ്മിൽ തല്ലരുതു്.''

കാലാചാന്ദ് വല്ലാത്ത കുട്ടിയാണ്. അയാൾ ചിരിച്ചു കൊണ്ടു പറഞ്ഞു: ''എങ്ങനെയറിഞ്ഞു ഞാൻ തല്ലുപിടിക്കുമെന്നു്? വലിയ ബുദ്ധിമാനാണല്ലോ!''

ക്യാപ്റ്റൻ ചിരിച്ചുകൊണ്ടു പറഞ്ഞു: ''ഞങ്ങളും കളിക്കാരല്ലേ?''

കാലാചാന്ദ് പറഞ്ഞു: ''അതു ശരി. എന്നെ തല്ലിയാൽ ഞാൻ തല്ലാതെ വിടില്ല.''

അന്നുതന്നെ കാലാചാന്ദ് കാളേജിൽ വിഖ്യാതനായി. എങ്കിലും അതുകൊണ്ടവസാനിച്ചില്ല അയാളുടെ ഖ്യാതി. ദിവസന്തോറും അതു വദ്ധിച്ചുവന്നു. കുറച്ചുനാൾ കഴിഞ്ഞു്—ഒരുമാസമായിട്ടുണ്ടാകുമെന്നു തോന്നുന്നു—ബംഗാളി അദ്ധ്യാപകൻ ക്ലാസ്സിൽ പ്രവേശിക്കാൻ തുടങ്ങുമ്പോൾ പെട്ടെന്നു നിന്നുപോയി. ബംഗാളി അദ്ധ്യാപകൻ സാഹിത്യരസികനാണ്. സാഹിത്യകാരനും. ക്ലാസ്സിൽ ആരോ ഉറക്കെ കവിത ചൊല്ലുന്നു. അപ്പോൾമാത്രം അറിയപ്പെട്ടുതുടങ്ങിയിരുന്ന കാലാചാന്ദ് യാതൊരു പേടിയും കൂടാതെ രണ്ടു പീരിയഡിനിടയിൽ അദ്ധ്യാപകൻെറ ഡയസ്സിൽ കയറി കവിതാപാരായണം ആരംഭിച്ചു. അതിൻെറ പിന്നിലൊരു കഥ ഉണ്ടായിരുന്നു. ക്ലാസ്സിലെ റോൾ നമ്പർ വൺ, മൗലാലിയിലെ ഏതോ മുസ്ലിംനേതാവിൻെറ പുത്രനാണ്—ഹാലിം. അയാൾ ക്ലാസ്സിൽ കുസൃതിത്തരങ്ങൾ കാട്ടും. രണ്ടു പീരിയഡിനിടക്കുള്ള സമയം ഡയസ്സിൽ കയറി നില്ക്കും. അദ്ധ്യാപകരെ അനുകരിക്കും. തോന്നിയതൊക്കെ വിളിച്ചുപറയും. ബോർഡിൽ ചോക്കുകൊണ്ടു ഹാസ്യചിത്രങ്ങൾ വരയ്ക്കാൻ ശ്രമിക്കും. ഒരു വിദൂഷകനെപ്പോലെ അഭിനയിക്കും. കുട്ടികൾ ചിരിക്കും. അന്നു പെട്ടെന്നു ബംഗാളിക്ലാസ്സിൽ കാലാചാന്ദ് എഴുന്നേററു

മുമ്പോട്ടു വന്നു. ബംഗാളിക്ലാസ്സിൽ ഹാലിം ഇല്ല. അവൻ ബംഗാളി പഠിക്കുന്നില്ല. കാലാചാന്ദ് ബംഗാളികവിത പാരായണം ചെയ്യാൻ തുടങ്ങി:

"ആജി ഏ്വ പ്രഭാതേ—പ്രഭാതവിഹഗ്–
കീ ഗാൻ ഗായി ലോ രേ.
അതിദൂർ–ദൂർ ആകാശ് ഹൊയി തേ–
ഭാസിയാ ആയി ലോ രേ."[1]

പിന്നീടു പറഞ്ഞു: "കേൾക്കു സുഹൃത്തുക്കളെ, ബോയ്സ്—ബോയ്സ്—മൈ ഫ്രണ്ട്സ്—കോമറേഡ്സ്."

കോമറേഡ് എന്ന വാക്ക് അപ്പോൾ കേട്ടുതുടങ്ങിയിട്ടേയുള്ളു. 1938—39 കാലം.

"ഞാൻ കവിത ചൊല്ലാൻപോകുകയാണ്. കേട്ടോളു. രവീന്ദ്രനാഥന്റെ നിർഝരിയുടെ സ്വപ്നഭംഗം."

അയാളുടെ സ്വരം നന്നല്ല. പോരെങ്കിൽ പ്രായം സ്വരത്തിൽ മാററം വരുത്താൻ തുടങ്ങിയ സമയവും. ശബ്ദം അപ്പോൾ അല്പം പരുപരുത്തതാണ്, പതറിയതാണ്. പക്ഷേ, അതൊന്നും അയാൾ കൂട്ടാക്കുന്നില്ല. മനസ്സിലാക്കുന്നുതന്നെയില്ല. എല്ലാററിലും അയാൾക്കു വിശേഷകരമായ ഒരു ശക്തിയോടെ പ്രവർത്തിക്കാൻ കഴിയും. താഴോട്ടു കുത്തിയൊഴുകുന്ന ജലരാശിയിൽ ഓരോ തുള്ളി വെള്ളവും ശക്തി ചെലുത്തുന്നതുപോലെ അയാളുടെ ദേഹത്തിന്റെയും മനസ്സിന്റെയും ഓരോ അണുവും പരമാണുവും ഏതു ജോലിയിലായാലും യോജിച്ചു മുഴങ്ങും. ശബ്ദം വിറയ്ക്കാൻ തുടങ്ങി. അതിന്റെ ആവേഗം വൈദ്യുതശക്തിപോലെ സകലശ്രോതാക്കളുടെയും മനസ്സിലൂടെ പ്രവഹിക്കാൻ തുടങ്ങി:

"ആജി ഏ്വ—പ്രഭാത് രവീർ കർ
കേമൻ പശിലൊ പ്രാണേർ പർ."[2]

---

1 ഇന്നിപ്പുലരിയിലപ്രഭാത–
വിഹഗമാലാപിച്ച ഗാനമേതോ?
അതിദൂരെ ദൂരെയങ്ങാകാശത്തിൽ
നിന്നു പ്രവഹിച്ച ഗാനമേതോ?

2 ഇന്നിപ്പുലരിയിൽ പ്രാണനിലെങ്ങനെ
വന്നിതരുണതരുണമരീചികം!

അയാളുടെ ഒച്ച ഉയരാൻ തുടങ്ങി. ആവേഗം കട്ടിപിടിച്ച മേഘംപോലെ പാഞ്ഞുകൊണ്ടിരുന്നു. മനഃപാഠമായ കവിത ആദ്യംമുതൽ ചൊല്ലിച്ചൊല്ലി അവസാനഭാഗത്തെത്തി: "കീ ജാനി കീ ഹൊലോ ആജി ജാഗിയാ ഉഠി ലോ പ്രാൺ ദൂർ ഹോതേ ശുനി ജേനോ മഹാസാഗരേർ ഗാൻ.

ഉരേ
ചാരി ദിക്കേ മോർ
ഏകി കാരാഗാർ ഘോർ
ഭാങ്ങ് ഭാങ്ങ് ഭാങ്ങ്കാരാ ആഘാതേ ആഘാത് കർ."*

എന്നു പറഞ്ഞ് അയാൾ ചാടി ഡയസ്സിൽ നിന്നിറങ്ങി ക്ലാസിന്റെ അടച്ചിട്ട വാതിലിൽ ധും—ധും ശബ്ദത്തോടെ ഇടിക്കാൻ തുടങ്ങി. കുട്ടികളും ഡെസ്കിൽ താളംപിടിക്കാനാരംഭിച്ചു.

കൃത്യം ആ സമയത്താണ് അദ്ധ്യാപകൻ മുറിയിൽ പ്രവേശിച്ചത്. അദ്ദേഹം ചിരിച്ചുകൊണ്ടു പറഞ്ഞു: "ദാറ്റ്സ് നോട്ട് ദി വേ, ദാററ്സ് നോട്ട് ദി വേ, മൈ ഫ്രണ്ട്സ്. നിർത്ധരിയുടെ ജലം കാരാഗൃഹം പിളക്കുന്ന രീതിയും മനുഷ്യഹൃദയത്തിന്റെ പാതയിലെ തടസ്സങ്ങൾ തകക്കുന്ന രീതിയും ഒന്നല്ല. എങ്കിലും നീ നന്നായി കവിത ചൊല്ലുന്നല്ലോ, കാലാചാന്ദ്!"

കാലാചാന്ദ് കുറച്ചുകൂടി ഖ്യാതി നേടി.

അത്തവണ ഇൻറർ-കൊളീജിയേററ് കവിതാപാരായണമത്സരത്തിനു് അയാൾ അയയ്ക്കപ്പെട്ടു. ബംഗാളി, സംസ്കൃതം—രണ്ടിലും പങ്കെടുത്തു. സമ്മാനം കിട്ടിയില്ല. എങ്കിലും സംസ്കൃതകവിതാപാരായണത്തിൽ പ്രശംസ നേടി. ശബ്ദമായിരുന്നു ഏററവും വലിയ തടസ്സം. അല്ലെങ്കിൽ ഒരുപക്ഷേ, സമ്മാനം ലഭിച്ചേനെ. ഉച്ചാരണശുദ്ധിയില്ലാത്തതുകൊണ്ടും മാക്ക കുറഞ്ഞു.

കളിസ്ഥലംമുതൽ കാളേജുവരെയും, പേരുകേട്ട റെസ്റ്റോ

---

* ഇന്നുണർന്നേററിരിക്കുന്നു ജീവൻ, ദൂരെ—
നിന്നു മഹാബ്ധിതൻ ഗാനം മുഴങ്ങുന്നു.
ചുററുമെന്നുഗ്രകാരാഗൃഹം, ഭഞ്ജിക്ക,—
കററു വീഴുംവരെയ്ക്കാഞ്ഞാഞ്ഞടിക്കുക.

റണ്ടുകൾമുതൽ ഹോസ്റ്റൽവരെയും കാലാചാന്ദിൻെറ ശബ്ദം കൊണ്ടു് അന്തരീക്ഷം മുഖരിതമായിത്തീൎന്നു. പക്ഷേ, വൎഷാവസാനപ്പരീക്ഷയിൽ തോററു. അയാൾ പറഞ്ഞു, വേറെ ഏതെങ്കിലും കാളേജിൽ പോകുമെന്നു്. കാളേജ്ടീമിന്റെ ക്യാപ്ടൻ റെക്ടറോടു പറഞ്ഞു് അയാൾക്കു ക്ലാസ്സുകയററം കൊടുപ്പിച്ചു. റെക്ടർ വിളിച്ചുപറഞ്ഞു: "നീ സൂക്ഷിക്കണം കാലാചാന്ദ്. നീ അത്ര മോശം വിദ്യാൎത്ഥിയല്ല. ബുദ്ധിമാനാണു് നീ."

അന്നു് കാലാചാന്ദിനു് അമ്മയുടെയും അച്ഛന്റെയും കാൎയ്യം ഓൎമ്മവന്നു.

അല്പഭാഷിയും ഗൗരവക്കാരനുമാണു് അയാളുടെ അച്ഛൻ. പൂജയും പ്രാൎത്ഥനയുമായി കഴിയുന്നു. കണ്ണിലും മുഖത്തും, നോട്ടത്തിലും പെരുമാററത്തിലും എന്തോ ഒന്നുണ്ടു്. അതുമൂലം അദ്ദേഹത്തിൻെറ അടുത്തുചെന്നാലുടനെ ആൎക്കും മ്ലാനത തോന്നും. അദ്ദേഹം ദീൎഘനിശ്വാസങ്ങൾ ഉതിൎക്കും. വാപൊളിച്ചു് ഒന്നും പറയുകയില്ല. കുടുംബദേവതയുടെ മുമ്പിൽ പ്രണാമംചെയ്യുമ്പോൾ അടുത്തെങ്ങും ആരുമില്ലെങ്കിൽ പറയും: "പ്രഭോ, എൻെറ കഴിവില്ലായ്മ ക്ഷമിക്കണേ! അവിടത്തെ നൈവേദ്യംപോലും കുറയ്ക്കേണ്ടിവന്നിരിക്കുന്നു. ഈ ദുഃഖം ഞാനങ്ങയോടല്ലാതെ ആരോടു പറയാൻ?"

അയാളുടെ അമ്മ പ്രസാദവതിയാണു്. കല്പവൃക്ഷമാണു് അയാളുടെ അമ്മ. അയാൾ എപ്പോഴെന്തുചോദിച്ചാലും അവർ സാധിച്ചുകൊടുക്കും. തനിക്കാവശ്യമായതെന്തും കിട്ടിക്കൊള്ളുമെന്ന വിശ്വാസം അമ്മ അയാൾക്കു നൽകിയിട്ടുണ്ടു്. അവരുടെ സ്തനങ്ങളിൽ ഒരിക്കലും വററാത്തത്ര പാലുണ്ടായിരുന്നു, ഹൃദയത്തിൽ ഒരിക്കലും വററാത്ത സ്നേഹം, മനസ്സിൽ ഒരിക്കലും മങ്ങാത്ത ആശകളും. തടസ്സമററതും ആഴമറിയാത്തതുമായിരുന്നു അവരുടെ ഉത്സാഹം.

അമ്മയാണു് അയാളെ നീന്താൻ പഠിപ്പിച്ചതു്. അവക്കും നന്നായി നീന്താനറിയാം. കുളിക്കുന്ന കുളത്തിൽ നിറയെ താമരപ്പൂക്കളുണ്ടായിരുന്നു. അയാൾ എന്നും പൂവിനു ശാഠ്യം

പിടിക്കും. അമ്മ പറിച്ചുകൊട്ടക്കുകയും ചെയ്യും. കുറച്ചുനാൾ കഴിഞ്ഞു പറഞ്ഞു: "നീ നീന്താൻ പഠിക്കു്. പഠിച്ചിട്ടു പറിച്ചോട്ടത്തോ. എനിക്കു വയ്യ."

നീന്തൽ പഠിക്കാനുള്ള ഉത്സാഹത്തിൽ കുറേനാൾ പൂവിൻെറ കഥതന്നെ മറന്നു. കുറച്ചുദിവസം കഴിഞ്ഞു് അമ്മതന്നെ ഒരു ചെമ്പുകുടം കമഴ്ത്തി ഒഴുക്കിക്കൊണ്ടു പറഞ്ഞു: "വാ, പൂ പറിക്കാം."

അയാൾ അമ്മയോടൊപ്പം പോയി. തിരിച്ചുവരുമ്പോൾ കുടം കൈയിൽ കൊട്ടത്തിട്ടു് അവർ പറഞ്ഞു: "ഇതിൽ പിടിച്ചോ."

പിന്നീടു ദിവസവും കുടുംബദേവതയുടെ പൂജയ്ക്കു താമരപ്പൂ പറിച്ചുകൊണ്ടുവന്നു കൊട്ടത്തിരുന്നതു് അയാളാണു്.

അമ്മ അയാളെ അടുത്തു കിടത്തി ഭാവിയെപ്പറ്റി സംസാരിക്കും: "നീ വലിയ ഡാക്കുറാകും. ശീമയിൽ പോകും, ജമ്മനിയിൽ പോകും. വലിയ വീടുവെയ്ക്കും, കാറു വാങ്ങും. വേലക്കാരെ വെയ്ക്കും."

ഐശ്വര്യത്തിന്റെ കഥകൾ പറഞ്ഞുകൊണ്ടേയിരിക്കും. വളരെ സരളചിത്തയായിരുന്നു അവർ. സ്വാതന്ത്ര്യം കഴിഞ്ഞേ അവർ ദാനധമ്മാദികളെയും ദയയെയും സ്വാത്ഥത്യാഗത്തെയും പററി ചിന്തിച്ചിരുന്നുള്ളു. താൻ പ്രയത്നിക്കുന്നതു് ആദ്യം തന്റെ കാര്യം നോക്കാനാണു്. മററുള്ളവരുടെ കായ്യം അതു കഴിഞ്ഞുമാത്രം.

അയാൾ ചോദിക്കും: "ശീമയ്ക്കുപോയാൽ ജാതി പോകുകയില്ലേ?"

"ഇതു പഴയ കാലമല്ല, കുട്ടീ. പിന്നെ പോകുന്നെങ്കിൽ പോട്ടെ. ജാതിയുംവെച്ചുകൊണ്ടിരുന്നാൽ ജീവിക്കണ്ടേ?"

"അച്ഛൻ സമ്മതിക്കുകയില്ല."

"നീയങ്ങു പോണം. നമുക്കു വേണ്ടിവന്നാൽ വേറെ താമസിക്കാം. വൃന്ദാവനത്തിൽ പോകാം. നീ വലിയ ആളാകുകയല്ലേ?"

തോററപ്പോൾ അവരെപ്പററി ഓത്തു.

ആ ഓമ്മ പിന്നീടയാൾ മറന്നില്ല. ഐ. എസ്. സി.

പരീക്ഷ കഴിയുന്നതുവരെയെങ്കിലും മറന്നില്ല. ഫസ്റ്റ്ക്ലാസ്സി ലാണ് ഐ. എസ്. സി. പാസ്സായതു്.

ഉടനെ മെഡിക്കൽ കാളേജിൽ ചേൎന്നു.

അവിടെ അയാൾ കാലാചാന്ദ് ഗുപ്തയല്ല, കൃഷ്ണേന്ദു ഗുപ്തയായിരുന്നു. ഐ. സ്. സി. പരീക്ഷയ്ക്കു ചേരുന്നതിനു മുമ്പുതന്നെ കോട്ടിൽ അഫിഡവിററ് സമൎപ്പിച്ച് സൎവ്വകലാശാലയിൽ അപേക്ഷ കൊടുത്തു്, പേരു മാററിയിരുന്നു.

സെൻററ് സേവിയേഴ്സിലെ റെക്ടറച്ചൻ അയാളുടെ പഠിത്തത്തിലെ പുരോഗതിയിൽ സന്തുഷ്ടനായിരുന്നു. അദ്ദേഹം ചിരിച്ചുകൊണ്ടു ചോദിച്ചു: "വാട്ടീസ് ഇൻ എ നേം, കാലാചാന്ദ്?"

കാലാചാന്ദ് ചിരിച്ചുകൊണ്ടു പറഞ്ഞു: "കാലാചാന്ദ് എന്നുവെച്ചാൽ കറുത്ത ചന്ദ്രൻ. കൃഷ്ണേന്ദുവിന്റെയും അൎത്ഥം അതുതന്നെ. ഞാൻ വാക്കുമാത്രമേ മാററിയിട്ടുള്ളു. അൎത്ഥം മാററിയിട്ടില്ല. ഞാൻ ആ പഴയ കറുത്ത ചന്ദ്രൻതന്നെ, ഫാദർ!"

അച്ഛനും അമ്മയ്ക്കും അതേ ഉത്തരമാണ് എഴുതി അയച്ചതു്: "സുവൎണ്ണചന്ദ്രനേക്കാൾ മോശമാണ് കാലാചാന്ദ്. എനിക്കു ലജ്ജതോന്നുന്നു."

അച്ഛൻ മറുപടി അയച്ചില്ല. അമ്മ എഴുതി: "നന്നായി. അതിലെനിക്ക് ഒരു വിഷമവുമില്ല."

പക്ഷേ, കാളേജുകൾതോറും കാലാചാന്ദ് എന്ന പേരും അയാൾക്കൊപ്പം പ്രസിദ്ധിനേടിയിരുന്നു. എങ്കിലും അയാളുടങ്ങിയില്ല. ആരെങ്കിലും കാലാചാന്ദ് എന്നു വിളിച്ചാൽ പറയും: "നോട്ട് കാലാചാന്ദ്—അയാം കൃഷ്ണേന്ദു. കാൾ മി കൃഷ്ണേന്ദു, പ്ലീസ്!"

ഇവിടെവെച്ചാണ് റിനാ ബ്രൗണുമായി പരിചയം ആയതു്. അതും ആ കാലാചാന്ദ് എന്ന പേരിൽത്തന്നെ. കാളേജിലെ നഴ്സ് മേട്രൻ പോളിബ്രൗണിൻെറ സപത്നീപുത്രിയാണ് റിനാ ബ്രൗൺ. പോളിയുടെ ഭൎത്താവായ ജിമ്മി ബ്രൗണിൻെറ പ്രഥമവിവാഹത്തിലെ കുട്ടി. കാളേജിലെ സ്റ്റാഫ്കാർട്ടേഴ്സിലാണ് മിസ്സിസ് ബ്രൗണിൻെറ താമസം. റിനയ്ക്കു് അന്നു പതിനഞ്ചുപതിനാറു വയസ്സു കാണും.

നല്ല പൊക്കമുള്ള അവളപ്പോഴും കുട്ടിയാണു്. എങ്കിലും അന്നു തന്നെ അസാധാരണമായ സൗന്ദര്യമുണ്ടു്. നിറം വെളുപ്പാണെങ്കിലും ബംഗാളിലെ ശ്യാമളച്ഛായയും അതിൽ നിഴലിച്ചുകാണാം. തലമുടിയാണു് എല്ലാററിലും മനോഹരം. ഇത്ര ചെറുപ്രായത്തിൽത്തന്നെ ഇങ്ങനെ തിങ്ങിവളരുന്ന തലമുടി കാണാൻ പ്രയാസം. എണ്ണതൊടാതെ ചെമ്പിച്ചതാണെങ്കിലും അതിൻെറ കാളിമയ്ക്കു കുറവില്ല, മാർദ്ദവത്തിനു കുറവില്ല. തഴച്ചുവളരുന്ന കറുത്ത കുന്തളഭാരത്തിൽ ഇവിടത്തെ ചുവന്ന മണ്ണിലെ ഇടതിങ്ങിയ സാലവനത്തിൻെറ ശോഭകൂടി കലന്നിട്ടുള്ളതുപോലെ. കൃഷ്ണകുന്തളയെന്നതിനേക്കാൾ ആരണ്യകുന്തളയെന്നു പറഞ്ഞാലേ ഉപമ ശരിയാകു. ഇതുപോലെ തന്നെ കറുത്ത പുരികങ്ങൾ. നെററിയുടെ നടുവുമുതൽ ഏതാണ്ടു് ചെവിവരെ നീണ്ട പുരികങ്ങൾ. പച്ചമുളകൊണ്ടു നിമ്മിച്ച വില്ലുപോലെ. ഇവയ്ക്കനുരൂപമായ നീണ്ടിടംപെട്ട സുന്ദരനയനങ്ങൾ. കൺപോളകളിലെ കറുത്തു നീണ്ട, ഇടചേന്നു നിൽക്കുന്ന പക്ഷ്മരാജി അവയ്ക്കു മാററിയററുന്നു. പൂക്കളുടെ കേസരംപോലെ നീണ്ടവ. കൺപോളകളിൽ മഷിയും സ്വപ്നാലുതയുമായാണു് പെണ്ണു ജനിച്ചതുതന്നെയെന്നു തോന്നും.

റിനയെ ഒരു നിർദ്ദിഷ്ടസമയത്തു് അവരുടെ ഫ്ളാറ്റിന്റെ വരാന്തയിൽ കാണാം. ആ സമയത്താണു് അക്കാലത്തെ മിലിട്ടറി മെഡിക്കൽവിദ്യാത്ഥികളിൽ രണ്ടാംകൊല്ലക്കാർ ക്ലാസ്സുവിട്ടു് ഇറങ്ങിവരിക. ഏതാണ്ടു പത്തുമിനിട്ടിനകം മിലിട്ടറിവിദ്യാത്ഥികൾ മിക്കവാറും സ്ഥലംവിട്ടും. അവരുടെ സെന്റർ-ഹാഫ് ജോൺ ക്ലേററൺമാത്രം തങ്ങിനിൽക്കും. ജോണി അടിപിടിയിൽ വിദഗ്ദ്ധനാണു്. റിനയും ജോണിയും—അവർ സംസാരിക്കും, ചിരിക്കും. വണ്ണ്യോജ്ജ്വലമായ ചിരി. എല്ലാവക്കും അറിയാം അതു്.

ജോൺ ക്ലേററൺ. യുദ്ധവകുപ്പിൽ പേരെടുത്ത ഐ. എം. എസ്സ്. ആഫീസറുടെ മകൻ. ചാറത്സ് ക്ലേററൻെറ കഥ സവ്വജനവിദിതമാണു്, ആഫീസർമാരുടെ വീടുകളിലെങ്കിലും. അവരുടെയടുത്തുനിന്നുതന്നെയാണു് കൃഷ്ണേന്ദുവും പിന്നീടു് ഇതൊക്കെ മനസ്സിലാക്കിയതു്. ശക്തനായ ആഫീസർ, ഭയങ്കരകുടിയൻ, പേരെടുത്ത നായാട്ടുകാരൻ: നല്ല

പോലെ നൃത്തംചെയ്യും; അടിപിടിയിലും വിദഗ്ദ്ധനാണ് ചാറത്സ് ക്ലേറ്റൺ. പോളിബ്രൗൺ പറയുമായിരുന്നു: ചാറത്സ് ക്ലേററൺ താമസിക്കുന്ന കൻറോൺമെൻറിലെ ആഫീസർമാർ വളരെ സൂക്ഷിച്ചാണു കഴിയുക. കൊട്ടങ്കാററുപോലെ മററുള്ളവരുടെ കുടുംബജീവിതം തകക്കുക അദ്ദേഹത്തിനു് ഒരു രസമായിരുന്നു. അദ്ദേഹത്തിൻെറ ഈ അടങ്ങാത്ത പൗരുഷം സ്ത്രീകളെ ആകഷിക്കും. പോളിബ്രൗണും—അന്നവർ മിസ് പോളി മോറിസൺ ആണു്— ഒരിക്കൽ ഈ ആകർഷണത്തിൽപ്പെട്ടുപോയി. പക്ഷേ, ക്ലേററൺ വിവാഹിതനാണു്. ഭായ്യ ഇംഗ്ലണ്ടിൽ പോയിരിക്കുന്നു. ജോൺ കൊച്ചുകുട്ടിയാണു്. കുറച്ചുദിവസത്തെ അടുപ്പത്തിനുശേഷം പോളിമോറിസൺ തകന്ന ഹൃദയവുമായി മിലിട്ടറിസേവനം മതിയാക്കി കൽക്കത്തയിലെ മെഡിക്കൽ കോളേജിൽ വന്നു ജോലി സ്വീകരിച്ചു. ക്ലേററൺ സാഹ്ബ് തെമ്മാടിയാണെങ്കിലും കഠിനഹൃദയനല്ല. കൽക്കത്തയിൽ ജോലി സമ്പാദിക്കാൻ അദ്ദേഹം പോളിയെ സഹായിച്ചു. യൂറോപ്യന്മാക്കു മാററിവെച്ച ഏതാനും വലിയ ആശുപത്രികളിൽ ചുററിത്തിരിഞ്ഞിട്ട് അവർ മെഡിക്കൽകാളേജിൽ ജോലി സ്വീകരിച്ചു. അന്നും അവർ മിസ് പോളിയാണു്. കോളേജിൽവെച്ചു് മിസ്സിസ് ബ്രൗണായി. അവർ ജയിംസ്ബ്രൗണിനെ വിവാഹം ചെയ്യുമ്പോൾ റിനക്കു പത്തുവയസ്സുണ്ടു്. ജയിംസും റിനയുമായി കുടുംബജീവിതത്തിൽ മുഴകി, പോളിബ്രൗൺ ക്ലേററണെ മിക്കവാറും മറന്നതാണു്.

ക്യാപ്റ്റേന്റു വന്നതിൻെറ തലേക്കൊല്ലം ജോൺ ക്ലേററൺ വന്നു് മെഡിക്കൽകാളേജിൽ ചേന്നു. അയാൾ മിസ്സിസ് പോളിബ്രൗണിൻെറയടുത്തു് ഒരെഴുത്തുമായി വന്നു പറഞ്ഞു: “കിങ്സ് ഓൺ റെജിമെൻറിലെ മേജർ ചാറത്സ് ക്ലേററനെ ഓമ്മയുണ്ടോ?”

“മേജർ ചാറത്സ് ക്ലേററൺ, ഡിയർ ചാർലി!”

ജോൺ ചിരിച്ചുകൊണ്ടു പറഞ്ഞു: “ഞാനദ്ദേഹത്തിൻെറ മകനാണു്.”

“നിങ്ങൾ അദ്ദേഹത്തിൻെറ മകൻ?”

''അതെ, ഇവിടെ മെഡിക്കൽ കാളേജിൽ ചേരണമെന്നുവെച്ചു വന്നതാണു്.''

പോളിബ്രൗൺ വിസ്മയിച്ചുപോയി. മേജർ ചാറത്സ് ക്ലേററൻെറ പുത്രൻ ഇംഗ്ലണ്ടിൽ പോകാതെ ഇവിടെ മെഡിസിനു പഠിക്കുന്നോ? നാലു കൊല്ലത്തെ ചികിത്സാശാസ്ത്രപഠനത്തിനുശേഷം ഐ. എം. ഡി. ആകാൻ? ഇവിടത്തെ ഡാക്ടർമാർ പേനാക്കത്തികൊണ്ടാണു വ്രണം കീറുന്നതു്. നല്ല കത്തികൊണ്ടു ശസ്ത്രക്രിയ നടത്താൻ അവക്കറിഞ്ഞുകൂടാ. ഐ. എം. ഡി. ക്കാരുടെ ഉപയോഗത്തിനു കത്തിതന്നെയുണ്ടു്. മൂർച്ചയില്ലാത്തതാണെന്നുമാത്രം. മൂർച്ചയുള്ള കത്തികൊണ്ടു് ആവശ്യത്തിലധികം മുറിഞ്ഞുപോയാലോ? അവക്കു ബ്രിട്ടീഷ്—ഐറിഷ് റെജിമെൻറുകളിൽ ജോലി കിട്ടുകയില്ല. കറുത്ത പട്ടാളക്കാരുടെ റെജിമെൻറുകളിൽ മെഡിക്കലാഫീസറാകാം.

പോളി ബ്രൗണിൻെറ വിസ്മയത്തിനു് അതിരുണ്ടായില്ല. എങ്കിലും എഴുത്തു വായിച്ചപ്പോൾ അവർതന്നെ പറഞ്ഞുപോയി: ''സ്ട്രേഞ്ജ്! സ്ട്രേഞ്ജ് ലക്ക്! ലക്ക് എന്നല്ലാതെ എന്തു പറയാൻ?''

മേജർ ക്ലേററൻെറ ജീവിതത്തിൽ വഴിത്തിരിവുണ്ടായി. വിചിത്രമായ തലയിലെഴുത്തുതന്നെ. അഞ്ചുവർഷം മുമ്പത്തെ കഥയാണു്. ക്ലേററൺ അന്നു് സി. പി. യിലെ ഒരു വലിയ കൻേറാൺമെൻറിലായിരുന്നു. അപ്പോഴേയ്ക്കു ഭാര്യയും മകനും ഇന്ത്യയിൽ വന്നിരുന്നു. ക്ലേററൺ ക്യാപ്ററൻെറ സ്ഥാനത്തുനിന്നു് മേജറുടെ പദവിയിലേക്കു് ഉയന്നിരുന്നു. ഭാര്യ കൂടെയുള്ളതുകൊണ്ടു് ആഫീസർമാരുടെ സമുദായത്തിൽ ഒളിച്ചും പതുങ്ങിയും ശ്രദ്ധാപൂർവ്വം പെരുമാറേണ്ടിവന്നു അദ്ദേഹത്തിനു്. ക്ലേററൻെറ ഭാര്യ മാർഗററ്റും തൻേറടമുള്ള പെണ്ണായിരുന്നു. ധൈര്യംകൊണ്ടും ദേഹബലംകൊണ്ടും ക്ലേററണു് അനുരൂപയായ ഭാര്യ. ക്ലേററൺ സമുദായത്തെ വിട്ടു് മദ്ധ്യഭാരതത്തിലെ വനാന്തരങ്ങളിൽ നായാട്ടിനായി ചുററിത്തിരിഞ്ഞുതുടങ്ങി. നായാട്ടുയാത്രകൾക്കിടയിൽ കാട്ടുവർഗ്ഗങ്ങളിൽപെട്ട പെണ്ണുങ്ങളെ അനുഭവിക്കാമെന്നതായിരുന്നു പ്ലാൻ. കുറച്ചുദിവസത്തിനകം മാർഗററ്റ് അതു മണത്ത

റിഞ്ഞു. അവളും തോക്കമേന്തി നായാട്ടിൽ അദ്ദേഹത്തിൻെറ പങ്കാളിയായി. അപ്പോൾ വിചിത്രമായ ഒരു സംഭവം നടന്നു.

യാതൊന്നും മറച്ചുവയ്ക്കാതെ സംസാരിക്കുന്ന കൂട്ടത്തിലാണ് ക്ലേററൺ. സത്യത്തോടു ബഹുമാനമുണ്ടായിട്ടല്ല, ജീവിതത്തിലെ ഒരു സംഭവവും ലജ്ജാകരമായി കണക്കാക്കാത്തതു കൊണ്ട്. അദ്ദേഹം പോളി ബ്രൗണിനു് എഴുതിയിരിക്കുകയാണ്: "പോളി, സംഭവം ആശ്ചര്യജനകമാണ്. എൻെറ മനസ്സ് എന്നെ വഞ്ചിച്ചതാണോ, അതോ ഇതു് വിധിവിലാസമാണോ, അതോ എൻെറ കർമ്മഫലമാണോ എന്ന് ഇന്നും ആലോചിച്ചിട്ടു മനസ്സിലാകുന്നില്ല. ഇടതൂർന്ന കാട്ടിനുള്ളിൽ സ്ഥിതിചെയ്യുന്ന ഒരു ഗ്രാമം. ഒപ്പം മാർഗോ. അവിടെ വിചിത്രയായ ഒരു പെൺപുലിയുടെ താവളമുണ്ട്. അതു് സ്ത്രീകളെമാത്രമേ കൊല്ലൂ. ആളുകൾ പറയും പ്രേതപ്പുലിയെന്നു്. ഞാനതിനെ കൊല്ലാൻ ഗ്രാമത്തിലെത്തി. അവിടെ കാട്ടുജാതിയിൽപ്പെട്ട ഒരു അത്ഭുതയുവതിയെ കണ്ടു. അവളാണ് എൻെറ മനസ്സിനെ പുലിയേക്കാൾ കൂടുതൽ ആകർഷിച്ചതു്. പക്ഷേ, മാർഗററ്റ് കൂടെയുണ്ട്. എന്തായാലും മച്ചാൻ വെച്ചു കെട്ടി രണ്ടാംദിവസം രാത്രി പുലിയെ വെടിവെച്ചു. പക്ഷേ, അതു് പെൺപുലി ആയിരുന്നില്ല. വേറെ ഏതോ പുലി. പെൺപുലി എവിടെ? പിന്നീടു മൂന്നു ദിവസം അതിനെ കണ്ടുകിട്ടിയില്ല. എങ്കിലും നാലുപാടും അതിൻെറ കാല്പാടുകൾ കണ്ടു. മുമ്പിൽക്കൂടി വരാതെ പിന്നാലെ ചുററിത്തിരിയുന്നതു പോലെ. ഗ്രാമത്തലവൻ പറഞ്ഞു: "മടങ്ങിപ്പോകൂ സാഹിബ്ബ്, ഈ പുലി ഭയങ്കരിയാണ്. അവൾ സാഹിബ്ബിൻെറ പുറകേയുണ്ട്."

പകലാണ് ആ സംഭാഷണം നടന്നതു്. ഗ്രാമത്തിലെ ആളുകൾ തടിച്ചുകൂടിയിരുന്നു. അവരുടെയിടയ്ക്കു് ആശ്ചര്യജനകമാംവിധം മാദകത നിറഞ്ഞ ആ കാട്ടുപെണ്ണും. അവൾ എല്ലാവരെയും ഒളിച്ചു പുഞ്ചിരിക്കുന്നു. അന്നത്തെ ചാർലിയെ നീ മറന്നിട്ടുണ്ടാവില്ല. ഈ വിഷയത്തിൽ അയാൾ അതിസമർത്ഥനായിരുന്നു. പുലി പുറകേ കൂടിയിട്ടുണ്ടെന്നുവെച്ച് ആ വന്യമദ്യം ആസ്വദിക്കാതെ പോരാൻ ചാററസ്ക്ലേറ്റണു കഴിയുമോ? മാർഗററ്റിനു ശരിക്കു മനസ്സിലായില്ല. എങ്കിലും

അവൾ പറഞ്ഞു: ''നമുക്കു മടങ്ങാം.'' ഞാൻ പറഞ്ഞു: ''ഇന്ന ത്തെക്കൂടി നോക്കിയിട്ടു പോകാം.''

കൃത്യം ഈ സമയത്തു് പുലി ഗ്രാമപ്രാന്തത്തിൽ പ്രത്യക്ഷ പ്പെട്ടു് ഒരു ഗർജ്ജനംകൊണ്ടു് എന്നെ ക്ഷണിച്ചിട്ടു വനമദ്ധ്യ ത്തിൽ മറഞ്ഞു. ഞാൻ ഇറങ്ങി ഓടി. പക്ഷേ, എവിടെ? കാ ണാതെ മടങ്ങിവരുമ്പോൾ പെട്ടെന്നു് ആ പെണ്ണിനെ കണ്ടു മുട്ടി. അവൾ പുഞ്ചിരിയോടെ ആംഗ്യംകൊണ്ടു സമ്മതമറി യിച്ചു. ഞാനവളോടു പറഞ്ഞു: ''ഇന്നു രാത്രി നായാട്ടിനു പോകുന്നില്ല. പാതിരാക്കു നിൻെറ അടയാളം കിട്ടിയാലുട നെ മുറിയിൽനിന്നു് ഇറങ്ങിവരാം.'' മാർഗററ്റിനോടു ഞാൻ പറഞ്ഞു: ''നല്ല സുഖമില്ല. ഇന്നു മച്ചാനിൽ കയറിയാൽ ശ രിയാവില്ല.'' താവളത്തിൽത്തന്നെ കഴിഞ്ഞു. കാട്ടുജാതിക്കാരു ടെ തലവൻെറ വീടാണു് താവളം. ഞാൻ നല്ലപോലെ കുടി ച്ചു. മാർഗററ്റിനെയും കുടിപ്പിച്ചു. അവളെ ഉറക്കണം.

അവൾ ഉറങ്ങുകയായിരുന്നു. പെട്ടെന്നു് കട്—കട് ശ ബ്ദം കേട്ടു. ഞാൻ ചെവിയോർത്തു. നായാട്ടുകാരനാണു് ഞാൻ. കാട്ടുമൃഗങ്ങളുടെ കാലടിയൊച്ച എനിക്കു തിരിച്ചറിയാം. ചാറത്സ് ക്ലേററനാണു് ഞാൻ. അഭിസാരികമാരുടെ കാ ലൊച്ചയും അറിയാം എനിക്കു്. ഈയൊച്ച ആ കാട്ടുപെണ്ണി ൻെറയാണു്. ഞാൻ സാവധാനം വാതിൽ തുറന്നു. സൂക്ഷിച്ചു നോക്കി. ആകാശത്തു ചന്ദ്രൻ തെളിഞ്ഞുനിൽക്കുന്നു. കാട്ടിൽ നല്ല നിലാവു്. ആശ്ചര്യജനകമാണു് അതിൻെറ സൗന്ദര്യം. കടുംപച്ചക്കാട്ടിൽ ആ ശുഭ്രതാപ്രവാഹത്തിനു് ഉപമയില്ല. അതിനിടയിൽ ഞാനാ പെണ്ണിനെക്കണ്ടു. എനിക്കു തെററി യില്ല. എൻെറ രക്തം തിളച്ചു. ഞാനിറങ്ങിച്ചെന്നു. ചൂളമടി ച്ചു. അവൾ അനങ്ങാതെ നിൽക്കുകയാണു്. ഞാൻ മുമ്പോട്ടു നീങ്ങിച്ചെന്നു. പക്ഷേ, എവിടെ അവൾ? ആ നിമിഷത്തിൽ പുലിയുടെ അലർച്ചകൊണ്ടു് വനാന്തരം വിറകൊണ്ടു. പി ന്നിൽക്കൂടി അതെൻെറമേൽ ചാടിവീണു. എനിക്കു് അല്പം ഒഴിഞ്ഞുമാറാൻ കഴിഞ്ഞു. എങ്കിലും അതു് എൻെറ വലതു തോളിൽ പിടികൂടി. ആ സമയം മാർഗററ്റിൻെറ നിലവിളി കേൾക്കായി. ഉടൻതന്നെ വെടിപൊട്ടുന്ന ഒച്ചയും കേട്ടു. തുട രെത്തുടരെ രണ്ടു വെടി. വീണ്ടും പുലിയുടെ അലർച്ച. പിന്നീ

ടൊന്നും എനിക്കോർമ്മയില്ല. വളരെനാൾ കഴിഞ്ഞു് ആശു പത്രിയിൽവെച്ചാണു് ബോധം വീണതു്. വലതുകൈ മുറി ച്ചുകളഞ്ഞിരിക്കുന്നു. വലതുചെവിയുമില്ല. വലതുകാൽ ഒടി ഞ്ഞിരുന്നു. അതിനും ബലമില്ല. മാർഗററ്റിനെ തുണ്ടുതുണ്ടാ ക്കിയിട്ടാണു് പുലി ചത്തതു്. രണ്ടുണ്ടയും അതിൻെറ വയറ്റി ലും നെഞ്ചിലുംതന്നെ കൊണ്ടിരുന്നു. മരിക്കുംമുമ്പു് മാർഗറ റ്റ് എങ്ങനെയോ ഉരുണ്ടുപിരണ്ടു് എൻെറയടുത്തെത്തി. ഞ ങ്ങൾ ആലിംഗനബദ്ധരായി. ഇതിലും കൂടുതലെന്തുവേണം? ആ കാട്ടുപെണ്ണിനെപ്പററി വിവരം തരാൻ ഗ്രാമത്തിലാർക്കും കഴിഞ്ഞില്ല. ഞാൻ വളരെയൊക്കെ അന്വേഷിച്ചു. ഗ്രാമവാ സികൾ പറഞ്ഞു: "ഏങ്ങ്, അത്തരമൊരു പെണ്ണു് ഇവിടെ യെങ്ങുമില്ലല്ലോ. ഇന്നും ഞാൻ വിചാരിക്കുന്നതു് എന്താണെ ന്നറിയാമോ? എൻെറ മത്തുപിടിച്ച മസ്തിഷ്കത്തിൻെറയും പെൺകൊതി നിറഞ്ഞ ഹൃദയത്തിൻെറയും ഭാവനയായിരു ന്നോ ആ പെണ്ണു്? എന്തായാലും ഇന്നു് ഞാൻ വികലാംഗനാ ണു്,നിസ്സഹായനും. തുച്ഛമായ പെൻഷനെ ആശ്രയിച്ചു കഴി യുന്ന സാധാരണക്കാരൻ. ജോണിയെ ഇംഗ്ലണ്ടിലയച്ചു പഠി പ്പിക്കാൻ കഴിവില്ല. അവൻ കൽക്കത്തയിൽ പഠിക്കാൻ വ രികയാണു്. നീ അവിടെ മേടനാണെന്നു് എനിക്കറിയാം. ജോണിയെ ഒന്നു ശ്രദ്ധിച്ചുകൊള്ളണം."

ഭഗവന്നാമം ഉച്ചരിച്ചുകൊണ്ടു് പോളിബ്രൗൺ നെ ഞ്ചിൽ കുരിശുവരച്ചു. "ഭഗവാനേ, പാവം ചാർളി ചെകു ത്താൻെറ കൈയിൽപ്പെട്ടുപോയി. എന്നാലും നീയിരിക്കു് ജോൺ. മേജർ ചാറത്സ് ക്ലേററൻെറ മകനാണു നീ. മേജർ ക്ലേററൺ ഒരുകാലത്തു് എന്റെ ബോസ്സ് ആയിരുന്നു, സ്നേഹി തൻ ആയിരുന്നു. എൻെറ വീട്ടുവാതിൽ എന്നും നിനക്കുവേ ണ്ടി തുറന്നിട്ടിരിക്കും. ഇഷ്ടമുള്ളപ്പോഴൊക്കെ വന്നുകൊള്ളൂ."

ഭർത്താവായ ജെയിംസ് ബ്രൗണിനു പരിചയപ്പെടുത്തി ക്കൊടുത്തു. ജെയിംസ്ബ്രൗൺ ഒരിക്കൽ മേദിനിപൂർപ്രദേ ശത്തു താമസിച്ചിരുന്നു. അവിടെ ഒരു ബ്രിട്ടീഷ്കമ്പനിയി ലായിരുന്നു ജെയിംസിൻെറ പിതാവിനു ജോലി. അവിടെ കാട്ടുംമേട്ടും വാങ്ങി ബിസിനസ്സ് നടത്തും. ജെയിംസ് ബ്രൗ ണിനും അതുതന്നെയായിരുന്നു ജോലി. ബിസിനസ്സ് തകന്ന

പ്പോൾ പാപ്പരായി, മകൾ റിനയേയും കൂട്ടി കൽക്കത്തയിൽ വന്നു. അതിനുശേഷമാണ് പോളി മോറിസണെ കണ്ടുമുട്ടിയതു്. നാലുവർഷം മുമ്പത്തെ കഥയാണതു്.

“വളരെ നല്ല പെൺകുട്ടിയാണ് റിന.”

റിന തലമുടി രണ്ടായി പിന്നിയിട്ടിരുന്നു് മധുരമായി മന്ദഹസിച്ചു.

“ഇവളെ കോൺവെന്റിൽ ചേർത്തു് അവസാനം കന്യാസ്ത്രീയാക്കാനായിരുന്നു അച്ഛൻെറ പ്ലാൻ. അത്ര മതഭ്രാന്തനാണു് ജിമ്മി. കോൺവെൻറിൽ ചേർത്തതുമാണു്. ഞാൻ നിർബ്ബന്ധമായി കൂട്ടിക്കൊണ്ടുപോന്നു. എന്തു പട്ടസ്വഭാവമാണെന്നു നോക്കു്, എന്തൊരു ചന്തം!”

ജോൺക്ലേററണും റിനയും തമ്മിലുള്ള പ്രേമത്തിൻെറ കഥ അല്പനാൾക്കുള്ളിൽ കാളേജിൽ പരന്നു. ഒരുദിവസം ഫുട്ട്ബാൾഗ്രൗണ്ടിൽവെച്ചു് ജോൺക്ലേററണും കൃഷ്ണേന്ദുവും തമ്മിൽ അടിപിടി ഉണ്ടായി. ആ വഴിക്കാണു് റിനയും കൃഷ്ണേന്ദുവും പരിചയപ്പെട്ടതു്.

പട്ടസ്വഭാവക്കാരിയായ റിനാബ്രൗൺ അന്നു് ദേഷ്യത്തിൽ കൃഷ്ണേന്ദുവിനോടു പറഞ്ഞു: “യൂ ബ്ലാക്കി കാലാചാന്ദു്! യൂ ഹീതൻ!”

തലയിൽ ബാൻഡേജുമായി, വിജയംവരിച്ച വീരനെപ്പോലെ കൃഷ്ണേന്ദു ആദ്യം കാളേജിലെ കളിസ്ഥലത്തു് ഇറങ്ങിയപ്പോൾ കുട്ടികൾ ഹർഷാരവങ്ങളോടെ അഭിനന്ദനം രേഖപ്പെടുത്തി. റിന തൻെറ ഫ്ളാററിൽനിന്നു് ഇതുകണ്ടു ദേഷ്യംകൊണ്ടു ജ്വലിച്ചു് താഴെയിറങ്ങി ഗ്രൗണ്ടിലേയ്ക്കു് അല്പം ഇറങ്ങി നിന്നുകൊണ്ടു് ഉറക്കെ വിളിച്ചുകൂവി: “യൂ ബ്ലാക്കി കാലാചാന്ദു്! യൂ ഹീതൻ!”

അവളുടെ പിന്നാലെതന്നെ ആയ വന്നെത്തി. ഒരു നാട്ടുകാരിസ്ത്രീ. തലമുടി നരച്ചിരിക്കുന്നു. തടിച്ച പുരികങ്ങൾ. കണ്ടാൽ അത്ഭുതം തോന്നും. കണ്ണിലെ നോട്ടവും അത്ഭുതജനകമാണു്. എപ്പോഴും സങ്കടംകൊണ്ടു വിടന്നിരിക്കും, ഇമവെട്ടാതെ നോക്കിക്കൊണ്ടിരിക്കും.

അവർ പിന്നിൽനിന്നു വിളിച്ചു: “റിനാ, റിനാ, റിനാ! നഹി, നഹി!”

റിന നിന്നില്ല. അവൾ കാൽ നിലത്തു ചവുട്ടിക്കൊണ്ടു പറഞ്ഞു: ''യൂ, ചെവി കേൾക്കില്ലേ നിനക്കു്?''

കാലാചാന്ദ് അവളുടെ അടുത്തുചെന്നു പറഞ്ഞു: ''മഴ നനഞ്ഞു കിടക്കുന്ന ചെളിയിൽ ഇങ്ങനെ ചവിട്ടല്ലേ. ഈ നല്ല സ്ക്കർട്ടു മുഴുവൻ ചെളി തെറിക്കും.''

ശരിയാണു്, ചെളി തെറിച്ചുകഴിഞ്ഞിരുന്നു. കുട്ടികൾ പൊട്ടിച്ചിരിച്ചു. ആ ചിരിയിൽ ഒളിഞ്ഞിരുന്ന പരിഹാസം കൊണ്ടു് റിനയുടെ മുഖം ചുവന്നുപോയി. എന്താണു പറയേണ്ടതെന്നു് അവൾക്കു പിടികിട്ടിയില്ല. അവൾ നേരെ പരാതിപ്പെട്ടു: ''എന്തിനാ നിങ്ങൾ ജോണിയെ ഇങ്ങനെ തല്ലിയതു്? വൈ, യൂ ബ്രൂട്ട്?''

അയാൾ ഉത്തരം പറയുന്നതിനുമുമ്പു് കാളേജ്ടീമിലെ ഫുൾബാക്ക് വസന്ത് പറഞ്ഞു: ''അയാളുടെ തലയിലെ കെട്ടു കണ്ടില്ലേ? ജോണിയാണു് ആദ്യം അടിച്ചതു്.''

കൃഷ്ണേന്ദു പറഞ്ഞു: ''ഞാനാരെയും കല്യാണം കഴിക്കാമെന്നു വാക്കൊന്നും കൊടുത്തിട്ടില്ല, മിസ് ബ്രൗൺ. ഉണ്ടെങ്കിലും അവൾ പോയി ജോണിയോടു് ഈ ചോദ്യം ചോദിക്കുകയില്ല. വഴക്കുണ്ടായാൽ ശക്തികൂടിയ ആളിൻെറ അടിക്കായിരിക്കും ഊക്കുകൂടുതലെന്നു് ആക്കാണറിഞ്ഞുകൂടാത്തതു്? എന്നും ഭീമന്മാരുടെ കൈകൊണ്ടു ചത്തിട്ടേയുള്ളു കീചകന്മാർ.''

കുട്ടികൾ ഉറക്കെ ചിരിച്ചു.

ആയ പെട്ടെന്നു കൈകൂപ്പി കൃഷ്ണേന്ദുവിനോടു നല്ല ബംഗാളിയിൽ പറഞ്ഞു: ''എൻെറ കുഞ്ഞേ, നല്ല കുട്ടിയല്ലേ നീ, ഞാൻ തൊഴുതുകൊണ്ടു പറയാം—അവളോടൊന്നും പറയല്ലേ, എൻെറ മോനേ!''

റിന ഇതിനിടയിൽ ഓടിപ്പോയിരുന്നു. അവൾ ഉറക്കെ വിളിച്ചുപറഞ്ഞു:''യൂ വിൽ ബി പനിഷ്ഡ്, ഗോഡ് വിൽ പനിഷ് യൂ!''

സംഭവം മുഴുവൻ ഓർമ്മവരുന്നുണ്ടു്. ഐതിഹാസികമാണു് ആ കളി. കളിയല്ല, യുദ്ധം.

കാളേജിനുള്ളിലെ കളിസ്ഥലത്തു കളിക്കാനുള്ള അവകാശത്തെ ചൊല്ലിസാധാരണവിദ്യാർത്ഥികളും ആംഗ്ലോ-ഇന്ത്യൻ

മിലിട്ടറിവിദ്യാർത്ഥികളും തമ്മിലുള്ള വഴക്കിൻെറ—അടി പിടിനിറഞ്ഞ ആ യുദ്ധത്തിൻെറ—കഥകൾ കാളേജിൻെറ ചരിത്രത്തിൽ അങ്കനംചെയ്തു കിടപ്പുണ്ട്. അപ്പോഴും ആ യുദ്ധം തുടരുകയാണു്. അന്നതു കളിസ്ഥലത്താണു നടന്നിരുന്നതു്. തലേന്നു് രണ്ടു സംഘങ്ങൾ തമ്മിലുള്ള മാച്ചിൽ ജോണി ഒററയ്ക്കു് അടിപിടിയുണ്ടാക്കി. പ്രതികാരം ചെയ്യുമെന്ന ശപഥത്തോടെ അന്നു് കൃഷ്ണേന്ദു ഇറങ്ങുകയും ചെയ്തു. ജോണിയെ തല്ലും. ബൂട്ടുണ്ടെന്ന സൗകര്യം അവക്കുണ്ടു്. പോരെങ്കിൽ ജോണി അടിപിടിയിൽ സമർത്ഥനാണുതാനും. അതു കേട്ട് ജോണി ചിരിച്ചു. പാവം ജോണി, കൃഷ്ണേന്ദുവിനെ അയാൾ ശരിക്കു മനസ്സിലാക്കിയിരുന്നില്ല. എങ്കിലും കൃഷ്ണേന്ദുവിൻെറ ആറടി ഉയരമുള്ള ഉറച്ച ദേഹം ശ്രദ്ധിക്കേണ്ടതായിരുന്നു. അടിക്കുന്നതിനുമുമ്പ്, രണ്ടു കൊല്ലമായി കാലാചാന്ദ് കളിയിൽ നേടിയ പ്രശസ്തിയെപ്പററി ആലോചിക്കേണ്ടതുമായിരുന്നു.

ആദ്യംതന്നെ സെൻറർഹാഫ് ജോണി അവരുടെ സെൻറർഫോർവേഡിനെ ബൂട്ടിട്ടു ചവുട്ടി പരുക്കേല്പിച്ചു. പാവത്തിൻെറ വലതുമുട്ടിൻെറ ചിരട്ട തെററിപ്പോയി. എഴുന്നേറ്റു, എങ്കിലും നടക്കാൻ കഴിഞ്ഞില്ല. അതിനുശേഷമാണു് അവരുടെ സെൻറർഹാഫിൻെറ കാലിലെ തള്ളവിരൽ ചവിട്ടി ഞെരിച്ചതു്. റഫറി ജോണിക്കു താക്കീതു നൽകി. അയാൾ റഫറിയെ തെറിപറഞ്ഞു. 'സൺ ഓഫ് എ വിച്ച്' എന്നു വിളിച്ചു. കൃഷ്ണേന്ദു അതു കേട്ടു. അയാൾ സെൻറർഫോർവേഡിനെ തൻെറ സ്ഥാനത്തു നിർത്തിയിട്ടു് അങ്ങോട്ടു മാറി; ജോണിക്കു് അഭിമുഖമായി നിന്നു. ജോണി ചിരിച്ചുകൊണ്ടു പറഞ്ഞു: "യു ആർ കാലാചാന്ദ്? ദാററീസ് ആൾ റൈറ്റ്. കൊള്ളാം കറമ്പാ, വാ."

പറഞ്ഞുതീരുന്നതിനുമുമ്പു് പന്തു് രണ്ടുപേരുടേയും ഇടയ്ക്കു വന്നുവീണു. ജോണി അയാളുടെ മുട്ടു ലക്ഷ്യമാക്കി ബൂട്ടയത്തി. കാലാചാന്ദ് കൗശലപൂർവ്വം ഒഴിഞ്ഞുമാറിയിട്ടു് അയാളുടെ പൊക്കിപ്പിടിച്ച തുടയിൽ ഒരു കിക്കു കൊടുത്തു. ആറടി പൊക്കമുള്ള മനുഷ്യൻെറ, കല്ലൻമുളപോലുള്ള കാലിൻെറ ആ കിക്കു കൊണ്ടു് ജോണി മറിഞ്ഞുവീണു. ചോര പൊടി

യാതെതന്നെ കാലിനു കേടുപററുകയും ചെയ്തു. ജോണി കൂടുതൽ ക്രുദ്ധനായി എഴുന്നേററു. അല്പനിമിഷങ്ങൾക്കുള്ളിൽത്തന്നെ അയാൾ കൃഷ്ണേന്ദുവിൻെറ തലയ്ക്കു് അടിച്ചു. തല പൊട്ടി. ചോരപുരണ്ട നീണ്ട തലമുടി പുറകോട്ടൊതുക്കിക്കൊണ്ടു് കൃഷ്ണേന്ദു രണ്ടുമിനിട്ടിനുശേഷം പന്തിനുവേണ്ടി ചാടി. ജോണി സവ്വശക്തിയുപയോഗിച്ചു് ഓടിവന്നു് അയാളെ തടഞ്ഞു. കൃഷ്ണേന്ദു അപ്പോഴേക്കു പന്തു് ഇൻസ്മാനു കൊടുത്തിട്ടു മുന്നോട്ടു നീങ്ങിയിരുന്നു. പന്തു പൊങ്ങിവന്നു. ജോണിയും കൃഷ്ണേന്ദുവും അഭിമുഖമായിനിന്നു് പന്തു് ഹെഡ് ചെയ്യാനായി ചാടി. കൃഷ്ണേന്ദു ഹെഡ്ചെയ്തു. ജോണി മമ്മഭേദകമായ ആത്തനാദത്തോടെ, വയറു പൊത്തിപ്പിടിച്ചുകൊണ്ടു ബോധരഹിതനായി താഴെവീഴുകയും ചെയ്തു. അയാളെ പൊക്കിയെടുത്തുകൊണ്ടു പോകേണ്ടിവന്നു. വയററിലെ കുടലിനു് അടിയേററിരുന്നു. അതിനുശേഷം കൃഷ്ണേന്ദു ഹാററ്—ട്രിക്ക നേടി.

നാട്ടുകാരായ കുട്ടികളുടെ തോളിലിരുന്നുകൊണ്ടു് കൃഷ്ണേന്ദു ഉറക്കെ പാടി:

"ദിൻ ആഗത് എയി—ഭാരത് തബൂ കൊയി—
സേ കി രൊയിസേ ലൂപ്തു് അജി സബ്ജൻ പശ്ചാത്തേ?
പ്രേരൺ കർ ഭൈരവു് തവ ദുജ്ജയ് ആഹവാൻ ഹേ—
ജാഗ്രത് ഭഗവാൻഹേ, ജയ ഭൈരവു്.*"

ഈ സമയത്താണു് റിനാബ്രൗൺ വന്നതു്; "യൂ ബ്ലാക്കി കാലാചാന്ദ്" എന്നു തുടങ്ങി "ഗോഡ് വിൽ പനിഷ് യൂ" എന്നുവരെ പറഞ്ഞതു്.

കൃഷ്ണേന്ദു അതിനും മറുപടി കൊടുത്തു. ആ ആയയുടെ ആതങ്കനിർഭരമായ ബംഗാളിവാക്കുകൾ കേട്ടു് അല്പം താമസിച്ചെന്നുമാത്രം. അരമിനിട്ടു് വിസ്മിതനായി നോക്കിനിന്നിട്ടു് അയാൾ ഉറക്കെ വിളിച്ചുപറഞ്ഞു: "ഹലോ മിസ്, ഹലോ!

* ആഗതമായീ ദിനമെന്നിട്ടുമിബ്ഭാരതം
നിൽക്കണം സകലക്കം പിന്നിലായ്ത്തന്നെയെന്നോ?
ഭൈരവാ മുഴങ്ങട്ടെ ദുജ്ജയം നിൻകാഹളം
ഉണര,ട്ടതുകേട്ടു ഭാരതം നിദ്രാധീനം.

എന്നാൽ നിന്റെ ഗോഡിനോട്ട പറ എന്റെ മുമ്പിലൊന്നു പ്രത്യക്ഷപ്പെടാൻ. അല്ലെങ്കിൽ എന്നെ അദ്ദേഹത്തിൻെറ മുമ്പിലേക്കു കൊണ്ടുപോകാൻ. നിനക്കറിയാമോ, ഞാൻ ഈശ്വരനിൽ വിശ്വസിക്കുന്നില്ല. എനിക്കു പരമലാഭമാകും. അദ്ദേഹത്തെ കാണാമല്ലോ. അതിനു വേണമെങ്കിൽ പറ, ജോണിയെ ഇനിയും തല്ലിക്കളയാം.''

റിനാ ബ്രൗൺ! എന്റെ പരിഹാസം നിരർത്ഥകമാക്കിക്കൊണ്ടു നിൻെറ ഈശ്വരൻ എന്നെ ധന്യനാക്കി. നിൻെറ ഈശ്വരനെ ഞാൻ കണ്ടു. എന്നാലും ആശ്ചര്യംതന്നെ, റിനാ ബ്രൗൺ! ക്ഷുദ്രപ്രയോഗക്കാറം ചുമത്തിയ കാട്ടുജാതിക്കാരിയായ ആ ഝുംകിയിലും ഞാനദ്ദേഹത്തെ കാണുന്നു. സിന്ധു, ലാൽസിംഗ് എന്നിവരിലും അദ്ദേഹമുണ്ട്. നിൻെറ കൂട്ടുകാരനായ, ആ മരണഭയം നിറഞ്ഞ, മദ്യപാനിയായ അമേരിക്കൻ ആഫീസ്സറിലും ഞാനദ്ദേഹത്തെ കണ്ടു. അവിടെയുമുണ്ട് അദ്ദേഹം. യുദ്ധത്തിൽ ജീവനൊടുക്കാൻ വന്നവരിലല്ല, ജീവൻ കൊടുക്കാനായി ഇത്രദൂരം വന്നവരിൽ ഞാനദ്ദേഹത്തെ കാണുന്നു. പക്ഷേ, നിൻെറയുള്ളിൽനിന്ന് അദ്ദേഹം എവിടെപ്പോയി മറഞ്ഞു, റിനാ ബ്രൗൺ? ഈശ്വരാ, ആ പെണ്ണിനെ നീ എന്തിനുപേക്ഷിച്ചു? ഈശ്വരപരിത്യക്തയായ റിനാ ബ്രൗണാണിതു്. കൃഷ്ണസ്വാമി തന്നത്താൻ ഓരോന്നു പറഞ്ഞുകൊണ്ടിരുന്നു.

''അച്ഛാ!'' അപ്പോഴാണ് സിന്ധു മുറിയിൽ പ്രവേശിച്ചതു്.

''ആരാ? സിന്ധുവോ?''

''അതെ അച്ഛാ. ചായ കൊണ്ടുവെച്ചിട്ട കുടിച്ചില്ല. രാത്രി ഒരുപാടായി. അച്ഛനു വിശപ്പില്ലേ?''

''എൻെറ അത്താഴമെടുത്തു മൂടിവെച്ചേക്കൂ. പിന്നെ എപ്പോഴെങ്കിലും കഴിച്ചോളാം.''

''ഊംഹൂം. അച്ഛൻ കഴിക്ക്. എന്നിട്ടേ ഞാൻ കഴിക്കുന്നുള്ളൂ.''

''അരുതു സിന്ധു! ഇന്നെന്നെ വിട്ട്, മോളേ!''

''അച്ഛനു സുഖമില്ലേ?''

''ശരീരത്തിനു് അസുഖമൊന്നുമില്ല, മോളേ. പക്ഷേ,

മനസ്സിനു സുഖമില്ല,'' എന്നു പറഞ്ഞു കൃഷ്ണസ്വാമി എഴുന്നേററു. മുറിയിൽനിന്നിറങ്ങി വരാന്തയിൽ വന്നുനിന്നു. അവിടെനിന്നു് മുററത്തേക്കിറങ്ങി.

നാലുപാടും, വർഷക്കാലത്തെ കടുംപച്ചയായ സാലവനത്തിൽ ചന്ദ്രിക ഒളിവിതറുന്നു. ദൂരെ ചക്രവാളപര്യന്തം അതിൻെറ ശോഭ പ്രതിഫലിച്ചു കാണാം. നിശ്ശബ്ദമല്ല, നിസ്തബ്ധവുമല്ല. എങ്കിലും എന്തോ ഒരസ്വാസ്ഥ്യം. വൃക്ഷങ്ങൾതോറും മൊട്ടുകൾ വലുതാകുന്നു. നാളെ രാവിലെ അവ വിടരും. മററന്നാൾ വിടരേണ്ടവയും വളരുകയാണു്. ഇന്നു രാവിലെ വിരിഞ്ഞവയുടെ ഗന്ധം ഇപ്പോഴും തങ്ങിനില്പുണ്ടു് അന്തരീക്ഷത്തിൽ. മണ്ണിനടിയിലെ കട്ടപിടിച്ച ഇരുട്ടിൽ വേരുകൾ അവയുടെ സൂക്ഷ്മമായ ലക്ഷോപലക്ഷം വായ്കൾ പിളർന്നു് കൃമികളെപ്പോലെ ആഹാരം വലിച്ചെടുക്കുകയാണു്. വിചിത്രമായ ജീവിതതപസ്യ അവിരാമം തുടരുന്നു. ചെളിയുടെ സത്തു് പുഷ്പമായി വിടരുന്നു.

റിനാബ്രൗൺ ഒരുപക്ഷേ, മദോന്മത്തയായി നൃത്തമാടുകയായിരിക്കാം, അല്ലെങ്കിൽ കിടന്നു് അലറുകയായിരിക്കാം, അതുമല്ലെങ്കിൽ അമേരിക്കൻ ആഫീസ്സറുമായി വികൃതലാലസകൊണ്ടു് ഉന്മത്തയായി വ്യഭിചാരംവഴി സ്വയം നശിപ്പിക്കുകയായിരിക്കാം. ഭൗതികലോകത്തു് ഒരു സ്ഫോടനമുണ്ടായി. ശാസ്ത്രജ്ഞന്മാർ അതിനെ ഒരാകസ്മികസംഭവമായി വിവരിച്ചു. അതിൽനിന്നാണു പ്രാണനുദിച്ചതു്. ആ പ്രാണൻെറ ഉണർവ്വുകൊണ്ടാണു് ഈശ്വരൻെറ തപസ്യയുടെ ഹോമകുണ്ഡം ജ്വലിക്കുന്നതു്. അനന്തമായവിധം പ്രാണൻ അതിൽ ആഹുതിചെയ്യപ്പെടുന്നു. പ്രാണൻ ജ്വലിക്കുന്നു. നീയതിൽ കരിഞ്ഞു നശിക്കുന്നു, റിനാബ്രൗൺ! എങ്ങനെ സംഭവിച്ചു ഇതു്? അദ്ദേഹത്തിൻെറ അന്തരാത്മാവു് വെന്തുനീറി.

കൃഷ്ണസ്വാമി മുമ്പോട്ടു നടന്നു. ആശ്രമത്തിന്റെ അതിർത്തി കടന്നു വനത്തിലേക്കു നീങ്ങി. വനത്തിൽ വൃക്ഷങ്ങൾ സംസാരിക്കുന്നതുപോലെ. കാററിൽ ഓരോ ഇലയിലും ജീവൻ നിറയുന്നു, ശബ്ദം പൊഴിയുന്നു. പകൽമുഴുവൻ അവ മനുഷ്യൻെറയും മററു ജീവജാലങ്ങളുടെയും ആഹാരമായ ഓക്സിജൻ

വലിച്ചെടുക്കുകയായിരുന്നു. ഇപ്പോൾ അവ ഓക്സിജൻ ഉച്ഛ്വസിക്കുകയാണ്. റിനേ, നീ രാവും പകലും കാർബൺ ഡയോക്സൈഡ് ശ്വസിക്കുന്നു, രാപകൽ കാർബൺ ഡയോക്സൈഡ്തന്നെ ഉച്ഛ്വസിക്കുകയും ചെയ്യുന്നു. സംഹാരത്തിനിടയിലും വിചിത്രവും സൂക്ഷ്മവുമായ സൃഷ്ടി നടക്കുന്നുണ്ട്. നിന്നെ സംബന്ധിച്ചിടത്തോളമോ റിനേ, നാശംമാത്രമേയുള്ളൂ, നാശംമാത്രം.

"അച്ചാ! അച്ചാ!"

ബംഗ്ലാവിൽനിന്നു സ്വരമൊഴുകിവന്നു. ജോസഫ് ലാൽസിംഗ് വിളിക്കുകയാണ്. അദ്ദേഹം വനത്തിലേക്കു പോകുന്നതു കണ്ടിട്ട്, പേടിച്ചു വിളിക്കുകയാണ്. വനത്തിൽ കരടിയുണ്ട്, കാട്ടുപന്നിയുണ്ട്. ഇടയ്ക്കിടെ പുള്ളിപ്പുലിയും. ആ പേടികൊണ്ട് അദ്ദേഹത്തെ തിരിച്ചുവിളിക്കുകയാണ്. കൃഷ്ണസ്വാമി തിരിഞ്ഞുനിന്നു കനത്ത ശബ്ദത്തിൽ പറഞ്ഞു: "ഞാനധികം ഉള്ളിൽ പോകുന്നില്ല, ജോസഫ്."

"അതല്ലച്ചാ, ഗ്രാമത്തിൽനിന്ന് ആളു വന്നിട്ടുണ്ട്."

ആള്! അപ്പോൾ ആരുടെ വീട്ടിലോ അസുഖമുണ്ട്! ആപത്ത്! റിനയുടെ കാര്യം ആലോചിക്കരുതെന്നു വിലക്കുകയാണോ ഈശ്വരൻ? കൃഷ്ണസ്വാമി മടങ്ങി. വരാന്തയിൽ ആരോ ഇരിപ്പുണ്ട്. അകലെയുള്ള ഒരു കൊച്ചുഗ്രാമത്തിൽനിന്നു വരികയാണ്. കൃഷ്ണസ്വാമി എല്ലാവരെയും അറിയും. കിഴവൻ ശരൺലായക് അല്ലേ ഇത്!

"എന്തു പററി ശരൺലായക്? ഈ അസമയത്ത്?"

"എന്തു പററാൻ? ആപത്ത്! അല്ലെങ്കിൽ ഇപ്പോൾ നിങ്ങളുടെ അടുത്തു വരുമോ."

"ആക്കാ അസുഖം? എന്തെങ്കിലും മനസ്സിലായോ?"

"എന്തു മനസ്സിലാകാൻ? എൻെറ മകൻെറ മൂത്ത മകളാണ്. ആദ്യത്തെ പ്രസവം. ഉച്ചക്കു തുടങ്ങിയതാണു വേദന. ഇത്രേം രാത്രിയായപ്പോ വയററാട്ടി പറയുകയാണ്—എനിക്കു വയ്യ, ലായക്. കുറച്ചു കുഴപ്പമാണെന്നു തോന്നുന്നു. നിങ്ങൾ അച്ചനെ വിവരമറിയിക്ക്—എന്ന്. പെണ്ണ് കിടന്നു പ്രാണവേദനയെടുത്തു നിലവിളിക്കുകയാണച്ചാ! കേട്ടുനില്ക്കാൻ വയ്യ. ഒന്നു വന്നു നോക്കുമോ അച്ചാ?"

"തീച്ച്യയായിട്ടം. അതിന്നെന്താ വിഷമം." കൃഷ്ണസ്വാമി വേഗത്തിൽ മുറിയിലേക്ക കയറി വിളിച്ചുപറഞ്ഞു: "ജോസഫ്, നീയും വാ. മരുന്നുപെട്ടിയുമെട്ടത്തോ. നിങ്ങൾ വിളക്കൊന്നും കൊണ്ടുവന്നില്ലേ, ലായക്?"

"ഇല്ലച്ചാ. മണ്ണെണ്ണ വേണ്ടേ? ഒരു പഴഞ്ചൻ എണ്ണവിളക്കുണ്ടു്, അതു മുറിയിൽ കത്തിച്ചുവെച്ചിരിക്കുകയാണു്. നല്ല നിലാവുണ്ടു്, നടക്കാൻ വിഷമമില്ല."

"നമ്മുടെ ഒരു റാന്തലെട്ടത്തോ, ലാൽസിംഗ്. ബ്ലസ്സഡ് ഈസ് ഹീ ദാറ്റ് കമത്ത് ഇൻ ദി നേം ഓഫ് ദി ലോർഡ്. നടക്കു്, ലായക്."

റിനയുടെ കഥ അവിടെ നില്ക്കട്ടെ. റിന മൃതിയടഞ്ഞു. അവളുടെ കാര്യം ഓർമ്മിക്കരുതെന്നു് ഈശ്വരൻ വിലക്കുകയാണു്.

## നാല്

റിന ഒരിക്കൽ അദ്ദേഹത്തിന്നെഴുതിയിരുന്നു: "വോ അൺട്ടു യൂ!" അവളുടെ അവസാനത്തെ എഴുത്തു്. "കൃഷ്ണേന്ദു, എന്നെസംബന്ധിച്ചിടത്തോളം നിങ്ങൾ മരിച്ചുകഴിഞ്ഞിരിക്കുന്നു. ഡെഡ് ടു മീ."

പിറേറന്നു രാവിലെ ശരൺലായക്കിൻെറ വീട്ടിൽനിന്നു മടങ്ങുകയായിരുന്നു കൃഷ്ണസ്വാമി. രാത്രി മുഴവൻ പ്രയത്നിച്ചു് ലായക്കിൻെറ മകൻെറ മകളുടെ പ്രസവം നടത്തിയിട്ടു വീട്ടിലേക്ക മടങ്ങുകയാണു്. നേരം പ്രകാശമായിട്ടില്ല. സാലവനത്തിൽ കാട്ടുമൃഗങ്ങളുടെ പോക്കുവരവു നിലച്ചിട്ടില്ല. പക്ഷികൾ കൂട്ടവിട്ടു പോയിട്ടില്ല. കളരവം ആരംഭിച്ചിട്ടേയുള്ളു. പുഷ്പങ്ങൾ വിടരുന്നതേയുള്ളു. തലയ്ക്കുമുകളിൽ ആകാശത്തുകൂടെ കൊററിക്കൂട്ടങ്ങൾ ചിറകടിച്ചു പറന്നുപോകുന്നു, വിഷ്ണുപൂരിലെ അന്നക്കെട്ടിലേക്കു്. പ്രഭാതമാരുതൻ ക്ഷീണിച്ച ശരീരത്തിന്നു നല്ല ഉന്മേഷം നൽകുന്നു. സൈക്കിളുണ്ടെങ്കിൽ നന്നായിരുന്നു.

മടങ്ങുന്നതിനിടയിൽ ആ കഥ ഓർത്തു. ഇന്നലെ രാത്രി

തന്നെ ഓർമ്മവന്നതാണ്. എങ്കിലും ഇത്രനേരവും മൂടിക്കിടക്കുകയായിരുന്നു. വേറെ ചിന്തയ്ക്കൊന്നും സ്ഥാനമുണ്ടായിരുന്നില്ല. വീണ്ടും പഴയ കഥ—റിനയുടെ കഥ—ഓർക്കുന്നു. ഈശ്വരാ, മാപ്പുനൽകണേ! സ്നേഹിക്കുന്നവരെ മറക്കാൻ മനുഷ്യനു സാദ്ധ്യമല്ല. സാദ്ധ്യമല്ല, സാദ്ധ്യമല്ല.

കൃഷ്ണേന്ദു അവസാനംവരെ റിനയെ സ്നേഹിച്ചിരുന്നു. റിനയ്ക്കുമുണ്ടായിരുന്നു സ്നേഹം. രണ്ടുപേരുടെയും വിരോധത്തിനിടയിൽ ആശ്ചര്യകരമായ രീതിയിൽ സേതുബന്ധനമുണ്ടായി. ആലോചിക്കുമ്പോൾ ഇന്നും അത്ഭുതം തോന്നും. റിന അയാളെ കണ്ടാലുടനെ വരാന്തയിൽനിന്ന് ഉറക്കെ വിളിക്കും. "യൂ ഹീതൻ!"

കൃഷ്ണേന്ദുവിന് അന്നു മതത്തിലും ഈശ്വരനിലുമൊന്നും വിശ്വാസമില്ല. അതുപോലെതന്നെ ഹീതനിസത്തിലും. മാററർ, മൈൻഡ് എന്നീ വാക്കുകളെപ്പിടിച്ച് അയാൾ പുതിയ യാത്ര ആരംഭിച്ചിരിക്കുകയാണ്. എന്നാലും ഹീതൻ എന്നു വിളിച്ചാൽ അയാൾക്കു കൊള്ളും. ശരിയായ അർത്ഥത്തിൽ അതായിട്ടല്ല, ഈ നാട്ടുകാരനായതുകൊണ്ട്. പെണ്ണിനോടു പകരംവീട്ടാനുള്ള ആകാംക്ഷ അയാളുടെ മനസ്സിനെ വിക്ഷോഭിപ്പിക്കും. ഇതിന് ഓരോ അവസരങ്ങൾ വിചിത്രമായ രീതിയിൽ ഉണ്ടാകുകയും ചെയ്യും. ഇത്തരമൊരു സംഭവം ഓർമ്മതോന്നുന്നു.

ഈ സംഭവം കഴിഞ്ഞു് ഒരു മാസത്തിനുശേഷം സെപ്റ്റംബർ അവസാനം മെഡിക്കൽകാളേജിലെ അവരുടെ ടീം, കാളേജ്മത്സരങ്ങളിലെ ഏററവും വലിയ ഷീൽഡ് നേടിക്കൊണ്ടുവന്നു. അത്തവണത്തെ ഏറ്റവും നല്ല കളിക്കാരൻ കൃഷ്ണേന്ദുവായിരുന്നു. മേട്രൺ പോളിബ്രൗണിനു കളി കാണാൻ വലിയ കമ്പമാണ്. കാളേജിൽ കളി ഉണ്ടായാൽ അവർ കൊച്ചുവിശറിയുമായി മുമ്പിലെ കസേരയിൽത്തന്നെ സ്ഥാനംപിടിക്കും. റിനയുമുണ്ടാകും ഒപ്പം. റിനയോടു പ്രതികാരം ചെയ്യാനാണെന്നു തോന്നും, കൃഷ്ണേന്ദു ഉന്മത്തനെപ്പോലെ പരാക്രമത്തോടെ കളിക്കും. റിനയ്ക്കു ദേഷ്യംവരും. കൃഷ്ണേന്ദുവിനെ 'ഹീതൻ' എന്നു വിളിക്കുന്ന പതിവു വർദ്ധിച്ചുവന്നു. ഷീൽഡു നേടിക്കൊണ്ടു കാളേജിൽവന്ന ദിവസം വിദ്യാർത്ഥി

കൾ കൃഷ്ണേന്ദുവിനെ തോളിലേററിക്കൊണ്ടു നടന്നു് നൃത്തം ചെയ്തു. റിന വരാന്തയിലേക്കു് ഇറങ്ങിവന്നു. പെട്ടെന്നു കൃഷ്ണേന്ദുവിനു് എന്തുതോന്നിയോ എന്തോ, റിന തന്നെ ഹീതൻ എന്നു വിളിക്കുന്നതിനു മുമ്പുതന്നെ വിളിച്ചുകൂവി: ''ജയ്' കാളി!'' ഒപ്പംതന്നെ നാക്കു നീട്ടിക്കാണിക്കുകയും ചെയ്തു. ഈ സമയം ഒരത്ഭുതസംഭവമുണ്ടായി. റിന ഓടി മുറിക്കുള്ളിൽ മറഞ്ഞു. കുട്ടികൾ ഹോ—ഹോ എന്നട്ടഹസിച്ചു.

ഇതിനുശേഷം റിനയെ കണ്ടാലുടനെ കൃഷ്ണേന്ദു വിളിച്ചുകൂവും: ''ജയ്' കാളി!''

റിനയും പറയും: ''ഹീതൻ!'' ആദ്യദിവസം അമ്പരന്നു് ഓടി മുറിയിൽ കയറിയെങ്കിലും പിന്നീടൊരിക്കലും അമ്പരപ്പുണ്ടായില്ല റിനയ്ക്കു്.

വീണ്ടുമുണ്ടായി ഒരു സംഭവം.

ഏതാനും മാസത്തിനുശേഷം ക്രിസ്തുമസ്സ്'കാലത്തു മിലിട്ടറിവിദ്യാർത്ഥികളുടെ സോഷ്യൽ നടന്നു. അതിൽ തിരഞ്ഞെടുത്ത ഏതാനും രംഗങ്ങളുടെ അഭിനയം ഉൾപ്പെട്ടിരുന്നു. 'ഒഥല്ലോ'യിൽനിന്നായിരുന്നു ഒരു രംഗം. ഒഥല്ലോയും ഡെസ്'ഡിമോണയും. ''ഇററീസ്' ദി കാസ്', ഇററീസ്' ദി കാസ്', മൈ സോൾ'' എന്നുതുടങ്ങി ഡെസ്'ഡിമോണയെ കൊല്ലുന്ന ഭാഗംവരെ. ജോൺ ക്ലേററനാണു് ഒഥല്ലോയുടെ പാർട്ടെടുത്തതു്. അധികൃതരുടെ പ്രത്യേകാനുമതി നേടി, ഡെസ്'ഡിമോണയുടെ ഭാഗം റിന അഭിനയിച്ചു. ക്ലേററൻെറ ഒഥല്ലോ നന്നായില്ല. സൗന്ദര്യവും മധുരസ്വരവും സ്വാഭാവികമായ അഭിനയവുംകൊണ്ടു് റിന പ്രശംസ സമ്പാദിച്ചു. ഈ അഭിനയം കൃഷ്ണേന്ദു കാണുകയുണ്ടായി. ഇതിനുശേഷം അയാൾ ഒഥല്ലോ നാടകത്തിലെ ഈ ഭാഗം കാണാപ്പാഠമാക്കുകയും ഇടയ്ക്കിടെ ''ഇററീസ്' ദി കാസ്', ഇററീസ്' ദി കാസ്''' എന്നുതുടങ്ങിയുള്ള പദ്യങ്ങൾ പാടുകയും ചെയ്തിരുന്നു. ഇതിൽ ദേഷ്യപ്പെട്ടു് റിന ഇതിൽപ്പിന്നെ കൃഷ്ണേന്ദുവിൻെറ മുമ്പിൽ വരാതായി. എന്നാലും ശൂന്യമായ വരാന്തയെ ലക്ഷ്യമാക്കി കൃഷ്ണേന്ദു വിളിച്ചുപറയും: ''ഇററീസ്' ദി കാസ്', ഇററീസ്' ദി കാസ്'—''

ഇതിനുശേഷം നടന്ന ഒരു സംഭവം എല്ലാം തലകീഴ് മറിച്ചു. നാടകീയമായൊന്നുമല്ല. തികച്ചും സ്വാഭാവികമായ

രീതിയിൽ, സ്വച്ഛന്ദമായ രീതിയിൽ. പണ്ട് ഈ മാററം വിസ്മയകരമായിട്ടാണ് കൃഷ്ണേന്ദുവിനു തോന്നിയിരുന്നതു്. പക്ഷേ ഇന്നോ?

കാട്ടുവഴിയില്ലൂടെ നടക്കുന്നതിനിടയിൽ കൃഷ്ണസ്വാമിയുടെ മുഖത്തു് പ്രസന്നതയും മ്ലാനതയും കൂടിക്കലർന്ന ഒരു ചിരി വിരിഞ്ഞു. എന്തിനു വിസ്മയം? വിസ്മയിക്കാൻ എന്തു കാരണം? മനുഷ്യപ്രാണന്റെ സ്വഭാവമാണതു്. മനുഷ്യദേഹമാകുന്ന വേദിയിൽ ഈശ്വരന്റെ തപസ്യ നടക്കുകയാണ്. ഗുണത്തിന്റെ വേദിയിൽ മനുഷ്യൻ മനുഷ്യനോടു മത്സരിക്കുക സ്വാഭാവികമായതുപോലെതന്നെ മത്സരത്തിനു ശേഷം ഫലം സ്വീകരിക്കുന്നതും സ്വാഭാവികംതന്നെ.

എട്ടു മാസം കഴിഞ്ഞപ്പോൾ പിറേറവർഷത്തെ ഫുട്ട് ബാൾസീസണായി. ഇന്റർ-വേഴ്സിററി ഷീൽഡ്മത്സരത്തിന് മെഡിക്കൽകോളേജ് ടീം പോകണമെന്നു തീച്ച്യാക്കപ്പെട്ടു. ഐ. എം. ഡി., എം. ബി. കോഴ്സുകളിലെ വിദ്യാത്ഥികളുടെ സംയുക്ത ടീം. ക്ലേററണും കൃഷ്ണേന്ദുവും തിരഞ്ഞെടുക്കപ്പെട്ടു. തിരഞ്ഞെടുപ്പുകഴിഞ്ഞു് രണ്ടുപേരും ആദ്യമായി കണ്ടുമുട്ടിയതു് കോണിപ്പടിയിൽവെച്ചാണ്. രണ്ടുപേരും ഒരേ സമയം പറഞ്ഞു: "ഹലോ!" രണ്ടുപേരും ഒരേസമയം കൈ നീട്ടി, പരസ്പരം കൈപിടിച്ചു കുലുക്കി. രണ്ടുപേരും പറഞ്ഞു: "നിങ്ങളുണ്ടെങ്കിൽ എനിക്കു പേടിയില്ല."

ടൂർണ്ണമെന്റിൽ അവർ ഫൈനൽവരെ എത്തി. ഫൈനലിൽ തോററു. ബോംബേയിലായിരുന്നു കളി. മടങ്ങിവരുമ്പോഴേയ്ക്കും അവർ രണ്ടുപേരും ആത്മസുഹൃത്തുക്കളായിത്തീന്നിരുന്നു.

മടങ്ങിയെത്തിയതിനുശേഷം ക്ലേറ്റൺതന്നെ അയാളെ പോളിബ്രൗണിന്റെ വീട്ടിൽ കൂട്ടിക്കൊണ്ടുപോയി. പോകാം, ഇനി റിനയോടുള്ള പിണക്കം തീക്കാം. നിങ്ങളോടു തോററതിൽ ആ പാവത്തിനു വലിയ സങ്കടമുണ്ട്. പോളിബ്രൗണിനു വളരെ സന്തോഷമായി. ഈ ജീവൻ നിറഞ്ഞ ചെറുക്കനെ കോളേജിൽ എല്ലാവർക്കും ഇഷ്ടമായിരുന്നു. അവരും കോളേജിലെ എല്ലാവരിലും പെട്ടമല്ലോ. "ഒഥല്ലോ, ദി ടർബുലന്റ് മൂർ" എന്നാണ് അവർ അയാളെ സംബോധന

ചെയ്യതു്. ''ഇറ്റീസ് ദി കാസ്, ഇറ്റീസ് ദി കാസ്. നീയതു നന്നായി ചൊല്ലുന്നുണ്ടു്. എനിക്കു വളരെ ഇഷ്ടപ്പെട്ടു അതു്. പക്ഷേ, എന്തിനാ റിനയെ ചൊടിപ്പിക്കാൻ അതു ചൊല്ലുന്നതു്? യു നോട്ടി ബോയ്!''

റിന അപ്പോൾ മുറിയുടെ വാതില്ക്കൽനിന്നു് മന്ദഹാസം ചൊരിയുകയായിരുന്നു. ക്ലേറ്റൺ പറഞ്ഞു: ''പോയതൊക്കെ പോട്ടെ. ഷേക്ക് ഹാൻഡ്സ് യു ടൂ, ആന്റ് ബി ഫ്രണ്ട്സ്.''

കൃഷ്ണേന്ദു മുന്നോട്ടു ചെന്നു കൈ നീട്ടിക്കൊണ്ടു പറഞ്ഞു: ''ഞാൻ മാപ്പുചോദിക്കുന്നു.''

റിന കൈനീട്ടി കൃഷ്ണേന്ദുവിന്റെ കരം ഗ്രഹിച്ചുകൊണ്ടു പറഞ്ഞു: ''വീ ആർ ഫ്രണ്ട്സ്.''

പരിചയപ്പെടുത്തലിനിടയിൽ പെട്ടെന്നു് പോളി ബ്രൗൺ കയറിവന്നു പറഞ്ഞു: ''നീയതൊന്നു ചൊല്ലു്. 'ഇറ്റീസ് ദി കാസ്, ഇറ്റീസ് ദി കാസ്' എന്നു തുടങ്ങുന്ന വരികൾ. സത്യം, നീയതു ഭംഗിയായി ചൊല്ലുന്നുണ്ടു്. നിന്റെ പരുപരുത്ത ശബ്ദവും—പിന്നെ—പിന്നെ––യു കാൻ പുട്ട് ലൈവ്‌ലി ഇമോഷൻ ഇൻ ഇററ്.''

റിന ''ആന്റ്...'' എന്നു പറഞ്ഞു നിർത്തിക്കളഞ്ഞു.

ക്ലേറ്റൺ ചോദിച്ചു: ''എന്താ?''

റിന ചിരിച്ചുകൊണ്ടു പറഞ്ഞു: ''നിങ്ങളേക്കാൾ ഒഥെല്ലോയോടു ചേർച്ചയുമുണ്ടു്. ടാൾ, മോർ മൂർ–ലൈക്ക്, ഈസന്റ് ഇറ്റ്?''

കൃഷ്ണേന്ദു പറഞ്ഞു: ''പക്ഷേ, നിങ്ങളേക്കാൾ നല്ല ഡെസ്ഡിമോണയെ ഭാവനയിൽ കാണാൻകൂടി എനിക്കു കഴിയുന്നില്ല. അത്ര പെർഫക്ടാണെന്നു തോന്നുന്നു എനിക്കു്.''

ക്ലേറ്റൺ പറഞ്ഞു: ''എന്നാൻ നിങ്ങൾ കുറച്ചു സീൻ അഭിനയിക്കു്. ലെററസ് എൻജോയ് ആന്റ് മേക്ക് ദി മെമ്മറി ഓഫ് ദി ഫസ്റ്റ് മീററിംഗ് അൺഫർഗറ്റബിൾ. ഇന്നത്തെ ഈ പരിചയപ്പെടലിന്റെ ഓർമ്മ ചിരസ്മരണീയമാകട്ടെ.''

ജെയിംസ്ബ്രൗൺ ഒരു തവണ കയറിവന്നിട്ടു പോയി. ഒരത്ഭുതമനുഷ്യനാണു് അദ്ദേഹം. അത്ഭുതമെന്നുപറഞ്ഞാൽ പോരാ. തങ്ങൾ ഈ നാട്ടിലെ കൊച്ചു കൊച്ചു വൈസ്രോ

03മ, 3:1:g
K1

യിമാരാണെന്നു കരുതുന്ന ഇംഗ്ലീഷുകാരിലൊരാളാണദ്ദേഹവും. കറുത്തവരോടു സംസാരിക്കാൻപോലും വെറുപ്പാണ്. കടുത്ത ക്രിസ്ത്യാനിയുമാണ്. അവിശ്വാസികളെ തൊട്ടാൽ കൈകഴുകും.

റിനാ ബ്രൗൺ സാഹിബ്ബിൻെറ മുറിയിലേക്കു നോക്കിക്കൊണ്ടാണ് വിസമ്മതം പ്രകടിപ്പിച്ചതു്. പക്ഷേ, ക്ലേറ്റൺ ബ്രൗണിൻെറ അടുത്തുപോയി അനുമതി സമ്പാദിച്ചുകൊണ്ടു വന്നു. ബ്രൗൺ ചോദിച്ചു: "നല്ലകുട്ടിയെന്നേയുള്ളോ? കോളേജിൽ പഠിക്കുന്നെന്നേയുള്ളോ? നല്ല കുടുംബത്തിലെയല്ലേ?"

ക്ലേററൺ പറഞ്ഞു: "ബോത്ത്."

"എന്നാൽ സമ്മതിക്കാം, വിഷമമില്ല. ഉയന്ന ജാതിയാണോ അവരുടെയിടയിൽ?"

"അതെയതെ. ഹീ ഈസ് എ ഗുപ്ത. ഞങ്ങൾക്കു ധാരാളം ഗുപ്തപ്രൊഫസർമാർതന്നെയുണ്ട്."

"യെസ്, യെസ്, എനിക്കറിയാം. ഗുപ്താസ് ഐ നോ. യെസ്."

ബ്രൗൺസാഹിബ്ബ് അനുമതി നല്കി.

അവർ ഏതാനും സീൻ അഭിനയിച്ചു. അവസാനത്തോടടുത്ത് ഒരു സംഭവമുണ്ടായി. ഡെസ്ഡിമോണയെ കൊല്ലുന്ന സമയം, 'ഇററീസ് ടൂ ലേറ്റ്' എന്നു പറഞ്ഞുകൊണ്ടു് കൃഷ്ണേന്ദു റിനയുടെ കഴുത്തു പിടിച്ചു ഞെരുക്കുന്നതായി അഭിനയിച്ചു. റിന 'ഓ ലോർഡ് ലോർഡ് ലോർഡ്' എന്നുറക്കെ വിളിച്ചു കരയുമ്പോൾ അവളുടെ ആയ 'റിനേ റിനേ' എന്നു നിലവിളിച്ചുകൊണ്ടു മുറിയിൽ കടന്നുവന്നു് കൃഷ്ണേന്ദുവിനെ പിടിച്ചുവലിച്ചു മാററാൻ തുടങ്ങി: 'വിട്ട് വിട്ട്, ഛീയ്.' വിശ്വസ്തയായ ഒരു നായക്കു പേ പിടിച്ചതുപോലെ.

കൃഷ്ണേന്ദു ഞെട്ടി മാറി നിന്നു.

റിന ധൃതിയിൽ എഴുന്നേററു് അവളെ സാന്ത്വനപ്പെടുത്തി. കൃഷ്ണേന്ദു ആശ്ചര്യഭരിതനായിപ്പോയി—മേദിനിപൂർ–ബാങ്കുറപ്രദേശത്തെ പച്ചബംഗാളിയിലാണ് റിന അവളെ ആശ്വസിപ്പിച്ചതു്.

"വെറുതെ, വെറുതെ. ഇതെല്ലാം വെറുതെയാണ്. നാടകത്തിലെ അഭിനയമാണ് ഇതൊക്കെ."

ജെയിംസ് ബ്രൗൺ മുറിയിൽനിന്നിറങ്ങി വാതില്ക്കൽ വന്നു നിന്നു. ഭയാത്തമായ മൃഗത്തെപ്പോലെ സ്തബ്ധയും മൂകയുമായി അനങ്ങാതെ മിഴിച്ചു നോക്കിനില്ക്കുകയായിരുന്നു ആയ. ഒരു നിമിഷത്തിനുശേഷം അവൾ ഉറക്കെ നിലവിളിച്ചു: "എൻെറ—എൻെറ—മോളേ—"

"ഇറങ്ങ്, ഈ മുറിയിൽനിന്നിറങ്ങ്, യൂ വിച്ച്! ഗെററൗട്ട്!" ബ്രൗൺ ദേഷ്യംകൊണ്ടു തുള്ളിച്ചാടി. കൃഷ്ണേന്ദുവിന് അല്പം വല്ലായ്മ തോന്നി. റിനതന്നെ അവരെ കൈപിടിച്ച് അടുത്ത മുറിയിൽ കൊണ്ടാക്കി. പോളിബ്രൗൺ ജെയിംസ്ബ്രൗണിനെ സമാധാനിപ്പിച്ചു.

ക്ലേററൺ ചിരിച്ചുകൊണ്ടു കൃഷ്ണേന്ദുവിനോടു പറഞ്ഞു: "ആ കാട്ടുജാതിപ്പെണ്ണ് ഒരുമാസം പ്രായമുള്ളപ്പോൾ മുതൽ വളത്തുന്നതാണ് റിനയെ. വലിയ സ്നേഹമാണ്. റിനക്കും ഇഷ്ടക്കേടില്ല. പക്ഷേ, അതു് അദ്ദേഹത്തിനു് ഇഷ്ടമല്ല. മിസ്റ്റർ ബ്രൗൺ നന്ദികെട്ടവനല്ല, അതുകൊണ്ട് അവളെ ഓടിച്ചുകളയുന്നില്ല. എന്നാലും, അവൾ റിനയെ സ്വന്തം മകളെപ്പോലെ കണക്കാക്കുന്നതു സഹിക്കാൻ വയ്യ, അദ്ദേഹത്തിനു്. നിങ്ങൾക്കറിഞ്ഞുകൂടേ, ഒരു പക്കാസാഹിബ്ബാണ് മിസ്റ്റർ ബ്രൗൺ. അതു തന്നെയുമല്ല, കട്ടത്ത ക്രിസ്ത്യാനിയും."

ആ സമയം റിന മടങ്ങിവന്നു.

റിനയുടെ ആ ചിത്രം ഇപ്പോഴും ഓമ്മയുണ്ട്. സ്നേഹം കൊണ്ടു വരിഞ്ഞുമുറുക്കപ്പെട്ട്, മൂകയായി ഒരു മൃഗത്തേപ്പോലെ തൻെറ ധാത്രി നില്ക്കുന്ന മുറിയിലേക്ക് അവൾ ഒന്നു നോക്കി. പിന്നീട് പിതാവിൻെറ നേരെയും. പെട്ടെന്നവൾ സ്വന്തം മുറിയിലേക്ക് ഓടിപ്പോയി.

പോളിബ്രൗൺ മടങ്ങിവന്നു് കൃഷ്ണേന്ദുവിനോടു പറഞ്ഞു: "എനിക്കു വളരെ സങ്കടമുണ്ട് ഗുപ്താ. നീയിതൊന്നും കാര്യമാക്കല്ലേ. നിനക്കറിഞ്ഞുകൂടാ. വൃത്തികെട്ട പെണ്ണ്. വെരി അൺക്ലീൻ ഇൻ മൈൻഡ്. പിന്നെ കുറച്ച് ഔട്ട് ഓഫ് മൈൻഡുമാണ്. ചെറിയ കിറുക്ക്. റിന ഉറങ്ങുമ്പോൾ അവൾ എന്തോ മന്ത്രവാദം ചെയ്യുന്നുണ്ട്."

അല്പനേരം മിണ്ടാതിരുന്നിട്ട് വിഷയം മാററിക്കൊണ്ടു

പറഞ്ഞു: "എനിക്കു വളരെ സന്തോഷമായി. നീ എത്ര ഭംഗിയായി ചൊല്ലുന്നു കവിത! ഒന്നുകൂടി ചൊല്ല്. പ്ലീസ്. പ്ലീസ് ഡു കം."

*  *  *

ക്ലേററണുമായി കൃഷ്ണേന്ദുവിൻെറ സൗഹാർദ്ദംതന്നെ ദേഹബലം സംബന്ധിച്ചായിരുന്നു. അവരുടെ ഹോസ്റ്റലിൽ ചെന്നാലുടനെ പഞ്ചായിപിടിക്കാൻ തുടങ്ങും. മുറിയിൽ കയറുമ്പോഴേ കൈനീട്ടിക്കൊണ്ടു പറയും: "കമോൺ."

തുടന്നു പലതരത്തിലുമുള്ള മത്സരം നടക്കും. എന്തെങ്കിലും വിസ്മയകരമായി കണ്ടാൽ ക്ലേറ്റൺ കൃഷ്ണേന്ദുവിനെ പോളിബ്രൗണിൻെറ വീട്ടിലേക്കു പിടിച്ചുവലിച്ചുകൊണ്ടു പോകും. അതവിടെയും കാണിച്ചിട്ടേ വിട്ടു.

ഉണക്കുനാളികേരം തലയിലടിച്ചു പൊട്ടിച്ചു തിന്നുന്നതു കണ്ടു് അയാൾ ചോദിച്ചു: "കല്ലാണോ?"

"അല്ല, പൊട്ടിയാൽ ചോരവരും." കൃഷ്ണേന്ദു ചിരിച്ചു.

ഒരിക്കൽ ബ്രൗണിൻെറ വീട്ടിൽവെച്ച്, പുഴുങ്ങിയ അമ്പതു മുട്ട ഒരിരുപ്പിനു തിന്നുകാണിക്കേണ്ടതായും വന്നു.

ഇതിനിടയിൽ എന്നാണു് റിനയും അയാളും സ്നേഹിതയും സ്നേഹിതനുമായി പരിണമിച്ചതെന്നു തീർച്ചയായി പറയുക പ്രയാസം. പെട്ടെന്നു് ഏതെങ്കിലും ഒരു ദിവസത്തെ യാദൃച്ഛികസംഭവമോ ഒരുദിവസത്തെ ആകസ്മികമായ ആവേശമോ കൊണ്ടുണ്ടായതല്ല, അണുഅണുവായി കെട്ടിപ്പടുത്തതാണു് ആ സൗഹാർദ്ദം. തികച്ചും സഹജമായ രീതിയിലും സ്വച്ഛന്ദമായ ഗതിയിലും. പൂ വിരിയുന്നതുപോലെ.

അതെ, പൂ വിരിയുന്നതുപോലെ. പൂ വിരിയുന്ന അന്നു് സൂര്യോദയത്തിനു മുമ്പുപോലും അതിൻെറ വർണ്ണവും ഗന്ധവും ആരെയും മാടിവിളിക്കുകയില്ല. വിരിഞ്ഞതിനു ശേഷം മാത്രമേ അതിൻെറ വർണ്ണശോഭയും ഗന്ധമാധുര്യവും ചുററും പരക്കുകയുള്ളു. ഇതുപോലെയാണു് ഒരുദിവസം അവർ പരസ്പരമറിഞ്ഞതു്.

ക്ലേറ്റൺ രണ്ടുവഷം തോറ്റതിനുശേഷം പാസ്സായപ്പോൾ കൃഷ്ണേന്ദു സിക്സ്ത്ത് ഇയറിലെത്തിയിരുന്നു. അന്നു് കൃഷ്ണേന്ദു കളിസ്ഥലത്തുമാത്രമല്ല ഖ്യാതി നേടിയിരുന്നതു്. കുസൃതിത്ത

രങ്ങൾകൊണ്ടുമാത്രമല്ല സവ്വരുടെയും ഇഷ്ടപാത്രമായിരുന്ന ത്ത്. പഠിത്തത്തിൻെറ കാര്യത്തിലും അയാൾ പ്രശസ്തി പരത്തിത്തുടങ്ങിയിരുന്നു. ചില ചികിത്സാരംഗങ്ങളിൽ അപ്പോൾത്തന്നെ സമത്ഥന്മാരായ ഡാക്ടർമാരുടെയത്ര സാമത്ഥ്യം അയാൾക്കുണ്ട്. കോളറയ്ക്കു സലൈൻ കുത്തിവെയ്പു നടത്താനും ഇൻട്രാവീനസ് ഇൻജക്ഷൻ ചെയ്യാനും അയാൾ വൈദഗ്ദ്ധ്യം നേടി. പ്രസിദ്ധഡാക്ടർമാർ കോളറക്കേസുകൾക്കു പോകുമ്പോൾ അയാളെ സഹായത്തിനു വിളിക്കും. അയാളാണു് ഇൻജക്ഷൻ കൊടുക്കുക. ഡാക്ടർ അടുത്തിരിക്കും. അതിൽനിന്നു് അയാൾക്കു വരുമാനമുണ്ടായിത്തുടങ്ങി. സൽവഷൻ ഇൻജക്ഷനു് അയാളപ്പോൾ, പുതുതായി പാസ്സായി പുറത്തിറങ്ങിയ സ്നേഹിതനായ ഒരു ഡാക്ടറുടെ പേരിൽ ഒരു ചേംബർ തുറന്നിരുന്നു. ഇതിൽ ക്ലേററൺ അയാളെ വളരെ സഹായിച്ചു. ആംഗ്ലോ–ഇന്ത്യക്കാരുടെ ബംഗ്ലാവുകളിലെല്ലാം അയാളെ പരിചയപ്പെടുത്തി. ക്ലേററൺ അയാളെക്കൊണ്ടു് സൂട്ട് ധരിപ്പിച്ചു. ധോത്തിയും ജുബയും ധരിക്കുന്ന ഡാക്ടർമാരുടെ അടുത്തു് ഇക്കൂട്ടർ വരില്ല. പണത്തിനു പഞ്ഞമില്ല. തന്നത്താൻ സമ്പാദിച്ചുതുടങ്ങി.

ക്ലേറ്ററൺ പാസ്സായി. അവക്കു പാസ്സായാലുടനെ ജോലി കിട്ടും. പുതിയ ജോലികിട്ടിപ്പോകും. മിലിട്ടറിവിദ്യാത്ഥികൾ പിരിഞ്ഞുപോകുന്നവക്കു് യാത്രയയപ്പു നല്കി. ക്ലേററൻെറ നിർബ്ബന്ധംകൊണ്ടുതന്നെ തദവസരത്തിൽ ഒഥല്ലോയിലെ ആ രംഗം അഭിനയിക്കപ്പെട്ടു. കൃഷ്ണേന്ദു ഒഥല്ലോ ആയി, റീന ഡെസ്ഡിമോണയും.

ആ അഭിനയത്തിനിടയിൽ ആവേശഭരിതനായി ഗദ്ഗദകണ്ഠത്തോടെ, ഉറങ്ങിക്കിടക്കുന്ന ഡെസ്ഡിമോണയുടെ മുഖത്തേയ്ക്കു കുനിഞ്ഞുനിന്നുകൊണ്ടു് "ഐ വിൽ സ്മെൽ ദീ ഓൺ ദി ട്രീ" എന്നു പറഞ്ഞപ്പോൾ കൃഷ്ണേന്ദു അന്ധാളിച്ചുപോയതുപോലെ. അയാൾ ഹിന്ദുവാണു്. കറുത്തവനാണു്. ക്ലേററൻെറ ആഗ്രഹമനുസരിച്ചു് ഒഥല്ലോയുടെ ഭാഗമെടുത്തെങ്കിലും, ഡെസ്ഡിമോണയായ റീനാബ്രൗണിനെ ചുംബിക്കാൻ അയാൾക്കവകാശമില്ല. ആവേശവും അന്ധാളിപ്പും ഉണ്ടായിട്ടും അതെല്ലാം അയാളടക്കി. എങ്കിലും—

"So sweet, was ne'er so fatal. I must weep
But they are cruel tears. The sorrow's heavenly."

എന്നു പറയുന്നതിനിടയിൽ അയാളുടെ വലിയ കണ്ണുകളിൽനിന്നു് കണ്ണുനീർ ധാരധാരയായി ഒഴുകി. ശബ്ദവും തടയപ്പെട്ടു. ഒരുതരത്തിലാണു് അയാൾ പറഞ്ഞുതീർത്തതു്—

"It strikes where it doeth love. She wakes."

റിനാബ്രൗണിനു്, കണ്ണടച്ചിരുന്നിട്ടും ആ ആവേശത്തിന്റെ സ്പർശം അനുഭവപ്പെട്ടു. കണ്ണുതുറന്നു നോക്കിയപ്പോൾ കൃഷ്ണേന്ദു കണ്ണീരൊഴുക്കുന്നു. നിമിഷനേരത്തേക്കു് അവൾ അഭിഭൂതയായിപ്പോയി. അടുത്തനിമിഷം വേറെയും എന്തോ അനുഭവപ്പെട്ടു അവൾക്കു്. തികച്ചും സ്പഷ്ടമല്ല, എങ്കിലും തീത്തും അന്ധകാരാവൃതമായതുപോലെ അസ്പഷ്ടവുമല്ല. മൂടൽമഞ്ഞിൽക്കൂടി നിറങ്ങൾ കാണുന്നതുപോലെ. അസ്പഷ്ടമാണെങ്കിൽത്തന്നെ പരസ്പരം അജ്ഞാതമായിരുന്നില്ല അതു്. ഇതിനുശേഷം രണ്ടുപേരുംതമ്മിൽ കാണുമ്പോൾ ഹൃദയത്തിൽ വിറയൽ അനുഭവപ്പെട്ടും.

റിന കൃഷ്ണേന്ദുവിനോടു് പിന്നീടു പറഞ്ഞു കാര്യം. റിനക്കു് അതു പ്രകാശിപ്പിക്കാൻ വാക്കുകിട്ടിയില്ല. കൃഷ്ണേന്ദുവാണു പൂരിപ്പിച്ചതു്: "അന്ധകാരം ഉളച്ചുകൊണ്ടു് മൂടൽമഞ്ഞിൽ മഴവില്ലുപോലെ—എന്നല്ലേ പറയുന്നതു്? അറിഞ്ഞുകൂടേ, കറുപ്പു് എന്നൊരു നിറമില്ല. നിറമില്ലായ്മയാണു്. വർണ്ണശൂന്യതയാണു് കറുപ്പു്."

"അതുതന്നെ," റിന പറഞ്ഞു. "പിന്നീടു് 'തിങ്ക് ഓഫ് ദൈ സിൻസ്" എന്നു നിങ്ങൾ പറഞ്ഞതിനു് 'ദേ ആർ ലവ്സ് ഐ ബെയർ ടു യൂ' എന്നു ഞാൻ മറുപടി പറഞ്ഞ നിമിഷത്തിൽ എന്റെയും കണ്ണു നിറഞ്ഞൊഴുകിപ്പോയി."

അഭിനയത്തിനുശേഷം ആരും ആരോടും ഒന്നും പറയാതെതന്നെ മടങ്ങിപ്പോയി. പരസ്പരം കണ്ടുകൂടിയില്ല ഏഴ ദിവസം. അതുമാത്രമല്ല കൃഷ്ണേന്ദു എന്തോ ആയി മാറിയിരുന്നു.

കുറച്ചുനാൾമുമ്പു് അച്ഛനെഴുതിയ കത്തെടുത്തു് വീണ്ടും വീണ്ടും വായിക്കുകയും ചിന്തിക്കുകയും. അച്ഛൻ പെട്ടെന്നു്

കൽക്കത്തയിൽ വന്നിരുന്നു. ഒരുമാസത്തിലധികമായി അയാൾ എഴുത്തയച്ചിരുന്നില്ല. കാൎയ്യമറിയാതെ അദ്ദേഹം ഓടിയെത്തി. വേറൊരു കാരണവുമുണ്ടായിരുന്നു. അവരുടെ നാട്ടിലെ ഹരിവിലാസ്ബോസ് കൽക്കത്തയിലാണ്. അദ്ദേഹം ഗ്രാമത്തിൽ ചെന്നപ്പോൾ പറഞ്ഞു: "മകൻ വലിയ സായ്പായിരിക്കുകയാണ്, കേട്ടോ. കോട്ടും പാൻറുമിട്ട് സായ്പന്മാരുടെയും മദാമ്മമാരുടെയും കൂടെ ചുററിനടക്കും, ഹോട്ടലിൽ ഒരേമേശയിലിരുന്ന് ആഹാരം കഴിക്കും. ഞാനെൻെറ സ്വന്തം കണ്ണുകൊണ്ടു കണ്ടതാണ്."

അച്ഛൻ പിറേറന്നുതന്നെ കൽക്കത്തയിലെത്തി. ധൎമ്മതലായിലെ ചേംബറിൽ വന്നുകയറി. മെസ്സിലെ മേൽവിലാസം മാററി അവിടത്തെ മേൽവിലാസത്തിലാക്കിയിരുന്നു അയാളുടെ എഴുത്തുകുത്തുകൾ. അയാൾക്കു പ്രശസ്തിനേടാൻ പ്രച്ഛന്നമായ മോഹവും അഹങ്കാരവുമുണ്ടായിരുന്നെന്നു തോന്നുന്നു. സൗകൎയ്യവുമുണ്ടായിരുന്നു—എഴുത്തുകൾ കിട്ടാൻ എളുപ്പമാണ്.

കൃഷ്ണേന്ദു അപ്പോൾ ചേംബറിനുള്ളിൽ ഒരു പറങ്കിപ്പെണ്ണിന് ഇൻട്രാവീനസ് ഇൻജക്ഷൻ കൊടുക്കുകയാണ്. അവളുടെകൂടെ വന്ന ഒരു പെണ്ണ് പുറത്തിരുപ്പുണ്ട്. വേറെയും രണ്ടു രോഗികൾ കാത്തിരിക്കുന്നു. എല്ലാം സൽവർഷൻ കേസാണ്. ഇക്കാൎയ്യത്തിൽ ഇക്കൂട്ടരുടെ മനോഭാവം ശാസ്ത്രീയമാണ്. യാതൊരു ലജ്ജയും കാണിക്കുകയില്ല. നേരെ വന്നു പറയും: "വെൽ ഡോക്, എനിക്കു സംശയമുണ്ട്. സംശയത്തിനു കാരണവുമുണ്ട്. എന്തോ ചീത്തരോഗമാണെന്നു തോന്നുന്നു. ദയവായി ഒന്നു പരിശോധിക്കൂ." ചികിത്സ കഴിഞ്ഞാൽ യഥേഷ്ടം പ്രതിഫലവും നൽകി നന്ദിപറഞ്ഞു പോകുകയും ചെയ്യും. പക്ഷേ, നമ്മുടെ നാട്ടുകാർ ദരിദ്രന്മാർമാത്രമല്ല, പിശുക്കന്മാരുമാണ്. ഡാക്ടർമാരുടെ ഫീസിനുപോലും പേശും. അവസരം കിട്ടിയാൽ പററിക്കുകയും ചെയ്യും.

പെണ്ണിന് ഇൻജക്ഷൻ കൊടുത്തിട്ട് ചേംബറിൽനിന്ന് ഇറങ്ങിയ ഉടനെ അച്ഛനെ കണ്ടു. പെണ്ണ് അപ്പോഴും മേശപ്പുറത്തു കിടക്കുകയാണ്. വിശ്രമമെടുക്കുന്നു.

"അച്ഛൻ!" അയാൾ വിസ്മയിച്ചുപോയി.

"അതെ. ഒരുമാസത്തിനുമേലായി നിൻെറ എഴുത്തു കിട്ടിയിട്ട്. എന്താണെന്നറിയാതെ ഓടിപ്പോന്നു." അച്ഛൻ അയാളുടെ മുഖത്തു സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നു. അയാളെ പഠിക്കാൻ ശ്രമിക്കുന്നതുപോലെ.

"ഞാനെഴുത്തിട്ടിരുന്നല്ലോ?"

"ഞങ്ങൾക്കു കിട്ടിയില്ല."

ക്ഷപെട്ടെന്നു് ഓർമ്മവന്നു, തപാലിലിടാനായി ഒരു കത്തെഴുതിയിരുന്നു. ചേംബറിൽ കടന്നു് ബ്ലോട്ടിംഗ്പാഡിൻെറ അടിയിൽനിന്നു് അതെടുത്തുകൊണ്ടുവന്നു. അപരാധിയെപ്പോലെ, കത്തു കൈയിൽ പിടിച്ചുകൊണ്ടു്, അച്ഛൻെറയടുത്തു മടങ്ങിവന്നു പറഞ്ഞു: "ജോലിക്കിടയിൽ മറന്നുപോയി, ഇട്ടില്ല."

അച്ഛൻ വിചിത്രമായ രീതിയിൽ ചിരിച്ചു. പിന്നീട്ട് അതേപ്പററി ഒന്നും ചോദിക്കാതെ അന്വേഷിച്ചു: "ഇവരൊക്കെ?"

"രോഗികൾ."

"രോഗികളോ? നീ—?"

"ഇവിടെ എൻെറ ഒരു സ്നേഹിതൻ ചികിത്സ നടത്തുന്നുണ്ടു്. ഞാനയാളെ സഹായിക്കുന്നു. നിങ്ങളുടെയൊക്കെ അനുഗ്രഹംകൊണ്ടു്, പാസ്സായ ഡാക്ടറന്മാരേക്കാൾ നന്നായി ഇൻജക്ഷൻ കൊടുക്കാനറിയാം എനിക്കു്."

ഈ സമയത്തു് ക്ലേററണും റിനയും കയറിവന്നു. "ഹലോ മാൻ!"

കൃഷ്ണേന്ദു ധൃതിയിൽ അവരെയും അച്ഛനെയും പരസ്പരം പരിചയപ്പെടുത്തിക്കൊണ്ടു പറഞ്ഞു: "ക്ലേററൺ ഇതെൻെറ അച്ഛനാണു്. ഇതെൻെറ കൂട്ടുകാരനാണു് അച്ഛാ. ഞങ്ങളുടെ കാളേജിൽത്തന്നെയാണു പഠിക്കുന്നതു്—ജോൺ ക്ലേററൺ. പിന്നെയിതു് റിനാബ്രൗൺ. എൻെറ സ്നേഹിത."

"ഗ്രാൻഡ് ഓൾഡ് മാൻ." ക്ലേററൺ സത്യത്തിൽ സന്തോഷത്തോടും ബഹുമാനത്തോടും കൂടിയാണു പറഞ്ഞതു്.

റിന ഏകാഗ്രതയോടെ അദ്ദേഹത്തെ നോക്കിക്കൊണ്ടിരുന്നു.

അച്ഛൻ പിന്നീടവിടെ നിന്നില്ല. പൊയ്ക്കളഞ്ഞു. അകന്ന

ഒരു ബന്ധുവിൻെറ വീട്ടിൽ പോയി താമസിച്ചു. കാളിഘട്ടിലേക്കു് അദ്ദേഹം പോകുമ്പോൾ റിന പറഞ്ഞു: "ഹീ ഈസ് എ ട്രൂ ഹിന്ദു, എ ടിപ്പിക്കൽ ബ്രാഹ്മിൻ. എനിക്കു വളരെ പിടിച്ചു. എത്ര മധുരമായ സംസാരം! ആൻറ് യൂ, ടർബുലൻറ് മൂർ, എ റയട്ടർ, ഹിസ് സൺ!" അല്പം കഴിഞ്ഞു പറഞ്ഞു: "എന്താ ആ ബ്രാഹ്മണപുത്രൻെറ പേരു്—വിപ്ലവം നടത്തി ദേവന്മാരെ തകർത്തില്ലേ, അയാളുടെ? അതെ. ബ്ലാക്ക്മൗണ്ടൻ, കരിമല."

കൃഷ്ണേന്ദു ചിരിച്ചു. കൃഷ്ണേന്ദുതന്നെയാണു് അവരോടു് കരിമലയുടെ കഥ പറഞ്ഞതു്.

പിറ്റേന്നു് ഹൗറാസ്റ്റേഷനിൽനിന്നു് അയാൾ അച്ഛനെ വണ്ടി കയററി വിട്ടു. അച്ഛൻ അധികം സംസാരിക്കുകയില്ല. ട്രയിനിൽ കയറിയിട്ടു് ഒരക്ഷരംപോലും പറഞ്ഞില്ല. ട്രെയിൻ വിടാറായപ്പോൾ ഇത്രമാത്രം പറഞ്ഞു: "ശ്രദ്ധിച്ചു നടക്കണം."

കൃഷ്ണേന്ദുവിനു ചിരിവന്നു. ശ്രദ്ധിച്ചു നടക്കണോ? എന്തിനു്? വീട്ടിൽ ചെന്നിട്ടു് അച്ഛൻ എഴുതിഅയച്ചു. അതിൽ എഴുതിയിരുന്നു: "പോരുമ്പോൾ എല്ലാം നിന്നെ നേരിട്ടു പറഞ്ഞു മനസ്സിലാക്കണമെന്നു് ആഗ്രഹമുണ്ടായിരുന്നു. എങ്കിലും 'സൂക്ഷിച്ചു നടക്കണ'മെന്നുമാത്രമേ പറയാൻ കഴിഞ്ഞുള്ളൂ. എഴുത്തിലും എല്ലാം തുറന്നെഴുതണമെന്നാണു വിചാരിച്ചതെങ്കിലും സാധിക്കുന്നില്ല. നിൻെറ അമ്മയോടും കാര്യമെല്ലാം പറയാൻ കഴിഞ്ഞില്ല. ഇതിൽനിന്നൊക്കെ ഗ്രഹിക്കാമല്ലോ എൻെറ മാനസികാവസ്ഥ. ഉചിതമാകുകയില്ലെന്നു തോന്നൽ. നീ യോഗ്യപുത്രനാണു്. പഠിത്തത്തിൽ ഖ്യാതി നേടിയ നീ മണ്ടനാണെന്നു് എങ്ങനെ പറയും? എങ്കിലും പറയുകയാണു്, എനിക്കു പിടിച്ചില്ല, ഇതു ശുഭമാവുകയില്ലെന്നു തോന്നുന്നു. വളരെയധികം മുമ്പോട്ടുപോയിട്ടുള്ളതുപോലെ. നമ്മുടെ ശാസ്ത്രത്തിൽ പറഞ്ഞിട്ടുണ്ടു്, ഉപനയനസമയത്തു് മൂന്നു ചുവടിലധികം മുന്നോട്ടു വെയ്ക്കരുതെന്നു്. വെച്ചാൽ പിന്നീടു മടങ്ങാൻ മാർഗ്ഗമില്ല. എനിക്കു തോന്നുന്നു, നീ മൂന്നു ചുവടിലധികം മുമ്പോട്ടു പോയിട്ടുണ്ടെന്നു്. വേറൊരിടത്തു പറഞ്ഞിരിക്കുന്നു, ഏഴ ചുവട്ട് ഒരുമിച്ചുവെച്ചാൽ

അവിച്ഛേദ്യമായ സ്നേഹബന്ധമായെന്നു്. കൽക്കത്തയിൽ നീ പലരോട്ടുമൊപ്പം ധാരാളം ചുവട്ടുവെച്ചിട്ടുണ്ടു്. ഏഴു ചുവടാണോ എന്നെനിക്കു് അറിഞ്ഞുകൂടാ. *ഏഴുചുവട്ടു പൂർത്തിയായിട്ടില്ലെങ്കിൽ ഇനി മുമ്പോട്ടു പോകരുതു്. ഗോവിന്ദൻ നിന്നെ രക്ഷിക്കട്ടെ. ഏഴു ചുവട്ടു മുഴുവനായെങ്കിൽ അദ്ദേഹം നിന്നെ രണ്ടു ചുവട്ടുകൂടി മുമ്പോട്ടു കൊണ്ടുപോകട്ടെ.''

എഴുത്തു കിട്ടിയപ്പോഴും കൃഷ്ണേന്ദു ചിരിച്ചു. അച്ഛൻെറ അകാരണമായ ആശങ്ക കണ്ടാൽ എങ്ങനെ ചിരിക്കാതിരിക്കും? ആശങ്ക അകാരണമല്ലെങ്കിൽത്തന്നെ, കല്ലുകൊണ്ടുള്ള ഗോവിന്ദനു് തന്നെ രക്ഷിക്കാൻ ശക്തിയെവിടെ? എന്നാൽ ഈ സംഭവത്തിനുശേഷം—അതായതു്, ക്ലേറൻെറ യാത്രയയപ്പുസംബന്ധിച്ചു് ഒഥല്ലോ ആയി അഭിനയിക്കുന്നതിനിടയിൽ ആകസ്മികമായി സ്വന്തം പ്രകാശം സ്വയം കണ്ടെത്തിയതിനുശേഷം—എഴുത്തെടുത്തു വീണ്ടും വീണ്ടും വായിക്കാതിരിക്കാൻ കഴിഞ്ഞില്ല. അമ്മയുടെ കത്തും എന്നോ കിട്ടിയിരുന്നു. അഭയദായിനിയും ഉദാരമതിയുമായ അമ്മ. അമ്മ എഴുതിയിരിക്കുകയാണു്: ''നിൻെറ അച്ഛൻ പേടിച്ചിരിക്കുകയാണു്. ദേഷ്യപ്പെട്ടിരിക്കുകയാണെങ്കിൽ മനസ്സിലാക്കാമായിരുന്നു—നിൻെറ സത്യവും ന്യായവും മനസ്സിലാകാഞ്ഞിട്ടാണെന്നു്. പക്ഷേ, പേടിക്കുമ്പോൾ എനിക്കും വല്ലായ്മ തോന്നുന്നു. നീതന്നെ ആലോചിച്ചുനോക്കു്.'' അയാൾ ആലോചിച്ചുനോക്കി, കണക്കു കൂട്ടിനോക്കി—താൻ എത്ര ചുവട്ടു പിന്നിട്ടു? റിനയോടൊപ്പം എത്ര ചുവട്ടുവെച്ചു? കണക്കുകൂട്ടാനിരുന്നപ്പോൾ മനഃശക്തി വീണ്ടുകിട്ടി.

സ്കൂൾ ഒരു ചുവട്ടു്, സെൻറ് സേവ്യേഴ്സ് ഒരു ചുവട്ടു്, മെഡിക്കൽകാളേജ് ഒരു ചുവട്ടു്. മൂന്നു ചുവടായി. ഉപനയനസമയം രണ്ടുചുവട്ടു വെച്ചതിനുശേഷം അവസാനത്തെ ചുവട്ടു വെയ്ക്കാൻ തുടങ്ങുമ്പോൾ പിതാവും പുരോഹിതനുംചേർന്നു് കാൽ പിടിച്ചുവെച്ചതു് ഓർത്തു. ഗൃഹനാഥനായി മുറിയിൽ അടയ്ക്കപ്പെടണം, ആ അവസ്ഥയിൽ ജീവിതം കഴിയണം. മനുഷ്യപ്രാണൻ തടഞ്ഞുനിർത്തപ്പെട്ട വെള്ളംപോലെ

---

* ബംഗാളിലെ വിവാഹകർമ്മത്തിലെ ഒരു ചടങ്ങാണു് വരനും വധുവും ഒരുമിച്ചു് ഏഴുചുവട്ടുവെയ്ക്കുകയെന്നതു്.

ആവിയായി പുനർജ്ജന്മത്തിൽ ജലധാരയായൊഴുകാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട്, തനിക്കു നദീപ്രവാഹത്തിന്റെ ശക്തി ലഭിച്ചിട്ടുണ്ടെങ്കിൽ എന്തിനു സങ്കടപ്പെടണം? ഉണ്ട്, അതു ലഭിച്ചിട്ടുണ്ട്. താൻ വളരെദൂരെ പോന്നുംകഴിഞ്ഞു. തന്നെ രക്ഷപ്പെടുത്താൻ ഗോവിന്ദന്റെ ആവശ്യമില്ല. പാഷാണവിഗ്രഹത്തിലൊളിഞ്ഞിരിക്കുന്ന ഗോവിന്ദന്റെ പിടിക്കപ്പുറമാണ് താൻ. ഗോവിന്ദൻ സത്യവും സജീവവുമാണെങ്കിൽ താൻ അദ്ദേഹത്തെ വകവെച്ചേനെ. അദ്ദേഹത്തിന്റെ മുമ്പിൽപോയി നിന്നേനെ.

ഭാവനയിലെ ഗോവിന്ദനെ അയാൾ കാര്യമാക്കുന്നില്ല. ശാസ്ത്രതത്ത്വങ്ങൾ അയാളുടെ മുമ്പിൽ പുതിയ പാതകൾ വെട്ടിത്തുറന്നിരിക്കുന്നു. ആ പാതകളൊന്നും പുരാണത്തിലെ വൈകുണ്ഠത്തിലേക്കുള്ള വഴിയല്ലതാനും.

പിന്നെ റിനയോടൊപ്പം? എത്ര ചുവട്? എത്ര ചുവടായി?

എത്രയായാലും ഏഴ ചുവടായിട്ടില്ല. ആ വഴിക്ക് ഇനി ചുവട്ടു വെയ്ക്കുകയില്ലെന്നു തീരുമാനിച്ചതുമാണ്. കാരണം, ക്ലേററന്റെ ഭാവിവധുവാണ് റിന. ക്ലേററൻ തന്റെ സ്നേഹിതനും. അച്ഛന്റെയും അമ്മയുടെയും കത്തു കാര്യമാക്കിയില്ലെങ്കിലും ഇക്കാര്യത്തിൽ അയാൾ സൂക്ഷിച്ചുതുടങ്ങി. പിറേറന്നുമുതൽ റിനയുടെ വീട്ടിൽ പോകുന്നതു നിർത്തി. റിന എഴുതെഴുതി. അയാൾ മറുപടി കൊടുത്തു: "ജോണി ഉണ്ടായിരുന്നപ്പോൾ ജോണിയുടെകൂടെ വന്നു. ഇപ്പോൾ ജോണിയില്ല. പിന്നെ എന്റെ പരീക്ഷയുമടുത്തു. ജോണി തിരിച്ചുവരുമ്പോൾ വരാം. എന്നെ കുററപ്പെടുത്തരുത്."

ജോൺ ക്ലേററൺ മിലിട്ടറി ട്രെയിനിംഗിനു പോയിരിക്കുകയാണ്.

*　　　*　　　*

"അച്ഛാ!" ഭൂതകാലത്തിന്റെ സ്മരണകളെ മുക്കിത്താഴ്ത്തിക്കൊണ്ടു വർത്തമാനകാലം സംസാരിച്ചതുപോലെ. ആരോ അദ്ദേഹത്തെ വിളിച്ചു.

"ആര്?" കൃഷ്ണസ്വാമി പെട്ടെന്നു നിന്നു. ആർക്കെങ്കിലും അസുഖമായോ?

"ഇത്ര കാലത്തു നടന്നു് എവിടെപ്പോകുന്നു? സൈക്കിളിനെന്തുപററി?"

ഏതോ ഗ്രാമത്തിൽനിന്നു തലയിൽ മൺകുടവും ചണത്തണ്ടും ചുമന്നുകൊണ്ടു് ഏതാനും ലായക്'മാർ വിഷ്ണുപൂരിലേക്കു പോകുകയാണു്. വഴിക്കു് അച്ഛനെക്കണ്ടു് പുഞ്ചിരിയോടെ, ആത്മസ്നേഹിതരെപ്പോലെ കുശലം ചോദിക്കുന്നു.

കൃഷ്ണസ്വാമിക്കു വഴി തെററിപ്പോയി. കാട്ടിൻെറ നടുക്കു് ഇതു് അസാധാരണമല്ല.

തൻെറ ബംഗ്ലാവിലേക്കുള്ള വഴിയിൽനിന്നു വളരെ അകന്നുപോയിരിക്കുന്നു. കാട്ടു് മിക്കവാറും അവസാനിക്കാറായി. കാട്ടു് അവസാനിച്ചാൽ വിഷ്ണുപൂരിൻെറ പ്രാന്തമായി. യമുന അണക്കെട്ടിൻെറ വളരെ അട്ടത്തെത്തി.

കൃഷ്ണസ്വാമി പെട്ടെന്നു നിന്നു.

ഇവിടെനിന്നു മടങ്ങണോ?

വേണ്ട.

അണക്കെട്ടിൻെറ തീരത്തു പൊയ്ക്കളയാം. അവിടെ രാമകൃഷ്ണപരമഹംസൻ ഇരുന്നു വിശ്രമിച്ച പാറയെ ഒന്നു സ്പർശിച്ചിട്ടു പോരാം.

മനസ്സിൽ അടക്കിനിൎത്താൻ വയ്യാത്ത ഓൎമ്മകളുടെ പീഡനം ഇനിയും സഹിക്കാൻ വയ്യ.

മാഞ്ഞുപോകട്ടെ, ഭൂതകാലത്തിൻെറ സകലസ്മരണകളും മാഞ്ഞുപോകട്ടെ. ആ സന്യാസിശ്രേഷ്ഠൻെറ സ്പർശനഭാഗ്യം സിദ്ധിച്ച കല്ലിൻെറ സ്പൎശംകൊണ്ടു് തൻെറ മനസ്സിൽ വിരക്തി നിറയട്ടെ. വൈരാഗ്യത്തിൻെറ കാവിനിറത്തിൽ സുഖത്തിൻെറയും ദുഃഖത്തിൻെറയും, ചിരിയുടെയും കരച്ചിലിൻെറയും, മാരിവിൽവൎണ്ണങ്ങൾ നിശ്ശേഷം മുങ്ങിപ്പോകട്ടെ.

## അഞ്ച്

മഹാപുരുഷന്മാരുടെ പ്രഭാവം മഹാപുരുഷന്മാരോടൊപ്പംതന്നെ അപ്രത്യക്ഷമാകുന്നു. ഭൗതികലോകത്തെങ്കിലും അതു നിലനിൽക്കുകയില്ല. ഭൗതികലോകത്തിനു് അതിനെ-

പിടിച്ചുനിത്താൻ ശക്തിയില്ല. ഉണ്ടെങ്കിൽ ഈജിപ്തിലെ ഫറോവാമാരുടെ മമ്മികളുടെ അസ്തിത്വംകൊണ്ടുതന്നെ പുരാതന ഈജിപ്ത് രക്ഷപ്പെട്ടേനെ. ബുദ്ധൻെറ അസ്ഥിക്കഷ്ണങ്ങളിൽ സ്തൂപം കെട്ടിയതുകൊണ്ടു ഭാരതവർഷത്തിൻെറ സകലദുഃഖങ്ങളും അകന്നേനെ. ഈശ്വരപുത്രൻെറ ആവിർഭാവത്തിനുശേഷം യൂറോപ്യൻരാജ്യങ്ങൾ ഒന്നായിച്ചേന്ന് അതുല്യമായ ഒരു സ്വർഗ്ഗസാമ്രാജ്യം സൃഷ്ടിച്ചേനേ. യൂറോപ്പുതന്നെ ഇത്തരത്തിൽ ലോകമഹായുദ്ധത്തിൻെറ കേന്ദ്രമായിത്തീരുകയില്ല.

മഹാപുരുഷന്മാരുടെ ഓർമ്മയും വചനങ്ങളുംമാത്രം നിലനില്ക്കുന്നു. അവ മനുഷ്യരുടെ മനസ്സുതോറും പ്രവഹിക്കുന്നു. ഒരു നദിയെപ്പോലെ. എന്നാൽ സംശയത്തിൻെറ കൊടുങ്കാററുയന്നാൽ—എവിടെയോനിന്നു്, വിദൂരസ്ഥിതമായ ചക്രവാളത്തിൽനിന്നു് മണ്ണു വന്നടിഞ്ഞുകൂടിയാൽ—അഥവാ അതികഠിനമായ ഗ്രീഷ്മം അനുഭവപ്പെട്ടാൽ—മനസ്സ് മരുഭൂമിയായി മാറും. ആ നദീപ്രവാഹം വററി വരണ്ടുപോകും. ചുട്ടുപഴുത്ത മണൽപ്പുറംപോലെയാകും, നദിയുടെ മടിത്തട്ട്.

ശരിക്കും ഇതേപോലെ കൃഷ്ണസ്വാമിയുടെ മനസ്സിൽ അതികഠിനമായ ദാഹം ഹാഹാരവം മുഴക്കുകയാണ്. റിനാബ്രൗണിൻെറ കാര്യം മറക്കാൻ അദ്ദേഹത്തിന് ഒരുതരത്തിലും കഴിയുന്നില്ല. എങ്ങനെ കഴിയും? ഈ റിനയെ കാണുമ്പോൾ ആ റിനയെ ഓർമ്മിക്കാതിരിക്കുന്നതെങ്ങനെ? മരുഭൂമിയുടെ മദ്ധ്യത്തിലൂടെ മുമ്പൊഴുകിയിരുന്ന നദിയുടെ ഓർമ്മ എങ്ങനെ മായ്ച്ചുകളയും?

വിഷ്ണുപൂർ അണക്കെട്ടിനടുത്തുള്ള പാറയിൽ സ്പർശിച്ചുകൊണ്ടിരുന്നു ചിന്തിക്കുകയായിരുന്നു കൃഷ്ണസ്വാമി.

റിനയുടെ, സാന്ത്വനം മൂത്തീകരിച്ചതുപോലുള്ള രൂപം ഓർമ്മവരുന്നു. നീണ്ടു കറുത്ത കൺപീലികൾക്കിടയിൽ നിറഞ്ഞുതുളുമ്പുന്ന വലിയ രണ്ടു കണ്ണുകൾ. നനഞ്ഞ കണ്ണുകളോടെ കൃഷ്ണേന്ദുവിന്റെനേരെ നോക്കിക്കൊണ്ട് അവൾ പറഞ്ഞു: "യൂ ആർ ഹാർട്ട്ലസ്, യൂ ആർ ഹാർട്ട്ലസ്, കൃഷ്ണേന്ദു. ഐ ഡിഡ് നോട്ട് നോ. നെവർ തോട്ട് ഇററ് ഈവൻ."

കൃഷ്ണേന്ദുവിന്റെ അമ്മയുടെ മരണത്തിനുശേഷമാണിതു്. ആ ചിത്രം ഇന്നും മനസ്സിൽ തെളിഞ്ഞുകിടപ്പുണ്ടു്.

അമ്മ പെട്ടെന്നു് ഹൃദയസ്തംഭനംമൂലം മൃതിയടഞ്ഞു. കമ്പി കിട്ടിയ ഉടനെ പോയെങ്കിലും കൃഷ്ണേന്ദുവിനു് അവരെ കാണാൻ കഴിഞ്ഞില്ല. പതിനഞ്ചോ ഇരുപതോ ദിവസം കഴിഞ്ഞു് ശേഷക്രിയകൾ പൂർത്തിയാക്കി, മുണ്ഡനംചെയ്ത തലയുമായി അയാൾ കൽക്കത്തയ്ക്കു മടങ്ങി. സ്നേഹിതർക്കു് അറിയാമായിരുന്നു. എങ്കിലും റിനയോടു പറഞ്ഞിട്ടു പോരണമെന്നു് ഓർത്തില്ല. കാരണം ഇതിനിടയിൽ ഏതാനും മാസമായി അയാൾ അവളിൽനിന്നു് അല്പം അകന്നാണു് നടന്നിരുന്നതു്. ശാസ്ത്രീയമായ മാർഗ്ഗത്തിൽ കൗശലപൂർവ്വം അയാൾ മനസ്സിൽനിന്നു് റിനയെ അകററിനിർത്തിയിരുന്നു. ഡാക്ടറാണു് അയാൾ. ഇക്കാലത്തു് ഡാക്ടർമാർ മനഃശാസ്ത്രവും അറിഞ്ഞിരിക്കണം. ഒരുമിച്ചു തൊണ്ണൂറു ദിവസം മനസ്സിനെ വരിഞ്ഞുകെട്ടി നിർത്തിയാൽ, അകററി മാററിനിർത്തിയാൽ മനസ്സിന്റെ ആകർഷണം കുറയും. നശിക്കും. സ്നേഹിതന്റെ വധുവിനോടു് അടുപ്പംമൂലം ആസക്തി ഉണ്ടാകാതിരിക്കാൻ മനഃപൂർവ്വം അങ്ങനെ ചെയ്തതാണയാൾ. ക്ലേറ്റന്റെ ഭാവി വധുവാണു് റിന. അവൾക്കും അമ്മയും അച്ഛനുമുണ്ടു്. ആശുപത്രിയിൽവെച്ചു് പോളിബ്രൗണിനെ കാണും, സംസാരിക്കും. പക്ഷേ, അതും കഴിയുന്നിടത്തോളം കുറച്ചു. റിനയുടെ കാര്യം ഉന്നയിക്കുകതന്നെയില്ല. അമ്മയുടെ കർമ്മങ്ങൾ കഴിഞ്ഞു മടങ്ങിവന്നതിനുശേഷം, അയാളുടെ മുണ്ഡനം ചെയ്ത ശിരസ്സുകണ്ടു് പോളിബ്രൗൺ സവിസ്മയം ചോദിച്ചു: "എന്തു പററി, കൃഷ്ണേന്ദു? എനി മിസ്ഹാപ്?"

"എന്റെ അമ്മ—"

"മരിച്ചോ? അമ്മയും അച്ഛനും മരിച്ചാൽ നിങ്ങൾ തല മൊട്ടയടിക്കുമോ?"

"അതെ, മിസ്സിസ് ബ്രൗൺ. എന്റെ അമ്മ പെട്ടെന്നു് ഹൃദയംസ്തംഭിച്ചു മരിച്ചുപോയി. എനിക്കു കാണാൻകൂടി കഴിഞ്ഞില്ല."

പോളിബ്രൗൺ അടുത്ത ബന്ധുവിനെപ്പോലെ അയാളെ സാന്ത്വനപ്പെടുത്താൻ ശ്രമിച്ചു. കൃഷ്ണസ്വാമി ഉള്ളാലെ

അവൾക്കു നന്ദി പറഞ്ഞു. വൈകുന്നേരം അയാൾ ധർമ്മതലായിലെ ചേംബറിൽ സ്നേഹിതൻെറകൂടെയിരിക്കുമ്പോൾ റിന വന്നു കയറി. കണ്ണു നിറച്ചുകൊണ്ടു്, അയാളെ ശകാരിച്ചു കൊണ്ടു്, അവൾ പരാതിപ്പെട്ടു: ''നിങ്ങൾ ഹൃദയഹീനനാണു്, കൃഷ്ണേന്ദു. ഞാനറിഞ്ഞില്ല, ഒരിക്കലും ആലോചിച്ചു പോലുമില്ല.''

''ഇരിക്കൂ റിനേ!''

''വേണ്ട. ഇത്രയും വാക്കുകൾ പറയാനാണു് വന്നതു്. നിങ്ങൾ അമ്മയുടെ മരണവൃത്താന്തം കിട്ടിയിട്ടു് എന്നെ ഒന്നറിയിക്കുകകൂടി ചെയ്യാതിരുന്നതെന്താ? ഇത്ര അന്യയായിട്ടാണോ എന്നെ കരുതുന്നതു്?''

അവളുടെ കൈ പിടിച്ചമർത്തിക്കൊണ്ടു് കൃഷ്ണേന്ദു പറഞ്ഞു: ''ഞാൻ കുററം സമ്മതിക്കുന്നു.''

പിന്നീടു് റിന ഇരുന്നു. അന്നവൾ അയാളുടെ അമ്മയുടെ കാര്യങ്ങൾമാത്രമേ ചോദിച്ചുള്ളു. കൃഷ്ണേന്ദു സത്യമായും കരഞ്ഞുകൊണ്ടു പറഞ്ഞു: ''ഇന്നത്തെ ദിവസം എൻെറ മനസ്സിൽ മായാതെ കിടക്കും, റിനേ. സ്വർഗ്ഗംപോലെയാണു് നിൻെറ പരിശുദ്ധഹൃദയം. അതിൻെറ സ്പർശംകൊണ്ടു് എൻെറ മനസ്സു കുളിർത്തിരിക്കുന്നു.''

റിനയുടെ മുഖത്തു് ചെറിയൊരു ചിരി പൊട്ടിവിരിഞ്ഞു. വേദനകൊണ്ടു മ്ലാനമെങ്കിലും ശാന്തമായ ചിരി. അവൾ പറഞ്ഞു: ''സത്യത്തിൽ അമ്മയുടെ സ്നേഹം ഞാൻ ജീവിതത്തിലൊരിക്കലും അനുഭവിച്ചിട്ടില്ല, കൃഷ്ണേന്ദു. മമ്മി പോളിക്കു് എന്നെ സ്നേഹമാണു്. എങ്കിലും അതിലൊക്കെ ഗാഢമായ സ്നേഹത്തിൻെറ സ്വാദു് കുന്തിയാണു് എനിക്കു നല്കിയിട്ടുള്ളതു്. ഒന്നാലോചിച്ചുനോക്കൂ, അവരാണു് എന്നെ വളർത്തിയതു്. എൻെറ ആയ. അപ്പോൾ പിന്നെ ഗർഭംധരിച്ചു പ്രസവിച്ച അമ്മയുടെ സ്നേഹത്തിൻെറ സ്വാദു് എന്തായിരിക്കും?'' റിന പോയതിനുശേഷം കുറച്ചു നിമിഷം കൃഷ്ണേന്ദു അഭിഭൂതനായി ഇരുന്നുപോയി. ഈ സംഭവത്തിനുശേഷമാണു് വീണ്ടും റിനയുമായുള്ള ബന്ധം ശക്തിപ്പെട്ടതു്. ആ ചരടു് പഞ്ഞികൊണ്ടുള്ളതായിരുന്നില്ല; ഏതാനും മാസത്തെ കാലപ്പഴക്കംകൊണ്ടു് ജീർണ്ണിച്ചുപോകുന്നതും. സ്വർണ്ണംപോലുള്ള

ഏതോ ധാതുകൊണ്ടുള്ളതായിരുന്നു അതു്. ആയിരം വ ഷങ്ങൾക്കുശേഷവും, മണ്ണിൽനിന്നു കുഴിച്ചെടുത്ത സ്വർണ്ണാ ഭരണംപോലെ, ആയിരം വർഷം മുമ്പത്തെ രണ്ടു ഹൃദയങ്ങ ളുടെ യോജിപ്പിനു സാക്ഷിനിൽക്കും അതു്.

പരിശുദ്ധസ്വർണ്ണം. യാതൊരു കലർപ്പുമില്ല.

വീണ്ടും പെട്ടെന്നു് ഒരു ദിവസം. അന്നു് ആശുപത്രി കാമ്പൗണ്ടിൽ പ്രവേശിക്കാൻ തുടങ്ങുമ്പോൾ കുന്തി—റിനയു ടെ ആയ—ഓടിവന്നു: "ഡാക്ടർബാബു!"

അത്ഭുതകരമായിരുന്നു അവളുടെ നോട്ടം. വാചാലമായി രുന്നു ആ കണ്ണുകൾ. ഹൃദയത്തിലെ ദേഷ്യവും വേദനയും ഭയ വും അവളുടെ നോട്ടം പ്രതിഫലിപ്പിക്കാറുണ്ടു്. എന്നാൽ അ തിൽ ഭയവും പ്രാർത്ഥനയുമാണു നിറഞ്ഞിരുന്നതു്. എന്തോ സംഭവിച്ചിട്ടുണ്ടെന്നു് നോട്ടത്തിൽനിന്നുതന്നെ അയാൾ മന സ്സിലാക്കി.

കൃഷ്ണേന്ദു ആയിടെ പാസ്സായിട്ടേയുള്ളു. ഹൗസ് സർജ്ജ നായി കഴിയുന്നു. ബിലാത്തിയിൽ പോകണമെന്നാണു് അ യാളുടെ ആഗ്രഹം. രണ്ടുവർഷംകൊണ്ടു പണം ശേഖരിക്കാം. ഇപ്പോൾത്തന്നെ കുറച്ചുണ്ടു് കൈയിൽ. അമ്മ ആഭരണങ്ങൾ അയാൾക്കു നൽകിയിട്ടാണു മരിച്ചതു്. ശ്രാദ്ധത്തിനുശേഷം അവ അയാളെ ഏല്പിച്ചുകൊണ്ടു് അച്ഛൻ പറഞ്ഞു: "ഇതു നീ കൊണ്ടുപൊയ്ക്കോ. സൂക്ഷിച്ചുവെച്ചോ. എന്റെ കൈയി ലിരുന്നാൽ വിററുമുടിക്കും. നീ പാസ്സായിട്ടു് ഡിസ്പെൻസറി യിടണമെന്നുപറഞ്ഞു് അവൾ തന്നിരുന്നതാണു്."

അതല്ലെങ്കിലും കോളറയുടെ ചികിത്സയിൽ സലൈൻ ഇൻജക്ഷൻ കൊടുക്കുന്നതിൽ അയാൾക്കു നല്ല പേരു കിട്ടി യിരുന്നു. അയാളുടെ ധൈര്യവും അപാരമാണു്. ആ വഴിക്കു ധാരാളം സമ്പാദിക്കാൻ കഴിയും. പാസ്സാകുന്നതിനു മുമ്പു് അന്യഡാക്ടർമാരുടെ പുറകേ പോകേണ്ടിയിരുന്നു. ഇപ്പോൾ അയാൾക്കു് ഒററയ്ക്കു മുമ്പോട്ടുപോകാൻ അവകാശമുണ്ടു്. കൂ ടാതെ ഈ നാട്ടിലെ വലിയവരുടെ വീടുകളിൽ ചീത്ത ഭക്ഷ ണസാധനങ്ങൾക്കു് ഇന്നും നിർബാധം പ്രവേശിക്കാൻ കഴി യും. അവർ തിന്നുന്നതിനും കണക്കില്ല. കൽക്കത്താനഗര ത്തിൽ ഈ ചികിത്സയ്ക്കു കുറവൊന്നുമില്ല. ഇക്കൂട്ടർ കുത്തിവെയ്ക്കുകയു

മില്ല. അവരുടെ വീട്ടുകളിൽനിന്നു ധാരാളം പണം സമ്പാദിക്കാം. ധർമ്മതലായിലെ ചേംബറിനു പുറമേ ചിത്പൂരിൽ മറെറാന്നു തുറന്നിട്ടുണ്ട്. സൽവർഷൻ ഇൻജക്ഷനിലാണ് ഏററവുമധികം പേര്. ധർമ്മതലായിൽ ആംഗ്ലോ–ഇന്ത്യക്കാർ ലജ്ജയൊന്നും കൂടാതെ ചികിത്സയ്ക്കു വന്നുകൊള്ളും. ലജ്ജമൂലം രഹസ്യമായി ചികിത്സ നടത്താനാഗ്രഹിക്കുന്നവർക്കു വേണ്ടിയാണ് ചിത്പൂരിലെ ചേംബർ. അവിടെ ഫീസ് എട്ടുരൂപയാണ്, നാലുരൂപയല്ല. റിനയുടെ കാര്യം ഉള്ളിൽ ഒളിഞ്ഞിരുപ്പുണ്ട്. എങ്കിലും അയാളതു ശ്രദ്ധിച്ചില്ല. അയാൾ വിദേശത്തു പോകാനാഗ്രഹിക്കുന്നു.

കുന്തി ഭയത്തോടെ കണ്ണു മിഴിച്ചുകൊണ്ടു പറഞ്ഞു: "റിന കരയുന്നു, ഡാക്ടർബാബൂ!"

"കരയുന്നോ?"

"പൊട്ടിപ്പൊട്ടി കരയുന്നു. കാലത്തു തുടങ്ങിയതാണ്."

"എന്താ അത്? എന്തു പററി?"

"അറിഞ്ഞുകൂടാ. ജോണിസാഹിബ്ബിൻെറ അച്ഛൻെറയടുത്തുനിന്ന് സാഹിബ്ബിന് എഴുത്തുവന്നിട്ടുണ്ട്. എനിക്കറിഞ്ഞുകൂടാ, അവർ പറഞ്ഞതാണ്."

കൃഷ്ണേന്ദുവിനു പോകാതിരിക്കാൻ കഴിഞ്ഞില്ല. റിന കിടന്നു കരയുകതന്നെയായിരുന്നു. കൃഷ്ണേന്ദു ചെന്നയുടനെ അവൾ ഒരു കത്ത് എറിഞ്ഞുകൊടുത്തുകൊണ്ടു പറഞ്ഞു: "ഞാനിനി എന്തുചെയ്യും, കൃഷ്ണേന്ദൂ?" അവൾ വീണ്ടും പൊട്ടിപ്പൊട്ടിക്കരഞ്ഞു.

ജോണിയുടെ അച്ഛൻ, ചാറൽസ് ക്ലേററൺ, ബ്രൗൺസാഹിബ്ബിന് എഴുതിയിരിക്കുകയാണ്: "ജോണിന് നിങ്ങളുടെ കത്തു കിട്ടി. നിങ്ങൾക്കു വളരെ നന്ദി. നിങ്ങൾ സത്യസന്ധനായ ഒരു ഇംഗ്ലീഷുകാരനും ക്രിസ്ത്യാനിയുമാണ്. ഞാനും അങ്ങനെതന്നെ. ജോണിയും ക്രിസ്ത്യാനിയുടെ പുത്രനായ ക്രിസ്ത്യാനിയാണ്. റിനയെ വിവാഹംചെയ്യുന്നതു സംബന്ധിച്ച് അവൻ നിങ്ങൾക്ക് എഴുതാൻ ഒരുങ്ങിയിരിക്കുമ്പോഴാണ് നിങ്ങളുടെ കത്തു കിട്ടിയത്. ജോൺ നിങ്ങളെ അറിയിക്കാനാഗ്രഹിച്ച കാര്യം ഞാൻതന്നെ അറിയിച്ചേക്കാം. ശരിക്കു മാററുരച്ചുനോക്കാതെ പ്രേമത്തിൻെറ മൂല്യം മനസ്സിലാ

ക്കാൻ കഴിയുകയില്ല. ഭഗവാനു നന്ദി, റിനയുമായുള്ള അടുപ്പത്തിൻെറ രൂപം അവനു് അല്പദിവസത്തിനുള്ളിൽത്തന്നെ മനസ്സിലായല്ലോ. സ്നേഹത്തെയാണു് അവൻ പ്രേമമായി തെററിദ്ധരിച്ചതു്. ജോൺ ഇവിടെവന്നു ജോലിയിൽ പ്രവേശിച്ചതിനുശേഷം കൂടുതൽ വിശാലമായ സമുദായത്തിൽ പെരുമാറിയപ്പോൾ തൻെറ ശരിയായ പ്രേമഭാജനത്തെ കണ്ടെത്തി. കേണൽ റെയ്മണ്ട് എൻെറ പഴയ സ്നേഹിതനാണു്. പോളിക്കറിയാം അദ്ദേഹത്തെ. അദ്ദേഹത്തിനു് എമിലി എന്നൊരു മകളുണ്ടു്. വളരെ നല്ലവളും സുന്ദരിയുമാണു് എമിലി റെയ്മണ്ടു്. അവർ രണ്ടുപേരും പരസ്പരം പ്രേമിക്കുന്നു. അടുത്തുതന്നെ അവർ ഭാര്യാഭർത്താക്കന്മാരായിത്തീരുകയും ചെയ്യും. എ പുവർ ഗേൾ ഇൻ ഡിസ്ട്രസ് ഈസ് എ സേക്രഡ് തിംഗ്. റിന സങ്കടപ്പെടുന്നതിൽ എനിക്കു് അത്യഗാധമായ സഹാനുഭൂതിയുണ്ടു്. ക്രമത്തിൽ എല്ലാം മാറിക്കൊള്ളും. റിനയെ സംബന്ധിച്ചു് നിങ്ങളവനെ അറിയിച്ച സത്യത്തിനു വളരെ നന്ദി. നിങ്ങൾ ഒരു പരിശുദ്ധക്രിസ്ത്യാനിയാണു്.''

കൃഷ്ണേന്ദു സ്തംഭിച്ചു നിന്നുപോയി. ക്ലേററനെക്കുറിച്ചു മനസ്സിൽ വല്ലാത്ത അമർഷം തോന്നി. അടക്കാൻവയ്യാത്ത ക്ഷോഭം അനുഭവപ്പെട്ടു. അയാൾ ഇന്നിവിടെ ഉണ്ടായിരുന്നെങ്കിൽ—! അയാൾ തുറന്ന ജനലിലൂടെ, കൽക്കത്തയിലെ കെട്ടിടങ്ങളുടെ മുകളിലെ ആകാശത്തേയ്ക്കു നോക്കിനിന്നു. ഇത്ര പാഷണ്ഡനാണോ ക്ലേററൺ!

''ഐ ഗേവ് ഹിം മൈ എവരിതിംഗ്, കൃഷ്ണേന്ദു!'' റിന തലയിണയിൽ മുഖമമർത്തി കരയാൻ തുടങ്ങി.

''റിനേ, കരയല്ലേ, റിനേ! ലുക്ക് അററ് മി ഇൻ മൈ ഫേസ്, റിനാ!''

റിന അയാളുടെനേരെ തിരിഞ്ഞുനോക്കി. വിഷണ്ണമായ മൃദുമന്ദഹാസത്തോടെ അവൾ പറഞ്ഞു: ''ഒഥല്ലോയെപ്പോലെ നിങ്ങളിന്നു് എന്നെ കഴുത്തു ഞെരിച്ചു കൊന്നെങ്കിൽ, കൃഷ്ണേന്ദു—!''

ആ നിമിഷം എന്തോ സംഭവിച്ചു. വമ്പിച്ച, ഉയന്ന ഒരണക്കെട്ടു് ഇളകിയിളകി, ആടിയാടി, ഗംഭീരശബ്ദത്തോടെ

തകന്നു നിലംപതിക്കുന്നതു കണ്ടിട്ടുണ്ടോ ആരെങ്കിലും? ശരിക്കു് അതേപോലെ അണക്കെട്ടു തകന്നുവീണു. ഉന്മത്തമായ ജലപ്രവാഹത്തിൽപ്പെട്ടു് കുത്തിമറിയുന്നതുപോലെ ജീവിതത്തിലെ സകല ആവേശവും മുഹൂർത്തനേരംകൊണ്ടു മുക്തി നേടി. "റിനേ, റിനേ...ഞാൻ നിന്നെ പ്രേമിക്കുന്നു." ഏതാനും വാക്കുകൾ അയാളുടെ വായിൽനിന്നു് അടന്നുവീണു. അയാൾ ഭ്രാന്തനെപ്പോലെ റിനയുടെ നെഞ്ചിൽവീണു് അവളെ കെട്ടിപ്പിടിച്ചു.

"റിനാ, ഐ ലവ് യൂ—ഞാൻ നിന്നെ പ്രേമിക്കുന്നു, റിനേ! മൈ ലവ്! എന്റെ എല്ലാമാണു് നീ, റിനേ! ഞാൻ നിന്നെ പ്രേമിക്കുന്നു!"

അസ്പഷ്ടവും മൃദുവുമായ ശബ്ദത്തിൽ റിന ഇത്രമാത്രം പറഞ്ഞു: "കൃഷ്ണേന്ദു, മൈ കൃഷ്ണേന്ദു!"

"ഞാൻ നിന്നെ സ്നേഹിക്കുന്നു, റിനേ!"

അവൾ ഇത്രമാത്രം പറഞ്ഞു: "കൃഷ്ണേന്ദു—മൈ കൃഷ്ണേന്ദു! മൈ കൃഷ്ണേന്ദു!"

പിന്നീടു മുഖത്തോടു മുഖം ചേർത്തുവെച്ചു് അവർ വളരെനേരം സ്തബ്ധരായി ഇരുന്നുപോയി. വളരെനേരം കഴിഞ്ഞു് കൃഷ്ണേന്ദു പറഞ്ഞു: "ഞാൻ താമസിപ്പിക്കാനാഗ്രഹിക്കുന്നില്ല. കഴിയുന്നത്ര നേരത്തെ വിവാഹം നടത്തണം, ഞാൻ രാവിലെ വന്നു നിന്റെ അച്ഛനോടും അമ്മയോടും സംസാരിക്കാം."

പിറേറന്നു് കൃഷ്ണേന്ദു ചെന്നു് ബ്രൌൺസാഹിബ്ബിനോടു കാര്യം പറഞ്ഞു.

അദ്ദേഹം അയാളുടെ മുഖത്തു നോക്കിക്കൊണ്ടു പറഞ്ഞു: "യൂ സീ മിസ്റ്റർ ഗുപ്ത, ഞാനൊരു ഇംഗ്ലീഷുകാരനാണു്. അതിലുമുപരി ഒരു ക്രിസ്ത്യാനിയാണു്. എന്റെ മകൾ റിന ആംഗ്ലോ-ഇന്ത്യക്കാരിയാണു്, സമ്മതിക്കുന്നു. അവളിൽ ഈ നാട്ടിലെ രക്തം കുറച്ചുണ്ടു്. എങ്കിലും അവളെന്റെ മകൾതന്നെ. ഇന്നത്തെ കാലത്തെപ്പോലെ മൂന്നു സാക്ഷികളെ വെച്ചു രജിസ്റ്റർചെയ്തു് അവളെ വിവാഹം ചെയ്തു കൊടുക്കാൻ എനിക്കു സമ്മതമില്ല. അവൾക്കും സമ്മതമാവില്ല അതു്. അവൾക്കു് എന്നേക്കാൾ സ്നേഹമുണ്ടു് ക്രിസ്തുമതത്തോടു്. നിങ്ങളെ എനിക്കറിയാം. നിങ്ങൾ നല്ലവനാണു്, ധൈര്യശാലി

യാണ്, കഴിവുള്ളവനാണ്. വിവാഹത്തിന്ന് എനിക്ക് ഇഷ്ടക്കേടില്ല. പക്ഷേ, നിങ്ങൾ ക്രിസ്ത്യാനിയാകണം.''

ക്രിസ്ത്യാനിയാകണം! കൃഷ്ണേന്ദു സ്തംഭിച്ചുപോയി. അയാൾ അത്രയ്ക്ക് ആലോചിച്ചില്ല. മതത്തിൽ അയാൾക്കു വിശ്വാസമില്ല. അതുകൊണ്ട് മതം മാറുന്നതിൽ വലിയ കാര്യവുമില്ല. എങ്കിലും അയാൾക്ക് അതിശക്തമായ ഒരാഘാതം അനുഭവപ്പെട്ടു.

''ആലോചിച്ചുനോക്കൂ. നാളെ മറുപടി പറഞ്ഞാൽ മതി. നാളെ കഴിയില്ലെങ്കിൽ കുറച്ചുദിവസത്തിന്നു ശേഷമായാലും വിരോധമില്ല.''

കൃഷ്ണേന്ദു തലപുകഞ്ഞാലോചിച്ചുകൊണ്ടാണ് മടങ്ങിയതു്. റിനയുടെ മുറിയുടെ വാതിൽക്കൽ അയാൾ പെട്ടെന്നു നിന്നു. വാതിലടച്ചിരുന്നു. അയാൾ വിളിച്ചു: ''റിനേ!''

കരച്ചിൽകൊണ്ട് അടഞ്ഞ സ്വരത്തിൽ അവൾ പറഞ്ഞു: ''നിങ്ങൾ പോകൂ, നിങ്ങൾ പോകൂ. ഞാനാലോചിച്ചില്ല. ഇതു ഞാനാലോചിച്ചില്ല. ഗോ ബാക്ക് കൃഷ്ണേന്ദു, ഗോ ബാക്ക്!''

''റിനേ!''

''വേണ്ട, വേണ്ട, വേണ്ട. എന്നെ മറന്നേക്കൂ. ഗോ ബാക്ക്!''

അയാൾ പോന്നു. കോണിയുടെ തിരിവിൽ കുന്തി നിന്നിരുന്നു, കരഞ്ഞുകൊണ്ട്. കൃഷ്ണേന്ദുവിനെ കണ്ട് അവൾ പറഞ്ഞു: ''റിന ചത്തുപോകും, ഡാക്ടർബാബു—റിന ചത്തു പോകും.''

ഭൂമി കറങ്ങുകയായിരുന്നു. ആകാശവും ഭൂമിയും, വീട്ടും പറമ്പും, മനുഷ്യരും—എല്ലാം ചുററിത്തിരിഞ്ഞു് അപ്രത്യക്ഷമാകുന്നു. അയാളുടെ മനസ്സിൽ നോക്കെത്താത്തവിധം ശൂന്യത നിറഞ്ഞു. എല്ലാം ശൂന്യം. സർവ്വത്ര ശൂന്യത. റിനയെ കൂടാതെ ഇന്നയാൾക്ക് ജീവിതത്തെക്കുറിച്ച് ഓർക്കാൻ വയ്യ. മതം? മതത്തെ താൻ വകവെയ്ക്കുന്നില്ല. ഈശ്വരനെയും. പുതിയ കാലത്തെ പുതിയ സത്യങ്ങൾമാത്രമേ താൻ വിശ്വസിക്കുന്നുള്ളു. ഈശ്വരൻ ഇല്ല—ഈ സത്യംമാത്രമേ ഇന്നു് തന്നെ സംബന്ധിച്ചിടത്തോളം സത്യമായുള്ളു. ഭൃത്ത് ഈസ്

ഗോഡ്—സത്യം ഭഗവാനാണെങ്കിൽ, എല്ലാ മതങ്ങളും ഇന്നു തനിക്ക് ഒരുപോലെ മിഥ്യയാണ്. എങ്കിലും ഒരെണ്ണത്തെ അവലംബമാക്കേണ്ടിവന്നിരിക്കുന്നു. താൻ വകവെയ്ക്കുന്നില്ലെങ്കിലും ആളുകൾ തന്നെ ഹിന്ദുവായിട്ടാണു കാണുന്നതു്. അതു് ഫോറങ്ങൾ പൂരിപ്പിക്കുമ്പോഴൊക്കെ എഴുതുകയും വേണം. പക്ഷേ, ഇന്നു് റിനയാണു തൻെറ ജീവിതത്തിലെ സർവ്വശ്രേഷ്ഠസത്യം, അവൾക്കുവേണ്ടി, വേണ്ടിവന്നാൽ താൻ ക്രിസ്ത്യാനിയുമാകും. തൻെറ അച്ഛൻ—!

ഒപ്പംതന്നെ അയാളുടെ ഹൃദയാന്തർഭാഗം വിറച്ചു.

അച്ഛൻ! തൻെറ അച്ഛൻ! അച്ഛനു് ഇതു സന്തോഷത്തോടെ സ്വീകരിക്കാൻ കഴിയുമോ? ക്രിസ്ത്യാനിയായാലും തനിക്ക് അദ്ദേഹത്തിൻെറ സന്താനമായിരിക്കാൻ കഴിയുകയില്ലേ? അദ്ദേഹം സ്വന്തം മതവുമായി കഴിയട്ടെ. അദ്ദേഹത്തിൻെറ ആചാരങ്ങളെയും പ്രവൃത്തികളെയുമെല്ലാം താൻ ഇന്നത്തെപ്പോലെതന്നെ ആദരിക്കും. താൻ യാതൊരു മതാചാരങ്ങളിലും സ്വന്തം ജീവിതസത്യത്തെ തേടുകയില്ല. ഈ ചികിത്സാശാസ്ത്രത്തിലൂടെയും ചികിത്സാജീവിതത്തിലെ ആചാരങ്ങളിലും പ്രവൃത്തികളിലുംകൂടെയുമായിരിക്കും തന്റെ അന്വേഷണം. അപ്പോൾ പിന്നെ ആക്കു വിരോധമുണ്ടാകാൻ? എന്തിനു സംഘർഷമുണ്ടാകണം? റിനയ്ക്കുവേണ്ടി പേരിനുമാത്രം താൻ ക്രിസ്ത്യാനിയാകും. അച്ഛൻ ഗ്രാമത്തിലാണു്, താൻ വളരെ അകലെ നഗരത്തിലും. അദ്ദേഹം വൃദ്ധനായി. അദ്ദേഹത്തിനു തന്നെക്കൊണ്ടു് എന്തു പ്രയോജനം? ശുശ്രൂഷയ്ക്കോ? ശുശ്രൂഷ താൻ ചെയ്യും. അദ്ദേഹം തന്നെ തൊടില്ലേ? റിനയെ തൊടില്ലേ? എന്തുകൊണ്ടു തൊടില്ല? എന്തുകൊണ്ടു്?

പകുതി ഭ്രാന്തനെപ്പോലെ അയാൾ ഇറങ്ങിപ്പോന്നു. അയാളുടെ ഉള്ളിൽനിന്നു ദേഹത്തിലെ ഓരോ അണുവും പരമാണുവും വിളിച്ചുകൊണ്ടിരുന്നു: "റിനേ—റിനേ—റിനേ—!" റിനയിൽനിന്നു വേർപെട്ടു് തനിക്കു ജീവിക്കാൻ സാദ്ധ്യമല്ല. തൻെറ മാംസക്കൊതിയല്ല ഇതു്. താൻ പലതവണ പരീക്ഷിച്ചിട്ടുണ്ടു്. അതിലുപരി എന്തോ ആണു്. അതിനേക്കാൾ ഉപര്യുപരിയായ എന്തോ ഒന്നു്.

ശരീരത്തിനു സുഖമില്ലെന്നു പറഞ്ഞു് അയാൾ ആശുപ

ത്രിയിൽനിന്നു പോന്നു. ചെറിയൊരു ബാഗിൽ ചില്ലറ സാധനങ്ങൾ നിറച്ച് ഹൗറയിൽ വന്നു് ട്രെയിനിൽ കയറികൂത്തിയിരുന്നു. വീട്ടിലെത്തി. അച്ഛന്റെ മുമ്പിൽ ചെന്നു നിന്നു.

"നീയിത്ര പെട്ടെന്നു്—?" അച്ഛൻ ഞെട്ടിപ്പോയി. ഇതെന്തു കോലം?

"അച്ഛനെ കാണാൻ വന്നതാണു്. അനുവാദം ചോദിക്കാൻ വന്നതാണു്. ഞാനൊരു ആംഗ്ലോ-ഇന്ത്യൻ ക്രിസ്ത്യാനിപ്പെൺകുട്ടിയെ കല്യാണം കഴിക്കാനാഗ്രഹിക്കുന്നു."

അച്ഛൻ ഞെട്ടിയില്ല; നിലവിളിച്ചില്ല. അയാളുടെ മുഖത്തുനോക്കി, സുപരിചിതമായ ശാന്തഭാവത്തിൽ പറഞ്ഞു: "ഇതെനിക്കറിയാമായിരുന്നു."

അച്ഛന്റെ കാലിൽ കെട്ടിപ്പിടിച്ചു കിടന്നുകൊണ്ടു് കൃഷ്ണേന്ദു ഭ്രാന്തനെപ്പോലെ പറഞ്ഞു: "അച്ഛൻ സമ്മതിക്കു."

അച്ഛൻ പറഞ്ഞു: "നിനക്കു ഭ്രാന്താണു്. അല്ലെങ്കിൽ ഒരു ക്രിസ്ത്യാനിപ്പെണ്ണിനുവേണ്ടി നീ എന്റെ മതം ഉപേക്ഷിക്കുമെന്നു് ഇങ്ങനെ ലജ്ജാഹീനനായി എന്റെ കാലിൽ പിടിച്ചുകൊണ്ടു പറയുകയില്ല."

"അവളെക്കൂടാതെ ഞാൻ ജീവിക്കുകയില്ലച്ഛാ!"

"നീ മരിച്ചാൽ ഞാൻ ആത്മഹത്യ ചെയ്യുമെന്നു കരുതുന്നതു തെറ്റായിരിക്കും, കൃഷ്ണേന്ദു. ഞാൻ ആത്മഹത്യ ചെയ്യുകയില്ല. സങ്കടമുണ്ടാകും. എങ്കിലും ജീവിക്കും, ഭഗവന്നാമം ജപിച്ചുകൊണ്ടു ജീവിക്കും. എന്റെ മതപ്രകാരം ആത്മഹത്യ അധർമ്മമാണു്."

അയാൾ ഉറക്കെ വിളിച്ചു: "അച്ഛാ!"

അച്ഛൻ ശാന്തസ്വരത്തിൽ പറഞ്ഞു: "ഞാനുത്തരം പറഞ്ഞുകഴിഞ്ഞു, കൃഷ്ണേന്ദു. ആ പെണ്ണിനെ കല്യാണം കഴിച്ചാലും, ആ പെണ്ണിനെ കിട്ടാതെ മരിച്ചാലും നീ എന്നെ സംബന്ധിച്ചിടത്തോളം മരിച്ചതുതന്നെ. ഞാൻ നിന്നോടു പറഞ്ഞിരുന്നു, ഇനിയും മുമ്പോട്ടു പോകരുതെന്നു്. നീ കേട്ടില്ല. അവളുമായി ജീവിതത്തിൽ അഗ്നിസാക്ഷിയായി ഏഴു ചുവടു നീ വെച്ചുകഴിഞ്ഞെങ്കിൽ ഇനിയെന്താ മാർഗ്ഗം?"

ദീർഘനിശ്വാസം വിട്ടിട്ട് ചിരിച്ചുകൊണ്ടു് അദ്ദേഹം ഗോവിന്ദനെ സ്മരിച്ചു. പിന്നീടൊന്നും പറഞ്ഞില്ല. ഏഴു

നേറ്റു പോയി. കുറച്ചുനേരം നിന്നിട്ട്, പോയതുപോലെതന്നെ ഭ്രാന്തനായി, കൃഷ്ണേന്ദു മടങ്ങിപ്പോന്നു. നേരെ സ്റ്റേഷനിലെത്തി. അച്ഛൻ ഒരിക്കൽ മടക്കിവിളിച്ചതുകൂടിയില്ല. കൽക്കത്തയ്ക്കുള്ള വഴിയിൽ ഇടയ്ക്കിറങ്ങി. രാത്രി മുഴുവൻ പ്ലാററ് ഫോമിൽ ഇരുന്നു കഴിച്ചുകൂട്ടി. പ്രഭാതത്തിനുമുമ്പ് വീണ്ടും ട്രെയിനിൽ കയറി കൽക്കത്തയിലെത്തി.

വന്ന ഉടനെ റിനയുടെ കത്തു കണ്ടു: "അരുതു്, അരുതു്—നിങ്ങളതു ചെയ്യരുതു്. കൃഷ്ണേന്ദു—ഞാൻ യാചിക്കുന്നു. ഇതെൻെറ അവസാനത്തെ വാക്കാണു്. ഞാൻ അസൻസോളിലേക്കു് പോകുന്നു. റവറണ്ട് ഏൃണസ്റ്റിൻെറ അടുത്തേക്കു്. അദ്ദേഹത്തിൻെറ പക്കൽ ശാന്തിയുണ്ട്. ഞാൻ ശാന്തിയന്വേഷിച്ചു പോകുകയാണു്—റിന."

പക്ഷേ, കൃഷ്ണേന്ദു അപ്പോഴേയ്ക്കു് ദൃഢപ്രതിജ്ഞ എടുത്തിരുന്നു. മനസ്സു് ഉറപ്പിച്ചിരുന്നു.

റിനയെ നേടുകതന്നെ വേണം. ജീവിതത്തിലെ എന്തുതന്നെ വിലയായി കൊടുക്കേണ്ടിവന്നാലും റിനയെ തനിക്കു വേണം. മതവും ജാതിയും, ജോലിയും യശസ്സും—എല്ലാം എല്ലാം കൊടുക്കാൻ തയ്യാർ. റിനയ്ക്കു് അറിഞ്ഞുകൂടാ. തനിക്കു ശാന്തിനല്ലാൻ റവറണ്ട് ഏൃണസ്റ്റിനു കഴിയുകയില്ല, അദ്ദേഹത്തിൻെറ മതത്തിനും. തനിക്കു് അവളെ ലഭിക്കുന്നതിൽ എല്ലാമുണ്ട്—ശാന്തിയും സുഖവും ആനന്ദവും തൃപ്തിയും. ജീവിതത്തിലെ സുഖവും ശാന്തിയും ഭോഗത്തിലും ഭോഗവസ്തുക്കളിലുമല്ല. അതുപോലെതന്നെ ജീവിതം ഉപേക്ഷിക്കുന്ന ആദർശവാദത്തിലോ, വ്രതങ്ങളും ഉപവാസങ്ങളും മന്ത്രജപവും തപസ്സുംപോലുള്ള കഠിനമായ കാര്യങ്ങളിലോ അല്ല. ഭൗതികശരീരത്തിലല്ല, എല്ലാം മായയാണെന്ന വിശ്വാസത്തിലുമല്ല. ജീവിതത്തിൽ കാര്യമായി എന്തെങ്കിലുമുണ്ടെങ്കിൽ അതു ജീവിതത്തിൽത്തന്നെയുണ്ട്. റിനേ, നീയാഗ്രഹിക്കുന്നതു് എന്നിലുണ്ട്, ഞാനാഗ്രഹിക്കുന്നതു് നിന്നിലും. രൂപം, രസം, വർണ്ണം, ഗന്ധം, സ്വാദു്, മനസ്സു്, മാധുര്യം, സ്നേഹം, പ്രേമം, സാന്ത്വനം—ഇതൊക്കെയാണല്ലോ ജീവിതത്തിലാവശ്യം. ഇവ ജീവിതത്തിൽത്തന്നെയുണ്ട്. വേറെയെങ്ങുമില്ല, വേറെയെങ്ങും.

അയാൾ വീണ്ടും ഇറങ്ങി നടന്നു. ഇനിയും താമസിപ്പിക്കരുത്. അയാൾ നേരെ ബ്രൗണിൻെറയും പോളിയുടെയുമടുത്തു പോയി.

"ഞാൻ ക്രിസ്ത്യാനിയാകാൻ തീരുമാനിച്ചു, മിസ്റ്റർ ബ്രൗൺ."

ബ്രൗൺ ഏതാനും നിമിഷം അയാളുടെ മുഖത്തുതന്നെ നോക്കിയിരുന്നു. പിന്നീട്ട് എഴുന്നേററുവന്ന് അയാളുടെ കരം ഗ്രഹിച്ചുകൊണ്ടു പറഞ്ഞു: "ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു, ഗുപ്താ."

കൃഷ്ണേന്ദു പറഞ്ഞു: "റിനയുമായുള്ള വിവാഹത്തിൽ നിങ്ങൾക്കിനി യാതൊരു തടസ്സവും ഇല്ലെന്നാശിക്കട്ടെ?"

"തീർച്ചയായും. അത്യന്തം ആനന്ദത്തോടെ ഞാനതു സമ്മതിക്കാം." റിന ആ ആഘാതത്തിൽ മർമ്മം നൊന്തു് അസൻസോളിൽ പോയിരിക്കുകയാണ്. അവളുണ്ടെങ്കിൽ സന്തോഷംകൊണ്ടു തുള്ളിച്ചാടിയേനെ.

"ഇന്നുതന്നെ ഞാൻ പള്ളിയിൽ പോകുകയാണ്."

"വേണമെങ്കിൽ ഞാൻ നിങ്ങളെ സഹായിക്കാം."

ബ്രൗണിൻെറ സഹായംമൂലം മതംമാററം വളരെ എളുപ്പം നടന്നു. മതംമാററത്തിനുശേഷം ബ്രൗൺ പറഞ്ഞു: "യു റൺ അപ്പ്ടു റിനാ. ബ്രിംഗ് ഹെർ ബാക്ക്."

പോളി പറഞ്ഞു: "അവൾ കരഞ്ഞുകൊണ്ടാണു പോയതു്. മന്ദഹാസത്തോടെ മടങ്ങിവരട്ടെ."

കൃഷ്ണേന്ദു പറഞ്ഞു: "നാളെത്തന്നെ പോകാം."

അയാൾ വീട്ടിലേക്കു് മടങ്ങിപ്പോയി. തലേദിവസം ധർമ്മതലായിൽ പുതിയൊരു വീട്ട് എടുത്തിരുന്നു. റിനയെയും കൂട്ടി കുടുംബം പുലർത്താൻ പററിയ വീട്ട്. ക്രിസ്ത്യാനി ആയതിനുശേഷം പഴയ സ്ഥലത്തു താമസിക്കാനാഗ്രഹിച്ചില്ല. അയൽക്കാർ നിഷ്ഠുരമായി കുത്തുവാക്കു പറയും. മനസ്സിൽ ഒരു ചോദ്യം ഉയന്നിരുന്നു. ഈശ്വരൻ സൃഷ്ടിച്ചതാണു മതമെങ്കിൽ ആളുകൾ ഇത്തരം ഇടുങ്ങിയ മനഃസ്ഥിതിക്കാരായതെങ്ങനെ? മനുഷ്യൻ എങ്ങനെ ഇത്തരത്തിൽ പ്രേമഹീനനാകുന്നു? ഒരു നിമിഷംകൊണ്ടു് ഇത്രയും കാലത്തെ സ്നേഹവും മമതയുമെല്ലാം മാഞ്ഞുപോകുമോ? ഈശ്വരൻ പ്രേമഹീ

നനാണോ? സ്നേഹവും മമതയും ഇല്ലാത്തവനാണോ? വിദ്വേഷപരായണനാണോ ഈശ്വരൻ? മനസ്സ് എന്തോപോലെ ആയിത്തീന്നിരുന്നു. താൻ മതത്തെ വകവെയ്ക്കുന്നില്ല. ഈശ്വരൻ ഇല്ലെന്നു തനിക്കു തീച്ചയുണ്ട്. എങ്കിലും ഹിന്ദുധമ്മം ഉപേക്ഷിച്ച് ക്രിസ്തുമതം സ്വീകരിച്ചപ്പോൾ മനസ്സ് എന്തോപോലെ ആയി.

രാത്രിമുഴവൻ വരാന്തയിൽ ചാരുകസേരയിൽ കിടന്നു കഴിച്ചു. 'പുതിയ നിയമം' എടുത്തു വായിക്കാൻ ശ്രമിച്ചു. മനസ്സ് സമ്മതിച്ചില്ല. റിനയുടെ പടമെടുത്ത് അതിലേക്കു നോക്കിക്കൊണ്ടിരുന്നു. അപ്പോൾ മനസ്സ് വീണ്ടും ഉത്സാഹഭരിതമായി. രാത്രിമുഴവൻ റിനയുമായുള്ള വിവാഹത്തിന്റെ സ്വപ്നങ്ങൾ കണ്ടു. അയാൾ എഴുന്നേററു. അസൻസോൾ! അസൻസോളിൽ പോകണം. റിന! പ്രഭാതസൂര്യന്റെ കിരണങ്ങൾ സ്വർണ്ണപ്പാളികളാണെന്നു തോന്നിച്ചു.

ഭൂമി മണ്ണാണ്. ഭൂമി കഠിനമാണ്. സൂര്യന്റെ കിരണങ്ങൾ സ്വർണ്ണമല്ല, ചുട്ടുപഴുത്ത തീനാമ്പുകളാണ്. മനുഷ്യന്റെ ഏററവും വലിയ നാശം ആത്മവഞ്ചനയിൽ സ്ഥിതിചെയ്യുന്നു. താൻ സ്വയം ചെയ്തിടത്തോളം വഞ്ചന വേറെയാരും ആരോടും ചെയ്തിട്ടില്ല. മരീചിക സത്യമാണെന്നു ധരിച്ചു മനുഷ്യൻ അതിന്റെ പിന്നാലെ നടന്നുനടന്നു ക്ഷീണിച്ചു മുഖമടിച്ചുവീണുകിടന്നു നിലവിളിക്കുന്നു. ആ മരീചികയുടെ വിമോഹതയിൽ സ്വർണ്ണത്തെ മണ്ണായി തെററിദ്ധരിക്കുന്നു. ഭക്ഷണസാധനങ്ങൾ വായിൽനിന്നു തട്ടിക്കളഞ്ഞു് ഉപവാസംകൊണ്ട് സ്വയം പീഡിപ്പിക്കുന്നു.

റിനയുടെ ആ നോട്ടവും വിസ്മയംനിറഞ്ഞ മുഖവും ഇന്നും ഓമ്മയുണ്ട്.

അയാൾ അസൻസോൾ മിഷനിലെത്തി റിനയെ കണ്ടു. റവറണ്ട് ഏണസ്റ്റിന്റെ ബംഗ്ലാവിന്റെ മുമ്പിൽ ഉദാസീനമായ ദൃഷ്ടികളോടെ ആകാശത്തു നോക്കി നില്ക്കുകയായിരുന്നു അവൾ.

കൃഷ്ണേന്ദു ഉല്ലാസഭരിതനായി ദൂരെനിന്നേ അവളെ വിളിച്ചു: "റിനേ! റിനേ!"

റിന ഞെട്ടിത്തെറിച്ചു. അസ്പഷ്ടസ്വരത്തിൽ അവൾ ചോദിച്ചു: ''കൃഷ്ണേന്ദു?''

''അതെ,റിനേ. ഞാനിന്നലെ ബാപ്‌ടൈസ്‌ഡ്‌ ആയി. ഞാൻ നിന്നെ കൊണ്ടുപോകാൻ വന്നിരിക്കുകയാണു്. ഇനി യാതൊരു തടസ്സവുമില്ല. നീ എൻെറയാണു്. യു ആർ മൈൻ!''

റിനയുടെ ഭാവം വിചിത്രമാംവിധം മാറാൻ തുടങ്ങി. കൃഷ്ണേന്ദു അവളുടെ കൈ പിടിക്കാൻ തുടങ്ങിയിട്ടു് പെട്ടെന്നു് അനങ്ങാൻ കഴിയാതെ നിന്നുപോയി. റിന എന്തോപോലെ ആയി മാറിയിരുന്നു.

ഇമവെട്ടാത്ത നോട്ടം അയാളുടെ മുഖത്തു തറച്ചിട്ടുണ്ടെങ്കിലും അവൾ അയാളെ കാണുന്നില്ല. യൗവനമാധുര്യംകൊണ്ടു് അതുല്യമായ ആ മുഖത്തു്, നെററിയിലെ വളഞ്ഞ വരകളും പുരികങ്ങളും എന്തോ അക്ഷരങ്ങൾ വിരചിക്കുന്നു. മനസ്സിനെ സ്തംഭിപ്പിക്കുന്ന വിസ്മയത്തോടൊപ്പം മനസ്സിലാക്കാൻ വിഷമമായ എന്തോകൂടി എല്ലാററിലും വിരിഞ്ഞുവികസിച്ചുനില്ക്കുന്നു. അതിൽ ആശ്ചര്യകരമായ ദൃഢതയുണ്ടു്. ആശ്ചര്യജനകമായ വേറെയെന്തോ ഒന്നും. മഹിമയോ? അതെ, അതുതന്നെ.

റിന സാവധാനം ചോദിച്ചു: ''നിങ്ങൾ ക്രിസ്ത്യാനിയായോ? എനിക്കുവേണ്ടി?''

''അതെ, റിനേ!''

''നിങ്ങളുടെ മതത്തെയും നിങ്ങളുടെ ഈശ്വരനെയും ഉപേക്ഷിച്ചു? എനിക്കുവേണ്ടി? ഛീ, ഛീ!''

''റിനേ, എന്താ നീ പറയുന്നതു്?''

''നിങ്ങൾക്കു മനസ്സിലാകുന്നില്ലേ? എത്ര ഭയാനകം!''

''റിനേ, നിനക്കുവേണ്ടി ഞാൻ ജീവൻപോലും ഉപേക്ഷിക്കും റിനേ!''

''ലൈഫ്‌ ഈസ്‌ മോർട്ടൽ. ജീവിതം നശ്വരമാണു്. അതൊരുദിവസം നശിക്കുകതന്നെ ചെയ്യും. അസംഖ്യം ജീവിതങ്ങൾ നിമിഷംതോറും നശിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യൻ വേണമെന്നുവെച്ചു മരിക്കുന്നു. വിഷം തിന്നുന്നു, കയ

റിൽ കെട്ടിച്ചാടുന്നു. മനുഷ്യൻ മനുഷ്യനെ കൊന്നിട്ട് സ്വയം മരിക്കുന്നു. കൃഷ്ണേന്ദു, ഇന്നാളൊരുദിവസം ഇവിടെയടുത്തു ഹസാരിബാഗിൽ കടുവയെ കൊല്ലാൻ പോയ ഒരാളെ കടുവാ കൊന്നു. ജോൺക്ലേററണും ഒരുപക്ഷേ, ഏതെങ്കിലും യുദ്ധത്തിൽ തോക്കിൻെറ മുമ്പിൽപ്പെട്ടു മരിക്കും. മരിക്കാൻ നിർബ്ബന്ധിതനാകും. ഇങ്ങനെ ജീവിതം ഉപേക്ഷിക്കുന്നതു മത്തിൻെറ ലക്ഷണമാണ്, കൃഷ്ണേന്ദു. നമ്മുടെ ഈശോ ഈശ്വരനുവേണ്ടിയാണ്, മതത്തിനുവേണ്ടിയാണ്, ജീവനുപേക്ഷിച്ചതു്. നിങ്ങൾ എനിക്കുവേണ്ടി നിങ്ങളുടെ മതത്തെ, നിങ്ങൾ വിശ്വസിക്കുന്ന ഈശ്വരനെ, ഉപേക്ഷിച്ചു. ഫോർ എ ഗേൾ, ഫോർ ദിസ് ഐസ് ഓഫ് മൈൻ വിച്ച് യു സോ അഡോർ—''

റിനയുടെ ആകസ്മികമായ ഈ ആക്രമണം ആദ്യം കൃഷ്ണേന്ദുവിനെ അമ്പരപ്പിച്ചുകളഞ്ഞു. ഈ റിനയെ അയാൾ ഇദംപ്രഥമമായി കാണുകയാണ്. മതാന്ധതകൊണ്ടു് അവൾക്കു കണ്ണുകാണാതായിരിക്കുന്നു. അയാൾ ഈ സമയം സ്വയം നിയന്ത്രിച്ച് അവളെ തടഞ്ഞുകൊണ്ടു പറഞ്ഞു: ''ഡോണ്ട് ബി സില്ലി, റിനാ!''

''സില്ലി?'' റിനയുടെ മുഖം ഉജ്ജ്വലമായി.

കൃഷ്ണേന്ദു ദൃഢസ്വരത്തിൽ പറഞ്ഞു: ''യെസ്, സില്ലി. കാരണം, മനുഷ്യൻ ഒരു മതത്തെ ആശ്രയിക്കുന്നതു് ആ മതത്തെ അതിക്രമിച്ച് സാർവ്വജനീനമായ മാനവധർമ്മത്തിൽ എത്തിച്ചേരാൻവേണ്ടിയാണ്, റിനേ—ആ മതത്തിന്റെ അന്ധതയുടെ അന്ധകാരത്തിൽ തടവുകാരനായി കഴിയാനല്ല.''

''അതെ, സമ്മതിച്ചു. നിങ്ങൾ പറഞ്ഞതു കേട്ടു. പക്ഷേ, മനസ്സിലായില്ല. മനസ്സിലാക്കാൻ കഴിഞ്ഞില്ല. എങ്കിലും ഞാനിത്രമാത്രം പറയാം—അവിടെ എത്താൻ ശ്രമിക്കുന്നവർ ഒരു മനുഷ്യനെ കിട്ടാൻവേണ്ടിയല്ല ആ തപസ്യ ചെയ്യുന്നതു്. എല്ലാ മനുഷ്യരെയും സ്വന്തം ആളുകളായി കാണാൻ കഴിയുന്നതിനുവേണ്ടിയാണ്. ഒരു പെണ്ണിൻെറ മുമ്പിൽ സ്വയം അടിയറവെയ്ക്കുകയല്ല, സകല ആളുകളോടും സ്വയം അലിഞ്ഞുചേരുകയാണ് അതു്, കൃഷ്ണേന്ദു! ഈശ്വരൻ അതിപരിശുദ്ധനാണ്, അതിമൂല്യവാനാണ്. അദ്ദേഹത്തെ ഉപേക്ഷിക്കുക

യല്ലേ നിങ്ങൾ ചെയ്യതു്, കൃഷ്ണേന്ദു? എനിക്കുവേണ്ടി? അല്ല, അല്ല.''

''നീയെന്താ പറയുന്നതു്, റിനേ?''

റിന വീണ്ടും മിഴിച്ച കണ്ണുകളോടെ അയാളെത്തന്നെ നോക്കിനിന്നു.

''റിനേ!''

റിന പറഞ്ഞു: ''അല്ല, എനിക്കുവേണ്ടിയല്ല. നിങ്ങൾ പ്രേമിക്കുന്ന സൗന്ദര്യവതിയായ ഒരു പെണ്ണിനുവേണ്ടി.'' അവളുടെ സ്വരം തൊണ്ടയിൽ തടഞ്ഞുപോയി. കണ്ണിൽനിന്നു കണ്ണുനീരൊഴുകാൻ തുടങ്ങി.

കൃഷ്ണേന്ദു വ്യാകുലതയോടെ അവളുടെ കൈപിടിച്ചുകൊണ്ടു വിളിച്ചു: ''റിനേ!''

''വിടൂ. ലീവ് മീ. ഡോൺട് ടച്ച് മീ. പ്ലീസ്—പ്ലീസ്.''

''റിനേ!''

ശബ്ദമുണ്ടാക്കാതെ കരഞ്ഞുകൊണ്ടു് റിന പറഞ്ഞു: ''നിങ്ങൾ ഭയങ്കരനാണു് കൃഷ്ണേന്ദൂ, നിങ്ങൾ ഭയങ്കരനാണു്. ഒരു പെണ്ണിനുവേണ്ടി സ്വന്തം ഈശ്വരനെപ്പോലും ഉപേക്ഷിക്കാൻ നിങ്ങൾക്കു കഴിയും. എന്നേക്കാൾ സൗന്ദര്യമുള്ള സ്ത്രീകൾ ധാരാളമുണ്ടു്, കൃഷ്ണേന്ദൂ. അവരെയാരെയെങ്കിലും കാണുമ്പോൾ, പരിചയപ്പെട്ടുമ്പോൾ, നിങ്ങൾ എന്നെയും ഉപേക്ഷിക്കും—നിസ്സാരമായ ഒരു വസ്തുവിനെപ്പോലെ. ഇത്രനാളും നിങ്ങൾ സ്വന്തമായി കരുതിയിരുന്ന, സ്നേഹിച്ചിരുന്ന, ആപത്തിൽ വിളിച്ചിരുന്ന, അഭയം തേടിയിരുന്ന ഈശ്വരൻ—! ഓഹ്! നിങ്ങൾ പോകൂ. ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. പക്ഷേ, വയ്യാ, നിങ്ങളെ വിവാഹം കഴിക്കാൻ എനിക്കു വയ്യ. നിങ്ങൾ ഭയങ്കരനാണു്!''

കൃഷ്ണേന്ദു വിസ്മയസ്തബ്ധനായി അവളുടെ നേരെ നോക്കി. അവളുടെ ഓരോ വാക്കും സൂചിപോലെ അയാളുടെ ശരീരത്തിൽ കുത്തിക്കയറി. അല്പം നിൎത്തിയിട്ടു് റിന തുടൎന്നു: ''നിങ്ങൾക്കുവേണ്ടി ഞാൻ എന്റെ മതത്തെയും ഈശ്വരനെയും ഉപേക്ഷിക്കണമെന്നു് നിങ്ങളുടെ അച്ഛൻ പറഞ്ഞാൽ എനിക്കതു സാധിക്കുമോ? ഇല്ല, ഇല്ല, ഇല്ല. നിങ്ങൾ പോകൂ,

നിങ്ങൾ പോകൂ.'' പറഞ്ഞുതീരുന്നതിനു മുമ്പുതന്നെ അവൾ ഓടിക്കളഞ്ഞു. എന്തോ അസ്വാസ്ഥ്യം അവളെ അടിച്ചോടിച്ചതുപോലെ.

കൃഷ്ണേന്ദു കൽപ്രതിമപോലെ നിന്നുപോയി. ലോകം ശൂന്യവും അർത്ഥഹീനവുമായിത്തീർന്നിരിക്കുന്നു. തനിക്കാരുമില്ല. ഒന്നുമില്ല. എന്തുചെയ്യും ഇനി? വൃദ്ധനായ പാതിരി വരാന്തയിൽ നില്പുണ്ടായിരുന്നു. രണ്ടുപേരുടേയും സംഭാഷണത്തിൽ ഇടപെടാൻ അദ്ദേഹം ആഗ്രഹിച്ചില്ലെന്നു തോന്നി. ഈ സമയം അദ്ദേഹം ഇറങ്ങിവന്നു.

''യംഗ്മാൻ!''

''ഗുഡ്മോർണിംഗ്, ഫാദർ!'' അയാൾ ബോധം വീണ്ടെടുത്തു പറഞ്ഞു.

''ഗുഡ്മോർണിംഗ്. ഇത്തിരി ഇരിക്കാം, വിശ്രമിക്കാം.''

''താങ്ക് യൂ ഫാദർ! വളരെ നന്ദി. അതിൻെറ ആവശ്യമില്ല. ഞാൻ അടുത്ത വണ്ടി പിടിക്കാനാഗ്രഹിക്കുന്നു.''

ഫാദർ പറഞ്ഞു: ''നീയെവിടെ പോകും? നിൻെറ മനസ്സിൻെറ അവസ്ഥ എനിക്കറിയാം.''

അയാൾ പറഞ്ഞു: ''അറിഞ്ഞുകൂടാ, ഫാദർ. എനിക്കുതന്നെ അറിഞ്ഞുകൂടാ. ഞാനാലോചിക്കട്ടെ. ലെററ് മി തിങ്ക്, ഫാദർ!''

''—മൈ സൺ—''

കൃഷ്ണേന്ദു പറഞ്ഞു: ''ഞാൻ വാക്കുതരാം, ഫാദർ. ഞാൻ മരിക്കുകയില്ല.''

അയാൾ പോന്നു.

* * *

ആ റിനാബ്രൗൺ! അതിനുശേഷം എന്നുമെന്നും നെഞ്ചിൽ കുരിശും കൈയിൽ ബൈബിളുമായി കഴിയുമെന്നു കൃഷ്ണേന്ദു കരുതിയ റിനാബ്രൗൺ! ജീവിതം മുഴുവൻ കന്യകയായി കഴിയുമെന്നു വിചാരിച്ചിരുന്ന ആ റിനാബ്രൗൺ. അവൾ ഭ്രാന്തിയെപ്പോലെ, മദ്യവും വ്യഭിചാരവുംകൊണ്ട് സ്വയം നശിപ്പിക്കുന്നു. അമേരിക്കൻ ആപ്പീസറുടെ ജീവിത

ത്തിലെ ആഗ്രഹങ്ങൾ നിറവേററുന്നതിന്, കെട്ടഴിച്ചുവിട്ട ഉല്ലാസത്തിൽ മുഴുകി ചുററിത്തിരിയുന്നു, ഒഴുകിനടക്കുന്നു. അവളുടെ ഓർമ്മ നഷ്ടപ്പെട്ടതായി തോന്നുന്നു.

ഒഥല്ലോയുടെ വാക്കുകളും അവളുടെ മനസ്സിൽനിന്നും മാഞ്ഞുപോയിരിക്കുന്നു. പറഞ്ഞിട്ടുകൂടി ഓർക്കുന്നില്ല. പുരികം ചുളിച്ചു നോക്കിക്കൊണ്ടിരിക്കും. ഉള്ളിൻെറ ഉള്ളിൽ നിന്ന് അടക്കാനാകാത്ത ആഗ്രഹങ്ങൾ ആ തിക്തദൃഷ്ടിയിൽ പൊട്ടിവിരിയും.

കൃഷ്ണേന്ദുവോ? അയാൾ കൃഷ്ണസ്വാമിയായി ഈ കാട്ടുപ്രദേശത്ത് രോഗികളെ ചികിത്സിച്ചും കുഷ്ഠരോഗികളെ ശുശ്രൂഷിച്ചും നാൾ കഴിക്കുന്നു. റിന പറഞ്ഞിരുന്നു: "മനുഷ്യൻ ഓരോ മതത്തേയും അതിക്രമിച്ച് മാനവധർമ്മത്തിൽ എത്തിച്ചേരുന്നു. ഒരു മനുഷ്യനുവേണ്ടിയല്ല, ഒരു സ്ത്രീയേയോ പുരുഷനേയോ ലഭിക്കാനല്ല, സകലജനങ്ങളേയും സ്വന്തമാക്കാൻ വേണ്ടി."

അയാൾ വെറും റവറണ്ട് കൃഷ്ണേന്ദു ഗുപ്തയല്ല. ക്രിസ്ത്യാനിയാണ്, ഭാരതീയസന്ന്യാസിയാണ്. റവറണ്ട് കൃഷ്ണസ്വാമി. താൻ ഏത് ഈശ്വരനെ ഉപേക്ഷിച്ചുവെന്ന് റിന പേടിച്ചുവോ ആ ഈശ്വരനെ പ്രാപിക്കണം. അവനെ അന്വേഷിക്കുകയാണ് അയാൾ. അവനെ അന്വേഷിച്ചു കണ്ടുപിടിച്ചിരിക്കുന്നു അയാൾ

മനുഷ്യൻെറ ഭൗതികശരീരത്തിൽ ഈശ്വരൻ തപസ്യയനുഷ്ഠിക്കുന്നത് അയാൾ കണ്ടു.

ചിത്തവിഭ്രാന്തിജനകമായ മഹാസത്ത. വിരാഡ്രൂപമായ ആ മഹാസത്തയെ മനുഷ്യൻ ഒരിക്കൽ മനസ്സിലാക്കും. പരിശുദ്ധവും പവിത്രവുമായ, മമതകൊണ്ടു കോമളമായ, സത്യംകൊണ്ടു നിർമ്മലമായ, പ്രേമംകൊണ്ടു പരിശുദ്ധവും അഹിംസാമയവുമായ മഹാസത്ത.

താൻ ആ ഈശ്വരനെ അന്വേഷിക്കുന്നതുകണ്ട് അതേ റിന ഇന്നു ഭയപ്പെട്ടു എന്നതു വിചിത്രവും വിസ്മയകരവുമല്ലേ? അവൾ ചുരുണ്ടുപോയി, മനുഷ്യനെക്കണ്ട പാമ്പിനെപ്പോലെ ഹിംസ്രരൂപം പൂണ്ടു.

ആശ്ചയ്യംതന്നെ, നിമ്മലയും പ്രകാശാന്വേഷിയുമായ ആ റിന ഇന്നു് യുദ്ധത്തിൻെറ മദ്ധ്യത്തിൽ ഉന്മാദിനിയായ താമസിയുടെ രൂപം കൈക്കൊണ്ടിരിക്കുന്നു. സകലതപസ്യയും വിഴുങ്ങാനാഗ്രഹിക്കുന്ന, ഈശ്വരനെ കൊലപ്പെട്ടുത്താനാശിക്കുന്ന. താമസിയുടെ അടിമയാണു്, കളിക്കൂട്ടുകാരിയാണു്, പ്രേതമാണു് അവൾ. അതിൻെറതന്നെ പ്രതീകമായിരിക്കാം ഒരുപക്ഷേ. ഭഗവാനേ! ഓ, ഗോഡ്!

റിന—പെട്ടെന്നു് ജീപ്പിൻെറ ഗജ്ജനംകൊണ്ടു് അദ്ദേഹത്തിൻെറ ചിന്താസൂത്രം പൊട്ടിപ്പോയി. ജീപ്പ്! അദ്ദേഹം അസ്വസ്ഥനായി. ജീപ്പും റിനയും തമ്മിലുള്ള ബന്ധം മനസ്സിൽ ഉറച്ചുപോയിരിക്കുന്നു. മിന്നലും ഇടിമുഴക്കവുമെന്നപോലെ. അദ്ദേഹം എഴുന്നേററു. അകലെ കെട്ടിടങ്ങളുടെ മുകളിൽ സൈനികവേഷം ധരിച്ച ആരൊക്കെയോ ചുററിത്തിരിയുന്നതും ബൈനോക്കുലർ വെച്ചു നോക്കുന്നതും പെട്ടെന്നു ദൃഷ്ടീഭൂതമായി. വിനോദസഞ്ചാരവും, ഉല്ലാസവും, ഉച്ഛൃംഖലതയും, ഉന്മത്തതയും. താമസിയായ റിന ഒപ്പമുണ്ടു്, തീച്ച. ഭയാത്തനെപ്പോലെ കൃഷ്ണസ്വാമി എഴുന്നേററു നടന്നു. നല്ല റോഡിലൂടെയല്ല, മൈതാനം കടന്നുവന്നു്, കാട്ടുവഴിയിലൂടെ.

പെട്ടെന്നു നിന്നുപോയി.

റിന അവളുടെ ഈശ്വരനെ തനിക്കു തന്നിട്ടു് സ്വയം നിസ്വയായിപ്പോയതാണോ? തൻെറ അവിശ്വാസത്തിലും ശൂന്യതയുടെ തിക്തതയിലും ഭയങ്കരതയിലും മുങ്ങിപ്പോയതാണോ?

## ആറ്

കൃഷ്ണസ്വാമി കാട്ടിനുള്ളിലൂടെ നടക്കുകയായിരുന്നു. വേഗത്തിൽ നടക്കുകയായിരുന്നു. സമയം വളരെയായി. മണി ഏതാണ്ടു് ഏഴായിക്കാണും. രോഗികൾ വന്നിരുപ്പുണ്ടാകും. സുഖമില്ലാത്ത മനുഷ്യർ; അദ്ദേഹത്തിന്റെ ഈശ്വരൻ. ബ്ലസ്സ്ഡ് ആർ ദി പുവർ ഇൻ സ്പിരിററ്. ഫോർ ദെയേഴ്സ് ഈസ് ദി കിങ്ഡ്ഡം ഓഫ് ഹെവൻ. അവരാണു് ഭക്ത

ന്മാർ. "നാഹം വസാമി വൈകുണ്ഠേ യോഗിനാം ഹൃദയേ ന ച"—ഭക്തന്മാരുടെ ഹൃദയത്തിലാണു് എൻെറ വാസം. നിരക്ഷരരാണെങ്കിലും അവർ ഭഗവാനോട്ട ഭക്തി കാണിക്കുന്നു. അന്ധകാരത്തിൽ അടിഞ്ഞുകിടക്കുകയാണെങ്കിലും അവർ പ്രകാശം കാംക്ഷിക്കുന്നുണ്ടു്. ജീവിതത്തിൻെറ ദീപനാളം കെട്ടത്തി അന്ധകാരം സൃഷ്ടിക്കുന്നില്ല അവർ. പ്രകാശമില്ലാത്തതുകൊണ്ടുമാത്രം 'വെളിച്ചം, വെളിച്ചം' എന്നു നിലവിളിക്കുന്നു. അവരിൽ ഈശ്വരൻ തപസ്യ അനുഷ്ഠിക്കുന്നുണ്ടു്.

കാട്ടിൽ ഏതോ പൂക്കൾ വിരിഞ്ഞിരിക്കുന്നു. ഗന്ധം പരക്കുന്നുണ്ടു്. പക്ഷികൾ കളകളം പൊഴിക്കുന്നു. സൂര്യൻ ഇന്നു മേഘങ്ങൾക്കുള്ളിൽ മറഞ്ഞിരുപ്പാണു്. വനഭൂമി വർഷത്തെ പ്രതീക്ഷിച്ചുകഴിയുന്നു. വൃക്ഷങ്ങളുടെ പ്രാണൻെറ വ്യാകുലത നിറഞ്ഞ പ്രത്യാശ, കൃഷ്ണസ്വാമി ഓരോ ഇലയിലും കാണുന്നുണ്ടു്.

"ഹലോ, ഡു യൂ ഹിയർ? ഹലോ!"

കൃഷ്ണസ്വാമി ഞെട്ടിപ്പോയി. സ്ത്രീശബ്ദം, റിനാബ്രൗണിൻെറ ശബ്ദം. ഈ കാടിന്റെ നടുക്കോ? ഇത്ര രാവിലെയോ? കൃഷ്ണസ്വാമി ചുററും നോക്കിയപ്പോൾ കണ്ടു, റിനാബ്രൗൺ കാടിൻെറ നടുവിൽ അല്പം തുറസ്സായ ഒരു സ്ഥലത്തു് ഒറ്റയ്ക്കു് ഇരിക്കുകയാണു്. സമീപത്തു് ഒരു ഫ്ളാസ്ക്. കൈയിൽ സിഗററ്റ്. ആ പഴയ വേഷം."

കൃഷ്ണസ്വാമി ഇത്രമാത്രം പറഞ്ഞു: "യെസ്!"

"കം ഹിയർ, സിററ് ഡൗൺ. ഹാവ് എ ഡ്രിങ്ക്, എ സ്മോക്ക്."

"ഐ ഡോണ്ട് ഡ്രിങ്ക്, ഐ ഡോണ്ട് സ്മോക്ക്. താങ്ക് യൂ."

റിന ഈ സമയം ഉറക്കെ വിളിച്ചു: "കൃഷ്ണേന്ദു!"

കൃഷ്ണസ്വാമി ചിരിച്ചുകൊണ്ടു പറഞ്ഞു: "എൻെറ രോഗികൾ കാത്തിരിക്കും, റിനേ. ഞാൻ പോകട്ടെ. എനിക്കു മാപ്പുതരൂ." പിന്നീട്ട് അദ്ദേഹം ചോദിച്ചു: "നീയെന്നെ തിരിച്ചറിഞ്ഞോ, റിനേ? ഇന്നലെ ഞാൻ കരുതി നിൻെറ ഓർമ്മയും നശിച്ചുപോയെന്നു്."

"പോയതാണ്, മുഴുവൻ പോയതാണ്. പക്ഷേ, ഒന്ന് ല്ലോ മറന്നില്ല. 'ലെററ് മി ലുക്ക് അററ് യുവർ ഐസ്, ലുക്ക് ഇൻ മൈ ഫേസ്' എന്നു പറഞ്ഞു് എൻെറനേരെ നോക്കിയപ്പോൾ നിങ്ങളുടെ നോട്ടം ഞാൻ തിരിച്ചറിഞ്ഞു. പക്ഷേ—"

റിന സിഗററ്റു വലിക്കാൻ തുടങ്ങി. അമിതമദ്യപാനത്തിന്റെ ഫലമായി അവളുടെ കൈവിരലുകൾ വിറയ്ക്കുന്നുണ്ടു്.

"ഞാൻ പോകുന്നു, റിനേ."

"നിങ്ങളിവിടെ എന്താ ചെയ്യുന്നതു്? ഇതെന്തു വേഷം? ഇതെന്തു കോലം?"

"നിനക്കറിഞ്ഞുകൂടേ, ഞാൻ ക്രിസ്ത്യാനിയായ വിവരം? പിന്നീടു ഞാൻ സന്യാസിയായി. ഭാരതവർഷത്തിലെ ക്രിസ്ത്യൻസന്യാസി. സന്യാസിമാർ ചെയ്യുന്നതു ഞാനും ചെയ്യുന്നു—ഈശ്വരനെ അന്വേഷിക്കുന്നു. മനുഷ്യസേവനത്തിലൂടെയാണെന്നുമാത്രം. ഞാൻ ഡാക്ടറാണ്, അവരെ ചികിത്സിക്കുന്നു. കുഷ്ഠരോഗികളുടെ ചികിത്സയാണു പ്രധാനം."

റിനയുടെ കൈയിൽനിന്നു സിഗററ്റു താഴെ വീണുപോയി. നെടുവീർപ്പിട്ടുകൊണ്ടു് അവൾ പറഞ്ഞു: "നിങ്ങൾ ജീവിതം നശിപ്പിച്ചു, കൃഷ്ണേന്ദു. ഐയാം ദി കാസ്, ഐയാം ദി കാസ്—"

"ഇല്ല, എൻെറ ജീവിതം നശിച്ചിട്ടില്ല. നീയന്നു് എന്നോടു പറഞ്ഞതു കള്ളമായിരുന്നില്ല. ലോകത്തു് ഈശ്വരനേക്കാൾ വലുതു് ഒന്നുമില്ല."

"എന്നു ഞാൻ നിങ്ങളോടു പറഞ്ഞിരുന്നോ? ഉവ്വ്, പറഞ്ഞിരുന്നു. ഐയാം ദി കാസ്."

"ഞാൻ പോകുന്നു. ഗുഡ് ബൈ."

"നിൽക്കൂ. ഞാൻ വീണ്ടും പറയുന്നു—ഞാനന്നു പറഞ്ഞതു തെററാണ്. നിങ്ങൾ ഈ വഴി ഉപേക്ഷിക്കൂ."

"ഇല്ല. ഞാൻ പോകട്ടെ. ഗുഡ് ബൈ."

"ഒരു മിനിട്ടുകൂടി. എൻെറ കഥ കേൾക്കണ്ടേ നിങ്ങൾക്കു്?"

"വേണ്ട. നിന്റെ കഥ നിന്റെ കോലത്തിൽനിന്നു വ്യക്തമാകുന്നുണ്ടു്, റിനേ."

"ഞാനാവർത്തിച്ചു പറയാം കൃഷ്ണേന്ദു, ഈശ്വരനില്ല. ഞാൻ നിങ്ങളോടു കള്ളമാണു പറഞ്ഞതു്. ഞാൻ നിങ്ങളെ കഷ്ടപ്പെടുത്തി. ഈശ്വരനില്ല."

റിനാ ബ്രൗൺ എഴുന്നേററുനിന്നു. കഠിനസ്വരത്തിൽ അവൾ പറഞ്ഞു: "എൻെറ വാക്കു കേൾക്കൂ. ഞാൻ പറയുന്നു ഈശ്വരനില്ലെന്നു്. നത്തിങ്ങ് ഈസ് സിൻ. പാപമില്ല, പുണ്യമില്ല, ഈശ്വരനുമില്ല."

അവളുടെ സ്വരം അധികമധികം കഠിനമായിക്കൊണ്ടിരുന്നു. അവൾ മുന്നോട്ടു നീങ്ങി കൃഷ്ണസ്വാമിയുടെ വഴി മുടക്കി നിന്നു.

"നിങ്ങൾ ഇതെല്ലാം ഉപേക്ഷിക്കൂ, കൃഷ്ണേന്ദു. ജീവിതം നശിപ്പിക്കാതെ മടങ്ങിപ്പോകൂ. ജീവിതം പുതുതായി ആരംഭിക്കൂ."

"നിൻെറകൂടെയോ?"

റിനാ ബ്രൗൺ പൊട്ടിച്ചിരിച്ചു. തീവ്രവും തീക്ഷ്ണവും ബീഭത്സവുമായ ചിരി. ചിരി നിർത്തിയിട്ട് അവൾ പറഞ്ഞു: "എനിക്കിപ്പോൾ നല്ല വിലയുണ്ടു്, കൃഷ്ണേന്ദു. എന്നെ സംബന്ധിച്ചിടത്തോളം, നിങ്ങളുടെ വില അന്നത്തേക്കാൾ വളരെ കുറഞ്ഞിരിക്കുന്നു. അന്നു പേടിച്ചിട്ടു പറഞ്ഞു. ഇന്നു കരുണയാണു തോന്നുന്നതു്. ഹാംലസ്, ഡൊമെസൽ, വർത്ത്ലസ്. നിങ്ങൾ ഈശ്വരവിശ്വാസിയാണു്, ദൈവാന്വേഷിയാണു്. മണ്ടൻ, വിഡ്ഢി. എൻെറ വെറുപ്പിനുപോലും അർഹനല്ല നിങ്ങൾ. വെറും കരുണാപാത്രംമാത്രം."

കൃഷ്ണസ്വാമി പിന്നീടൊന്നും പറയാതെ മുന്നോട്ടു നടന്നു.

പുറകിൽനിന്നു് റിനാ ബ്രൗൺ ഉച്ചത്തിൽ വിളിച്ചുകൂവി: "ഞാൻ പറയുന്നതു കേൾക്കൂ. യൂ മസ്റ്റ് ലീവ് ദിസ് പ്ലേസ്. നിങ്ങൾക്കു് ഇവിടെ താമസിക്കാൻ സാധിക്കുകയില്ല. പോകൂ, ദൂരെ എവിടെയെങ്കിലും പോകൂ."

കൃഷ്ണസ്വാമി തിരിഞ്ഞു നിന്നു.

റിനയെ ഇങ്ങനെ ഒരുഗ്രമൂർത്തിയായി അദ്ദേഹം മുമ്പെങ്ങും കണ്ടിരുന്നില്ല. അവളുടെ നീണ്ട കറുത്തിടതിങ്ങിയ കൺപീലികളുടെ, സ്വപ്നാലുത നിറഞ്ഞ മൂടുപടത്തിനടിയിലെ നീണ്ടിടംപെട്ട കറുത്ത കണ്ണുകൾ ഇങ്ങനെ കത്തി ജ്വലിക്കു

മെന്നു് അദ്ദേഹത്തിനു് ഓക്കാൻകൂടി കഴിഞ്ഞിട്ടില്ല. അവളുടെ കണ്ണുരണ്ടും ജ്വലിക്കുകയാണു്.

റിന പറഞ്ഞു: "നിങ്ങളുടെ ആ ബംഗ്ലാവു് എനിക്കുവേണം. ഞാനിവിടെ താമസിക്കാൻപോകുകയാണു്. വളരെനാൾ ഇവിടെയുണ്ടാകും ഞാൻ. നിങ്ങളെ എനിക്കു സഹിക്കാൻ വയ്യ. നിങ്ങൾ ഈ പ്രദേശം വിട്ടു പോകണം. യൂ മസ്റ്റ്. ഇല്ലെങ്കിൽ ഞാനവരോടു പറഞ്ഞുകൊടുക്കും. അവർ നിങ്ങളെ—അവരെന്തിനു് ഞാൻ തന്നെ മതിയല്ലോ—ഞാൻ തന്നെ നിങ്ങളെ വെടിവെച്ചു കൊല്ലും."

കൃഷ്ണസ്വാമി ഉത്തരമൊന്നും പറയാതെ നിശ്ശബ്ദം വീണ്ടും നടക്കാൻ തുടങ്ങി. പിന്നീടു പിന്തിരിഞ്ഞില്ല. അദ്ദേഹത്തിനു ഭയം തോന്നി. തന്നെക്കുറിച്ചല്ല, ആ ഝുംകിയെക്കുറിച്ചു്, സിന്ധുവിനെക്കുറിച്ചു്.

റിനാബ്രൗൺ മരച്ചുവട്ടിൽ പിശാചിനെപ്പോലെ നിന്നു് അർത്ഥഹീനമായ ക്രോധംകൊണ്ടു വിങ്ങുകയാണു്. ഒരു പക്ഷേ, ഫ്ളാസ്ക് തുറന്നു് മദ്യം കുടിക്കുകയാകും. അദ്ദേഹത്തിനു് അതനുമാനിക്കാൻ യാതൊരു പ്രയാസവുമുണ്ടായില്ല.

* * *

ഝുംകിയെയും സിന്ധുവിനെയും ഗ്രാമാന്തർഭാഗത്തേയ്ക്കു മാററിത്താമസിപ്പിക്കണമെന്നു് അദ്ദേഹം തീർച്ചയാക്കി. ലാൽസിംഗ് അവരെ നോക്കാൻ പോകട്ടെ. താൻ ഒററയ്ക്കു കഴിഞ്ഞുകൊള്ളാം.

അദ്ദേഹത്തിനു ഭയമില്ല. കൃഷ്ണേന്ദുവിനു് ഒരുകാലത്തും ഭയമുണ്ടായിട്ടുമില്ല. കൃഷ്ണസ്വാമിയായി ഈശ്വരനെ അന്വേഷിച്ചു ചുററിത്തിരിയുന്ന ഈ സമയത്തു പിന്നെയെന്തിനു മരണത്തെ ഭയപ്പെടണം? മരണം വരട്ടെ. അന്യായത്തെ എതിരിട്ടുകൊണ്ടു താൻ മരിക്കും. യക്ഷിയായ റിനാബ്രൗണിനെ പേടിച്ചു് താനുണ്ടോ ഒളിച്ചോടുന്നു?

അപ്പോൾ രാത്രി ഒമ്പതുമണിയായിട്ടുണ്ടു്. അദ്ദേഹം വീട്ടിൽ ഇരിക്കുകയായിരുന്നു. ഓരോ ജീപ്പും കാറും പോകുമ്പോൾ ശ്രദ്ധിക്കും. ഇടയ്ക്കിടെ, നീണ്ടുനിൽക്കുന്ന നിസ്തബ്ധത

ങ്ങിടയിൽ, മേഘച്ഛന്നമായ ആകാശത്തേയ്ക്കു നോക്കി ചിന്തിക്കും. ആകാശം കാർമേഘംകൊണ്ടു മൂടിയിരിക്കുന്നു. ഒരുപക്ഷേ, ഇന്നുതന്നെ മഴ തുടങ്ങിയേക്കും. ചക്രവാളത്തിൽ മങ്ങിയ രീതിയിൽ മിന്നൽ കാണാനുണ്ടു്. പക്ഷേ, അദ്ദേഹം ആലോചിക്കുന്നതു് അക്കാര്യമല്ല, നിഷ്കളങ്കമായ പവിത്രതയുടെ പ്രതിരൂപമായ റിനയുടെ കാര്യമാണു്. പിശാചികയായ റിനാബ്രൗണിൻെറ കാര്യം. പിശാചികയല്ല, ശരിക്കും താമസിയാണു് റിനാബ്രൗൺ ഇന്നു്.

രാത്രി താമസിയല്ല. ജീവിതത്തിൽനിന്നുതന്നെയാണു് താമസിയുടെ ഉത്ഭവം. ഭൗതികലോകത്തു് ക്ഷോഭകാരണമില്ലെങ്കിൽ, ക്രമക്കേടുകൾ ഉണ്ടാകുന്നില്ലെങ്കിൽ, അവൾ ഉണന്നുവരില്ല. ക്ഷോഭം ശമിച്ചാലുടനെ അവളും ശാന്തയാകും. ജീവിതത്തിലാണു് അവളെപ്പോഴും ജാഗരൂകയായിരിക്കുന്നതു്. ചേതനയിലാണു് രാപകൽ അവൾ പ്രവത്തിച്ചുകൊണ്ടിരിക്കുന്നതു്. ഉറക്കത്തിനിടയിലെ ദുഃസ്വപ്നമാണവൾ. ഒഴിവുസമയത്തെ വിശ്രമത്തിനിടയിലെ കുടിലഭാവനയും. മനുഷ്യൻ ശാന്തിയുടെയും സുഖത്തിൻെറയും ചൈതന്യത്തിന്റെയും മാഗ്ഗത്തിലൂടെ മുന്നോട്ടുപോകാൻ അവളനുവദിക്കുകയില്ല. ക്രൂരമായ ആക്രോശംകൊണ്ടു്, പിന്നിൽനിന്നു പെരുമ്പാമ്പിനെപ്പോലെ ദേഹത്തു ചുററും. വിഴുങ്ങാൻ ശ്രമിക്കും. ചുററിപ്പിടിക്കാൻ കഴിഞ്ഞാൽ വിഴുങ്ങാതെ അടങ്ങുകയില്ല.

സമയം ഏതാണ്ടു പാതിരാവായി. കൃഷ്ണസ്വാമിക്കു് ഉറക്കം വന്നുതുടങ്ങിയിരുന്നു. ടോർച്ചിന്റെ വെളിച്ചംകണ്ടു് അതു് എവിടെയോ പോയ്മറഞ്ഞു. അദ്ദേഹം എഴുന്നേററിരുന്നു.

"ആരു്?"

അകലെ, ചക്രവാളത്തിൽ, മിന്നൽപ്പിണർ വീശി. ക്ഷണികമായ ആ പ്രകാശത്തിൽ കണ്ടു—അതെ, അവൾതന്നെ. നീണ്ട നാരീരൂപം അടുത്തടുത്തു വരുന്നു. അല്പാല്പം ആടുന്നുണ്ടു്. റിനാബ്രൗൺ ഉത്തരം പറഞ്ഞു: "ഞാൻതന്നെ. നിങ്ങൾ എന്നെത്തന്നെ പ്രതീക്ഷിച്ചിരിക്കുകയാണല്ലോ."

"അതെ. നിന്നെമാത്രമല്ല, നിൻെറകൂടെ വേറെയാളുകളെയും പ്രതീക്ഷിച്ചിരുന്നു. നിൻെറ ക്രൂരന്മാരും ഭയങ്കരന്മാരുമായ കൂട്ടുകാർ. എന്നോടു് ഈ വീടുവിട്ടു പോകണമെന്നു്

ആവശ്യപ്പെടാൻ വരുന്നവർ. എനിക്കു മനസ്സിലാകുന്നുണ്ട്. ഈ വീട്ട നിനക്കു വേണമെന്നതിനേക്കാൾ പ്രധാനം എന്നെ ഇവിടെനിന്ന് ഓടിച്ചുകളയണമെന്നതാണ്. നിനക്കു സൈ്വരമില്ല. പക്ഷേ, എന്താണതിനു കാരണം?''

റിന ഒരു കസേരയിലിരുന്നുകൊണ്ടു പറഞ്ഞു: ''യൂ മസ്റ്റ് ഗോ എവേ ഫ്രം ഹിയർ. നിങ്ങൾ പോകുകതന്നെ വേണം.''

''നോ, ഐ മസ്റ്റ് നോട്ട് ഗോ. ഈശ്വരസാധനയുടെ ശപഥവുമായിട്ടാണ് ഞാനിവിടെ വന്നതു്. ഇതെൻെറ തപസ്യാസ്ഥാനമാണ്.''

''സ്റ്റോപ്പ്!'' റിന അലറി. ആകാശത്തിലെ മേഘങ്ങളെ നോക്കിക്കൊണ്ട് അവൾ പറഞ്ഞു: ''എല്ലാം കള്ളം. ഈശ്വരനില്ല. എന്നെങ്കിലും ഉണ്ടായിരുന്നോ എന്നറിഞ്ഞുകൂടാ. ഉണ്ടായിരുന്നെങ്കിൽത്തന്നെ അവൻ മരിച്ചുകഴിഞ്ഞിരിക്കുന്നു. മനുഷ്യൻ അവനെ കൊന്നുകളഞ്ഞിരിക്കുന്നു. എൻെറ നേരെ നോക്കൂ. ഞാനവൻെറ അസ്ഥിമാടമാണ്. എൻെറ പരിഷ്കൃതനും മതവിശ്വാസിയും ഇംഗ്ലീഷുകാരനും ക്രിസ്ത്യാനിയും എല്ലാമായ അച്ഛൻ അവനെ കൊന്ന് എന്നിൽ കുഴിച്ചുമൂടിയിരിക്കുന്നു. ഞാനാണ് നിങ്ങളോടിതു പറയുന്നതു്. മരിച്ചവർ പിന്നീട്ട ജീവിച്ചുവരില്ല. ഈശ്വരവിശ്വാസത്തിന്റെ ചീഞ്ഞുനാറുന്ന ശവം ദൂരെ എറിയൂ. ഇവിടെനിന്നു പോകൂ.''

''നീയിന്ന് എന്തൊക്കെയായാലും ക്രിസ്ത്യാനിയാണ്, റിനേ!''

''അല്ല, അല്ല, അല്ല. ഞാൻ ക്രിസ്ത്യാനിയല്ല. ഇതുവരെ പറഞ്ഞതൊന്നും മനസ്സിലായില്ലേ?''

''റിനേ!''

''ഒരിക്കലും ആയിരുന്നുമില്ല. കുരിശും ബൈബിളും ഞാൻ വലിച്ചെറിഞ്ഞു. ഞാനൊരിക്കലും ജ്ഞാനസ്നാനം കഴിച്ചിട്ടില്ല. ഞാൻ ബാപ്ടിസം സ്വീകരിക്കാൻ അച്ഛൻ സമ്മതിച്ചില്ല. എനിക്ക് ഒരു മതവുമില്ല. അച്ഛൻ ജെയിംസ് ബ്രൗൺ ഇംഗ്ലീഷുകാരനായിരുന്നു, ക്രിസ്ത്യാനിയായിരുന്നു, അക്രമിയായ ജമിന്ദാരായിരുന്നു. എൻെറ അമ്മ ഹീതനും. ഹിന്ദുക്കളിൽത്തന്നെ തീണ്ടലുള്ള കാട്ടുജാതിസ്ത്രീ. അച്ഛൻ കാമാസക്തി പൂർത്തീകരിക്കാൻവേണ്ടി അവരെ വെപ്പാട്ടിയാക്കി

വെച്ചു വിലയ്ക്കു വാങ്ങി. അവരുടെ ജാരസന്താനമാണ്
ഞാൻ, കൃഷ്ണേന്ദു. ആ ആയ കുന്തിയാണ് എൻെറ അമ്മ.''

റിനയുടെ വാക്കുകളുടെ പ്രതിദ്ധ്വനിയെന്നവണ്ണം ഈ സമയം മേഘങ്ങൾ ഉച്ചത്തിൽ ഗർജ്ജിച്ചു. കൃഷ്ണേന്ദു ഇടിവെട്ടേററതുപോലെ സ്തംഭിച്ചു നിന്നുപോയി. ഒരൊററ വാക്ക്, വിസ്മയസൂചകമായ ഒരു ശബ്ദംപോലും, പുറത്തു വന്നില്ല. റിന പൊട്ടിച്ചിരിച്ചു. പെട്ടെന്നു ചിരി നിർത്തി, തോളിൽ തൂക്കിയിട്ട ഫ്ളാസ്കിൽനിന്ന് അല്പം മദ്യം മോന്തിയിട്ട് അവൾ പറഞ്ഞു: ''ഇനിയും കേൾക്കണോ? ധാരാളമുണ്ട് ഇനിയും. മേദിനിപൂരിൽ ബ്രൗൺസായ്പിനു ജമിന്ദാരി ഉണ്ടായിരുന്ന സ്ഥലത്തെ കാട്ടുകൊട്ടാരത്തിലെ പഴയ ഒരു കാവൽക്കാരൻെറ വെപ്പാട്ടിയായിരുന്ന ഒരു കാട്ടുപെണ്ണിൻെറ ഗർഭത്തിലാണ് എൻെറ അമ്മ കുന്തി ജനിച്ചതു്. ഒരു ബ്രാഹ്മണന്റെ വ്യഭിചാരത്തിൻെറ ഫലമായിരുന്നു ആ കാവൽക്കാരൻെറ വെപ്പാട്ടിതന്നെ. കേൾക്കണോ ഇനിയും? കറുത്ത പെണ്ണുങ്ങളുടെ രക്തത്തിൽ ധാരാളം വെളുപ്പുനിറം കലന്നിരുന്നു—അവസാനം വെള്ളക്കാരനായ ഇംഗ്ലീഷുകാരൻെറ നിറവും. അതെല്ലാം എന്നിൽ തെളിഞ്ഞുകാണാം. കറുത്ത മുടി, വലിയ വലിയ കൺപോളകൾ, വെളുത്ത തൊലി. നിറവും രൂപവും എന്തായാലും എനിക്ക് എന്തു മതമാണുള്ളതു്? ഏതീശ്വരനാണുള്ളതു്? ഈശ്വരൻെറയും മതത്തിൻെറയും സ്പന്ദിക്കുന്ന അസ്ഥിമാടമാണു ഞാൻ. ഈശ്വരൻെറ ശവം എൻെറയുള്ളിൽ കിടന്നു ചീഞ്ഞുനാറുകയാണ്.''

റിന പെട്ടെന്നു നിർത്തി. അല്പനേരം സ്തബ്ധയായി ഇരുന്നു.

അവളുടെ കണ്ണിൽനിന്നു കണ്ണുനീരൊഴുകുന്നുണ്ടെന്നു കൃഷ്ണസ്വാമിക്കു തോന്നി. അദ്ദേഹം ചോദിച്ചു: ''നീ കരയുകയാണോ?''

''കരയുന്നോ? നോക്ക്.'' അവൾ ടോർച്ച് കത്തിച്ചു സ്വന്തം മുഖത്തേക്കു തിരിച്ചുപിടിച്ചു. അല്ല, റിന കരയുകയല്ല. അവളുടെ കണ്ണു രണ്ടും ലഹരികയറി രക്തവർണ്ണമായിരിക്കുന്നു, അവളുടെ നോട്ടം അസഹനീയമാംവിധം ക്രൂരമായിരിക്കുന്നു.

"എൻെറ കണ്ണുനീർ വററിയിട്ട വളരെനാളായി. കണ്ണുകൾ മരുഭൂമിപോലെയായിരിക്കുന്നു. കരഞ്ഞു കരഞ്ഞു കണ്ണുനീർ ഇല്ലാതായിരിക്കുന്നു."

റിന സാവധാനം പറഞ്ഞുകൊണ്ടിരുന്നു: "എല്ലാം നിങ്ങൾക്കുവേണ്ടിമാത്രം, കൃഷ്ണേന്ദു! യൂ ആർ ദി കാസ്, യൂ ആർ ദി കാസ്.' ഇന്നു നിങ്ങളുടെ പേരു സ്പഷ്ടമായി ഉച്ചരിച്ചുകൊണ്ടു ഞാൻ പറയുകയാണ്, യൂ ആർ ദി കാസ്." റിന അല്പം ചിരിച്ചു. ഒഥല്ലോയിലെ ആ രംഗത്തിൻെറ അഭിനയത്തിൻെറ സുഖകരമായ ഓർമ്മകൾ നിമിഷനേരത്തേക്ക് അവളെ അല്പം മധുരിപ്പിച്ചതുപോലെ.

"നിങ്ങളെപ്പോലെ സ്നേഹിക്കുന്ന ഒരാളെ ഞാൻ മടക്കി അയച്ചു, നിങ്ങൾ ഈശ്വരനെയും മതത്തെയും ഹൃദയംഗമമായി വിശ്വസിക്കുന്നില്ലെന്നു പറഞ്ഞു്. ഇന്നലെ നിങ്ങളെ കണ്ടപ്പോൾമുതൽ ഞാനാലോചിക്കുകയാണ്, അന്നു ഞാൻ എനിക്കു പകരം എൻെറ ഈശ്വരനെയും മതത്തെയുമെല്ലാം നിങ്ങൾക്കു തന്നുവെന്നു്. നിങ്ങൾ എന്നെ അറിയിക്കാതെ എല്ലാം പിടിച്ചുപറിച്ചുകൊണ്ടു പൊയ്ക്കളഞ്ഞു."

വീണ്ടും അല്പം നിർത്തിയിട്ട് അവൾ പറഞ്ഞു: "ഞാൻ അസൻസോളിൽനിന്നു തിരിച്ചുപോന്നു. ഹൃദയം വെന്തു നീറിയിട്ടും ഞാൻ കരഞ്ഞില്ല, കൃഷ്ണേന്ദു! ഈശ്വരനെയും മതത്തെയും അത്രമാത്രം സ്നേഹിച്ചിരുന്നു ഞാൻ. ജീവിതം മുഴുവൻ കന്യാസ്ത്രീയായി കഴിയണമെന്നായിരുന്നു വിചാരം. അച്ഛനെന്നു വിളിക്കാൻ എനിക്കു വെറുപ്പു തോന്നുന്ന ആ ബ്രൗൺസായ്പു് നിങ്ങളുടെ കാര്യം ചോദിച്ചു: 'അവനെവിടെ?' ഞാനയാളോടു പറഞ്ഞു. 'ഞാനയാളെ മടക്കി അയച്ചു.' അയാൾ ചോദിച്ചു: 'അതെന്താ? അവൻ ക്രിസ്ത്യാനിയായതു നീയറിഞ്ഞില്ലേ? അവൻ നിന്നോടു പറഞ്ഞില്ലേ?' ഞാൻ പറഞ്ഞു: 'പറഞ്ഞു.' അയാൾ ചോദിച്ചു: 'പിന്നെ?' നിങ്ങളോടു പറഞ്ഞതെല്ലാം ഞാൻ ആവർത്തിച്ചു. കൃഷ്ണേന്ദു, ഒരു നിമിഷംകൊണ്ടു് അയാളുടെ മുഖംമൂടി ഊർന്നു താഴെവീണു. അയാൾ അലറി: 'ബാസ്റ്റാർഡ്, വിച്ച്!' പിന്നീടു് നിർത്താതെ തെറിതന്നെ തെറിയായിരുന്നു. അയാൾ ചോദിച്ചു: 'നീയോ ക്രിസ്ത്യാനി? നിനക്കറിയാമോ ആ ഹീതൻ

കുന്തിയെ? ഹീതനേക്കാൾ വെറുക്കപ്പെടേണ്ടതാണവൾ. തുടർച്ചയായി മൂന്നു തലമുറയായി ബാസ്റ്റാർഡുകളാണു് അവളുടെ കുടുംബം. അവളാണു് നിൻെറ തള്ള.' അയാൾ തുടന്നു: 'ജീവിതത്തിലെ ഒരു നിമിഷനേരത്തെ ദൗർബ്ബല്യമാണു് എന്നെ ഇവിടെ എത്തിച്ചതു്. നിൻെറ വെളുപ്പുനിറം കണ്ടു് ഞാൻ സ്വയം മറന്നുപോയി. നിന്നെ കൊല്ലാതെ വളർത്തി.''

റിന ഒരു സിഗററ്റെടുത്തു കൊളുത്തി. എന്തോ പറയാൻ തുടങ്ങിയിട്ടു് പെട്ടെന്നു് ആകാശത്തേക്കു നോക്കിക്കൊണ്ടു പറഞ്ഞു: ''ഇററീസ് റെയ്നിംഗ്. മഴ വന്നുകഴിഞ്ഞു.''

വലിയ ഏതാനും വെള്ളത്തുള്ളികൾ കൃഷ്ണസ്വാമിയുടെ തലയിലും കൈയിലും പതിച്ചു. ദൂരെ ഇരമ്പം കേൾക്കാനുണ്ടു്. നല്ല മഴ വരുന്നു. നൈരൃതിക്കോണിൽനിന്നു് ഇളം കാററടിക്കുന്നുണ്ടു്.

കൃഷ്ണസ്വാമി പറഞ്ഞു: ''അകത്തേക്കു പോകാം, റിനേ!''

''മുറിക്കകത്തോ? പോകാം. പക്ഷേ, എന്താ അതിൻെറ ആവശ്യം? ഞാൻ പോകുകയാണു്. ഒരു കാര്യമേ പറയാനുള്ളു. നിങ്ങളോടു ഞാൻ വീണ്ടും പറയുന്നു, നിങ്ങൾ ഇവിടെ നിന്നു പോയേ കഴിയൂ. എനിക്കു സൈ്വരമില്ല. യൂ മസ്റ്റ് ഗോ.''

''അതാകാം റിനേ. പക്ഷേ, ഈ ഇരുട്ടത്തും മഴയത്തും നീയെവിടെപ്പോകുന്നു?''

''ഞാൻ നനഞ്ഞുനനഞ്ഞു നടന്നു പോകും. കാററും മഴയുമൊക്കെ എനിക്കിഷ്ടമാണു് കൃഷ്ണേട്ടാ. പണ്ടു പേടിയായിരുന്നു. ഇപ്പോൾ ആനന്ദമാണു്. ഇരുട്ടിനെ എനിക്കു പേടിയില്ല, കൊടുങ്കാറ്റിനെ എനിക്കു പേടിയില്ല, ഇടിയെ എനിക്കു ഭയമില്ല. ലെറ്റ് മീ ഗോ. ബട്ട് യൂ മസ്റ്റ് ലീവ് ദി പ്ലേസ്.''

''നീയിപ്പോൾ പോകണ്ട. ഇവിടെ വന്നിരിക്കു.''

കൃഷ്ണസ്വാമി മുറിയിൽ കയറി, മങ്ങിക്കത്തിയിരുന്ന റാന്തലിൻെറ തിരി നീട്ടി.

''നോ'' എന്നുപറഞ്ഞു് റിന തിരിതാഴ്ത്തി വിളക്കു കെടുത്തിക്കളഞ്ഞു. മുറിയിൽ ഇരുട്ടുനിറഞ്ഞു. ''ഇരുട്ട്—ഇരുട്ടതന്നെ നന്നു്. അറിയാമോ, ബ്രൗൺ പറഞ്ഞു കഥയെല്ലാമറിഞ്ഞപ്പോൾ മൂന്നു ദിവസം ഞാൻ ഇരുട്ടിൽ കിടന്നു കരഞ്ഞു. ജനലും വാതിലുമെല്ലാം അടച്ചിട്ടു, വിളക്കു കത്തിച്ചില്ല.

എന്നെത്തന്നെ കാണാൻ എനിക്കു പേടിയായിരുന്നു. എന്റെ അമ്മ മുമ്പിലിരുന്നു കരയും. കുന്തി. ബ്രൗണിനെ ഞാൻ വെറുത്തു. കുന്തിയെ വെറുക്കാൻ സാധിച്ചില്ല. ഹതഭാഗ്യ. ബ്രൗണിനെ പേടിച്ചു്, പേടിച്ചരണ്ട മൂകജന്തുവിനെപ്പോലെ ജീവിതം മുഴുവൻ എൻെറ ആയയായിക്കഴിഞ്ഞു. മകളെന്ന നിലയിൽ ഒരിക്കലും ഒരിററു സ്നേഹമോ അടുപ്പമോ എന്നോടു കാണിക്കാൻ കഴിഞ്ഞില്ല. രണ്ടുപേരും ഇരുട്ടിലിരുന്നു കരഞ്ഞു. തനിക്കു കളങ്കം വരുമെന്നു പേടിച്ചു്—എന്റെ അമ്മയാരാണെന്ന വിവരം തന്നെ കളങ്കപ്പെടുത്തുമെന്നു കരുതി—ബ്രൗൺ എന്നെ ജ്ഞാനസ്നാനം ചെയ്യിച്ചില്ല. നഴ്സറിയിലയച്ചു. എങ്കിലും എന്റെ അമ്മയ്ക്കു് അപ്പോഴും യൗവനവും സൗന്ദര്യവുമുണ്ടായിരുന്നു. ആ സൗന്ദര്യത്തിൽ വന്യമായ ഒരു സമ്മോഹനതയും. ആശ്ചര്യജനകമായ സമ്മോഹനത. എൻെറ തലമുടിയിലും കണ്ണിലും കൺപീലികളിലും അതിൻെറ അംശമുണ്ടു്. അമ്മയേയും ബ്രൗൺ ഓടിച്ചുകളഞ്ഞില്ല. അവരെ അയാൾ വിലയ്ക്കുവാങ്ങിയതായിരുന്നു, രാക്ഷസീയമായ രീതിയിൽ അനുഭവിക്കാൻ. ക്രിസ്ത്യാനി! ക്രിസ്തു, ദൈവപുത്രൻ! അദ്ദേഹമുണ്ടായിരുന്നു, കുരിശിൽ തറച്ചു കൊല്ലപ്പെട്ടതാണു്. റോമൻസാമ്രാജ്യവാദികൾ അദ്ദേഹത്തെ കൊന്നുകളഞ്ഞു. അദ്ദേഹം ഉയിർത്തെഴുന്നേററന്നാണു് ആളുകളുടെ വിശ്വാസം. അങ്ങനെയാണെങ്കിൽതന്നെ, സാമ്രാജ്യവാദികൾ ഇനിയും ഇല്ലാതായിട്ടില്ല. അവരദ്ദേഹത്തെ ദിവസവും കുരിശിലേററുകയാണു്, ദിനംപ്രതി കുരിശിൽ തറച്ചു കൊല്ലുകയാണു്.''

റീന ചിരിച്ചു. ചിരിച്ചുകൊണ്ടു പറഞ്ഞു: ''ഇങ്ങനെയൊക്കെയാണെങ്കിലും ഒരു കാര്യത്തിൽ ഇവർ നല്ലവരാണു്. ക്ലേററൺ എന്നെ വിവാഹം കഴിക്കാൻ ആഗ്രഹിച്ചിരുന്നു. പക്ഷേ, അയാളുടെ ആഭിജാത്യം നിലനിർത്തുന്നതിനുവേണ്ടി കറകളഞ്ഞ ആ ഇംഗ്ലീഷുകാരൻ എൻെറ വിവരമെല്ലാം അയാൾക്കു് എഴുതി അയച്ചു. ക്ലേററൻെറ അച്ഛൻ ബ്രൗണിനു നന്ദി പറഞ്ഞു. നിങ്ങൾ ഹീനനായതുകൊണ്ടു് നിങ്ങളോടു സത്യം പറയേണ്ടെന്നു കരുതി അയാൾ. ഞാൻ ക്രിസ്ത്യാനിയല്ലാഞ്ഞിട്ടും നിങ്ങൾ മതം മാറാതെ എന്നെ കല്യാണം കഴി

ക്കാൻ സമ്മതിച്ചില്ല. ഹീതൻെറ ഗർഭത്തിൽ ജനിച്ച എനിക്കു കളിക്കാനാണ് ബൈബിളും കുരിശും തന്നിരുന്നതു്. അവക്കു് ഒരു വിലയുമില്ല ഈശ്വരൻ, മതം—ഒന്നിനും എനിക്ക് യാതൊരവകാശവുമില്ല. ഈശ്വരൻ മൂകനാണ്. അദ്ദേഹത്തിനു ഭാഷയില്ല അദ്ദേഹം എതിർപ്പൊന്നും പറഞ്ഞുമില്ല. മതത്തിൻെറ മുറിയുടെ പൂട്ട് ശരിയായ താക്കോലിടാത്തതുകൊണ്ടു തുറന്നില്ല. എനിക്കു തുറന്നുകിട്ടിയതു് നരകത്തിന്റെ ഗോപുരവാതിലാണ്. ഞാനതിൽ കടക്കുകയും ചെയ്തു.'' അവൾ ഒരു സിഗററ്റുകൂടി കത്തിച്ചു.

പുറത്തു് അപ്പോഴേക്ക് അതിശക്തിയായ മഴയാരംഭിച്ചിരുന്നു. ചുറ്റുപാടുമുള്ള സുദീർഘവിശാലമായ സാലവനത്തിലെ വൃക്ഷത്തളിരുകളിൽ വെള്ളത്തുള്ളികൾ വീഴുന്ന ശബ്ദം 'മേഘമല്ലാർ'രാഗമായി ഉയന്നു. വിചിത്രമായ സംഗീതധാര. ലോകത്തെ മറ്റു ശബ്ദങ്ങളെല്ലാം മുങ്ങിപ്പോയിരിക്കുന്നു. ജീപ്പിൻേറയും മോട്ടോറിൻേറയും ശബ്ദംപോലും നല്ലപോലെ കേട്ടുകൂടാ.

പെട്ടെന്നു് റിന എഴുന്നേററു. ഒരു ജനലിനടുത്തു പോയിനിന്നു. പുറത്തേക്കു സൂക്ഷിച്ചുനോക്കിക്കൊണ്ടു് അവൾ പറഞ്ഞു: ''എത്ര സുന്ദരമായ രാത്രി! ലോകത്തു നിങ്ങളും ഞാനുമല്ലാതെ ആരുമില്ല, ഒന്നുമില്ല, എന്നു തോന്നിപ്പോകുന്നു.''

കൃഷ്ണസ്വാമി സ്തബ്ധനായി ഇരുന്നു് റിനയുടെ കഥ കേൾക്കുകയായിരുന്നു. വേദനയും കരുണയുംകൊണ്ടു് അദ്ദേഹത്തിൻെറ ഹൃദയം മരവിച്ചുപോയി. പുറത്തെ നനഞ്ഞ കാററു് കരയുകയായിരുന്നു. അദ്ദേഹത്തിന്റെ ഹൃദയവും. ഭഗവാനേ, അങ്ങു് അവളുടെ ഉള്ളിൽ ഉയിർത്തെഴുനേൽക്കൂ. അവളുടെ ഹൃദയത്തിലെ അസ്ഥിമാടം തകർത്തു പുറത്തുവരൂ അങ്ങയുടെ സ്പർശനം കുഷ്ഠരോഗിയെ ആരോഗ്യവാനാക്കിത്തീർത്തു. അതുപോലെ, അതികഠിനമായ ആഘാതമേററു് രോഗഗ്രസ്തമായ ഇവളുടെ ഹൃദയത്തെയും സുന്ദരവും അരോഗവുമാക്കിത്തീർക്കൂ. സുന്ദരിയായ റിന. ഇപ്പോഴും സുന്ദരിയാണവൾ. അവളുടെ സർവ്വാംഗങ്ങളിലും ഇപ്പോഴും മാധുര്യം തുളുമ്പി

നില്ക്കുന്നു. നീണ്ട് ഇടതിങ്ങിയ കറുത്ത പക്ഷ്മരാജി ചുററി നില്ക്കുന്ന നീണ്ടിടംപെട്ട കറുത്ത കണ്ണുകൾ മാനസസരസ്സുപോലെ സ്വച്ഛവും ഗഭീരവുമാണ് ഇപ്പോഴും. ആകാശത്തിൻെറ നീലാഭ പ്രതിഫലിപ്പിക്കാനുള്ള ശക്തി ആ കണ്ണുകൾക്ക് ഇപ്പോഴുണ്ട്. അങ്ങ് ആ മേഘങ്ങളെ അകററൂ. ആട്ടിയകററൂ. ഈശ്വരാ! നരകത്തിൻെറ വാതില്ക്കൽ എത്തിപ്പെട്ടിരിക്കുന്ന ഉന്മത്തയായ ഈ സഞ്ചാരിയെ അങ്ങു മടക്കിവിളിക്കൂ.

ഒരു നെട്ടവീർപ്പോടെ സാവധാനം മുന്നോട്ട നീങ്ങിക്കൊണ്ട് അദ്ദേഹം പറഞ്ഞു: "റിനേ, ഈശ്വരൻെറ കുഴിമാടം തീക്കാൻ ഈശ്വരന്റെ എതിർശക്തികൾ വീണ്ടും വീണ്ടും ശ്രമിച്ചിട്ടുണ്ട്. വെളിച്ചവും നിഴലും. നന്മയും തിന്മയും. പക്ഷേ, വീണ്ടും വീണ്ടും തിന്മ തോററിട്ടേയുള്ളൂ. നന്മ ജയിച്ചിട്ടേയുള്ളൂ. ഈശ്വരൻ ആ കുഴിമാടങ്ങളെല്ലാം തകത്തു പുറത്തു വന്നിട്ടുണ്ട്. കഷ്ടംതന്നെ റിനേ, നീ ധാരാളം ദുഃഖം സഹിച്ചു, ധാരാളം വേദന തിന്നു. എന്റെ ദൗർഭാഗ്യമായിപ്പോയി, അന്ന് ഇത്ര അകലെ പോന്നതു്. ഞാനറിഞ്ഞെങ്കിൽ, ഈ ദുഃഖം നിന്നെ പിടികൂടാൻ അനുവദിക്കുമായിരുന്നില്ല. ഞാൻ പറയുമായിരുന്നു—ജീവിതം? ഈശ്വരൻെറ അംശമാണതു്. സൃഷ്ടികളിൽ മനുഷ്യൻെറ ജീവിതത്തിലൂടെയാണു ഭഗവാൻ സംസാരിക്കുന്നതു്, ചിരിക്കുന്നതു്, കരയുന്നതു്, സ്നേഹിക്കുന്നതു്, ബലികഴിക്കുന്നതു്, ലോകത്തിനുവേണ്ടി ആത്മസമപ്പണം നടത്തുന്നതു്. മനുഷ്യനിലേ ദൈവത്തെ കാണാൻ കഴിയൂ. മനുഷ്യജീവിതം എവിടെനിന്നു് ഉത്ഭവിച്ചതായാലും ഒരുപോലെ പവിത്രമാണു്. ബ്രാഹ്മണനെന്നില്ല, ചണ്ഡാളനെന്നില്ല, ക്രിസ്ത്യാനിയെന്നില്ല, ഹീനനെന്നില്ല, ധനികനെന്നില്ല, ദരിദ്രനെന്നില്ല. ഗോത്രമോ കുലമോ പാരമ്പയ്യമോ ഒന്നുമില്ലെങ്കിലും മനുഷ്യർ ഒരുപോലെ പവിത്രരാണു്. അവരിലെല്ലാം തുല്യമഹിമയോടെ ആത്മപ്രകാശനം നടത്താൻ ഈശ്വരനാഗ്രഹിക്കുന്നു. നിന്നോടൊപ്പം അതിയായ ആനന്ദത്തോടെ ഞാനീ തപസ്യ നടത്തിയേനെ."

അവളുടെ പുറകിൽ തടവിക്കൊണ്ട് അദ്ദേഹം പറഞ്ഞു: "കുഴിച്ചുമൂടിയെന്നു നീ പറഞ്ഞ ഈശ്വരൻ ഉയിർത്തെഴുന്നേല്ക്കും. നീ സമാധാനമായിരിക്കൂ."

"ഡോണ്ട് ടച്ച് മീ പ്ലീസ്. ഡോണ്ട്, ഡോണ്ട് കൃഷ്ണേന്ദു! എന്നെ തൊടല്ലേ!" റിന അലറി. അതൊരു നിലവിളിപോലെയായിരുന്നു.

"പീസ് ആൻറ് ബി സ്റ്റിൽ, റിനാ!" ഒഥല്ലോയിലെ വരികൾ ഓർമ്മിപ്പിച്ച് അവളുടെ ഉള്ള് സ്വസ്ഥമാക്കാൻ കൃഷ്ണസ്വാമി ശ്രമിച്ചു.

പക്ഷേ, അക്ഷമയോടെ റിന പറഞ്ഞു: "എനിക്കു സമാധാനമില്ല. അടങ്ങിയിരിക്കാൻ എനിക്കു സാദ്ധ്യമല്ല, കൃഷ്ണേന്ദു. നിങ്ങൾക്കറിഞ്ഞുകൂടാ. അതിനൊന്നും എനിക്കിനി യാതൊരവകാശവുമില്ല. എന്റെ വ്യഭിചാരിയായ പിതാവ് ബ്രൗൺ എന്നോടു പറഞ്ഞിട്ടുണ്ട്—നിനക്കു മതത്തിനവകാശമില്ല, ഈശ്വരനവകാശമില്ല, പവിത്രതയ്ക്കവകാശമില്ല എന്ന്. അവരുടെ സാമ്രാജ്യങ്ങൾ തമ്മിൽത്തമ്മിൽ പറയുന്നതുപോലെ—നിങ്ങൾക്കു യാതൊരവകാശവുമില്ല—അവക്കതു നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമാണല്ലോ. അവർ അതു വിശ്വസിച്ചു. എനിക്കും അതുതന്നെയാണു സംഭവിച്ചതു്. എനിക്കു യാതൊന്നിനും അവകാശമില്ലെന്നു പറഞ്ഞു ഞാൻ സ്വയം നരക കുണ്ഡത്തിൽ എടുത്തുചാടി. അവിടെക്കിടന്ന്, ചേററിൽ വീണ പൂവുപോലെ ഞാൻ ചീഞ്ഞളിയാൻ തുടങ്ങി. ഇന്ന് എന്റെ ഹൃദയംമുഴുവൻ അഴുകിപ്പോയിരിക്കുന്നു. ചെകുത്താൻ എന്നെ പിടികൂടിക്കഴിഞ്ഞു. വളരെയൊക്കെ ശ്രമിച്ചിട്ടും പവിത്രതയുടെ കാര്യം ആലോചിക്കാൻകൂടി വയ്യ എനിക്ക്. അടങ്ങാത്ത ക്രോധംകൊണ്ടു് എൻെറ അന്തരംഗം വിറയ്ക്കുന്നു; എനിക്കു സങ്കടം സഹിക്കുന്നില്ല. എനിക്കു കരയാൻ കഴിവില്ല. ബ്രൗണിനോടു ദേഷ്യപ്പെട്ടു് ഞാനിറങ്ങിപ്പോന്നു. ബൈബിൾ വലിച്ചെറിഞ്ഞു. നിങ്ങളെ കണ്ടുമുട്ടിയാലോ എന്നു പേടിച്ച് ഒരു വൃത്തികെട്ട സ്ഥലത്തു് ഒളിച്ചിരുന്നു. അമ്മയുമുണ്ടായിരുന്നു കൂടെ. അവർ ഈ രാത്രിയെപ്പോലെയാണു്. ഇരുണ്ടതും മൂകവും. പാപം ചെയ്താലും പുണ്യം ചെയ്താലും എതിരു പറയുകയില്ല; ശാസിക്കുകയില്ല. എല്ലാം നിശ്ശബ്ദം നോക്കിയിരിക്കും. കറുത്ത തുണികൊണ്ടു് കറുത്ത ദേഹം മൂടി വെയ്ക്കും, പ്രകാശം കാണിക്കുകയില്ല. റിപ്പൺതെരുവിലാണു ഞാൻ ജീവിതമാരംഭിച്ചതു്. പിന്നീടു് ഒരു ഹോട്ടലിൽ

ചെന്നുപെട്ടു. ഇപ്പോൾ ഹോട്ടലിൽനിന്നിറങ്ങി ഈ യുദ്ധത്തിന്റെ നടുവിൽ ദേഹം വിററു നടക്കുന്നു. ചെകുത്താൻ എന്നെ കെട്ടിവരിഞ്ഞിരിക്കുന്നു. ഞാനവനോടു കൃതജ്ഞയാണ്.''

''റിനേ!'' കൃഷ്ണസ്വാമി വിറപൂണ്ടു.

''ഇല്ല, ഞാനാരെയും കുററപ്പെടുത്തുകയില്ല. എല്ലാം എന്റെ വിധിയാണ്. ജനനംമുതലേ ഞാൻ ചെളിക്കുണ്ടിലാണ്, കൃഷ്ണേന്ദു. അവിടെ ചെളിയുടെ അടിയിൽ നിങ്ങൾ കിടപ്പുണ്ട്, ഈശ്വരൻ കിടപ്പുണ്ട്, ഈശ്വരപുത്രൻ കിടപ്പുണ്ട്—ബ്രൗൺസായ്പ് എല്ലാവരെയും അവിടെ കുഴിച്ചിട്ടിരിക്കുകയാണ്.''

''റിനേ!'' കൃഷ്ണസ്വാമി അവളുടെ കൈ പിടിച്ചു.

''എന്നെ വേണോ നിങ്ങൾക്ക്? പ്രേമമില്ല. ദേഹം തരാൻ കഴിയും എനിക്ക്. പ്രാണനില്ല, മനസ്സില്ല. മനസ്സും പോയി, പ്രേമവും പോയി. പ്രാണനില്ലാത്ത ഈ മൃദുവായ മാംസപിണ്ഡം നിങ്ങൾക്കു വേണോ?''

കൃഷ്ണസ്വാമി കൈ വിട്ടു. അദ്ദേഹം പറഞ്ഞു: ''ഭഗവാനു നിന്നോടു ദയ തോന്നട്ടെ ''

''നോ, നോ, നോ! ആ പേരുമാത്രം പറയല്ലേ!''

''മരിച്ചയാളെ നിനക്കു ഭയമെന്തിനു്?''

''ഭയമല്ല. വെറുപ്പാണ്. കേൾക്കൂ കൃഷ്ണേന്ദു, നിങ്ങളിവിടെ താമസിച്ചാൽ എനിക്കു സ്വൈരമുണ്ടാവില്ല. നിങ്ങൾ ഇവിടെനിന്നു പോണം. നിങ്ങൾ പോകൂ, കൃഷ്ണേന്ദു; ഇല്ലെങ്കിൽ ഒരുപക്ഷേ, ഞാൻ നിങ്ങളെ വെടിവെച്ചു കൊല്ലും. ഞാൻ ചെയ്തില്ലെങ്കിൽ അവർ ചെയ്യും അതു്. നിങ്ങൾ കാരണം ഞാൻ സ്ഥലംവിട്ടുമെന്നറിഞ്ഞാൽ അക്കൂട്ടർ നിങ്ങളെ വെച്ചേക്കില്ല.''

കൃഷ്ണസ്വാമി ഇരുട്ടിൽ, ഭിത്തിയിൽ കുരിശിലേറിയ ക്രിസ്തുദേവന്റെ രൂപം തൂക്കിയിരുന്നിടത്തേക്കു നോക്കിക്കൊണ്ടിരുന്നു. അനശ്വരനായ ഭഗവാനേ, അങ്ങു സ്വയം വെളിപ്പെട്ടു.

''കൃഷ്ണേന്ദു, നിങ്ങൾ ഇവിടെനിന്നു പോകുന്നോ ഇല്ലയോ?''

"ഇല്ല."

"ഇല്ല?"

"ഇല്ല."

"നിങ്ങൾ വേറെയെവിടെയെങ്കിലും പോയി നിങ്ങളുടെ ജോലിചെയ്യു. എന്നെ ശല്യപ്പെടുത്താതെ."

"ഇല്ല."

"എന്തുകൊണ്ട്? ആക്കുവേണ്ടി? എനിക്കുവേണ്ടിയോ? എൻെറ ശരീരത്തിനുവേണ്ടിയോ?"

തികച്ചും ശാന്തനായിരുന്നുകൊണ്ടുതന്നെ കൃഷ്ണസ്വാമി തലയാട്ടി. അദ്ദേഹം പറഞ്ഞു: "അല്ല. നിൻെറ ശരീരംകൊണ്ടു ഞാനെന്തുചെയ്യാൻ? എനിക്കു നിൻെറ ആത്മാവാണ് ആവശ്യം. നിൻെറ മനസ്സ്. ദേഹം നശിക്കും, ചീഞ്ഞളിയും. ആത്മാവിനു മരണമില്ല. 'യേനാഹം നാമൃത സ്യാം കിമഹം തേന കുര്യാം.' " ഒപ്പംതന്നെ അതു് ഇംഗ്ലീഷിൽ തർജ്ജമ ചെയ്തുകൊണ്ടു് അദ്ദേഹം പറഞ്ഞു: "അതുകൊണ്ടെന്തു പ്രയോജനം? എനിക്കു വേണ്ടതു് നിൻെറയുള്ളിലെ അസ്സൽ നീയാണു്. നിൻെറയുള്ളിലെ അനശ്വരയായ നീ. ഇഹകാലത്തെയും പരകാലത്തെയും നീ!"

"അങ്ങനെയൊന്നില്ല. അതു നിങ്ങൾക്കു കിട്ടുകയില്ല. പിന്നെയെന്തിനു്? എന്തിനുവേണ്ടിയാണു് ഇവിടെ താമസിക്കാനാഗ്രഹിക്കുന്നതു്? എന്തിനുവേണ്ടി? മരിക്കാനാഗ്രഹമുണ്ടോ?" റിന അലറി.

"ഞാൻ മരിക്കാം." കൃഷ്ണസ്വാമി ശാന്തസ്വരത്തിൽ പറഞ്ഞു: "ദാററ് വിൽ ബി മൈ ക്രൂസിഫിക്കേഷൻ. ഐയാം ഹിയർ ടു ബി ക്രൂസിഫൈഡ് എഗെൻ."

പറഞ്ഞുതീരുന്നതിനു മുമ്പുതന്നെ അദ്ദേഹം റിനയുടെ കൈയിൽനിന്നു് ടോർച്ചുവാങ്ങി തെളിച്ചു. പ്രകാശരശ്മികൾ കുരിശിലേററപ്പെട്ട ക്രിസ്തുരൂപത്തിൽ പതിച്ചു.

അടുത്തക്ഷണം റിന മിന്നൽവേഗത്തിൽ എന്തോ വലിച്ചെടുത്തു. കൈത്തോക്കു്. അവൾ അതുയർത്തി വെടിവെച്ചു. ക്രിസ്തുരൂപം തകർന്നു താഴെവീണു. കൃഷ്ണസ്വാമി ഉച്ചത്തിൽ വിളിച്ചു: "റിനേ!"

റിന ഇറങ്ങിപ്പോയി, മാർഗ്ഗഭ്രംശം വന്ന ഒരുല്ക്കപോലെ.

ഇതിനിടയിൽ കൃഷ്ണസ്വാമിക്കു ബോധം വീണ്ടുകിട്ടി. അദ്ദേഹം പുറത്തേക്കു പാഞ്ഞുചെന്നു വിളിച്ചു: "റിനേ, റിനേ, റിനേ!"

"നോ, നോ, നോ!" ദൂരെനിന്നു് ഉത്തരം ഒഴുകിവന്നു. "നോ!"

* * *

ഇരുട്ടും മഴയും നിറഞ്ഞ ആ രാത്രിയിൽ അദ്ദേഹം വഴിയരികിൽ സ്തംഭിച്ചുനിന്നു. അദ്ദേഹം കരുതി—റിന തീർച്ചയായും മടങ്ങിവരും. പക്ഷേ, അതുണ്ടായില്ല.

പിറേറന്നു് അദ്ദേഹം പിയരാഡോബയിൽ പോയി. റിനാബ്രൗൺ എവിടെ? അന്വേഷിച്ചിട്ടു് ഒരു പിടിയും കിട്ടിയില്ല. അദ്ദേഹം കാട്ടിന്റെ നടുവിൽ തിരഞ്ഞു. റിനയുടെ മൃതദേഹം കണ്ടുകിട്ടിയില്ല. അദ്ദേഹം സ്വയം ചോദ്യംചെയ്തു—അവൾ മരിച്ചോ? ഉത്തരം കിട്ടി—ഇല്ല. അവൾ മരിച്ചിട്ടില്ല. അവൾ ആത്മഹത്യ ചെയ്യുകയില്ല.

അതിനുശേഷം റിനയെ കാണുകയുണ്ടായില്ല.

വീണ്ടും പല ദിവസവും കൃഷ്ണസ്വാമി പിയരാഡോബയിൽ പോയി. പല ദിവസവും മൊറാറിലെ മുക്കവലയിൽ കാത്തുനിന്നു. പല ദിവസവും രാംചരന്റെ പടിക്കൽ നിഷ്ഫലം കാത്തിരുന്നു. ധാരാളം ജീപ്പുകൾ കടന്നുപോയി. ധാരാളം വേശ്യകളും. പക്ഷേ, റിനയെമാത്രം കണ്ടില്ല.

രാംചരനും രാംചരന്റെ മകനും ചോദിച്ചു: "ആ മദാമ്മ എവിടെപ്പോയി, അച്ഛാ?"

കൃഷ്ണസ്വാമി എന്തു പറയും?

അദ്ദേഹം പറഞ്ഞു: "ആർക്കറിയാം!"

ആർക്കറിയാം? എവിടെപ്പോയി അവൾ? അകലെയെങ്ങോ, വിശാലമായ യുദ്ധക്ഷേത്രത്തിന്റെ ചക്രവാളത്തിൽ ഇരുണ്ട ഉല്ക്കപോലെ കിടന്നു ചുററുകയാണു് റിന. അതോ രാത്രിഞ്ചരനായ ഇഴജന്തുവിനെപ്പോലെയോ? ആർക്കറിയാം?

# ഏഴ്

വെറും മണ്ണും വെള്ളവുംമാത്രമല്ല ഭൂമി. കാട്ടുകൾ, കടലുകൾ, മലകൾ—ഇവയിലവസാനിക്കുന്നില്ല ലോകത്തിൻെറ അതിർത്തി. അതിനൊരു ഊർദ്ധ്വലോകമുണ്ട്. ആകാശത്തിൽ ഗുരുത്വാകർഷണം എവിടെവരെയുണ്ടോ അവിടെയാണ് ആ ലോകത്തിൻെറ അതിര്. ഇതുകൂടാതെ, മണ്ണിനടിയിൽ അന്ധകാരം നിറഞ്ഞ ഒരു അധോലോകവുമുണ്ട്. അതും ഗുരുത്വാകർഷണകേന്ദ്രംവരെ വ്യാപിച്ചുകിടക്കുന്നു. വിചിത്രമെന്നു പറയട്ടെ, ഈ മണ്ണിൻെറ തലത്തിൽ മുളയ്ക്കുന്ന വിത്തുകൾ, ഗുരുത്വാകർഷണശക്തി ഉണ്ടായിട്ടും, മുകളിലേക്ക് തല നീട്ടുന്നു. വൃക്ഷത്തിൻെറ വേരു മണ്ണിനടിയിലാണ്, പൂവു വിരിയുന്നതു് ആകാശത്തും. പക്ഷികൾ ചിറകുവിരുത്തി ആകാശത്തു പറക്കുന്നു. അധികമധികം ഉയൻറുപൊങ്ങാൻ ശ്രമിക്കുന്നു. പക്ഷേ, അവയുടെ കൂട്ടുകൾ, മണ്ണിൻെറ ഹൃദയത്തിൽ അള്ളിപ്പിടിച്ചിരിക്കുന്ന വൃക്ഷത്തിൻെറ ശിഖരങ്ങൾക്കിടയിലാണ്. അവിടേക്ക് ഇറങ്ങിവരാതെ തരമില്ല അവയ്ക്കു്. മണ്ണിനടിയിൽ അന്ധകാരഗഹ്വരങ്ങളിലാണ് ഇഴജന്തുക്കളുടെ വാസം. എങ്കിലും വായുവിനും ഭക്ഷണത്തിനും പ്രകാശത്തിനും മണ്ണിനുമുകളിൽ വരികതന്നെ വേണം അവ.

പക്ഷിയെപ്പോലെ ഗഗനവിഹാരിയാണ് കൃഷ്ണസ്വാമിയുടെ മനസ്സ്. പ്രകാശത്തിനുവേണ്ടി, കൂടുതൽ പ്രകാശത്തിനുവേണ്ടി, അതു ചിറകിട്ടടിക്കുന്നു. റിനാബ്രൗണാണ് ഒരു ദിവസം ഈ ചിറകടിയിൽ ആകാംക്ഷയുണർത്തിയതു്. മനുഷ്യജീവിതത്തിനു്, അടികൊള്ളാനും കൊട്ടക്കാനുമുള്ള ആശ്ചര്യജനകമായ ശക്തിയുണ്ട്. പിതാവായ ജെയിംസ് ബ്രൗണിൻെറ അടിയേററു് റിനാബ്രൗൺ അന്ധകാരഗഹ്വരത്തിലെ ഇഴജീവിയായിത്തീർന്നു. ബാല്യത്തിൽ പുരാണത്തിൽ വായിച്ചിട്ടുണ്ട്, ശാപംകൊണ്ടു പാമ്പായിത്തീർന്ന ഒരു രാജാവിനെപ്പററി. അമ്മയുടെ അടുത്തുനിന്നാണു കാജൽഹാരയുടെ കഥ കേട്ടതു്. കാജൽഹാര ശരിക്കും റിനയെപ്പോലെ തന്നെ സ്ഫടികപവിത്രയായ ഒരു പെണ്ണായിരുന്നു. സപത്നി മന്ത്രദണ്ഡു വീശി അവളെ പാമ്പാക്കി മാറ്റിക്കളഞ്ഞു. വെറു

പ്പിൻെറയും ക്രോധത്തിൻെറയും മന്ത്രദണ്ഡു ചുഴററി ബ്രൗൺ ഇവളെയും പാമ്പാക്കിക്കളഞ്ഞിരിക്കുന്നു. റിന ഉല്ലുയല്ല, പാമ്പാണു്.

പക്ഷേ, പക്ഷികൾക്കു മണ്ണിലേയ്ക്കിറങ്ങിവരാതെ തരമില്ല. ഇഴജന്തുക്കൾക്കു മണ്ണിനുമുകളിൽ വരാതെയും. പെട്ടെന്നു് രണ്ടുപേരും കണ്ടുമുട്ടി. അതാണുണ്ടായതു്. കൃഷ്ണസ്വാമിയുമായി റിനയുടെ ഈ ജീവിതത്തിലെ കണ്ടുമുട്ടൽ ശരിക്കും ഇതുപോലെയായിരുന്നു. ഇരുട്ടുനിറഞ്ഞ രാത്രി, ഇഴജന്തുവിൻെറ രൂപം ധരിച്ച റിന, പക്ഷിയായ കൃഷ്ണസ്വാമിയുടെ കൂട്ടിൽ വന്നു് വിഷം വമിക്കുകയും ഭീഷണിയെറിഞ്ഞിട്ടുപോകുകയും ചെയ്തു. പിന്നീടു കണ്ടതേയില്ല.

കൃഷ്ണസ്വാമി ഏതാനും നാൾ ഇഴജന്തുവിനെ കാത്തു് ഇരുട്ടിൽ നിന്നു. പക്ഷേ, അവൾ പിന്നീടു വന്നില്ല. അകലെയെങ്ങോ പുതിയ ഇരുട്ടറകളന്വേഷിച്ചു പോയിരിക്കും. കൃഷ്ണസ്വാമി ആകാശത്തു് ചിറകു വിരിച്ചു. ഉയരത്തിൽ, കൂടുതൽ ഉയരത്തിൽ പറക്കണം. റിന അവളുടെ വഴിക്കുപോയി. താൻ തൻെറ വഴിക്കു പോകും. ആകാശചാരികളായ പക്ഷികൾ ഭൂമിയിലേക്കു് ദൃഷ്ടിപായിക്കുംപോലെ ഇടയ്ക്കിടെ റിനയുടെ കാര്യം ഓർക്കും. അപ്പോഴെല്ലാം ചക്രവാളത്തിലേക്കു നോക്കി അവളുടെ മംഗളത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യും. മംഗളം വരുത്തു പ്രഭോ. റിനയുടെ മനസ്സിനു് ആരോഗ്യം നൽകൂ, ശാന്തിനൽകൂ; അങ്ങയുടെ അടുത്തുവന്ന കുഷ്ഠരോഗിയെ അങ്ങു സ്പർശിച്ചു. അവനു പുതുജീവൻ ലഭിക്കുകയും ചെയ്തു. അതുപോലെ റിനയുടെ മനസ്സിനെയും സുഖപ്പെടുത്തു. 'ബി ദൗ ക്ലീൻ' എന്നരുളിച്ചെയ്യൂ. അല്പനേരം കഴിഞ്ഞു് വീണ്ടും റിനയുടെ ചിന്ത ദൂരെക്കളഞ്ഞു് സ്വയം ജോലിയിൽ മുഴുകും. അസമയത്തു് സൈക്കിളുമെടുത്തു പുറപ്പെടും. ഗ്രാമാന്തരങ്ങളിൽ ചുററിത്തിരിയും.

"എങ്ങനെയുണ്ടു നിങ്ങൾക്കെല്ലാം? ഏങ്ങ്, സുഖമല്ലേ?"

"എന്തു സുഖം, അച്ചാ? പൊടിയരി തിന്നുതിന്നു് മനുഷ്യർക്കെല്ലാം വയററിൽ സുഖക്കേടായി. പിള്ളേർക്കും പെണ്ണുങ്ങൾക്കുമൊക്കെ വയറുകടിയാണു്."

"നോക്കട്ടെ, നോക്കട്ടെ. എസ്. ഡി. ഓ.യോടു പറഞ്ഞുനോക്കട്ടെ."

"മണ്ണെണ്ണയുടെയും തുണിയുടെയും കാര്യംകൂടി പറയണം, അച്ചാ."

"പറയാം. ഇപ്പോ ആരുടെയെങ്കിലും നാഡിയോ മറ്റോ നോക്കണോ?"

"ഇതൊന്നും സാരമില്ലച്ചാ. ഈ സുഖക്കേടൊക്കെ എന്തു നോക്കാനാ?"

"ആ കൊച്ചിൻെറ പുറത്തെന്താ ഒരു പാട്ട്? നോക്കട്ടെ, നോക്കട്ടെ."

പെട്ടെന്നാണ് കണ്ണിൽ പെട്ടതു്, ഒരു കുട്ടിയുടെ മുതുകിൽ കഴുത്തിനടുത്തായി വെളുത്തു വിളറിയ ഒരു പാട്ട്. "കാണട്ടെ കൊച്ചേ, ഇവിടെ വാ, ഇവിടെ വാ."

നോക്കിയിട്ടു പറഞ്ഞു: "ഇതതാണല്ലോ. ഒന്നു പരിശോധിക്കണം. എൻെറയവിടെ കൊണ്ടുവരൂ, നല്ലപോലെയൊന്നു പരിശോധിച്ചുനോക്കട്ടെ."

വീണ്ടും പുറപ്പെട്ടും. നാട്ടിൽ കുഷ്ഠം പരക്കുന്നതു കണ്ടു് മനസ്സു വേദനിക്കും. ബാക്കിയെല്ലാം മറക്കും.

ആദ്യംമുതലേ കൃഷ്ണസ്വാമിക്കു സ്വന്തമായി മൈക്രോസ്കോപ്പുണ്ടു്. പഠിക്കുന്നകാലത്തു് സ്നേഹിതൻെറ പേരിൽ പ്രാക്ടീസ് നടത്തിക്കൊണ്ടിരുന്നപ്പോൾമുതലേ. ക്ലേറ്റനാണു് അതു കുറഞ്ഞവിലയ്ക്കു് എടുത്തുകൊടുത്തതു്. കള്ളച്ചരക്കാണെന്നറിഞ്ഞുകൊണ്ടുതന്നെ കൃഷ്ണേന്ദു അതു വാങ്ങി. പഠിക്കുന്നകാലത്തെ കൃഷ്ണേന്ദു. യാതൊരു സങ്കോചവും തോന്നിയില്ല. ഇപ്പോൾ അതുപയോഗിച്ചു ജോലിചെയ്യുമ്പോൾ കൃഷ്ണസ്വാമി ഭഗവാനോടു ക്ഷമായാചനം ചെയ്യും. ഒപ്പംതന്നെ അമ്മയെയും അച്ഛനെയും മനസാ പ്രണമിക്കും. അമ്മ തൻെറ ആഭരണങ്ങൾ മുഴുവൻ കൃഷ്ണേന്ദുവിനു കൊടുത്തിട്ടാണു മരിച്ചതു്. അതു വിററു് ബിലാത്തിയിൽ പോകണമെന്നു് അയാൾ ഉറച്ചിരുന്നു. അപ്പോഴാണു് റിനയുമായി ജീവിതത്തിൻെറ കൊടുക്കൽവാങ്ങലുണ്ടായതു്. അതുകഴിഞ്ഞു് അധികം താമസിയാതെ എല്ലാം തലകീഴ് മറിഞ്ഞു. ഒരു കാലവൈശാഖിക്കൊടുങ്കാറ്റുപോലെയായിരുന്നു അതു്. ജെയിംസ്ബ്രൗൺ

പറഞ്ഞു—ക്രിസ്ത്യാനിയാകണം. അച്ഛൻെറ കാലുപിടിച്ചിട്ടും സമ്മതം കിട്ടിയില്ല. ഭ്രാന്തനെപ്പോലെ മടങ്ങിവന്നു്, റിനയോടു ചോദിക്കാതെതന്നെ ക്രിസ്തുമതം സ്വീകരിച്ചു. റിന വെറുപ്പും ദുഃഖവും ഭയവുംകൊണ്ടു മുഖം തിരിച്ചു. നിങ്ങൾ ഒരു പെണ്ണിനുവേണ്ടി, ഇത്രകാലവും പൂജിച്ച ഭഗവാനെ ഉപേക്ഷിച്ചോ, കൃഷ്ണേന്ദു? നിങ്ങൾ ഭയങ്കരനാണു്, ഭയങ്കരൻ. വേണ്ട, വേണ്ട. കൃഷ്ണേന്ദു ആ ഈശ്വരനെത്തേടി ഇറങ്ങിത്തിരിച്ചു. റിനയെ സംബന്ധിച്ചിടത്തോളം അയാളേക്കാളും, ലോകത്തിലെ മറെറന്തിനേക്കാളും, വലുതായ ഈശ്വരനെത്തേടി. പണം ബാങ്കിൽത്തന്നെ കിടന്നു.

അമ്മയുടെ ഓമനയായിരുന്നു അന്നത്തെ കൃഷ്ണേന്ദു. വീട്ടിലെ എല്ലാററിനും ഏററവുമധികം അവകാശം അയാൾക്കായിരുന്നു. അയാൾക്കു കൊള്ളാനേ അറിയാമായിരുന്നുള്ളു, കൊടുക്കാനറിയാമായിരുന്നില്ല. അതു പഠിച്ചിരുന്നില്ല. റിനയുടെ കൈയിൽ സ്വയം അർപ്പിച്ചപ്പോളാണു് ആദ്യമായി കൊടുക്കാൻ പഠിച്ചതു്. റിന അയാളെ ഈശ്വരാന്വേഷണത്തിൻെറ മാർഗ്ഗത്തിൽ തള്ളിവിട്ടു. ഫ്രസ്ട്രേഷൻെറ മാർഗ്ഗത്തിലെന്നു് ശാസ്ത്രജ്ഞന്മാർ പറയുന്നെങ്കിൽ പറഞ്ഞുകൊള്ളട്ടെ. അയാൾ ഒന്നു പുഞ്ചിരിക്കുകയല്ലാതെ എതിർക്കുകയില്ല.

റിനയുടെ കഥയിവിടെ നില്ക്കട്ടെ. അവളുടെ കഥയാലോചിക്കുമ്പോഴെല്ലാം തോന്നും, ജനനംമുതലേ അവൾ ഈശ്വരനെ നേടിയിരുന്നെന്നു്. കൃഷ്ണേന്ദുവിനെ മടക്കിയയച്ച സമയം അവൾ ആ ഈശ്വരനെ നാസ്തികനായ അയാൾക്കു കൊടുത്തിട്ടു് സ്വയം നിസ്വയായിത്തീർന്നു. ഹിന്ദുപുരാണമായ മഹാഭാരതത്തിലെ കർണ്ണൻെറ കഥ ഓർമ്മവരും. കർണ്ണൻെറ അമ്മയുടെ പേരും കുന്തിയെന്നായിരുന്നു. കുന്തി കന്യകയായിരിക്കുമ്പോഴുണ്ടായ സന്താനമാണു് കർണ്ണൻ. കവചകുണ്ഡലങ്ങളോടുകൂടിയാണു് അയാൾ ജനിച്ചതുതന്നെ. റിനയുടെ ജന്മഗതമായ ഈശ്വരവിശ്വാസവും ഇതുപോലെയാണു്. കർണ്ണൻ കവചകുണ്ഡലങ്ങൾ ദാനംചെയ്തു് മൃത്യു വരിച്ചു. റിന ഈശ്വരവിശ്വാസം കൃഷ്ണേന്ദുവിനു നൽകി താമസിയായിത്തീർന്നു. ഈശ്വരൻ അവൾക്കു മംഗളം വരുത്തട്ടെ. ഈശ്വരാ, അവളുടെ ജീവിതത്തിലെ അസ്ഥിമാടത്തെ ജീവന്മയമാ

ക്കികൊണ്ടു് അങ്ങു വീണ്ടും ഉണരൂ. മനുഷ്യനു നല്ലതു തോന്നിക്കുന്ന പ്രകാശമേ, അങ്ങുണരൂ. റിനയെ അങ്ങയുടെ കൈയിൽ ഏല്പിച്ചാലേ കൃഷ്ണസ്വാമിക്കു സ്വൈരം കിട്ടൂ. അവളുടെ മംഗളത്തിനുവേണ്ടി കൃഷ്ണസ്വാമി തന്നെത്തന്നെ പൂർണ്ണമായി അങ്ങയുടെ കാൽക്കൽ, അങ്ങയുടെ പ്രവൃത്തികളിൽ, സമർപ്പിക്കും. ഹൃദയത്തിനു കുഷ്ഠരോഗം പിടിപെട്ട റിനയെ അങ്ങു സുഖപ്പെടുത്തൂ. അങ്ങയുടെ ലോകത്തിലെ കുഷ്ഠരോഗികളെ കൃഷ്ണസ്വാമി ശുശ്രൂഷിച്ചു സുഖപ്പെടുത്തിക്കൊള്ളും.

ഈ സമയം കൃഷ്ണസ്വാമിക്കു് അച്ഛന്റെ കാര്യം ഓർമ്മ വന്നു. അധികം സംസാരിക്കാത്ത, ഒന്നിലും താല്പര്യമില്ലാത്ത മനുഷ്യൻ. ആശ്ചര്യകരമാംവിധം കഠിനമായ മനസ്സു്. എന്നിട്ടും അദ്ദേഹം തന്റെ സ്വത്തുക്കൾ വിററുകിട്ടിയ പണം മകനുതന്നെ കൊടുത്തു. "നീ പൊയ്ക്കോ, നിന്നെ എനിക്കു കാണണ്ട" എന്നദ്ദേഹം അയാളോടു പറഞ്ഞിരുന്നെങ്കിലും. അദ്ദേഹം സകലസ്വത്തും വിററു് വൃന്ദാവനത്തിലേയ്ക്കു പോയി. കുടുംബദേവതയെയും കുറച്ചു പണവും ഒരു മഠത്തിൽ കൊടുത്തു. സ്വന്തം ജീവിതത്തിൽ വളരെ കുറച്ചു പണമേ ചെലവാക്കിയുള്ളു. ബാക്കിവന്ന പതിമൂവായിരത്തിലധികം രൂപ ബാങ്കിലിട്ടിട്ടു് വക്കീലിനോടു പറഞ്ഞു, കൃഷ്ണേന്ദുവിനെ അന്വേഷിച്ചു കണ്ടുപിടിച്ചു് അതേല്പിക്കണമെന്നു്. അതു കൃഷ്ണസ്വാമിക്കു കിട്ടി. അതുകൊണ്ടാണു് ആശ്രമം തുടങ്ങിയതു്. ആശ്രമം ഇനിയദ്ദേഹം കുഷ്ഠരോഗാശുപത്രിയാക്കി ഉയർത്തും. അല്പദിവസത്തിനുള്ളിൽത്തന്നെ കൃഷ്ണസ്വാമി ഒരു കുഷ്ഠരോഗഡിസ്പെൻസറി തുറന്നു. ഔട്ട്ഡോർമാത്രം.

റിനയ്ക്കു മംഗളം ഭവിക്കട്ടെ. ഈ പ്രവൃത്തിക്കിടയിൽ റിനയുടെ ആകർഷണം ശിഥിലമാകട്ടെ.

ലാൽസിംഗും സിന്ധുവും അമ്പരന്നു. "അച്ഛാ, ഇതു നല്ലതിനല്ല."

കൃഷ്ണസ്വാമി ചിരിക്കും. ഇടയ്ക്കിടെ ചോദിക്കും, "നിനക്കു പേടിയാകുന്നോ, ലാൽസിംഗ്?"

ലാൽസിംഗ് മൗനമായി നിന്നറിയിക്കും: "അതെ."

സിന്ധു സ്പഷ്ടമായി പറയും: "അതെ, അച്ഛാ. മഹാവ്യാധിയെ പേടിക്കരുതെന്നാണോ പറയുന്നതു്? അച്ഛനു പേടി

യില്ല, സമ്മതിച്ചു. അച്ചനു പുണ്യമുണ്ടു്. ഞാങ്ങൾക്കൊന്നുമി ല്ല. ഞങ്ങൾ എന്തുചെയ്യണം, പറ.''

അപരിഷ്കൃതയായ ഝുംകിക്കു പേടിയില്ല. വെറുപ്പാണു്. അവൾ പറയും: ''വല്ലാത്ത വൃത്തികേട്ടതന്നെ. എന്തൊരു മണം! ഓ, ഇനിയെന്തുപോലെയാകും—എൻറഭച്ചാ!''

ഇടയ്ക്കിടെ ആ അമേരിക്കൻ മിലിട്ടറി ആഫീസർ വരും. അയാളിപ്പോൾ 'ഹേ മാൻ' എന്നു വിളിക്കാറില്ല. ''മോർണിംഗ് റവറണ്ട്'' എന്നു പറഞ്ഞു് അഭിവാദ്യം ചെയ്യും.

ഇടയ്ക്കിടെ അയാൾ റിനയുടെ കാര്യം എടുത്തിടും. പറയും: ''ഡോണ്ട് നോ—വെയർ ഷീ ഈസ് ഗോൺ! ഷീ വാസ്—വണ്ടർഫുൾ!'' ഒരുദിവസം പെട്ടെന്നു പറഞ്ഞു: ''ആസ്സാം ഫ്രണ്ടിൽ ചുററിത്തിരിയുന്നുണ്ടെന്നു കേട്ടു. ശരിയാണോ എന്നറിഞ്ഞുകൂടാ. വളരെയൊക്കെ ആ ഡെയർ—ഡെവിൾ ഗേളുമായി സാമ്യമുണ്ടത്രേ.''

''ആസ്സാം?''

''യെസ്. ഗൗഹാട്ടി—ഷില്ലോങ്ങ്. ചിറ്റഗോങ്ങ്. ജസ്റ്റ് ലൈക്ക് ഹെർ, ലൈക്ക് എ ഷൂട്ടിംഗ് സ്റ്റാർ.''

ആ സമയം ഝുംകി വന്നു വിളിച്ചു: ''അച്ചാ!''

ആഫീസർ വിശപ്പുനിറഞ്ഞ ദൃഷ്ടികളോടെ അവളെ നോക്കി: ''ഇതൊരു കരിങ്കൽപ്രതിമപോലുണ്ടല്ലോ, റവറണ്ട്?''

കൃഷ്ണസ്വാമി ഓർമ്മിപ്പിച്ചു: ''ഇതു് ഒരു ചർച്ചാണു്, മിസ്റ്റർ ആഫീസർ!''

മുമ്പിൽ യുദ്ധം. തലയ്ക്കുമുകളിൽ മരണം ചുററിപ്പാറി നിൽക്കുമ്പോൾ ഇവർ എത്രകണ്ടു ധീരരാണോ അത്രതന്നെ ഭീരുക്കളുമാകും. ഈശ്വരകോപത്തെ ഭയപ്പെടാതിരിക്കാൻ ഇവക്കു കഴിയുകയില്ല. ഈശ്വരനെ വെറുപ്പിക്കാനാഗ്രഹിക്കുന്നില്ല ഇവർ. നെഞ്ചിൽ കുരിശുവരച്ചു് അയാൾ സ്ഥലം വിട്ടു.

* * *

കൃഷ്ണസ്വാമി പിറേറന്നു് ലാൽസിംഗിനെ വിളിച്ചു പറഞ്ഞു: ''ലാൽസിംഗ്, എനിക്കു ശരീരത്തിനു നല്ല സുഖം

തോന്നുന്നില്ല. ഞാൻ കുറച്ചുനാളത്തേക്ക് എവിടെയെങ്കിലും പോകുകയാണു്."

"എവിടെ പോകുന്നു, അച്ഛാ? അച്ഛനില്ലാതെ ഞങ്ങളിവിടെ എങ്ങനെ താമസിക്കും?"

"പതിനഞ്ചോ ഇരുപതോ ദിവസം. അതിലധികമില്ല. നിങ്ങൾ ഗ്രാമത്തിൽ പോയി താമസിച്ചോളു."

ഇരുപത്തഞ്ചു ദിവസം കഴിഞ്ഞു് കൃഷ്ണസ്വാമി മടങ്ങിയെത്തി. ശരീരം നന്നായിട്ടില്ല, ക്ഷീണിച്ചിട്ടേയുള്ളു. സിന്ധു പറഞ്ഞു: "സുഖക്കേട്ട പിടിപ്പിച്ചുകൊണ്ടാണല്ലോ വന്നതു്, അച്ഛാ?"

ഒരുപാട്ട ചുററിത്തിരിഞ്ഞു, സിന്ധു! വളരെക്കാലം ഇവിടെത്തന്നെ താമസിച്ചു മനസ്സു മട്ടത്തിരുന്നു. ഇത്തിരി ഒഴിവു കിട്ടിയപ്പോൾ കുറേ കറങ്ങി. ശരിക്കും യുദ്ധം നടക്കുന്ന സ്ഥലങ്ങളിൽ. ഷില്ലോങ്ങിലും ഗൗഹാട്ടിയിലും അവിടെയും ഇവിടെയുമെല്ലാം. വെറുതെ ചുററിനടന്നാൽ സുഖക്കേട്ട പിടിക്കുമോ? എന്നല്ല മനസ്സിനു വളരെ സുഖമുണ്ടുതാനും.

ചിററഗോങ്ങ് മുതൽ ഗൗഹാട്ടി വരെയുള്ള യുദ്ധസങ്കേതങ്ങളിൽ പോയി അന്വേഷിച്ചു. വിവരം കിട്ടുകയും ചെയ്തു. ശരിക്കും അതുപോലൊരു പെണ്ണുണ്ടായിരുന്നു. അവൾ മരിച്ചുപോയി. ആരോ അവളെ കൊന്നു് ഗൗഹാട്ടിയിൽനിന്നു ഷില്ലോങ്ങിലേക്കുള്ള മലമ്പാതയിൽ ഒരു പട്ടകുഴിയിലേക്കെറിഞ്ഞുകളഞ്ഞു.

ക്രൂരനായ ഏതോ പട്ടാളക്കാരനായിരിക്കാം. റിനയുടെ ഔദ്ധത്യം നിറഞ്ഞ പെരുമാററത്തിൽ ക്രുദ്ധനായി അവളെ കൊന്നതാകാം. പോസ്റ്റ്മാർട്ടംപരിശോധന കഴിഞ്ഞപ്പോൾ മനസ്സിലായി, പെണ്ണു് നിറയെ കുടിച്ചിരുന്നെന്നും അവൾക്കു ഗുഹ്യരോഗങ്ങളുണ്ടായിരുന്നെന്നും.

കൃഷ്ണസ്വാമി സമാധാനിച്ചു. റിന തൻെറ ജീവിതത്തിലെ കടങ്ങളെല്ലാം വീട്ടിയിട്ടു പോയി. അഥവാ ഉല്കൃഷ്ടതുല്യമായ ഈ ജീവിതത്തിൻെറ ബാദ്ധ്യതകൾക്കു നിഷ്ഠുരമായ വില നല്കിയിട്ടു പരലോകം പ്രാപിച്ചു. പോലീസിനു് അവളുടെ വിവരങ്ങളൊന്നും കിട്ടിയില്ല. കൃഷ്ണസ്വാമിയോടും അവർ ചോദിച്ചു: "ഇവളെ അറിയുമോ?"

"ഇല്ല. ഇതവളല്ല."

ഈ മറുപടി നല്കിയിട്ടാണു് കൃഷ്ണസ്വാമി മടങ്ങിയതു്. കള്ളമല്ല പറഞ്ഞതു്. ഇതവളല്ല. എങ്കിലും ഈശ്വരാ, അങ്ങെന്തുകൊണ്ടു് അവളോടു ദയ കാണിച്ചില്ല? അവളെ വിസ്മരിക്കുന്ന സമയമെങ്കിലും അങ്ങു് അവളോടു ദയ കാണിക്കണേ. ഈശ്വരാ, ഇനിയെങ്കിലും എന്നെ അങ്ങയുടെ സേവനത്തിൽ മഗ്നനാക്കൂ. ആ സങ്കല്പത്തോടുകൂടിയാണു മടങ്ങിയതു്. കല്ക്കത്തയിൽനിന്നു വളരെ വിഷമിച്ചു് കുറെ മരുന്നു സമ്പാദിച്ചിരുന്നു. അതെല്ലാം അന്നുതന്നെ ഒരുക്കിവെച്ചു. കുഷ്ഠരോഗികളുടെ ശുശ്രൂഷയിൽ മുഴുകുകയും ചെയ്തു.

*　　　　*　　　　*

ഒരു വർഷത്തിനുശേഷം ഒരുദിവസം രാവിലെ ഝുംകി മുമ്പിൽ വന്നു നിന്നു.

"അച്ഛാ!"

"ഏന്ത്?"

"ലാൽസിംഗ് ഇന്നലെ രാത്രി പൊയ്ക്കളഞ്ഞു."

"പൊയ്ക്കളഞ്ഞോ? അതെന്താ? എവിടെപ്പോയി?"

"ആക്കറിയാം? അയാൾക്കുതന്നെ അറിയാം. അയാൾ പറയുന്നതു കേട്ടു, കുഷ്ഠരോഗികളെ ചികിത്സിച്ചു ചികിത്സിച്ചു് അച്ഛനു കുഷ്ഠമായി. ഇനിയും ഇവിടെ താമസിക്കാൻ വയ്യ. വാ സിസ്ഥ, നമുക്കെവിടെയെങ്കിലും പോകാം എന്നു്."

"എന്താ പറഞ്ഞതു് ആക്കാ കുഷ്ഠം?"

"അതെന്താ, അച്ഛനുതന്നെ."

വിസ്മയംകൊണ്ടു വിടർന്ന കണ്ണുകളോടെ കൃഷ്ണസ്വാമി ഇരുന്നുപോയി. തനിക്കു കുഷ്ഠം പിടിപെട്ടോ? ഏതാനും നിമിഷത്തിനുശേഷം അദ്ദേഹത്തിനു ബോധം വീണ്ടുകിട്ടി. "എവിടെ? എവിടെ?"

സ്വന്തം വിരലുകൾ കൺമുമ്പിൽ വിടർത്തിപ്പിടിച്ചു. ഭിത്തിയിൽ ചെറിയ കണ്ണാടി തൂക്കിയിരുന്നു—അതിന്റെ മുമ്പിൽ പോയി നിന്നു. എവിടെ? എവിടെ?

ഝുംകി പറഞ്ഞു: "ഊങ്ഹ്ം, ഊങ്ഹ്ം. പാടു കണ്ടല്ലേ അച്ഛൻ കുഷ്ഠം പിടിച്ചെന്നു പറയുന്നതു്? അത്തരമൊരു

പാട്ട് അച്ഛൻെറ പുറത്തുമുണ്ട്. അച്ഛനെങ്ങനെ കാണാൻ പററും അതു്?''

''എവിടെ?''

കൃഷ്ണസ്വാമിയുടെ ഉടുപ്പു പൊക്കി പുറകിൽ ഒരു സ്ഥലത്തു വിരൽ തൊട്ടുകൊണ്ടു് ഝുംകി പറഞ്ഞു: ''ദാ, ഇതുതന്നെ. മനസ്സിലായോ?''

കൃഷ്ണസ്വാമി സ്തംഭിച്ചു നിന്നുപോയി. അടിമുടി വിചിത്രമായ ഒരനുഭൂതി അനുഭവപ്പെട്ടു. അദ്ദേഹം അല്പം അവശനായതുപോലെ. വല്ലാത്ത അടിതന്നെ. ഇതിനദ്ദേഹം തയ്യാറായിരുന്നില്ല. ഇതിനു സാദ്ധ്യത ഉണ്ടായിരുന്നില്ലെന്നല്ല. എങ്കിലും സത്യം സത്യമായി അനുഭവപ്പെട്ടപ്പോൾ സഹിക്കാൻ വിഷമം തോന്നി. വലിയ വിഷമം തോന്നി. കുഷ്ഠം തന്നെ പിടികൂടിക്കഴിഞ്ഞു. ഝുംകി വിരൽ തൊട്ടിടം മരവിച്ചുപോയിരിക്കുന്നു. സ്പർശനം അനുഭവപ്പെടുന്നില്ല.

റിനി! റിനയ്ക്കുവേണ്ടി! മനസ്സിനു യാതൊന്നും പിടികിട്ടിയില്ല. മറെറല്ലാം കൺമുമ്പിലുണ്ടായിട്ടും ശ്രദ്ധിക്കാൻ കഴിയാത്തവിധം മനസ്സു് ആ വഴിക്കു തിരിഞ്ഞിരുന്നു.

മസ്തിഷ്കത്തിലെ ഓരോ കോശവും വേദനകൊണ്ടു് മണ്ണിനടിയിൽപ്പെട്ട തീപോലെ വിമോചനത്തിനു വെമ്പുന്നു. കൃഷ്ണസ്വാമി ഒരു പർവ്വതത്തെപ്പോലെ അതു് ഉള്ളിൽ അടക്കിവെച്ചിരിക്കുകയായിരുന്നു. അനങ്ങാൻ സമ്മതിക്കുകയില്ല. പുറത്തു ചാടാൻ അനുവദിക്കുകയില്ല. അഗ്നി ഭൂഗർഭത്തിൽ പ്രാണൻെറ ചൂടായി പരിണമിക്കട്ടെ. പ്രാണകോശങ്ങളിലോരോന്നിലും പരസഹസ്രം ദീപശിഖകളായി ജ്വലിക്കട്ടെ. ആനന്ദകരമായ ദീപാവലികളാൽ ഭഗവാനു് ആരതി അനുഷ്ഠിക്കട്ടെ.

വളരെനേരത്തിനു ശേഷം അദ്ദേഹം ബോധവാനായി. പറഞ്ഞു: ''ഞാൻ ബാങ്കുറയിലേക്കു പോകുകയാണു്, ഝുംകീ!''

ബാങ്കുറയിൽ ചെന്നാൽ പുതുതായി എന്തു പറയാൻ? രോഗം പകർന്നിട്ടുണ്ടെന്നു പറയും. അനിവാര്യമായതു സംഭവിച്ചിരിക്കുന്നു. ഇനിയോ? എവിടെ പോകും? എന്തു ചെയ്യും?

അതെ, അതു സംഭവിച്ചു. കാര്യകാരണങ്ങളുടെ ന്യായ

മായ പരിണാമം! കൃഷ്ണസ്വാമിക്കു ശകാരവും കേൾക്കേണ്ടി വന്നു. ഇത്തരത്തിൽ, സംഘടിതമായ ശാസ്ത്രീയശ്രമത്തിനു പുറമെ ഒററയ്ക്കു പ്രവത്തിച്ചതിൻെറ അനിവാര്യഫലം.

കൃഷ്ണസ്വാമിക്ക് മിണ്ടാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ മുഖത്തു് സാവധാനം ഒരു ഹാസ്യരേഖ തെളിഞ്ഞുവന്നു.

ലോർഡ്, ഐ ക്രൈ അൺട്ടു ദീ: മേക്ക് ഹേസ്റ്റ് അൺട്ടു മീ.

''വിഷമിക്കാൻ അത്രയൊന്നും ഉണ്ടെന്നു തോന്നുന്നില്ല. എങ്കിലും ഇനിയും ഇങ്ങനെ നിങ്ങൾ ആളുകളെ ചികിത്സി ച്ചു ചുററിനടക്കുന്നതു ശരിയായിരിക്കുകയില്ല.''

''തീച്ച്യയായും ഇതദ്ദേഹത്തിൻെറ ആജ്ഞയാണു്. വരു ന്ന വഴിക്കു ഞാനാലോചിക്കുകയായിരുന്നു, കുംഭകോണം കുഷ്ഠരോഗകേന്ദ്രത്തിൽ പൊയ്ക്കളയാമെന്നു്. അവിടെ എന്റെ ചികിത്സ നടക്കും. ചികിത്സയിൽ എനിക്കു വല്ലതുമൊക്കെ സഹായിക്കാനും കഴിയും.''

''ഗോഡ് ബീ വിത്ത് യൂ.''

മദ്രാസിനടുത്തുള്ള കുംഭകോണം കുഷ്ഠാശ്രമം. വമ്പിച്ച കുഷ്ഠാശ്രമം. വേദനിക്കുന്ന മനുഷ്യന്റെ സേവാസദനം. റിനാ ബ്രൗണിനെ ഓത്തു. സ്ഫടികപ്രതിമപോലെ പരിശുദ്ധയായ റിനാബ്രൗൺ. അസൻസോൾപള്ളിയുടെ മുററത്തുവെച്ചു് അദ്ദേഹത്തെ മടക്കി അയയ്ക്കുമ്പോൾ തൻെറ ഈശ്വരനും ഈശ്വരവിശ്വാസവുമായി ഈ വഴിക്കു പോകാൻ അവൾ നിർദ്ദേശിച്ചിരുന്നോ? ഇല്ല. ഈ വഴി അദ്ദേഹം സ്വയം തിര ഞ്ഞെടുത്തതാണു്.

സെററ് എ വാച്ച് ഓ ലോർഡ്, ബിഫോർ മൈ മൗത്ത്: കീപ്പ് ദി ഡോർ ഓഫ് മൈ ലിപ്സ്.

ക്ഷുബ്ധമായ ഒരു വാക്കുപോലും കൃഷ്ണസ്വാമി ഉച്ചരി ച്ചില്ല.

ചലോ കുംഭകോണം. അവസാനത്തെ ആശ്രയമാണതു്.

*  *  *

സത്യത്തേക്കാൾ വിസ്മയകരമായി ഒന്നുമില്ല. ട്രൂത്ത് ഈസ് സ്ട്രേഞ്ചർ ദാൻ ഫിക്ഷൻ. സത്യത്തിൽ മരിച്ച മനു

ഷ്യനും ജീവിക്കുന്നു. ഭാവനാസ്സൃഷ്ടമായ കഥയിൽ ജീവിപ്പിച്ചാൽ അവിശ്വാസ്യമാകും. ലോകത്തിൽ പ്രാണൻ യുഗയുഗങ്ങളായി ഇരുട്ടിന്റെ അതിത്തി ഭേദിക്കാൻ മുന്നോട്ടു പാഞ്ഞുകൊണ്ടിരിക്കുന്നു. മുമ്പിൽ ചക്രവാളത്തിൽ പ്രകാശസാമ്രാജ്യം കൈമാടി വിളിക്കുന്നുണ്ട്. എങ്കിലും മനുഷ്യൻെറ അവിശ്വാസം കൂടബുദ്ധിയോടെ ചെവിയിലോതുകയാണ്—അതു പ്രകാശമല്ല, ശ്മശാനപ്രഭയാണ്; പ്രകാശം മിഥ്യ, ഇരുട്ടു മാത്രം സത്യം. അമൃതു് ഭാവനയാണ്, മൃത്യുമാത്രം സത്യം.

വീണ്ടും എട്ടു മാസത്തിനുശേഷം.

കുംഭകോണം സേവാശ്രമത്തിൽ തളന്നു കിടന്നുറങ്ങുകയായിരുന്നു കൃഷ്ണസ്വാമി അന്നു്. അവസാനം അദ്ദേഹം അവിടെ ആവാസമുറപ്പിച്ചിരിക്കുകയാണ്. ഏററവും കഠിനമായ രോഗമുള്ളവരെ അദ്ദേഹം ചികിത്സിക്കും. സ്വന്തം ചികിത്സയും നടക്കുന്നുണ്ട്. രോഗം കുറെ ഏറിയിട്ട് ഇപ്പോൾ നിന്ന നിലയിൽ നിൽപ്പാണ്. മൂക്കിൻെറ അഗ്രം അല്പം വീങ്ങിയിട്ടുണ്ട്. മുഖത്തും നെററിയിലും കഴുത്തിലും അനാരോഗ്യകരമായ രക്താഭയും മൃദുതവും ദൃശ്യമാണ്. ചെവിക്കുടകളും വീങ്ങിയിരിക്കുന്നു. കൈവിരലുകൾ വീങ്ങിയിട്ടില്ല. എങ്കിലും എപ്പോഴും എണ്ണ പുരട്ടിയതുപോലെ തോന്നിക്കും. ആദ്യം രോഗം ദ്രുതഗതിയിൽ വർദ്ധിച്ചുകൊണ്ടിരുന്നു. ഇപ്പോൾ അതിൻെറ ഗതി തടയപ്പെട്ടിട്ടുണ്ട്.

മറുവശത്തു്, കാലത്തിൻെറ ക്യാൻവാസിൽ വമ്പിച്ച പരിവത്തനങ്ങൾ സംഭവിച്ചിരുന്നു.

യുദ്ധം അവസാനിച്ചു. ഭാരതവർഷത്തിൽ വിസ്മയകരമായ രാഷ്ട്രീയമാററംമറിച്ചിലുകൾ നടന്നു. ഭാരതം സ്വതന്ത്രയാകാൻ തുടങ്ങുന്നു. വിഭജനം യാഥാത്ഥ്യമാകാൻപോകുന്നു. കൃഷ്ണസ്വാമി ഇതെല്ലാംകണ്ടു് ദിവസവും പറയും: ഇതങ്ങയുടെ വിജയമാണ്. മനുഷ്യക്കിടയിൽ സത്യത്തിൻെറ തപസ്യ നടത്തുകയാണ് അങ്ങു്. അങ്ങയുടെ വിജയം! ഏതു സംഭവത്തിലും മനുഷ്യൻെറ വഞ്ചനയും കളവും എത്രതന്നെയുണ്ടാ

കട്ടെ, അതിലധികമാണ് അങ്ങയുടെ സത്യത്തിൻെറ തപസ്യ. എനിക്കറിയാം. റിനയുടെ ജീവിതത്തിൽ പാപമല്ല, പ്രായശ്ചിത്തമാണു കൂടുതൽ. എനിക്കറിയാം. അവൾ ആത്മഹത്യ ചെയ്യുതാണ്. എനിക്ക് അങ്ങയുടെ കരുണ സമ്മാനിച്ചിട്ട് അവൾ പോയി. അവളുടെ ആത്മാവിന് അങ്ങു ശാന്തിയരുളു. അവളുടെ സകലപാപവും എൻെറ ദേഹത്തിൽ വ്യാധിയായി പ്രവേശിച്ച് അവളുടെ കടം വീട്ടട്ടെ.

ക്ഷീണിച്ച ദൃഷ്ടികളോടെ, സ്വന്തം മുറിയുടെ തുറന്ന വാതിലിലൂടെ പുറത്തേയ്ക്കു നോക്കിയിരുന്ന് ചിന്തിക്കുകയായിരുന്നു കൃഷ്ണസ്വാമി. ഒരു ഡോക്ടർ വന്നു പറഞ്ഞു: "റവറണ്ട്, ഒരു ഇംഗ്ലീഷുകാരൻ ഭാര്യാസമേതം നിങ്ങളെ കാണാൻ വന്നിരിക്കുന്നു. നിങ്ങൾക്കു സുഖമില്ലെന്നു ഞാൻ പറഞ്ഞു. എന്നിട്ടും വിട്ടില്ല. വളരെ ദൂരെനിന്നു വരികയാണെന്നും, ജോണി, ജോൺ ക്ലേറ്റൺ എന്നാണു പേരെന്നും പറയാൻ പറഞ്ഞു അദ്ദേഹം."

"ജോൺ ക്ലേററൺ!" കൃഷ്ണസ്വാമി വിസ്മയംകൊണ്ടു ഞെട്ടിപ്പോയി. ജോൺ ക്ലേററൺ തന്നെ കാണാൻ ഭാര്യയെയുംകൂട്ടി ഈ കുഷ്ഠരോഗകേന്ദ്രത്തിൽ വന്നിരിക്കുന്നോ? "എവിടെ?"

വെള്ളക്കാരായ ദമ്പതിമാർ ദൂരെനിന്നു വരുന്നതുകണ്ടു. പക്ഷേ—പക്ഷേ—അതാര്? ഇതെന്തു മറിമായം?

പെട്ടെന്നു വീട് കിടന്നാടാൻ തുടങ്ങി. കാലിന്നടിയിലെ മണ്ണും ഇളകുന്നതുപോലെ. മുമ്പിലെ വൃക്ഷങ്ങളും ചെടികളും ആകാശവും പ്രകാശവും എന്തൊക്കെയോ ആയി മാറിയതുപോലെ. ബ്രഹ്മാണ്ഡത്തിലെവിടെയോ ഒരു ഭയങ്കര പൊട്ടിത്തെറി ഉണ്ടായതുപോലെ. ക്ലേററൻെറകൂടെ—അതാര്? കൃഷ്ണസ്വാമി ഉറക്കെ വിളിച്ചുപറഞ്ഞുപോയി: "റിന!"

ജോൺ ക്ലേററനോടൊപ്പം റിന! റിനയോ ക്ലേററൻെറ പത്നി?

* * *

"അതേ കൃഷ്ണേന്ദു, ഞാൻതന്നെ. എന്നെക്കണ്ടിട്ട് നിങ്ങൾ വിസ്മയിക്കുന്നുണ്ടാകും. എങ്കിലും നിങ്ങൾ എന്നെ വിചിത്രമായ രീതിയിൽ അശരീരിയായി പിന്തുടന്ന് വിളിച്ചുകൊണ്ടിരുന്നു. കം ബാക്ക്, കം ബാക്ക്! മടങ്ങിവരൂ, മടങ്ങി

വരു, എന്നിങ്ങനെ. ഞാൻ മടങ്ങിവരാനാഗ്രഹിച്ചു. ആ പ്രദേശത്തുനിന്നു ഞാനോടിപ്പോയി. പക്ഷേ, ആരെനിക്കു സഹായഹസ്തം നീട്ടും? ആരുടെ കൈപിടിച്ച് ഞാൻ വീണ്ടും മനുഷ്യൻെറ ഹൃദയസാമ്രാജ്യത്തിൽ പ്രവേശിക്കും? നിങ്ങളുടെ കാര്യമോർത്തു. പക്ഷേ, കഴിഞ്ഞില്ല. പേടികൊണ്ടു സാധിച്ചില്ല. ഞാൻ വെടിവെച്ചിട്ട്—''

റിന നിശ്ശബ്ദയായി. അക്കാര്യം പറയാൻ അവൾക്കു നാവുയന്നില്ല.

കൃഷ്ണസ്വാമിയുടെ വിസ്മയം കുറഞ്ഞുകൊണ്ടിരുന്നു.

റിന പറഞ്ഞു: ''നിങ്ങൾ പറഞ്ഞു—മനുഷ്യൻെറ ഉള്ളിൽ ദൈവപുത്രൻ നിത്യവും ക്രൂശിക്കപ്പെട്ടുകയാണെന്ന്, നിത്യവും അദ്ദേഹം പുതുജീവൻകൊണ്ട് ഉയിർത്തെഴുന്നേൽക്കുകയാണെന്ന്. അതു സത്യമായി എനിക്കനുഭവപ്പെട്ടു. എങ്കിലും നിങ്ങളുടെ അടുത്തുവരാൻ കഴിഞ്ഞില്ല. നിങ്ങളുടെ ആ ഭയങ്കരവാക്കുകൾ എൻെറ ചെവിയിൽ മുഴങ്ങിക്കൊണ്ടിരുന്നു. നിങ്ങൾ പറഞ്ഞു—'വീണ്ടും ക്രൂശിക്കപ്പെടാനായി ഞാൻ ഇവിടെത്തന്നെ താമസിക്കും'. നിങ്ങൾ സന്യാസിയാണ്, പുണ്യവാളനാണ്. അടുത്തുവന്നു നിന്ന് ഞാൻ നിങ്ങളെ കളങ്കപ്പെട്ടുത്തണോ? പക്ഷേ—''

റിനയുടെ കണ്ണു നിറഞ്ഞു.

ജോൺ ക്ലേററണും പഴയ കൃഷ്ണേന്ദുവിൻെറ സ്നേഹിതനായ ജോണിയല്ലെന്നു തോന്നി. കൃഷ്ണസ്വാമിയും പഴയ കൃഷ്ണേന്ദുവല്ലല്ലോ. ജോൺ ക്ലേററൺ അദ്ദേഹത്തോടു ബഹുമാനത്തോടുകൂടിയാണു സംസാരിച്ചതു്. തീർച്ചയായും പഴയ ക്ലേറ്റനല്ല ഇതു്. പ്രായവും പക്വതയുമെത്തിയ മനുഷ്യൻ. അനുഭവസമ്പന്നനായ മനുഷ്യൻ. ധാരാളം ദുഃഖമനുഭവിച്ചു. ആദ്യഭാര്യ വിവാഹബന്ധം വേർപെടുത്തി പൊയ്ക്കളഞ്ഞു. യുദ്ധത്തടവുകാരനായി വളരെനാൾ കിഴക്കൻപ്രദേശത്തെ ക്യാമ്പിൽ കഴിച്ചു. ഇന്നും ശരീരത്തിനു ക്ഷീണമുണ്ട്. അകത്തും പുറത്തും ആഘാതത്തിൻെറ അടയാളങ്ങൾ തെളിഞ്ഞുകാണാം. ചെവിയുടെ സമീപത്തു വെടിയുണ്ടയേററ പാട്ട്. നെററിയിൽ നേർത്ത വരകൾ. ശാന്തമായ ശബ്ദം. അയാളുടെ ജീവിതത്തിലും വമ്പിച്ച പരിവർത്തനങ്ങൾ വന്നിരിക്കുന്നു.

ക്ലേററൺ പറഞ്ഞു: "ഞാൻ യുദ്ധത്തിൽ തടവുകാരനായി. പുറത്തു വന്നതിനുശേഷം കാശ്മീരിൽ പോയി—ശരീരം അല്പം നന്നാക്കാമെന്നു കരുതി. മനസ്സിൻെറ തളർച്ച ഭയങ്കരമായിരുന്നു. പെട്ടെന്നു കാശ്മീരിൽവെച്ചു റിനയെ കണ്ടുമുട്ടി. കൊടുങ്കാററിൽപ്പെട്ട ചിറകൊടിഞ്ഞ പക്ഷിയെ കണ്ടിട്ടുണ്ടോ, കൃഷ്ണേന്ദു?"

ക്ലേററൺ ചിരിച്ചുകൊണ്ടു തുടർന്നു: "നിങ്ങളെ കൃഷ്ണേന്ദുവെന്നു വിളിക്കാൻ വിഷമമുണ്ട്, റവറൻഡ്. സത്യമായും പരിശുദ്ധനാണ് നിങ്ങൾ."

കൃഷ്ണസ്വാമി പറഞ്ഞു: "ഭഗവാൻമാത്രമേ പരിശുദ്ധനായുള്ളു, ക്ലേററൺ. ജീവിതത്തിലെ വേദനകൾ അദ്ദേഹത്തിൻെറ കാൽക്കൽ വെയ്ക്കാൻവേണ്ടി ആ മുഖത്തു നോക്കിനിൽക്കുന്നവരുടെ മുഖത്ത് അദ്ദേഹത്തിൻെറ പ്രകാശം വീഴുന്നതുകൊണ്ട് അവരും പരിശുദ്ധരായി തോന്നും. അല്ലെങ്കിൽ അവരും മനുഷ്യർതന്നെ."

വിചിത്രമായ രീതിയിൽ ചിരിച്ചുകൊണ്ട് അദ്ദേഹം തുടർന്നു: "പിന്നീട്ടുണ്ടായതു പറയൂ. എൻെറ ധാരണ, റിന ഷില്ലോങ് ഫ്രണ്ടിലാണെന്നായിരുന്നു. ഇവിടത്തെ ഒരു അമേരിക്കൻ ആഫീസർ പറഞ്ഞു, റിന ഷില്ലോങ്ങിലുണ്ടെന്ന്. അവിടത്തെ ഏതോ ഒരാഫീസർ അയാളോട്, കുടിച്ചുമറിഞ്ഞുനടക്കുന്ന ഒരു പെണ്ണിനെപ്പററി പറഞ്ഞിരുന്നു. അയാൾ ധരിച്ചു അതു റിനയാണെന്ന്. ഞാൻ ഷില്ലോങ്ങിൽ പോയി. അവളെ ജീവിതത്തിലേക്കു മടക്കിക്കൊണ്ടുവരണമെന്നുവെച്ചാണ് പോയത്. പക്ഷേ, അവിടെ ചെന്നപ്പോൾ കേട്ടു അവൾ മരിച്ചുപോയെന്ന്. രാത്രിയിൽ ആരോ അവളെ കൊന്നു കുഴിയിൽ എറിഞ്ഞത്രേ."

നിറഞ്ഞ കണ്ണുകളോടെ നിർന്നിമേഷയായി കൃഷ്ണസ്വാമിയുടെ മുഖത്തു നോക്കിയിരിക്കുകയായിരുന്നു റിന. ദീർഘനിശ്വാസത്തോടെ അവൾ പറഞ്ഞു: "എത്ര കുഴികളിൽ, എത്ര കാട്ടുകളിൽ ഇത്തരം എത്ര ഹതഭാഗ്യകളുടെ ജീവിതം അവസാനിച്ചിരിക്കുന്നു, ശരീരം കുറുക്കനും കഴുകനും തിന്നിരിക്കുന്നു, മണ്ണിൽ അലിഞ്ഞുചേർന്നിരിക്കുന്നു—ഒരു കണക്കുമില്ല. എനിക്കും അതുതന്നെ സംഭവിക്കുമായിരുന്നു, കൃഷ്ണേന്ദു! അന്നു

നിങ്ങളെ കണ്ടില്ലായിരുന്നെങ്കിൽ, നിങ്ങളുടെ ഓമ്മ ദൈവദൂതനെപ്പോലെ രാപകൽ എന്നെ പിന്തുടന്നില്ലായിരുന്നെങ്കിൽ—എനിക്കും അതൊക്കെ സംഭവിച്ചേനെ. അന്നുരാത്രി ഞാൻ പിയരാഡോബയിൽനിന്നു് ഓടിക്കളഞ്ഞു. ആ കാററത്തും മഴയത്തുംതന്നെ ക്യാമ്പിലേക്ക പോയെങ്കിലും ഞാനവിടെ എത്തിയില്ല. വിശ്വബ്രഹ്മാണ്ഡം കുലുങ്ങുന്നതുപോലെ, വിറകൊള്ളുന്നതുപോലെ, പൊട്ടിത്തെറിക്കുന്നതുപോലെ. പൊട്ടിത്തെറിച്ച് വേറെ എന്തോ ആയിത്തീരുന്നതുപോലെ. ക്യാമ്പിൽ, ആകാശത്തിൽ മേഘമെന്നപോലെ, ക്രോധവും വെറുപ്പും തിങ്ങിക്കൂടുന്നുവെന്നു്, ചുററിത്തിരിയുന്നുവെന്നു് തോന്നി. അവിടത്തെ മനുഷ്യർ വൃത്തിഹീനരും ഭയങ്കരന്മാരുമായി തോന്നി. എന്തൊക്കെ തോന്നിയെന്നു് ശരിക്കു പറയാൻ വയ്യ, എനിക്കു്. അങ്ങോട്ടു നടക്കുമ്പോൾ എന്റെ അന്തരാത്മാവ് ഉറക്കെ വിളിച്ചുപറഞ്ഞു—അരുതു്. അങ്ങോട്ടു പോകരുതു്. അരുതു്—അരുതു്—അരുതു്.

ഞാൻ നിന്നു. അപ്പോൾ നിങ്ങളോടു വല്ലാത്ത ദേഷ്യം തോന്നി. ആ ദേഷ്യത്തോടെ മടങ്ങി—നിങ്ങളെ കൊല്ലണമെന്ന ഉദ്ദേശ്യത്തോടെ. നിങ്ങൾ മഴയത്തു് വഴിയിലേക്കു നോക്കി നിൽക്കുന്നതു ഞാൻ കണ്ടു. എന്നെ നോക്കിനിൽക്കുകയാണെന്നു മനസ്സിലായി. നിമിഷനേരംകൊണ്ടു് എന്റെ ധൈര്യവും ദേഷ്യവും അപ്രത്യക്ഷമായി. ഞാൻ വിറസ്സാൻ തുടങ്ങി. വിറച്ചു തുള്ളാൻ തുടങ്ങി. ഞാൻ കരഞ്ഞു. പിന്നീടാലോചിച്ചു—മുഖത്തു വെടിവെച്ചു വേദനനിറഞ്ഞ ഈ ജീവിതം അവസാനിപ്പിക്കാമെന്നു്. പക്ഷേ, അതും സാധിച്ചില്ല. നിങ്ങൾ കാവൽനിൽക്കുന്നു. നിങ്ങളുടെ അനങ്ങാത്ത രൂപത്തിൻെറ ശക്തി ആശ്ചര്യജനകമായിരുന്നു. അതിനുശേഷം നിങ്ങൾ പോയപ്പോൾ ഞാനോടി. ഏതാനും മൈൽ ഓടിപ്പോയി. അപ്പോൾ ഒരു ജീപ്പുകിട്ടി. ബാങ്കുറയിലെത്തി ട്രയിനിൽ കയറി. എവിടെപ്പോകും? ദൂരെപ്പോകണമെന്നു തീർച്ചപ്പെടുത്തി. വളരെ ദൂരെ; പ്രചണ്ഡവും ഉന്മത്തവുമായ കോലാഹലത്തിൻെറയും ഭയത്തിൻെറയും മൃഗീയതയുടെയും നടുക്കു്. മരണവുമായുള്ള ഒളിച്ചുകളി നടക്കുന്നയിടത്തു്. ചിന്തിക്കാൻ ഒഴിവില്ലാത്തയിടത്തു്. കൊല്ലലും ചാകലുംമാത്രം.

ഇടനേരങ്ങളിൽ തീററയും കുടിയും ഉന്മത്തമായ സുഖഭോഗങ്ങളും. ഞാൻ ആസ്സാമിലെത്തി; ഷില്ലോങ്ങിൽ പോയില്ല. യുദ്ധസ്ഥലത്തിനു കുറേക്കൂടി അടുത്തു പോയി. അവിടെയെത്തി അരമണിക്കൂറിനകം ബോംബാക്രമണമുണ്ടായി. ഞാനൊരു കുഴിയിൽ ഒളിച്ചിരുന്നു. ആക്രമണം അവസാനിച്ചു. അപ്പോഴേക്ക് പിന്മാറാൻ ഉത്തരവായിരുന്നു. ഒരാഫീസർ എന്നെ ജീപ്പിൽ കയററിക്കൊണ്ടുപോയി—മരണത്തിൻെറ വായിലും ഭോഗലാലസ തൃപ്തിപ്പെട്ടത്താൻ. അന്നു രാത്രിയിലെ ആ അനുഭവം ഞാനൊരിക്കലും മറക്കുകയില്ല. കാടിന്റെ വിടവിലെല്ലാം നിലാവു പതിച്ചിരുന്നു. നിങ്ങൾ ഒരായിരമായി പെരുകി എന്നെ ചുററിനിൽക്കുന്നതു ഞാൻ കണ്ടു. പിന്നീട് ചന്ദ്രനസ്തമിച്ചു. ഇരുട്ടിൽ ജീപ്പു മറിഞ്ഞു. ഞാൻ ബോധംകെട്ടു. ബോധം വന്നപ്പോൾ പാതിരാവായി. ഒററയ്ക്ക് ഒരു കുഴിയുടെ വക്കിൽ കിടക്കുകയായിരുന്നു ഞാൻ. നിങ്ങൾ എന്നെ താങ്ങിപ്പിടിച്ചിരിക്കുന്നു; അതെ, നിങ്ങൾതന്നെ. തീർച്ചയായും നിങ്ങൾതന്നെ. കൈത്തോക്ക് എന്റെ കൈയിൽത്തന്നെ ഉണ്ടായിരുന്നു. ഞാൻ വെടിപൊട്ടിച്ചു. നിങ്ങൾ അനങ്ങിയില്ല. ഒന്നു വിറച്ചുകൂടിയില്ല. എന്നെ താങ്ങിക്കൊണ്ടേ നിന്നു. 'ഐയാം ഹിയർ ടു ബി ക്രൂസിഫൈഡ് എഗെൻ' എന്നു പറഞ്ഞതായി തോന്നി. ഞാൻ വീണ്ടും ബോധഹീനയായി. രണ്ടാമതു ബോധം വീണപ്പോൾ ആസ്പത്രിയിലായിരുന്നു. കുഴിയുടെ വക്കിൽ ഒരു മരക്കൊമ്പിൽ പിടിച്ചുകിടന്നാണു് ഞാൻ രക്ഷപ്പെട്ടതെന്നു കേട്ടു. താഴെ രണ്ടായിരത്തിഅഞ്ഞൂറു് അടി താഴ്ച്ചയുള്ള കുഴി. പക്ഷേ, എനിക്കറിയാം, അതു മരമല്ലായിരുന്നെന്നു്. ഇന്നും എനിക്കറിയാം; നിങ്ങളായിരുന്നു അതു്. ഞാൻ അക്ഷമയായി എഴുന്നേററു. എവിടെപ്പോകും? എവിടെപ്പോയാൽ നിങ്ങളുടെ ഈ അശരീരിയായ നോട്ടത്തിൽനിന്നു രക്ഷപ്പെടാം? സമരമുഖത്തെ അന്തരീക്ഷവും ഭോഗസർവ്വസ്വമായ മനുഷ്യസമൂഹവും എനിക്കു മടുത്തിരുന്നു. രാക്ഷസന്മാരാണവർ. അതെ, ജീവിതത്തിലെ മുഴുവൻ വിശപ്പു് ഒന്നുചേൎന്നു് രാക്ഷസന്മാരെപ്പോലെയായിത്തീൎന്നവരാണവർ.

അവരുടെപിടിക്ക പുറത്തു ദൂരെദൂരെ ഓടിപ്പോകാൻ ഞാനാഗ്രഹിച്ചു. അവിടെനിന്നു് ഞാൻ സിംലയിലേക്ക പോയി. അവിടെനിന്നു വേറെ ഏതൊക്കെയോ സ്ഥലങ്ങളിൽ. ഞാൻ ക്ഷീണിച്ചു തളൎന്നു. ദേഹവും മനസ്സും തകൎന്ന ഞാൻ വിശ്രമമാഗ്രഹിച്ചു. വെറും വിശ്രമം. മദ്യംമാത്രം കഴിക്കും. അന്നു ഞാൻ ചിലപ്പോഴൊക്കെ മരിക്കാനാഗ്രഹിച്ചിട്ടുണ്ടു്, മററു ചിലപ്പോഴൊക്കെ വീണ്ടും ദാരുണമായ ദേഷ്യത്തിൽ ഉൽക്ക പോലെ പാഞ്ഞുനടക്കാനും. പക്ഷേ, എവിടെപ്പോയാലും നിങ്ങളുണ്ടു് ഒപ്പം. വഴിയടച്ചു നില്ക്കുന്നു. ഹോ, എത്ര തവണ യുദ്ധമേഖലയിലേക്ക പകുതി വഴി പോയിട്ട തിരിച്ചുപോന്നു, ഇത്തരത്തിൽ നിങ്ങളെ കണ്ടു്. പിന്നീട്ട ഞാൻ കാശ്മീരിൽ പോയി. ഞാൻ പകുതി മരിച്ചിരുന്നു. എങ്കിലും അപ്പോഴും മുക്തി കിട്ടിയില്ല. വിശന്നുവലഞ്ഞ പട്ടാളക്കാർ പിന്നാലെ പാഞ്ഞു. ഒരു ദിവസം കുടിച്ചു ബോധംകെട്ടതുകൊണ്ടു് ആത്മരക്ഷയ്ക്കു കഴിവുണ്ടായില്ല. ഒരു വിജനപ്രദേശത്തു് രണ്ടു മനുഷ്യമൃഗങ്ങൾ എന്നെ പിന്തുടൎന്നെത്തിയിരുന്നു. അവർ ചാടിവീണു.''

റിന സ്തബ്ധയായി. അവൾക്ക തുടൎന്നുപറയാൻ കഴിഞ്ഞില്ല.

കൃഷ്ണസ്വാമിയും സ്തബ്ധനായി ഇരുന്നു കേൾക്കുകയായിരുന്നു, അൎദ്ധരാത്രിനേരത്തെ ശാന്തമായ സമുദ്രംപോലെ.

കഥ ക്ലേററൺ പൂൎത്തിയാക്കി. അവിടെവെച്ചാണു് അയാൾ വീണ്ടും റിനയെ കണ്ടുമുട്ടിയതു്.

സന്ധ്യയ്ക്കുശേഷം പട്ടാളാധികൃതരെ ഭയന്നു് അവർ മടങ്ങാൻ നിൎബ്ബന്ധിതരായി. റിനയ്ക്കു് അപ്പോൾ മിക്കവാറും തീരെ ബോധമില്ലെന്നു പറയാം. തന്നെത്താൻ എന്തൊക്കെയോ പിറുപിറുക്കുന്നുണ്ടു്. ശവത്തിൽനിന്നു് അവക്ക് എന്താനന്ദം ലഭിക്കാൻ? അവർ അവളെ തൊഴിച്ചു ദൂരെയിട്ടു. ക്ലേററൺ ആ സമയം അതുവഴി വന്നു. ആഫീസേഴ്സ് ബാഡ്ജു് കണ്ടു് അവർ ഓടിക്കളഞ്ഞു. ക്ലേററൺ അവളെ കണ്ടു ഞെട്ടി വിറച്ചുപോയി.

റിന! റിന! അതേ, ഇതു റിനയാണല്ലോ.

അയാൾ വിളിച്ചു: ''റിനേ! റിനേ!''

റിന പിറുപിറുത്തുകൊണ്ടേയിരുന്നു. അവൾക്കു മനസ്സിലാക്കാൻ കഴിയാഞ്ഞതു് ക്ലേററൺ വളരെയെളുപ്പം മനസ്സിലാക്കി. ഈ വാക്കുകളാണു് റിന ഉരുവിട്ടിരുന്നതു്: "ഇററീസ് ദി കാസ്, ഇററീസ് ദി കാസ്, മൈ സോൾ!"

പിന്നീട്ടു സംശയമുണ്ടായില്ല. ഇതു റിനാബ്രൌൺതന്നെ. അയാൾ അവളെ തോളിലേററി കൊണ്ടുപോന്നു. വീണ്ടും വീണ്ടും അയാൾ അവളുടെ ചെവിയിൽ ഓതിക്കൊണ്ടിരുന്നു: "റിനാ മൈ ഡാർലിങ്ങ്, റിനാ മൈ ലവ്, റിനാ മൈ ഏൻജൽ! ഐ ലവ് യൂ, ഞാൻ നിന്നെ പ്രേമിക്കുന്നു, ഞാൻ നിന്നെ പ്രേമിക്കുന്നു!"

റിന ഉറക്കെ അലറി: "ലീവ് മീ—ലീവ് മീ—ക്യഷ്ണേന്ദു! ദി ഗേറ്റ്സ് ഓഫ് ഹെവൻസ് വിൽ ബി ക്ലോസ്ഡ് ടു യു ഫോർ മീ—ഫോർ മീ. ഐ ഡോണ്ട് ലൈക്ക് ടു ഗോ ടു ഹെവൻസ്. ലീവ് മീ!"

ഒരുമാസം വളരെ ശ്രദ്ധിച്ചു ശുശ്രൂഷിച്ചും ചികിത്സിച്ചും അയാൾ റിനയെ സുഖപ്പെടുത്തി. റിന വിസ്മയിച്ചുപോയി.

ക്ലേറ്റൺ റിനയോടു സ്വന്തം കഥ വിവരിച്ചതിനുശേഷം പറഞ്ഞു: "ആദ്യയൗവനത്തിലെ ആ ഞാൻ ദുഃഖത്തിന്റെ തീയിൽ വെന്തുപോയിരിക്കുന്നു. തീയിൽ വീണ സ്വർണ്ണംപോലെ എന്നിലെ അഴുക്കെല്ലാം കത്തിച്ചാരമായി ഞാൻ പരിശുദ്ധനായിരിക്കുന്നു. ഞാൻ നിന്നോടു് ഇത്രയേ പറയുന്നുള്ളു റിനേ, ട്രൈ മീ, എന്നെ പരീക്ഷിച്ചുനോക്കു. അതല്ല, നീ പായുകയാണെങ്കിൽ, വാ, നിന്നെ ക്യഷ്ണേന്ദുവിന്റെ അടുത്തു കൊണ്ടുപോകാം."

റിന ഞെട്ടിപ്പോയി—"ആരുടെ അടുത്തു്? വേണ്ട, വേണ്ട, വേണ്ട. അങ്ങനെ പറയല്ലേ. അദ്ദേഹം ഒരു പുണ്യവാളനാണു്."

* * *

റിന പറഞ്ഞു: "എന്തുചെയ്യും? നിങ്ങളുടെ അടുത്തു നിൽക്കാനുള്ള ശക്തി എനിക്കു് അപ്പോഴുണ്ടായിരുന്നില്ല. ഞാൻ ക്ലേററനെത്തന്നെ വിശ്വസിച്ചു. അദ്ദേഹം സ്വന്തം വാക്കുകൾ തെളിയിക്കുകയും ചെയ്തു. പ്രേമം അദ്ദേഹം തെളി

യിച്ചു കാണിച്ചുതന്നു. അദ്ദേഹം എന്നെ രണ്ടു കൈകൊണ്ടും വിടാതെ പിടിച്ചു കൃഷ്ണേന്ദു, നിങ്ങൾ എന്നെ ആശീർവ്വദിച്ചു, ആശ്വസിപ്പിച്ചു. അതിലൂടെ അദ്ദേഹം കടന്നുവന്നു. നിങ്ങൾ പുണ്യവാളനാണ് കൃഷ്ണേന്ദു, നിങ്ങൾ സെയിന്റാണ്!''

പിന്നീട്ട നീണ്ട ഒരു നെടുവീർപ്പ് ഇട്ടതിനുശേഷം അവൾ പറഞ്ഞു: ''എനിക്ക് ഒരു ദുഃഖമേയുള്ളു—ഈ അവസ്ഥയിൽ നിങ്ങളെ ശുശ്രൂഷിക്കാൻ കഴിഞ്ഞില്ലല്ലോ എന്ന്.''

കൃഷ്ണസ്വാമി മുമ്പിൽ ചക്രവാളസീമയിലേക്കു നോക്കിയിരിക്കുകയായിരുന്നു. നോട്ടം മാററാതെ അദ്ദേഹം പറഞ്ഞു: ''ഇതെൻെറ സമ്മാനമായിരിക്കാം, റിനേ. ഇതുകൊണ്ടാണ് ദൈവം എൻെറ അതൃപ്തമായ ആഗ്രഹങ്ങളെല്ലാം തൃപ്തിപ്പെടുത്തിയതു്.''

ചിരിച്ചുകൊണ്ടു് അദ്ദേഹം തുടന്നു: ''നോക്കു, നമ്മുടെ നാട്ടിലെ ശാസ്ത്രങ്ങൾ പറയുന്നു—ഒരുമിച്ച് ഏഴു ചുവടുവെച്ചാൽ സ്നേഹബന്ധമായെന്നു്. ഞങ്ങളുടെ വിവാഹകർമ്മത്തിൽ വധുവും വരനും അഗ്നിസാക്ഷിയായി ഏഴു ചുവട്ട് ഒരുമിച്ചു വെയ്ക്കാറുണ്ടു്. പക്ഷേ, ഭഗവാനെ അന്വേഷിക്കുമ്പോൾ മനുഷ്യൻ ഒററയ്ക്കാണ്, ആരോടുമൊപ്പം ഏഴു ചുവടു വെയ്ക്കാറില്ല. സ്നേഹിതരുടെ ഒപ്പംപോലും. ഒററയ്ക്കു്. ആ വഴിക്ക് ആശീർവ്വാദവും അഭിശാപവും വരുന്നതു വിചിത്രമായ രീതിയിലാണ്. പിന്നെ—ഏഴു ചുവട്ട് ഒരുമിച്ചുവെയ്ക്കാതെ സംസാരപരമായ ആനന്ദത്തിലേക്കു തിരിയരുതു്. നിങ്ങൾ വെച്ചു, വാതിൽ തുറക്കുകയും ചെയ്തു. നിങ്ങളുടെ കുടുംബം സുഖസംപൂർണ്ണമാകട്ടെ. എൻെറ യാത്ര—അതൊററയ്ക്കാണ്. അതെനിക്കു സന്തോഷംതന്നെ.''

എല്ലാവരും സ്തബ്ധരായി.

ആ സ്തബ്ധത ഭഞ്ജിച്ചുകൊണ്ടു് ക്ലേററൺ പറഞ്ഞു: ''ഞങ്ങൾ വീണ്ടും വരാം. ഞാൻ ഇംഗ്ലണ്ടിലേക്കു മടങ്ങിപ്പോകുന്നില്ല. റിനയുമായി ഇന്ത്യയിൽത്തന്നെ താമസിക്കാൻപോകുകയാണ്. വീണ്ടും വീണ്ടും വരാം ഞങ്ങൾ.''

''ഇന്ത്യയിൽത്തന്നെ താമസിക്കാൻപോകുകയാണോ നിങ്ങൾ? എങ്കിൽ—എങ്കിൽ എനിക്ക് ഒരപേക്ഷയുണ്ടു്. റിനേ, നിനക്കെൻെറ ആശ്രമം അറിഞ്ഞുകൂടേ? അവിടെ

ഝുംകി എന്നു പേരായി ഒരു അനാഥസ്ത്രീയുണ്ട്. അവളെ നിങ്ങളുടെ വീട്ടിൽ കൂട്ടണം. ശരി. ഇനി നിങ്ങൾ പൊയ്ക്കൊള്ളൂ. ജോൺ, യൂ ആർ എ മെഡിക്കൽ മാൻ. പോകൂ. ഗുഡ് ബൈ. ഗുഡ് ബൈ. കരയരുത്. നോ—നോ—നോ. നിങ്ങൾ ചിരിക്കുന്നതു കാണണം എനിക്ക്. ലുക്ക് ഇൻ മൈ ഫേസ്. നോക്കൂ, ആനന്ദമല്ലാതെ മററെന്തെങ്കിലുമുണ്ടോ അവിടെ? ഗുഡ് ബൈ! ഗുഡ് ബൈ! ഗുഡ് ബൈ!''

ആ നീണ്ട മനുഷ്യൻ നീണ്ട കൈകളുയർത്തി കൽപ്രതിമപോലെ നിന്നു. അനങ്ങാതെ. അവർക്കു യാത്രപറയുകയാണോ അതോ ആകാശത്തിലെ അദൃശ്യനായ ഈശ്വരൻെറ കാലിൽ മുറുകെപ്പിടിച്ചു നിൽക്കുകയാണോ—കൃഷ്ണസ്വാമിക്കു മാത്രമേ അതറിയാവൂ.

★

# അനുബന്ധം

കുറച്ചുകാലം മുമ്പ്, ''മറക്കവെയ്യാത്ത മനുഷ്യൻ'' എന്ന പ്രഭാഷണപരമ്പരയിൽ റേഡിയോവിലൂടെ സ്വന്തം അനുഭവകഥ പറയാൻ ചിലരോട്ട് ആവശ്യപ്പെടുകയുണ്ടായി. ഈ പ്രഭാഷണങ്ങൾ തികച്ചും വിസ്മയജനകവും കൗതുകകരവുമായിരുന്നു. ഇംഗ്ലീഷിൽ പറയാറില്ലേ, Truth is stranger than fiction എന്ന്, അതുതന്നെ. പക്ഷേ, fiction രചിക്കുന്നവരുടെ പ്രത്യക്ഷാനുഭവങ്ങളിലെ സത്യങ്ങൾ അവരുടെ fictionന്റെ ഭാഗമായിരിക്കും. ലോകത്തിലെ സകല എഴുത്തുകാരും വിചിത്രവും വിസ്മയകരവുമായ ഈ സത്യത്തിലൂടെ ജീവിതസത്യം അന്വേഷിച്ചു ചുററിത്തിരിയുന്നവരാണ്. സ്വർണ്ണമോ രത്നങ്ങളോ തേടിനടക്കുന്ന സാഹസികരെപ്പോലെ. ഈ അന്വേഷണത്തിനായി വലിയ വലിയ എഴുത്തുകാർ മനുഷ്യർക്കിടയിൽ പരിഭ്രമിച്ചുഴലുന്നു. എഴുതണമെന്ന ലക്ഷ്യത്തോടെയല്ല, കാണണമെന്ന ഉദ്ദേശ്യത്തോടെ. ലണ്ടനിലെയും പാരീസിലെയും തെരുവീഥികളിലും, റഷ്യയിലെ പട്ടണങ്ങളിലും നാട്ടിൻപുറങ്ങളിലും, കരിങ്കടലിന്റെ തീരത്തും വലിയ വലിയ എഴുത്തുകാർ മിഴിച്ചു കണ്ണുകളോടുകൂടി അലഞ്ഞുതിരിഞ്ഞിട്ടുണ്ട്. പണ്ട് ഈ നാട്ടിലെ മഹാകാവ്യങ്ങൾ രചിച്ചവർ ഹിമാലയംമുതൽ സമതലഭൂമിവരെ നഗരങ്ങളിലും ഗ്രാമങ്ങളിലും കാടുകളിലും മേടുകളിലും കാൽനടയായി സഞ്ചരിച്ചു. മനുഷ്യന്റെ ജീവിതസത്യത്തിൽനിന്ന് ഈ സത്യം കണ്ടുപിടിക്കുകയും ചെയ്തു. എനിക്കും ഈ സ്വഭാവമുണ്ടായിരുന്നു. എന്നല്ല, ഇന്നും ഉണ്ട്. ഒരുകാലത്ത് ബംഗാളിൽ ഞാൻ പോകാത്ത ഉത്സവങ്ങളും മേളകളും ഇല്ല. ഗ്രാമഗ്രാമാന്തരങ്ങളിൽ ഞാൻ ചുററിത്തിരിഞ്ഞിട്ടുണ്ട്. ഇന്നും അതു തുടരുന്നു. ഇങ്ങനെ ചുററിത്തിരിയുന്നതിനിടയിൽ മറക്കവെയ്യാത്ത ഒരു മനുഷ്യനെ കണ്ടെത്തുകയുണ്ടായി. എഴുത്തുകാരനായ എനിക്കു മറക്കവെയ്യാത്ത മനുഷ്യനെ ഓർമ്മയിൽ വെറുതെവെച്ചുകൊണ്ടിരിക്കാൻ കഴിയുകയില്ല. എന്റെ മനസ്സാ

കുന്ന സമുദ്രത്തിനടിയിൽനിന്നു് എന്റെ രചനകളിലൂടെ അയാൾ പുറത്തുവരും. ''ഏഴു ചുവടി''ന്റെ വിചിത്രമായ സത്യം ഇതാണു്. ഇത്രയും കാലത്തിനിടയിൽ എന്റെ കൃതികളിൽ ഏറ്റവും അധികം പ്രത്യക്ഷാനുഭവങ്ങൾ അഥവാ വാസ്തവവൈചിത്ര്യങ്ങൾ ഉൾക്കൊള്ളുന്നതു് ഇതാണു്. ഇക്കാര്യത്തിൽ Truth is stranger than fiction എന്നതു തികച്ചും സത്യമത്രേ.

''ഏഴു ചുവടു്'' സഹൃദയരുടെ സമാദരവു സമ്പാദിച്ചിട്ടുണ്ടു്. കഥാനായകൻ യഥാർത്ഥമായ അസ്തിത്വമുള്ള ആളാണെന്നു റേഡിയോശ്രോതാക്കളോടു ഞാൻ പറയുകയുണ്ടായി. അതിവിടെ അനുബന്ധമായി ചേർത്തുകൊള്ളട്ടെ.

യഥാർത്ഥമനുഷ്യജീവിതത്തിൽ രാമനെ കണ്ടുകിട്ടുകയില്ല. എങ്കിലും മഹാകവി രവീന്ദ്രനാഥനെയും മഹാത്മാഗാന്ധിയെയും നേതാജി സുഭാഷ്ചന്ദ്രനെയും കിട്ടും. എനിക്കുതന്നെ കിട്ടിയിട്ടുമുണ്ടു്. അവർ തങ്ങളുടെ പ്രവൃത്തിയും കീർത്തിയുംകൊണ്ടു ചരിത്രത്തിന്റെ താളുകളിലും മനുഷ്യന്റെ മനസ്സിലും ചിരകാലം ജീവിക്കും. കണ്ടിട്ടില്ലാത്തവർപോലും അവരെ ഓർമ്മിക്കും. എന്നാൽ വേറെ ചിലരുണ്ടു്—അവരുടെ ചിത്രം മുൻപറഞ്ഞവരുടെ ചിത്രങ്ങൾക്കു താഴെയാണു തൂങ്ങിക്കിടക്കുന്നതെങ്കിലും അവർ എന്റെ കാലത്തും എന്റെ മനസ്സിലും അവിസ്മരണീയരായിത്തീർന്നിട്ടുണ്ടു്. ഞാൻ പ്രസംഗങ്ങളിലും പുസ്തകങ്ങളിലും വരച്ചുകാട്ടിയിട്ടുള്ള അവരുടെ ചിത്രങ്ങൾ ഒരുപക്ഷേ, അനേകമാളുകളുടെ മനസ്സിൽ പതിഞ്ഞിട്ടുണ്ടാകാം. അവ എത്രനാൾ തെളിഞ്ഞുകിടക്കുമെന്നു് പറയാൻവയ്യ. എന്റെ കൃതികളുടെ സാർത്ഥകതയെ ആശ്രയിച്ചിരിക്കുന്നു അതു്. എന്നാലും ആ മനുഷ്യൻ എന്റെ മനസ്സിൽ എന്നും ഒരുപോലെ മായാതെ ജീവിക്കും. ഒരെഴുത്തുകാരനായതുകൊണ്ടാണു് ഞാനിതു പറയുന്നതു്. എന്നെ സംബന്ധിച്ചിടത്തോളം മറക്കവയ്യാത്ത ആളുകൾ എന്റെ കൃതികളിൽ സ്ഥാനം പിടിച്ചിട്ടുണ്ടു്. ഒരു ശശിഭൂഷൺ തന്നെ കുറച്ചു തവണയെങ്ങാനുമാണോ വീണ്ടും വീണ്ടും പ്രത്യക്ഷപ്പെട്ടിട്ടുള്ളതു്? ഇന്നു് ആലോചിച്ചുനോക്കുമ്പോൾ ഞാൻ കാണുന്നുണ്ടു്—ഞാൻതന്നെ വേഷപ്രച്ഛന്നനായി എത്രതവണ പ്രത്യ

ക്ഷപ്പെട്ടിരിക്കുന്നു! എൻെറ സ്വന്തം കാര്യം പറഞ്ഞിരിക്കുന്നു. അവർ മറക്കവെയ്യാത്തവരുടെ പട്ടികയിൽ പെടുന്നില്ല. എങ്കിലും ആദ്യംമുതല്ക്കേ ഒരു മനുഷ്യൻ അമ്മൂളു നിറച്ച സ്വർണ്ണപ്പാത്രംപോലെ എൻെറ കൺമുമ്പിൽ തത്തിനടക്കുന്നുണ്ടു്.

എത്രനാൾ കണ്ടിട്ടുണ്ടു്, എത്രമാത്രം പരിചയമുണ്ടു് എന്നു കണക്കുകൂട്ടിനോക്കി പറയാം.

1916—ാമാണ്ടിൽ ഞാൻ സെൻറ് സേവ്യേഴ്സ് കാളേജിൽ ചേൎന്നു. ആറുമാസമേ അവിടെ പഠിക്കാൻ ഭാഗ്യമുണ്ടായുള്ളു. അക്കാലത്തു് അതീവ ഊൎജ്ജസ്വലനും ഉല്ലാസവാനുമായ, പൊക്കമേറിയ, ഒരു ആൺകുട്ടിയെ കണ്ടിരുന്നു. അയാളുടെ കാലൊച്ച വിളിച്ചുപറഞ്ഞിരുന്നു—സാധാരണക്കാരനല്ല ഇവൻ. വലിയ കോലാഹലത്തിനിടയിലും അയാളുടെ സ്വരം വേർതിരിച്ചറിയാം. കളിസ്ഥലത്തു പന്തുമായി അയാൾ ഗോളിലേക്കു കുതിക്കുമ്പോഴും തോന്നും—സാധാരണക്കാരനല്ല ഇവൻ. ഫോത്ത് ഇയറിലാണു പഠിച്ചിരുന്നതെന്നു തോന്നുന്നു. പ്രായത്തിൽ എന്നേക്കാൾ മൂതിൎന്നതാണു്. ഞങ്ങൾക്കു സംസാരിക്കാൻ അവസരം കിട്ടിയതുമില്ല. കാളേജിൻെറ തെക്കുഭാഗത്തു് അന്നു ജൂണിയർ ആൻറ് സീനിയർ കേംബ്രിഡ്ജ് സ്കൂളാണു്. വലിയ വലിയ ആളുകളുടെ മക്കളും ആംഗ്ലോ—ഇന്ത്യക്കാരുമാണു് അവിടെ പഠിക്കുക. അയാൾ അവരുടെയിടയിലിരുന്നു സിഗററ്റ് വലിക്കുന്നതു കണ്ടിട്ടുണ്ടു് പലപ്പോഴും. പെട്ടെന്നൊരുദിവസം കേട്ടു, അയാൾ ക്രിസ്ത്യാനിയായെന്നു്. അന്നു് എൻെറ മനസ്സു് പൊട്ടിത്തെറിച്ചു. ഹിന്ദുക്കുട്ടി ക്രിസ്ത്യാനിയായി മാറിയെന്നോ? ഛീ ഛീ ഛീ! അക്കാലത്തു് ക്രിസ്തുമതത്തോടു്, അതു് ഇംഗ്ലീഷുകാരുടെ മതമായതുകൊണ്ടു സാധാരണഹിന്ദുക്കൾക്കു വെറുപ്പായിരുന്നെന്നു് ഇന്നു നിഷ്പക്ഷപടം ഞാൻ സമ്മതിക്കുന്നു. കൂടാതെ, ഓരോ മതത്തിലുമുണ്ടു് യാഥാസ്ഥിതികത്വം. അതും നമ്മുടെ മതത്തിൻെറ യാഥാസ്ഥിതികത്വവുമായുള്ള വിദ്വേഷമായിരുന്നു അധികമെന്നു ഞാൻ മറച്ചുവെയ്ക്കുന്നില്ല.

ഒരു ആംഗ്ലോ—ഇന്ത്യൻപെൺകുട്ടിയെ വിവാഹം കഴിക്കാൻവേണ്ടിയാണു് അയാൾ ക്രിസ്തുമതം സ്വീകരിക്കുന്നതെന്നു കേട്ടപ്പോൾ കൂടുതൽ വെറുപ്പു തോന്നി. അവർ പരസ്പരം

പ്രേമിച്ചു. പക്ഷേ, പെണ്ണിന്റെ പിതാവു പറഞ്ഞു—ക്രിസ്ത്യാനിയാകാതെ ഞാനീ വിവാഹത്തിനു സമ്മതിക്കുകയില്ല. അപ്പോൾ അയാൾ പറഞ്ഞു—ശരി, ക്രിസ്ത്യാനിയായിക്കളയാം.

ഇതു കഴിഞ്ഞു കുറേദിവസത്തിനകം അയാൾ കാളേജിന്റെ ക്യാൻവാസിൽനിന്നു മാഞ്ഞുപോയി. പിന്നീടയാളെ കാണുകയുണ്ടായില്ല. മുഴങ്ങുന്ന ആ കാലൊച്ച പിന്നീടു കേൾക്കുകയുണ്ടായില്ല. ആ ശബ്ദവും. കളിസ്ഥലത്ത് പൊക്കം കൂടിയ ഒരു കളിക്കാരൻ പന്തുമായി നെററിലേക്കു പാഞ്ഞു കയറുന്നതും പിന്നീടു കണ്ടില്ല. കല്യാണം കഴിച്ച്, റെയിൽ വേയിലോ മററോ ഉദ്യോഗം കിട്ടിപ്പോയെന്നു കേട്ടു.

കാളേജിന്റെ ഓർമ്മയിൽനിന്നുതന്നെ അയാൾ മാഞ്ഞുപോയി. ഞാനും ഏതാനുംമാസം കഴിഞ്ഞു പോലീസിന്റെ ശല്യംമൂലം പഠിത്തം ഉപേക്ഷിച്ചു ഗ്രാമത്തിലേക്കു മടങ്ങി. വീട്ടുതടവുകാരനായി കഴിഞ്ഞു. ദിവസംതോറും വിസ്മൃതിയുടെ കട്ടപിടിച്ച ഇരുട്ട്, അക്കാലത്തു കണ്ട ലക്ഷം ലക്ഷം ആളുകളോടൊപ്പം അയാളെയും വിഴുങ്ങിക്കൊണ്ടിരുന്നു. മോഹൻജോദാരോയോടും ഹരപ്പയോടുമൊപ്പം എത്രയോ അജ്ഞാതഗ്രാമങ്ങളെയും വീടുകളെയും മണ്ണു വിഴുങ്ങി—അതുപോലെ. മനസ്സിന്റെ വിസ്മൃതിയുടെ പ്രവൃത്തി ഇതിലും വിചിത്രമാണെന്നു തോന്നുന്നു. ഞാനൊരു കഥ എഴുതിയിട്ടുണ്ട്—ഒരു യുവനാടകസംഘത്തിലെ ഗായകൻ ഒരു ഗ്രാമീണയുവതിയെ പ്രേമിച്ചു. പക്ഷേ, അവർക്ക് ഒന്നുചേരാൻ കഴിഞ്ഞില്ല. വളരെനാൾക്കുശേഷം ആ നാടകസംഘത്തിലെ ഗായകൻ—അപ്പോഴയാൾ വൃദ്ധനായിരുന്നു—അതേഗ്രാമത്തിൽ പാടുവാനെത്തി. ആ സ്ത്രീ അപ്പോഴേക്കു ഭാര്യയും മാതാവും വൃദ്ധയും തടിച്ചിയും ആയിരുന്നു. പാടുന്ന സമയമത്രയും ഗായകൻ ദാഹിക്കുന്ന ദൃഷ്ടികളോടെ ഉററുനോക്കുകയായിരുന്നു—അവളെ കാണാൻ കഴിഞ്ഞെങ്കിൽ! യുവതി മുമ്പിൽത്തന്നെയിരുന്നു പാട്ടു കേൾക്കുന്നു. പക്ഷേ, ആർക്കും ആരെയും തിരിച്ചറിയാൻ സാധിച്ചില്ല. ബാഹ്യലോകത്ത്, മനുഷ്യൻ മരിച്ചാലേ ദഹിപ്പിച്ചുകളയുകയോ മണ്ണിൽ കുഴിച്ചിടുകയോ ചെയ്യാറുള്ളു മാനസികലോകത്തിലാകട്ടെ,മനുഷ്യൻ ജീവനോടെ

കഴിച്ചുമൂടപ്പെട്ടുന്നു. അയാളെ ഏതാനുംമാസത്തിനുള്ളിൽ ത്തന്നെ ഞാൻ മനസ്സിൽ കബറടക്കിയെന്നു തോന്നുന്നു.

നാല്പതുവർഷത്തിനുശേഷം—1956. സ്ഥലവും പേരും ഞാൻ മനഃപൂർവ്വം മറച്ചുവെയ്ക്കുകയാണു്. വളരെയകലെ ഒരു മലമ്പ്രദേശത്തു്—ഭാരതവർഷത്തിൻെറ മിക്കവാറും മറേറ അററത്തു്—ഞാനൊരു പ്രസംഗത്തിനു ക്ഷണം സ്വീകരിച്ച് പോയിരുന്നു. ഉയൎന്ന ഒരു ഉദ്യോഗസ്ഥൻെറ വീട്ടിലാണു താമസിച്ചതു് എന്റെ സമപ്രായക്കാരൻ. പലതും പറഞ്ഞു വന്നപ്പോൾ മനസ്സിലായി, അദ്ദേഹവും ഞാനും ഒരേകൊല്ലം ഒരേകാളേജിൽ ഒരേക്ലാസ്സിൽ പഠിച്ചിരുന്നെന്നു്. നിമിഷനേരംകൊണ്ടു ഞങ്ങൾക്കു് അന്യോന്യം സവിശേഷമായൊരു അടുപ്പം അനുഭവപ്പെട്ടു. ഒപ്പംതന്നെ ഭൂതകാലം ഉണൎന്നെഴുന്നേററു. കാളേജുജീവിതത്തിലെ കഥകൾ പൊട്ടും പൊടിയുമായി പ്രവഹിക്കാൻ തുടങ്ങി. മഴയത്തു് മണ്ണൊലിച്ചുപോയി, പണ്ടെങ്ങോ വീണ്പോയ വളക്കഷണമോ ശംഖുമാലത്തുണ്ടോ പൊട്ടിയ ഭരണിക്കഴുത്തോ കല്ലിൻകഷണമോ തെളിഞ്ഞുവരുന്നതുപോലെ. അയാളെ ഓൎമ്മയുണ്ടോ? മറേറയാളെയോ? പിന്നെ ഓൎമ്മയില്ലേ? അയാളുടെ റോൾനമ്പരെന്താ—നൂറോ നൂറെറാന്നോ? ആ പല്ലു പൊങ്ങിയ ആൾ! ആ ചപ്രത്തലമുടിക്കാരൻ!

—അതെ, അതുതന്നെ. പിന്നെ അയാളെയോ?

—ആരെ? എങ്ങനെയിരിക്കും കാണാൻ?

ഒരുദിവസം അദ്ദേഹത്തോടൊപ്പം മലമ്പാതയിലൂടെ ജീപ്പിൽ ചുററിസ്സഞ്ചരിക്കുകയായിരുന്നു. രണ്ടുവശത്തും കാട്ടും മലയുംതന്നെ. ഒരിടത്തെത്തിയപ്പോൾ പെട്ടെന്നു് അദ്ദേഹം ചോദിച്ചു—ഒരാളെ ഓർക്കുന്നോ? നമ്മൾ പഠിക്കുമ്പോൾ ഫോത്തു് ഇയറിലായിരുന്നു. നല്ല പൊക്കം, എപ്പോഴും ഉറക്കെ ചിരിക്കും. മദാമ്മയെ കല്യാണം കഴിക്കാൻ ക്രിസ്ത്യാനിയായില്ലേ?

ഞാൻ പറഞ്ഞു—ഓർക്കുന്നോ എന്നോ?

—അയാളെ കാണണോ?

—ഇവിടെ എവിടെയാ അയാൾ?

—വരൂ, കാണിച്ചുതരാം.

അദ്ദേഹം ജീപ്പ് തിരിച്ച് ഒരു ഗ്രാമത്തിലേക്കു വിട്ടു. മലകളുടെ മടിയിലുള്ള ഒരു ആദിവാസിഗ്രാമം. അവിടെ തടികൊണ്ടു നിർമ്മിച്ച ഒരു പള്ളിയുണ്ട്. ആ പള്ളിയിലെ പാതിരി—നീണ്ടു മെലിഞ്ഞ ഒരു മനുഷ്യൻ. മുഖത്ത് ആശ്ചര്യജനകമാംവിധം പ്രസന്നമായ ചിരി. ഗ്രാമത്തിലെ കുട്ടികളെ പഠിപ്പിക്കുകയാണു്.

അദ്ദേഹം പറഞ്ഞു—ഇതുതന്നെ.

വല്ലാത്ത വിസ്മയത്തോടെ ഞാൻ ചോദിച്ചു—ഇതോ?

—അതെ. കുറച്ചുനാളായി ഞാനിദ്ദേഹത്തെ മനസ്സിലാക്കിയിട്ട്. സംസാരിച്ചു പരിചയമായപ്പോൾ അറിവായി ഇദ്ദേഹമാണെന്നു്.

ഊർജ്ജസ്വലനും ബഹളക്കാരനുമായിരുന്ന ആ പയ്യൻ—ഏതോ ഒരു പെണ്ണിനുവേണ്ടി അച്ഛനെയും അമ്മയെയും ഈശ്വരനെയും എല്ലാം ത്യജിച്ച സാഹസി—ശാന്തശീലനും പ്രസന്നവദനനും മധുരസ്വഭാവിയുമായ ഇദ്ദേഹം!

സ്നേഹിതൻ പറഞ്ഞു—ഒരു ദുരന്തത്തിൻെറ ദൃഷ്ടാന്തം.

—പെണ്ണു മരിച്ചുപോയോ?

—ഇല്ല. എന്താ ഉണ്ടായതെന്നറിയാമോ? ക്രിസ്ത്യാനിയാകാതെ വിവാഹം അനുവദിക്കുകയില്ലെന്നായിരുന്നു പിതാവിൻെറ ശാഠ്യം. പെണ്ണ് ഇതാഗ്രഹിച്ചിരുന്നില്ല. രജിസ്റ്റർ വിവാഹമായിരുന്നു അവളുടെ ഉദ്ദേശം. ഇദ്ദേഹം മതവും ജാതിയുമൊന്നും വകവെച്ചിരുന്നില്ല. അതുകൊണ്ട് വേഗം മതം മാറി. ഉടനെ ചെന്നുചോദിച്ചു—ഞാൻ ക്രിസ്ത്യാനിയായി. ഇനി തടസ്സമൊന്നുമില്ലല്ലോ?

പെണ്ണിൻെറ അച്ഛൻ പറഞ്ഞു—ഇല്ല.

പക്ഷേ, ഇതെല്ലാം കേട്ടപ്പോൾ പെണ്ണ് സ്തംഭിച്ച് അദ്ദേഹത്തിൻെറ മുഖത്തുനോക്കി നിന്നുപോയി. അല്പം കഴിഞ്ഞു പറഞ്ഞു—നിങ്ങൾ എനിക്കുവേണ്ടി, അല്ല ഒരു പെണ്ണിനുവേണ്ടി, സ്വന്തം മതവും ഈശ്വരനും വേണ്ടെന്നുവെച്ചു?

അദ്ദേഹം ഉത്സാഹപൂർവ്വം ചിരിച്ചു. ഉത്സാഹത്തോടുകൂടിത്തന്നെ പറഞ്ഞു—നിനക്കുവേണ്ടി ഞാൻ ജീവൻപോലും കളയും.

പെണ്ണു പറഞ്ഞു—എനിക്കു മാപ്പുതരൂ. എനിക്കു നിങ്ങളെ വിവാഹം കഴിക്കാൻ സാധ്യമല്ല. നിങ്ങൾ എനിക്കുവേണ്ടി, ഇത്രയും കാലം പൂജിച്ചിരുന്ന ഈശ്വരനെ ഉപേക്ഷിച്ചു. നാളെ എന്നേക്കാൾ സുന്ദരിയായ ഒരു പെണ്ണിനെ കണ്ടു് ഇഷ്ടം തോന്നിയാൽ എന്നെ ഉപേക്ഷിക്കുകയില്ലെന്നു് എങ്ങനെ അറിയാം?

പെണ്ണു് അദ്ദേഹത്തെ വിവാഹം കഴിച്ചില്ല. ഒരുതരത്തിലും അവളതിനു സമ്മതിച്ചില്ല. അച്ഛൻെറയും അമ്മയുടെയും അപേക്ഷപോലും അവൾ ചെവിക്കൊണ്ടില്ല.

അദ്ദേഹം വേദനയോടെ സ്ഥലംവിട്ടു. രാത്രിമുഴവൻ ചിന്തിച്ചു് അവസാനം ഉറച്ചു—ഇത്ര വലുതാണോ ഈശ്വരൻ? ഇത്ര പ്രിയപ്പെട്ടവനാണോ ഈശ്വരൻ? ഈശ്വരനുവേണ്ടി ലോകത്തിലെ ഏററവും പ്രിയപ്പെട്ട പിതാവിനെപ്പോലും ഉപേക്ഷിക്കാൻ കഴിയുമോ? എങ്കിൽ താനദ്ദേഹത്തെ അന്വേഷിക്കും. അദ്ദേഹത്തെ സേവിച്ചു ജീവിതം കഴിക്കും.

അതുമുതൽ അദ്ദേഹം ഈ ജോലിയിൽ മുഴുകിയിരിക്കുകയാണു്. ആദ്യം ഗാരോമലയിലായിരുന്നു. അവിടത്തെ ആദിവാസികളെ സേവിച്ചു് ഈശ്വരസാധന ചെയ്യുകയായിരുന്നു. പാകിസ്ഥാൻ വന്നതിൽപിന്നെ ഇങ്ങോട്ടു പോന്നു.

ഞാൻ ചോദിച്ചു—ആ പെൺകുട്ടിയോ?

—അവളെപ്പററി പിന്നീടദ്ദേഹം അന്വേഷിച്ചിട്ടില്ല, ചിന്തിച്ചിട്ടില്ല.

എനിക്കുതോന്നി—എൻെറ ഹൃദയാന്തർഭാഗത്തുനിന്നു് അതിസാധാരണനായ ഒരാൾ അസാധാരണമായ മഹിമയോടെ മുമ്പിൽ ഉയൎന്നുവന്നു നിൽക്കുന്നു. ഉല്ലാസധ്വനികൾക്കും അട്ടഹാസങ്ങൾക്കും പകരം പ്രസന്നവും ക്ഷമാപൂൎണ്ണവുമായ ചിരി. അടക്കമില്ലായ്മയുടെ സ്ഥാനത്തു പരമപ്രശാന്തത.

'കോ വാഡിസ്' എന്ന വിഖ്യാതമായ നോവൽ ഓൎമ്മ വന്നു.

—Where goest Thou Lord?
—To Rome to be crucified again!

ഇതായിരുന്നു ഉത്തരം.

ഞാൻ എന്തോ ചിലതൊക്കെ ചോദിച്ചു. ചില്ലറവാക്കുകളിൽ ഉത്തരം ലഭിക്കുകയും ചെയ്തു. എങ്കിലും പ്രസന്നവും സ്നിഗ്ദ്ധവുമായ ആ ചിരിയിൽ അമൃതധാരയുടെ കുളൎമ്മയാണു് അനുഭവപ്പെട്ടതു്.

ഞാൻ ചോദിച്ചു—ഈശ്വരനെ കണ്ടുകിട്ടിയോ?

അദ്ദേഹം പറഞ്ഞു—കിട്ടിയോ എന്നോ? അല്ലെങ്കിൽ ഇത്രയാനന്ദമുണ്ടാകുന്നതെങ്ങനെ?

ഞാൻ മടങ്ങിപ്പോന്നു. മനസ്സിലെ ഓൎമ്മയുടെ ഉള്ളറയിൽ അതിസാധാരണനായ ഒരാളിൻെറ അസാധാരണമാംവിധം ജ്യോതിസ്സുനിറഞ്ഞ ചിത്രവുമായി മടങ്ങിപ്പോന്നു. പുരാണത്തിലെ വിരാട്പുരുഷന്മാരുടെ ചിത്രങ്ങളേക്കാളെല്ലാം വളരെ ഉയരെയാണതിന്റെ നില. കൃഷ്ണേന്ദുവിനു് ആ രൂപം നൽകാനാണു് ഞാൻ ശ്രമിച്ചിട്ടുള്ളതു്. ഞാനൊരു എഴുത്തുകാരനാണു്. എന്നെസ്സംബന്ധിച്ചിടത്തോളം അവിസ്മരണീയനായ ഒരു വ്യക്തി എൻെറ എഴുത്തിൽ പ്രത്യക്ഷപ്പെടാതിരിക്കുക സാദ്ധ്യമല്ല. 'ഏഴു ചുവടി'ൽ അദ്ദേഹം കൃഷ്ണേന്ദുവായി പ്രത്യക്ഷപ്പെടുന്നു.

* * *

നായികയുടെ കാര്യമാണു ബാക്കിയുള്ളതു്. റിനാബ്രൗൺ എന്നാണല്ലോ നായികയുടെ പേരു്. കാല്പനികമായ പേരുതന്നെ. കൃഷ്ണേന്ദുവിനു നഷ്ടപ്പെട്ട കാമുകിയുമായി ഒരു ബന്ധവുമില്ലതാനും അവൾക്കു്. അവളെ ഞാൻ കണ്ടിട്ടില്ല. അവളുടെ സംഭാഷണം ഞാൻ കേട്ടിട്ടുമില്ല. തികച്ചും കാല്പനികമായ പേരാണു് റിനയെന്നതു്. എങ്കിലും കഥയിൽ അല്പം സത്യമുണ്ടു്—യക്ഷിക്കഥയിലെ രാജകുമാരിയുടെ കിടക്കയിൽ കിടന്നുകിട്ടിയ സുവൎണ്ണനിറമുള്ള തലമുടിനാരിഴ ഒരു അതിസുന്ദരിയെ ഓൎമ്മിപ്പിക്കുന്നതുപോലെയാണെന്നുമാത്രം. ഞാൻ മനസ്സിലാക്കിയതു പറഞ്ഞേക്കാം. യഥാൎത്ഥമനുഷ്യനും കൃഷ്ണേന്ദുവും ഒന്നല്ലാത്തതുപോലെതന്നെ നോവലിലെ റിനാബ്രൗണും അസാധാരണയായ ആ് പെണ്ണല്ല—"എന്നെ മോഹിച്ചു് ഇത്രയുംകാലത്തെ മതവും ഈശ്വരനും വേണ്ടെന്നുവെച്ച നിങ്ങൾ, എന്നേക്കാൾ സുന്ദരിയായ ആരെയെങ്കിലും

കണ്ടാൽ എന്നെ ഉപേക്ഷിക്കുകയില്ലെന്നു് എങ്ങനെ അറിയാം?'' എന്നു ചോദിച്ച അഥവാ ചോദിക്കാൻ കഴിഞ്ഞ പെണ്ണു്. അവളെ ഞാൻ കണ്ടിട്ടില്ലെന്നും എനിക്കറിഞ്ഞുകൂടെന്നും ഞാൻ നേരത്തേ പറഞ്ഞല്ലോ. അതുവരെയുള്ള സംഭവങ്ങൾ പരിഗണിക്കുമ്പോൾ ആ പെണ്ണു് നിത്യകന്യകയായി കഴിയുമെന്നുവേണം വിചാരിക്കാൻ. സത്യത്തിൽ അവൾക്കെന്തുപററിയെന്നു് ആ പാതിരിക്കുപോലും അറിഞ്ഞുകൂടാ. യഥാർത്ഥസത്യം, കഥയിലെയും നോവലിലെയും സത്യത്തേക്കാൾ അത്ഭുതജനകമത്രേ. ഒരുപക്ഷേ, അവിശ്വസനീയമായിരിക്കും. എഴുതാനിരുന്നപ്പോൾ റിനയുടെ പാത്രസൃഷ്ടി സംബന്ധിച്ചു് ഞാൻ വലിയ വിചാരത്തിലായിരുന്നു. പെട്ടെന്നു്, ഒരിക്കലെങ്ങോ കണ്ട, ഏതാനും നിമിഷത്തേയ്ക്കുമാത്രം ദൃഷ്ടിയിൽപ്പെട്ട, ഇംഗ്ലീഷുകാരിയോ അമേരിക്കക്കാരിയോ ആംഗ്ലോഇന്ത്യക്കാരിയോ ആയ ഒരു വിചിത്രനാരിയുടെ കാര്യം ഓർമ്മവന്നു. അവളുടെ ഏതാനും വാക്കുകളും ഏതാനും ചിത്രങ്ങളും മനസ്സിൽ തങ്ങിനിന്നിരുന്നു.

1944-ൽ പുരി കടൽപ്പുറത്തുവെച്ചാണു് അവളെ ആദ്യമായി കണ്ടതു്. നല്ല ഉയരമുള്ള യുവതി—കറുത്തിടതൂർന്നതും പുഷ്പകേസരങ്ങൾപോലെ നീണ്ടതുമായ കൺപീലികൾ. തലമുടിയുടെ കറുപ്പുനിറത്തിൻെറ ശോഭമാത്രമല്ല, ഭ്രമദ്ധ്യരേഖാപ്രദേശത്തു വളരുന്ന പുല്ലിൻേറതായ നിറപ്പകിട്ടും സമൃദ്ധിയും അവളുടെ രക്തത്തിൻെറ ചരിത്രത്തിനു സാക്ഷ്യംവഹിച്ചിരുന്നു. പാൻറ്സും ബ്ലൗസുമാണു് അവൾ ധരിച്ചിരുന്നതു്. തലയിൽ കടുംചുവപ്പുനിറമുള്ള ഉറുമാൽ കെട്ടിയിരിക്കുന്നു. പരിഹാസം നിറഞ്ഞുമുഴങ്ങുന്ന സ്വരവും ഉറയ്ക്കാത്ത കാൽവെപ്പും അവളുടെ കൊടുങ്കാററിനു സമമായ ജീവിതത്തിന്റെ വ്യക്തമായ സൂചനകൾ നൽകിയിരുന്നു. പുരി കടൽത്തീരത്തെ സകലയാളുകളുടെയും ദൃഷ്ടി അവളിൽ പതിച്ചു. വിസ്മയംകൊണ്ടു വിടർന്ന ദൃഷ്ടി. കൂടെ എപ്പോഴും ഏതെങ്കിലും വെള്ളപ്പട്ടാളക്കാരൻ. ഒരു പൂർണ്ണിമദിവസം രാത്രി കടൽത്തീരത്തുവെച്ചു് അവൾ ഉറക്കെ വിളിച്ചുപറയുന്നതു കേട്ടു—കൂട്ടുകാരനോടു വഴക്കിട്ടിട്ടാണെന്നു തോന്നി, അവൾ പറഞ്ഞു—

What do I care for God? I am no Christian. My father did not baptize me. He was ashamed of me. I hate you. Yes, I hate you. Your heaven is not my heaven. My heaven is hell. My God is the God of hell. കുടിച്ചുമറിഞ്ഞ പട്ടാളക്കാരൻ അവളുടെ മുഖത്തടിച്ചു. ഇംഗ്ലീഷുകാരുടെ ഭരണം, യുദ്ധകാലം, ബി. എൻ. ആർ. ഹോട്ടലിൻെറ സമീപപ്രദേശം. കുറേ നാട്ടുകാരോടൊപ്പം ഞാനും അവിടെ ഉണ്ടായിരുന്നു. എങ്കിലും ആരും ഒന്നും പറഞ്ഞില്ല, പറയാൻ ധൈര്യപ്പെട്ടില്ല—തങ്ങൾക്കു കൈയെത്താത്ത കാര്യമാണെന്നു കരുതി. പിറേറന്നു വീണ്ടുമവളെക്കണ്ടു—മുഖത്തു കരിവാളിച്ച പാട്, വീങ്ങിയ ചുണ്ട്. പഴയതുപോലെതന്നെ ഉത്സാഹപ്രമത്തയായി ചുററിത്തിരിയുന്നു. സർവ്വനാശത്തിൻെറ മാർഗ്ഗത്തിലെ സഞ്ചാരി.

ഈ പെണ്ണിനെ കൽക്കത്തയിലെ ചൗരംഗിപ്രദേശത്തും കണ്ടിട്ടുണ്ട്. ഒരു ദിവസം മൈതാനത്ത് ഒററയ്ക്ക് ആകാശത്തുനോക്കി നിശ്ചലപ്രതിമപോലെ നിൽക്കുന്നതു കണ്ടു. ഉച്ച തിരിഞ്ഞ നേരം. എന്താണ് അവളാലോചിക്കുന്നത്—ആർക്കറിയാം? തൻെറ സ്വർഗ്ഗത്തിൻെറ കാര്യം? തൻെറ ഈശ്വരൻെറ കാര്യം? തൻെറ ജീവിതത്തിൻെറ കാര്യം?

പിന്നീടവളെ ഷില്ലോങ്ങിലേക്കുള്ള വഴിയിൽ കണ്ടു. ഒന്നരവർഷത്തിനുശേഷം. അതിനിടയിൽത്തന്നെ, അമിതാചാരങ്ങളുടെ ഫലമായി അവളുടെ ജീവിതവും ശരീരവും പുഴക്കുത്തേററ വള്ളിപോലെ ആയിത്തീർന്നിരുന്നു.

ഇതിലും ചേർച്ചയുള്ള ഉപമ ഓർമ്മവരുന്നില്ല. കുറച്ചു നാൾ മുമ്പ്—ഏതാണ്ട് ആറു മാസമായിട്ടുണ്ടാകുമെന്നു തോന്നുന്നു—ഞാൻ ഒരു ശംഖുപുഷ്പച്ചെടി കൊണ്ടുവന്നു് വീട്ടുമുററത്തു നട്ടു. ആദ്യം അതു തഴച്ചു വളർന്നു—നല്ല കടും പച്ച നിറമുള്ള വലിയ വലിയ ഇലകളും തടിച്ചു ഭംഗിയുള്ള വളഞ്ഞു പുളഞ്ഞ വള്ളികളും. കണ്ടാൽ കണ്ണുകുളിർക്കും, പെട്ടെന്നു ചെടിയിൽ പുഴ കയറി; ഇലകൾ ചെറുതായി, വളഞ്ഞു ചുരുണ്ടു. വള്ളികൾ മെലിഞ്ഞു. ഞരമ്പെഴുന്ന കൈകൾപോലെ അതിൽ നീണ്ട രേഖകൾ പ്രത്യക്ഷമായി. ഇലകളും വള്ളികളും ദുസ്സഹമായ ഒരു നിറം പൂണ്ടു. ഈ പെണ്ണിൻെറ

സ്ഥിതിയും ശരിക്ക് അതുപോലെയായിരുന്നു. ഗൗഹതിയിൽ നിന്നു് ഒരു ബസ്സിൽ പോകുകയായിരുന്നു ഞാൻ. അവളുടെ കൂടെ ഒരു യുവാവുണ്ട്. തന്നേക്കാൾ വളരെ പ്രായം കുറഞ്ഞ ഒരു പയ്യൻ. മുലകുടി മാറിയെങ്കിലും കൗമാരം വിട്ടിട്ടില്ലെന്നു തോന്നും. യുദ്ധമേഖലയിൽ വന്നു് പെണ്ണു് അവനെ പിടികൂടിയതാണോ? അതോ സമരമുഖത്തെ അന്തരീക്ഷത്തിൽ, തൻെറ വേവാത്ത മൺചട്ടിപോലുള്ള ജീവിതപാനപാത്രത്തിൽ ഈ പെണ്ണിൻെറ ജീർണ്ണിച്ച യൗവനത്തിന്റെ പുളിച്ച മദ്യം നിറയ്ക്കാൻവേണ്ടി അവൻ ഓടിപ്പോന്നതോ? ലഹരി കൊണ്ടു് പെണ്ണിൻെറ കൈ രണ്ടും വിറയ്ക്കുന്നു. കണ്ണു രണ്ടും ജ്വലിക്കുന്നു. എന്തൊക്കെയോ പിറുപിറുക്കുന്നുണ്ടു് അവൾ. പെട്ടെന്നു് അവൾ ബസ്സിലിരുന്നു ഛർദ്ദിക്കാൻ തുടങ്ങി. ഗൗഹതിയിലെ ബംഗാളികൾ എനിക്കു ധാരാളം മധുരനാരങ്ങ സമ്മാനിച്ചിരുന്നു. അവൾ ദാഹിക്കുന്ന ദൃഷ്ടികളോടെ മധുരനാരങ്ങയുടെ നേരേ നോക്കി. ഞാൻ ഏതാനും എണ്ണമെടുത്തു് അവൾക്കു നീട്ടി. അതു വാങ്ങിക്കൊണ്ടു് പെണ്ണു ചോദിച്ചു— എന്താ വില? ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു—ഞാൻ ഓറഞ്ച്വില്പനക്കാരനല്ല. നിനക്കു സുഖമില്ലാത്തതുകൊണ്ടു തന്നതാണു്, തിന്നോളൂ.

ഒരു ദിവസം അവൾ ഫുട്പാത്തിൽ വീണുകിടക്കുന്നതു കണ്ടു. ഒരു ജീപ്പു വന്നു് അവളെ പൊക്കിയെടുത്തുകൊണ്ടു പോകുന്നതും.

"ഏഴ ചുവടിലെ" നായകന്റെ സമൂലപരിവർത്തനത്തിൻെറ കാര്യം ഓർത്തപ്പോൾ പെണ്ണിന്റെ ആ വാക്കുകൾ ഓർമ്മ വന്നു. ഈശ്വരനെ വിശ്വസിക്കാത്തയാൾ ഈശ്വരനെ അന്വേഷിച്ചിറങ്ങി—ഈശ്വരൻ എന്താണെന്നറിയാൻ! റിന ഒരാഘാതംവഴി തൻെറ ഈശ്വരനെ അയാൾക്കു നല്കി. എന്നിട്ടെന്തു കിട്ടി? കൂടുതൽ വിശാലമായ, കൂടുതൽ ഉറച്ച, ഈശ്വരവിശ്വാസം കിട്ടിയിരിക്കാനാണിട. എങ്കിലും അതു തീരെ നഷ്ടപ്പെടുകയും അസംഭവ്യമല്ല.

ഈശ്വരനുവേണ്ടി പ്രിയതമനെ ഉപേക്ഷിച്ചാൽ മനുഷ്യനു് ജീവിതത്തിൽ വിരക്തി വരികയാണു് സാധാരണം. പൂർണ്ണത കൈവരിക അസാധാരണമാണു്. അതു് അസംഭവ്യ

മല്ലായിരിക്കും. എങ്കിലും ദുർല്ലഭമാണു്. അതുകൊണ്ടാണു് പെണ്ണു കടൽത്തീരത്തുവെച്ചു പറഞ്ഞ ആ വാക്കുകൾ ഓർമ്മിച്ചും, ദുസ്സാഹസികരായ വെള്ളക്കാർ തങ്ങളുടെ അടങ്ങാത്ത വികാരങ്ങൾ തൃപ്തിപ്പെടുത്തിയതിന്റെ ഫലമായുണ്ടായ സന്താനങ്ങളെ ദൂരെ വലിച്ചെറിയുന്നതും സങ്കരവർഗ്ഗമെന്നു പറഞ്ഞു് സ്വന്തം സന്താനങ്ങളെ വെറുക്കുന്നതുമായ കാര്യങ്ങൾ സ്മരിച്ചും, റിനയെ ചിത്രീകരിക്കാൻ ഞാൻ ശ്രമിച്ചതു്. ഒരുപക്ഷേ, പെണ്ണിന്റെ രക്തത്തിൽത്തന്നെ ഈശ്വരനെയും പാപപുണ്യങ്ങളെയും വകവയ്ക്കാതിരിക്കാനുള്ള വാസന ഉണ്ടായിരുന്നിരിക്കാം. എങ്കിലും അവളുടെ മദോന്മത്തമായ ചില്ലറ വാക്കുകളിൽ ഏതോ വേദനയുടെയും ദുഃഖത്തിന്റെയും നിഴൽ ഞാൻ കണ്ടു. അതുകൊണ്ടുമാത്രമാണു് അവൾ ഇന്നും എന്റെ മനസ്സിൽ ജീവിക്കുന്നതു്. അതേ മനോഭാവത്തോടെ ഞാൻ പറയുന്നു—എഴുത്തുകാരനായ എന്നെ സംബന്ധിച്ചിടത്തോളം നീ ഈ തർപ്പണം അർഹിക്കുന്നു, നീ എന്റെ സ്നേഹിതയോ ബന്ധുവോ അല്ല. ഒരു പക്ഷേ, അപകടമരണമാകാം നിനക്കു വിധിച്ചിട്ടുള്ളതു്. എന്നാലും ഞാൻ ഭക്തിയോടെ നിനക്കു നിർമ്മലജലം തർപ്പണം ചെയ്യുന്നു. ബഹുമാനത്തോടെയാണു് ഞാനവളെ പുനരുജ്ജീവിപ്പിച്ചിട്ടുള്ളതു്. എന്റെ ബഹുമാനപാത്രമാണു് കുംഭകോണത്തെ കൃഷ്ണസ്വാമിയും.

MUL
221821

# ഏഴ ചുവട്

'ആരോഗ്യനികേതനം' എന്ന നോവലിൽക്കൂടി വായനക്കാൎക്കു സുപരിചിതനായിക്കഴിഞ്ഞ സുപ്രസിദ്ധ ബങ്കാളി സാഹിത്യകാരനായ താരാശങ്കർ വന്ദ്യോപാദ്ധ്യായയുടെ മറെറാരു കൃതിയാണു് ഈ 'ഏഴ ചുവട്'.

ഒരു ഹിന്ദുയുവാവു് ഒരു ക്രിസ്ത്യൻ യുവതിയെ പ്രേമിക്കയും ഒടുവിൽ അയാൾ ക്രിസ്തുമതപുരോഹിതനായി രൂപാന്തരം പ്രാപിക്കയും ചെയ്യുന്നതാണു് ഈ നോവലിലെ കഥ. ആംഗ്ലോ ഇൻഡ്യൻ യുവതിയായ റിന സുന്ദരിയാണു്. അവളെ പ്രേമിച്ചതോ, ഹിന്ദുമതത്തിൽ ജനിച്ചുവളൎന്ന കൃഷ്ണേന്ദുവും. സൎവ്വോപരിയായി സ്നേഹിച്ചിരുന്ന തന്റെ പ്രേമഭാജനത്തിനുവേണ്ടി എന്തു ത്യാഗവും ചെയ്യാൻ കൃഷ്ണേന്ദു സന്നദ്ധനായിരുന്നു. അതുകൊണ്ടു് അവളെ വിവാഹം ചെയ്യണമെങ്കിൽ മതം മാറണമെന്നു് അവളുടെ പിതാവു് പറയേണ്ട താമസമേ ഉണ്ടായുള്ളു, കൃഷ്ണേന്ദു ക്രിസ്തുമതം സ്വീകരിച്ചു. പക്ഷേ, പക്ഷേ... ഒരു സ്ത്രീക്കുവേണ്ടി ജനിച്ചുവളൎന്ന മതത്തിലെ ഈശ്വരനെ ഉപേക്ഷിച്ച ഒരാളെ തനിക്കു വേണ്ടെന്നു് റിന തീൎത്തു പറഞ്ഞു!

ഈശ്വരൻ?—ഈശ്വരനെക്കുറിച്ചുള്ള അന്വേഷണമാരംഭിച്ചു, കൃഷ്ണേന്ദുവിന്റെ മനസ്സിൽ. അതിന്റെ കഥയാണിതു്.

**നാഷനൽ ബുക്ക്സ്റ്റാൾ**

കോട്ടയം തിരുവനന്തപുരം എറണാകുളം തൃശ്ശൂർ